# ധന്യവാദം




കെ. ഭാസ്കരൻനായർ

Digitized by Kerala Sahitya Akademi

# ധന്യവാദം

ഗ്രന്ഥകർത്താ:

**കെ. ഭാസ്കരൻനായർ,** ഡി. എസ്സ്സി.

പ്രൊഫസ്സർ, ജന്തുശാസ്ത്രവകുപ്പ്,

യൂനിവേഴ്സിററി കോളേജ്, തിരുവനന്തപുരം.

പ്രസാധകന്മാർ:

മാതൃഭൂമി പ്രിൻടിംഗ് ആൻഡ് പബ്ലിഷിംഗ്

കമ്പനി, ലിമിററഡ്, കോഴിക്കോട്.

1951 വില ക. 1/8/-

Digitized by Kerala Sahitya Akademi

*All Rights Reserved*

Printed at
THE MATHRUBHUMI PRESS
KOZHIKODE.

Digitized by Kerala Sahitya Akademi

# പ്രസ്താവന

ഞാൻ കഴിഞ്ഞ മൂന്നുനാലു കൊല്ലത്തിനിടക്കു് എഴുതിയ ചില ഉപന്യാസങ്ങൾ സമാഹരിച്ചു്, പുസ്തകരൂപത്തിൽ, സഹൃദയസമക്ഷം സമൎപ്പിക്കുകയാണു്. ഉപന്യാസങ്ങൾ എല്ലാംതന്നെ സാഹിത്യം, സംസ്കാരം, എന്നിങ്ങനെയുള്ള വിഷയങ്ങളെ സംബന്ധിക്കുന്നവയാണു്. വായനക്കാൎക്കു് അവ രസകരങ്ങളായിരിക്കുമെന്നു വിശ്വസിക്കുന്നു. എന്റെ ഈദൃശപ്രവൎത്തനങ്ങളിൽ സന്തോഷിക്കുന്ന സകലരോടും ഞാൻ ഈ അവസരത്തിൽ ഹൃദയപൂൎവ്വം നന്ദി പറഞ്ഞുകൊള്ളുന്നു.

തിരുവനന്തപുരം,
18—1—1951.

കെ. ഭാസ്കരൻനായർ

Digitized by Kerala Sahitya Akademi

Digitized by Kerala Sahitya Akademi

# വിഷയവിവരം


| | | ഭാഗം |
|---|---|---|
| 1 | ധന്യവാദം .... | 1 |
| 2 | എഴുതിയ സാഹിത്യം .... | 11 |
| 3 | പ്രണാമം .... | 25 |
| 4 | കേരളത്തിൻെറ ആത്മചൈതന്യം | 32 |
| 5 | സ്മരണാഞ്ജലി .... | 39 |
| 6 | ഭാഷാകവിത .... | 48 |
| 7 | ആശാൻെറ കാവ്യകല .... | 56 |
| 8 | ഉള്ളൂർ .... | 61 |
| 9 | സ്ത്രീയും സാഹിത്യവും .... | 67 |
| 10 | ശ്രീനാരായണൻെറ സന്ദേശം | 78 |
| 11 | അനുരഞ്ജനം .... | 86 |
| 12 | അദ്വൈതസന്ദേശം .... | 93 |
| 13 | സി. വി. രാമൻപിള്ള .... | 100 |
| 14 | വാസവദത്തയുടെ മോക്ഷപ്രാപ്തി | 113 |
| 15 | അത്ഭുതപുരാണങ്ങൾ .... | 118 |
| 16 | ഒരു പുതിയ ജീവചരിത്രം ... | 124 |
| 17 | അലിവും കരുണയും .... | 129 |
| 18 | സംസ്കാരത്തിൻെറ ഇരുണ്ട വശം | 133 |
| 19 | ചരിത്രത്തിൻെറ നീതിപീഠത്തിനുമുമ്പിൽ | 139 |


Digitized by Kerala Sahitya Akademi

Digitized by Kerala Sahitya Akademi

1

# ധന്യവാദം

മഹാകവി വള്ളത്തോളിന്റെ ഗാനമാധുര്യം നുകർന്നുകൊണ്ടാണ് എന്റെ തലമുറയിൽപെട്ട കേരളീയജീവിതം യൌവനത്തിലേക്കു കാലൂന്നിയത്. അദ്ദേഹത്തിന്റെ സാഹിത്യപരമായ ജീവിതം അരനൂറ്റാണ്ടിലധികം ദൈർഘ്യമുള്ളതാണ്. ഒരു സാധാരണകവിക്ക്, സാധിക്കാവുന്നതിലധികം പ്രയത്നം സാഹിത്യരംഗത്തു നടത്തിയതിനുശേഷമാണ് അദ്ദേഹത്തെ ഞങ്ങൾ കണ്ടത്. വാല്മീകിരാമായണം തർജ്ജമ, ചിത്രയോഗം മഹാകാവ്യം മുതലായ വൻതരം കൃതികൾ രചിച്ച വള്ളത്തോൾ ഞങ്ങൾക്ക് ഇന്നുപോലും ഏറെക്കുറെ അപരിചിതനാണ്. ഖണ്ഡകാവ്യങ്ങളും ചെറുകവിതകളും എഴുതിയ വള്ളത്തോളിനെയാണ് ഞങ്ങൾ അറിയുന്നതും ആരാധിക്കുന്നതും. സാഹിത്യമഞ്ജരിയും, മഗ്ദലനമറിയവും, കൊച്ചുസീതയും, വിലാസലഹരിയും വായിച്ചാണ് ഞങ്ങളുടെ ചേതന കവിതയുടെ ഗന്ധർവ്വലോകത്തിലേക്ക് ഉയരുവാൻ പഠിച്ചത്. ചെറുപ്പകാലത്തെ ആ അനുഭൂതികളുടെ മാധുര്യം ഇന്നുപോലും ഞങ്ങളുടെ ആത്മാവിൽ തങ്ങിനില്ക്കുന്നു. വയഃപ്രാപ്തിയും വീണ്ടുവിചാരവും ഒട്ടൊരു ഉൾക്കാഴ്ചയും കൈവന്ന ഇന്നത്തെ നിലയിലും പ്രസ്തുത അനുഭൂതികളുടെ വിലയിടിഞ്ഞിട്ടില്ല. അവ ചിരന്തനമായ മൂല്യമില്ലാത്ത വെറും ബാല്യകാലകൌതുകങ്ങളായിരുന്നെന്നു തോന്നുന്നില്ല. ഇതിൽ എന്റെ തലമുറയ്ക്കു സവിശേഷമായ കൃതജ്ഞതയ്ക്കു വകയുണ്ട്. ചെറുപ്പത്തിൽ നാം അനർഘവും അതിശോഭനവും അനശ്വരവുമായി കരുതുന്ന വസ്തുക്കൾ പില്ക്കാലത്ത് അന്തസ്സാരശൂന്യങ്ങളായും ആദരവിനെ അർഹിക്കാത്തവയായും കാണപ്പെടുന്നത് സാധാരണമാണ്. അതുമൂലമുണ്ടാകുന്ന ഇച്ഛാഭംഗവും വിരോധപാരുഷ്യങ്ങളും ദുസ്സഹങ്ങളായും

Digitized by Kerala Sahitya Akademi

ജീവിതവീക്ഷണത്തെത്തന്നെ വികലമാക്കുവാൻ കെല്പുള്ളവയായും തീരാറുണ്ടു്. കവിതയുടെ കാര്യത്തിൽ എന്റെ തലമുറയ്ക്കു് ഈ ഭാഗ്യദോഷം അനുഭവിക്കേണ്ടിവന്നില്ല. ഞങ്ങൾക്കു് അന്നു കിട്ടിയ ആരാധനാപാത്രങ്ങൾ ഇന്നും ആരാധനീയങ്ങളായിത്തന്നെ ശേഷിക്കുന്നു. അന്നു ഞങ്ങളുടെ കണ്ണും കരളും കവർന്ന വിഗ്രഹങ്ങൾ കാക്കപ്പൊന്നുകൊണ്ടു നിർമ്മിച്ചവയായിരുന്നെന്നു പില്ക്കാലത്തു ഞങ്ങൾക്കു ഖേദിക്കുവാനിടയായില്ല. തനിപ്പൊന്നുകൊണ്ടു് ഒരു രാജശില്പി നിർമ്മിച്ച അത്ഭുതശില്പങ്ങളായി അവ ഇപ്പോഴും ഞങ്ങളുടെ മുമ്പിൽ തെളിഞ്ഞുനില്ക്കുന്നു. അവയുടെ അനശ്വരസൌന്ദര്യം ആസ്വദിച്ചു് ഇന്നും ഞങ്ങളുടെ അന്തരാത്മാവു് അവാച്യമായ ആനന്ദം അനുഭവിക്കുന്നു. ഇങ്ങനെ ഞങ്ങളുടെ സഹൃദയത്വത്തെയും സംസ്കാരത്തെയും നേർവഴിക്കു നയിച്ച മഹാകവിയുടെനേർക്കു് അളവറ്റ കൃതജ്ഞതയോടും അടിയുറച്ച സ്നേഹവിശ്വാസങ്ങളോടുംകൂടിയാണു് ഞങ്ങൾ തിരിയുന്നതു്. അദ്ദേഹത്തിനു് എഴുപതു വയസ്സു തികയുന്ന ഈയവസരത്തിൽ എനിക്കുവേണ്ടിയെങ്കിലും ഇതെഴുതേണ്ടതു് ആവശ്യമെന്നല്ല അനുപേക്ഷണീയമായും തോന്നുന്നു.

വള്ളത്തോൾ, ഇന്നു, പുരോഗമനസാഹിത്യകാരനായും കമ്യൂണിസ്റ്റ്കവിയായും മററും വേഷം കെട്ടുന്നുണ്ടെങ്കിലും ശുദ്ധവും നിഷ്പക്ഷവും സനാതനവുമായ കാവ്യാനുഭൂതിയുടെ ഉപാസകനായല്ലാതെ അദ്ദേഹത്തെ എനിക്കു വീക്ഷിക്കുവാൻ സാധിക്കുന്നില്ല. കാവ്യാനുഭൂതിയിൽനിന്നു ഭിന്നമായ ഉദ്ദേശമൊന്നുമില്ലാത്ത കവിതയ്ക്കു് അദ്ദേഹത്തിന്റെ കൃതികൾപോലെ ഉത്തമങ്ങളായ ഉദാഹരണങ്ങൾ അടുത്ത കാലത്തെങ്ങും നമ്മുടെ സാഹിത്യത്തിൽ ഉണ്ടായിട്ടില്ല. കാവ്യകലയെ വെറുമൊരു 'രസ'മായും ഉദാസീനമായ ഉല്ലാസത്തിനുവേണ്ടിയും വളർത്തിയ ഒരു കാലം നമ്മുടെ സാഹിത്യത്തിലുണ്ടായിരുന്നു. വെണ്മണിപ്രഭൃതികളുടെ കാലം. അവരുടെ സരസ്വതി പകിടകളിയുടെയും ചൂതാട്ടത്തിന്റെയും ഒരുദേവതയായ സ്ത്രീവിഗ്രഹത്തെപ്പോലെ കണ്ണുകെട്ടി, വിനോദരസികയായി, ഉന്മത്തമായ ഒരു ഉദ്ദേശമില്ലായ്മയോടെ വർത്തിക്കുന്നു. വള്ളത്തോളും ആദ്യകാലത്തു് ആ തിരുമുമ്പിൽ കുറച്ചൊക്കെ ആടിയിട്ടുണ്ടു്. പക്ഷെ പില്ക്കാലത്തു് അദ്ദേഹം അവിടെനിന്നു് അതിദൂരം മുന്നോട്ടു പോയി. കവനകലയെ ഒരു വിനോദമെന്ന നിലയിൽനിന്നു് ഒരു ജീവിതമാർഗ്ഗമായി, അദ്ധ്യാത്മധർമ്മമായി, മുക്തി

Digitized by Kerala Sahitya Akademi

സാധനമായി, അദ്ദേഹം സ്വീകരിച്ചു. കൎമ്മം, ഭക്തി, ജ്ഞാനം എന്നിവയ്ക്കൊപ്പം കവിതയ്ക്കും ഒരു സ്ഥാനം നല്കാമെന്നു് അദ്ദേഹം നമുക്കു കാണിച്ചുതന്നു. ഇങ്ങിനെയൊരു ജീവിതമാൎഗ്ഗമുണ്ടെന്നു ടാഗോറാണു്, ആധുനികകാലത്തു്, ഭാരതീയരെ ആദ്യമായി മനസ്സിലാക്കിയതു്. ടാഗോറിന്റേയോ ടാഗോർകവിതകളുടെയോ സ്വാധീനശക്തികൊണ്ടല്ലെങ്കിലും വള്ളത്തോളും ആ മാൎഗ്ഗംതന്നെ സ്വീകരിച്ചു. ഇങ്ങിനെ തികച്ചും കലാപരമായ ജീവിതം നയിക്കുന്ന വ്യക്തികൾ കേരളത്തിലെന്നല്ല, ലോകത്തിൽ എവിടെയും അപൂൎവ്വമാണു്. വള്ളത്തോളിനു കവിത ഉപജീവനമാൎഗ്ഗമെന്നല്ല ജീവിതമാൎഗ്ഗംകൂടിയാണു്. കലാമണ്ഡലത്തിനുവേണ്ടിയുള്ള പരിശ്രമങ്ങളൊഴികെ, സാഹിത്യേതരമായ എന്തെങ്കിലും ജീവിതവൃത്തിയിൽ അദ്ദേഹം ഏൎപ്പെട്ടിട്ടുള്ളതായി എനിക്കറിവില്ല. ബാഹ്യജീവിതത്തിൽ കവിതയുടെനേക്കു കാണുന്ന ഈ ഏകതാനത, അങ്ങേയററത്തെ തോതിൽ അദ്ദേഹത്തിന്റെ ആഭ്യന്തരജീവിതത്തിലും അനുഷ്ഠിക്കപ്പെടുന്നുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. ഇങ്ങിനെ ദൃഢവ്രതമായ കവിജീതംകൊണ്ടു് ഒരു വ്യക്തിക്കു കൈവരാവുന്ന മാഹാത്മ്യത്തിനും, മാന്യതയ്ക്കും, അന്തസ്സിനും അദ്ദേഹം നിദൎശനമാകുന്നു. കവികളെ, സാധാരണമായി, അച്ചടക്കവും ആത്മശിക്ഷണവും ഒന്നുമില്ലാത്ത ഒരുതരം പ്രതിഭാശാലികളായ 'കിറുക്ക'ന്മാരായി ഗണിക്കാറുണ്ടു്. വള്ളത്തോളിനെക്കുറിച്ചു് ഇങ്ങിനെയൊരു ചിത്രമല്ല, അദ്ദേഹവുമായി അടുത്തു പഴകിയവരും, അദ്ദേഹത്തിന്റെ കൃതികളുമായി ഈ ഏറിയ കാലം പരിചയിച്ചവരും പുലർത്തിപ്പോരുന്നതു്. അദ്ദേഹത്തിന്റെ വ്യക്തിത്വത്തിനു് അസുലഭവും ആരാധനീയവുമായ ഗൌരവവും ഗുണപൂൎണ്ണതയും കൈവന്നിട്ടുണ്ടു്. അദ്ദേഹത്തിന്റെ നാമത്തിനു ചുററും ശാന്തിയും കാന്തിയും നിറഞ്ഞ ഒരു പരിവേഷം പരന്നിട്ടുണ്ടു്. ഇതു ബാഹ്യലോകത്തിന്റെ സംഭാവനയാണെന്നു ഞാൻ കരുതുന്നില്ല. ഒരു ആയുഷ്കാലം മുഴുവനും കാവ്യാനുഭൂതിയെ ഉത്തമപുരുഷാൎത്ഥമായി ഉപാസിച്ചതുമൂലം അദ്ദേഹത്തിന്റെ ആത്മാവിനു സിദ്ധിച്ച വിശുദ്ധതേജസ്സിന്റെ ബഹിഃപ്രസരമാണതു്. ലോഭനീയമായ സംസ്കാരത്തിന്റെ സാരസൎവ്വസ്വവും, അമരത്വത്തിലേക്കുള്ള കനകനിശ്രേണിയുമായ കാവ്യാനുഭൂതി ഈ ലോകത്തിൽ മനുഷ്യനു കിട്ടാവുന്നതിൽവെച്ചു് ഏററവും വിലയേറിയ അനുഗ്രഹമാകുന്നു. അതിൽ മോക്ഷത്തിന്റെ മാധുൎയ്യം കലൎന്നിട്ടുണ്ടു്.

Digitized by Kerala Sahitya Akademi

അതിന്റെ ഭാസ്വരച്ഛായയിൽത്തന്നെ എഴുപതു വർഷം ജീവിച്ചു, പ്രപഞ്ചത്തിന്റെ അന്തരംഗത്തിൽ കുടികൊള്ളുന്ന സൌന്ദര്യസത്തയെ കണ്ടെത്തി അതിനെ കൈകാര്യം ചെയ്തു, തന്നെപ്പോലെ അനുഗൃഹീതരല്ലാത്ത എത്രയോ സമസൃഷ്ടങ്ങളെ ആ ശ്രീകോവിൽനടയിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി അവക്കും ആ കൈവല്യദർശനം കൈവരുത്തി, ആ ദിവ്യസന്നിധിയിൽനിന്നു് അകന്നുമാറാതെ പ്രദക്ഷിണംവെയ്ക്കുന്ന ഒരു ജീവന്മുക്തനെയാണു് വള്ളത്തോളിൽ നാം കാണുന്നതു്. അദ്ദേഹം നമ്മുടെ സംസ്കാരത്തിന്റെ നടുനായകമായി ശോഭിയ്ക്കുന്നു. ബുദ്ധിശാലികളുടെയും മിടുമിടുക്കന്മാരുടെയും നാടായ കേരളത്തിൽ ആരും ആരുടെയും നേതൃത്വത്തെ അംഗീകരിയ്ക്കുകയോ വകവെയ്ക്കുകയോ പതിവില്ല. നമ്മുടെ രാഷ്ട്രീയചരിത്രം ഈ ദുഃസ്വഭാവത്തെക്കുറിച്ചുള്ള നീണ്ടുനീണ്ട ഒരു പ്രബന്ധമാണു്; ഈ 'സിദ്ധാന്ത'ത്തിന്റെ ഒരു മഹാഭാഷ്യമാണു്. ഇന്നത്തെപ്പോലെ സങ്കീർണ്ണമായ പ്രശ്നങ്ങളൊന്നുമില്ലാതിരുന്ന പ്രാചീനകാലത്തുപോലും ഇവിടത്തെ ഭരണനേതൃത്വം വഹിയ്ക്കുവാൻ പരദേശത്തുനിന്നു പെരുമാക്കന്മാരെ ക്ഷണിച്ചുവരുത്തേണ്ടിവന്നു! ഇതാണു് നമ്മുടെ സ്വഭാവമെങ്കിലും, ഒന്നുരണ്ടു ദശവർഷക്കാലമായി സാഹിത്യരംഗത്തു വള്ളത്തോളിന്റെ നേതൃത്വം സർവ്വസമ്മതമായി അംഗീകരിയ്ക്കപ്പെട്ടിട്ടുണ്ടു്. സാഹിത്യവാസന പ്രബലമായി നില്ക്കുന്ന നമ്മുടെ രാജ്യത്തു് ഇതൊരു നിസ്സാരകാര്യമല്ല. കൂട്ടുപിടിയ്ക്കുന്നതിനും പിൻതുണയുണ്ടാക്കുന്നതിനും പ്രചാരവേല നടത്തുന്നതിനുംവേണ്ടി അദ്ദേഹം ഉഴറിനടക്കാറില്ലെന്നുള്ള വസ്തുതയും ഇവിടെ പ്രത്യേകം സ്മരണീയമാണു്. തിരഞ്ഞെടുപ്പുകാലത്തു വോട്ടു പിടിയ്ക്കുന്നതുപോലെ ഓടിനടക്കുന്ന സാഹിത്യകാരന്മാരുണ്ടു്. പുത്തൻകൂറുകാരുടെ മുൻപന്തിയിലും പഴയ കൂറുകാരുടെ പിന്നണിയിലും ചേരുവാൻ കഴിയുന്ന കവികളുണ്ടു്. ആരെയും മുഷിപ്പിയ്ക്കാതെ എല്ലാവരെക്കൊണ്ടും നല്ലതു പറയിയ്ക്കാൻ വെമ്പുന്നവരുണ്ടു്. ഇങ്ങിനെയുള്ള ഇരുതലമൂരിപ്രയോഗങ്ങളൊന്നും ചെയ്യാതെയും ചെയ്യിയ്ക്കാതെയും സാഹിത്യനേതൃത്വം നേടിയ കേരളത്തിന്റെ മഹാകവിയാണു് വള്ളത്തോൾ. നമ്മുടെ സംസ്കാരത്തിനു് അദ്ദേഹം നല്കിയ പ്രചോദനവും, തന്റെ നാട്ടുകാരുടെ മേൽ അദ്ദേഹത്തിനുള്ള സ്വാധീനശക്തിയും, അദ്ദേഹം ഉയർത്തിക്കാണിച്ച ആദർശങ്ങളുടെ ഉത്തുംഗതയും, മാതൃഭൂമിയുടെ യാതനാപൂർണ്ണമായ സ്വാതന്ത്ര്യസമരത്തിൽ, തീക്ഷ്ണമായ സ്വരാജ്യസ്നേഹം

Digitized by Kerala Sahitya Akademi

തിരതല്ലുന്ന തന്റെ ഗാനങ്ങൾകൊണ്ടു് ഇങ്ങേയററത്തു് ഉറങ്ങിക്കിടക്കുന്ന ഈ കേരളത്തിൽ അദ്ദേഹം ഉജ്ജ്വലിപ്പിച്ച രണരണികയും, കവിതകളും കഥകളിലും അദ്ദേഹത്തിൽനിന്നുണ്ടായ അമൂല്യസംഭാവനകളും, സർവ്വോപരി ജീവിതത്തിന്റെ നീചത്വങ്ങളിലേക്കു് ഒരിക്കലും താഴാതെ ധർമ്മബോധത്തിന്റെ മേരുശൃംഗത്തിൽ ഉറച്ചുനിന്നുകൊണ്ടു് ഈശ്വരദത്തമായ തന്റെ പ്രതിഭാപ്രദീപം തെളിച്ചു പ്രപഞ്ചയാത്രയുടെ കൂരിരുട്ടിൽ വലയുന്ന സഹോദരലക്ഷങ്ങളെ നേർവഴിക്കു നയിക്കുന്നതിൽ കാണിച്ച സമസൃഷ്ടസ്നേഹവും ആലോചിക്കുമ്പോൾ അദ്ദേഹമാണു് ആധുനികകാലത്തെ ഏററവും മഹാനായ കേരളീയനെന്നു് എനിക്കു തോന്നുന്നു. കാവ്യകലയിലൂടെ സഞ്ചരിച്ചു, തന്റെ ജീവിതത്തെ സർവ്വാത്മമായ ആദർശങ്ങളെ മുൻനിർത്തിയുള്ള ഒരു മഹായജ്ഞമായി രൂപാന്തരപ്പെടുത്തിയ ഈ മഹാപുരുഷൻ ശങ്കരാചാര്യരുടേയും എഴുത്തച്ഛന്റേയും വംശപരമ്പരയിൽത്തന്നെയാണു് നില്ക്കുന്നതു്.

വള്ളത്തോൾകവിതയുടെ വിസ്തരിച്ചുള്ള നിരൂപണത്തിനോ മൂല്യനിർണ്ണയത്തിനോ ഇവിടെ സ്ഥാനമില്ല. പഠിച്ചതെല്ലാം മറന്നുകഴിയുമ്പോൾ നമ്മുടെ അന്തരംഗത്തിൽ അവശേഷിക്കുന്നതാണു് സംസ്കാരം എന്നൊരു നിർവ്വചനം കേട്ടിട്ടുണ്ടു്. അതുപോലെ ഈ കവിയുടെ കവിതയെല്ലാം മാററിനിർത്തിയാൽ എന്റെ അന്തരംഗത്തിൽ അദ്ദേഹത്തിന്റെ വകയായി വല്ലതും ബാക്കിയുണ്ടോ എന്നാണു് ഏററവും വിനീതമായ രീതിയിൽ ഞാൻ പരിശോധിച്ചു നോക്കുന്നതു്. വാസ്തവത്തിൽ ഇങ്ങിനെ അവശേഷിക്കുന്നതു വല്ലതുമുണ്ടെങ്കിൽ അതാണു് കവിയും കലാകാരനും നമ്മുടെ ജീവിതത്തിനു നല്കുന്ന സനാതനമായ സംഭാവന. ഇങ്ങിനെ സഹൃദയഹൃദയങ്ങളിൽ എന്തെങ്കിലും അവശേഷിപ്പിക്കുന്നവരായി എത്രപേരുണ്ടു് നമ്മുടെ സാഹിത്യത്തിൽ? പലരും തങ്ങളുടെ കവിതയോടൊപ്പം ആവിയായിത്തീർന്നു് അപ്രത്യക്ഷരാകുന്നു. ചുരുക്കം ചിലർ മധുരവും മനോഹരവുമായ ഒരു മാറെറാലിമാത്രം ശേഷിപ്പിക്കുന്നു. മററു ചിലർ കണ്ണുനീരാണു് ശേഷിപ്പിക്കുന്നതു്. നമ്മുടെ കവികളിൽ ചുരുക്കം ചിലർമാത്രം, മനുഷ്യചിത്തത്തിൽ വിസ്മൃതി നിർമ്മിക്കുന്ന വികസ്വരതിമിരത്തിൽ, സ്വയം പ്രകാശശക്തിയുള്ള മനുഷ്യരൂപങ്ങളായി അവശേഷിക്കുന്നു. ഈ രൂപങ്ങളിൽ ചിലതു ധ്യാനത്തിലും, ചിലതു മനുഷ്യചാപല്യങ്ങളുടെ മേൽ സംഹാരതാണ്ഡവം നടത്തിക്കൊണ്ടും, ചിലതു പൌരു

Digitized by Kerala Sahitya Akademi

ഷത്തിന്റെ ഫാലനേത്രം തുറന്നു തീചിതറിക്കൊണ്ടും, ചിലത് അന്തർമുഖമായി, ആശയുടേയും പ്രതീക്ഷയുടേയും പ്രസന്നതയില്ലാതെ വിഷാദമൂകമായും നിലകൊള്ളുന്നു. ചിലതു ഗിരിനിരകളിലെ സൂര്യോദയത്തിന്റെയും, മററു ചിലതു പൗർണ്ണമിച്ചന്ദ്രികയിലെ ശ്മശാനത്തിന്റെയും പ്രതീതിയാണ് നമ്മുടെ ആത്മാവിൽ ഉളവാക്കുന്നത്. ഈ പ്രതീതികൾ രണ്ടിലും ശാന്തിയുണ്ട്; ആദ്യത്തേതിൽ പൂർണ്ണവും പ്രയോജനകരവുമായ ശാന്തി, രണ്ടാമത്തേതിൽ ശൂന്യവും നിഷ്പ്രയോജനവുമായ ശാന്തി. ചില രൂപങ്ങൾ നിശ്ചലവും നിർവ്വികാരവും എന്നാൽ നിത്യവും ചൈതന്യധന്യവുമായ ഒരു അദ്ധ്യാത്മലോകത്തിന്റെ പ്രാതിനിധ്യം വഹിക്കുന്നു. മററു ചിലതു ചൈതന്യപൂർണ്ണമെങ്കിലും ചലനാത്മകമായ ഒരു ലോകത്തിന്റെ പ്രതിനിധികളാണ്. ശാന്തി എന്നൊന്ന് അവർ വിഭാവനം ചെയ്യുന്നതേയില്ല. ബർഗ്സന്റെ തത്വചിന്തയിലെപ്പോലെ അവരുടെ പ്രപഞ്ചത്തിൽ മാററമല്ലാതെ മറെറാന്നുമില്ല. ഇങ്ങനെ ഭിന്നങ്ങളും സഹജങ്ങളുമായ പ്രതീതികളുളവാക്കുന്നെങ്കിലും മനുഷ്യരൂപത്തിൽതന്നെ നമ്മുടെ അന്തരംഗത്തിൽ അവശേഷിക്കുന്ന കവിതിലകന്മാരുടെ കൂട്ടത്തിൽ വള്ളത്തോളിനെയും ഉൾപ്പെടുത്താമെന്ന് എനിക്കു തോന്നുന്നു. അദ്ദേഹം അവശേഷിപ്പിക്കുന്ന ആ രൂപം നമുക്കു നല്കുന്ന പ്രതീതി എന്തായിരിക്കും?

വള്ളത്തോൾ പ്രദശില്പിയായ ഒരു കവിയാണ്. ഭാഷയുടെ നേക്ക് ഒരു കാമുകന്റെ മനോഭാവമാണ് അദ്ദേഹം പ്രദർശിപ്പിക്കുന്നത്. ഏറക്കുറെ എല്ലാ കവികളുടേയും മനോഭാവം ഇതുതന്നെയാണ്. തങ്ങളുടെ പ്രേമഭാജനത്തെ സമീപിക്കുന്ന രീതിയിലാണ് അവർ തമ്മിൽതമ്മിൽ വ്യത്യാസം കാണുന്നത്. "രാമരാജാബഹദൂറി"ലെ സാവിത്രിയെപ്പോലെ കുലീനയും അഭിമാനിനിയുമായ ഒരു നായികയാണ് ഭാഷ. അവളുടെ കുലഗർവ്വം ഏതൊരു കാമുകനെയും അധീരനാക്കുവാൻ പര്യാപ്തമാണ്. അവളുടെ സൌന്ദര്യസമ്പത്തിൽ കൊതിപൂണ്ടു നടക്കുന്ന കാമുകഭൃംഗങ്ങൾക്ക് അങ്ങോട്ടടുക്കുവാൻ ഭയമാണ്. പലരും അവളെ ഒരു ധ്രുവനക്ഷത്രമായി സങ്കല്പിച്ച് ഭാവനയുടെ വിദൂരതയിൽ നിർത്തി ആരാധിക്കുകയേ ചെയ്യുന്നുള്ളു. ഇന്ദുസാമ്യരുചിയായ ആ മുഖത്തു നേരെ നോക്കുവാൻ ധൈര്യമില്ലാതെയും എന്നാൽ മാരശരങ്ങളേററു വലഞ്ഞും കഴിയുന്ന കവികളാണ് അധികവും. പൊന്നിൻകിരീടവും ഭൂഷണജാലവുംകൊണ്ട് അവളെ വശീകരിക്കാമെന്നു മോഹിച്ച

Digitized by Kerala Sahitya Akademi

ചിലർ അവളുടെ പടിവാതുക്കൽ പാട്ടുകിടക്കുന്നു. മററു ചിലർ നിർലജ്ജരായി നിഷ്കിഞ്ചനരായി അവളോട്ടു പ്രേമഭിക്ഷ യാചിക്കുന്നു. വേറെ കുറെപ്പേർ തങ്ങൾ പല ദിക്കുകളും കണ്ടു പലതും നേടിയവരാണെന്നറിയിച്ച് അവളെ വ്യാമോഹിപ്പിക്കുവാൻ ശ്രമിക്കുന്നു. പക്ഷെ എല്ലാവരും അകന്നുനില്ക്കുന്നതേയുള്ളു. ഈ അടവുകളുടെയെല്ലാം ഉദ്ദേശമെന്തെന്നു തൻെറ സൌന്ദര്യത്തെക്കുറിച്ചു തികച്ചും ബോധമുള്ള മലയാളമങ്ക മനസ്സിലാക്കുന്നുണ്ട്. എളുപ്പമൊന്നും ആർക്കും വശംവദയാകാത്ത ആ അത്ഭുതരൂപിണിയെ ഈ കാമുകന്മാർ ഓരോരുത്തരും തങ്ങൾക്കു കാണുവാൻ സാധിച്ചതുപോലെ വാഴ്ത്തുന്നു. അതുകൊണ്ടു കൃതാർത്ഥരാകുവാൻ ശ്രമിക്കുന്നു. പക്ഷെ ആർക്കും അവളുടെ ഹൃദയം കവരുവാനോ കാണുവാൻപോലുമോ കഴിയുന്നില്ല. ഈ പച്ചക്കാമദേവന്മാരുടെയും, മൂരിശൃംഗാരക്കാരുടെയും, പരിദേവനപ്രണയക്കാരുടെയും, ഭിക്ഷാന്ദേഹികളുടെ തിരക്കിനിടക്കു വള്ളത്തോൾ അഭിജാതനും അഭികാമ്യനും ആത്മധീരനുമായ ത്രിവിക്രമകുമാരനെപ്പോലെ അവളുടെ അടുക്കലേക്കു കടന്നുചെല്ലുന്നതു കാണേണ്ട കാഴ്ചയാണ്. അവർക്കു തമ്മിൽ അനുഭവൈകവേദ്യമായ ഒരു മനപ്പൊരുത്തമുണ്ട്. അവൾ അദ്ദേഹത്തിൽ അനുരക്തയാവുന്നു; അദ്ദേഹത്തിനു സ്വയം സമർപ്പിതയാകുന്നു. മലയാളഭാഷയുടെ അലോകസാധാരണമായ അംഗലാവണ്യവും അമൃതിനേക്കാളും ആസ്വാദ്യമായ ഹൃദയമാധുര്യവും വള്ളത്തോൾകൃതികളിലെപ്പോലെ മറെറങ്ങുനിന്നും, ആധുനികകാലത്തു നമുക്ക് അനുഭവിക്കുവാൻ സാധിക്കുന്നില്ല. കവിയും ഭാഷയും തമ്മിലുള്ള ബന്ധം അദ്ദേഹത്തിൻെറ കവിതയിൽമാത്രമേ ഇങ്ങനെ അഭിജാതവും മാധുര്യനിർഭരവുമായ പ്രണയംപോലെ അനുഭവപ്പെടുന്നുള്ളു. ഭാഷയുടെ പ്രേമസുരഭിലമായ ഹൃദയകുസുമത്തിൽ ഊറിനിറയുന്ന മകരന്ദമാണ് അദ്ദേഹത്തിൻെറ ഗാനങ്ങളിലൂടെ നാം ആസ്വദിക്കുന്നത്. ഭാഷയാകുന്ന അംഗനാരത്നത്തെ അനുനയിച്ചനുയിച്ച്, രമിപ്പിച്ച്, രസിപ്പിച്ച്, കൊഞ്ചിച്ച്, ചിരിപ്പിച്ച് അവളുടെ ഹൃദയം കവരുവാൻ കാത്തുനില്ക്കുന്ന ഇത്തരം കവികൾ ലോകസാഹിത്യത്തിൽപോലും എത്രയോ കുറവാണ്. അവളുടെ പ്രേമമധുരമായ നർമ്മസംഭാഷണം കേൾക്കുവാൻവേണ്ടിയാണ് അവർ ജീവിക്കുന്നത്. സ്വർഗ്ഗമോക്ഷങ്ങളും സച്ചിദാനന്ദമൂല്യങ്ങളും സർവ്വവും അവർ അതിൽനിന്നനുഭവിക്കുന്നു. അവരുടെ സംസ്കാരവും സന്ദേശവും സാക്ഷാത്കാരവും എല്ലാം അവർ ഭാഷയുടെ

Digitized by Kerala Sahitya Akademi

ഹൃദയത്തിൽനിന്നു പകൎന്നുതരുന്ന ആ അനുഭവത്തിലൂടെ സഹൃദയലോകത്തിനു ലഭ്യമാണ്.

താമരപ്പൂമാലപോലാം കൈ കങ്കണ–
സ്തോമം കിലുങ്ങുമാറൊന്നുയൎത്തി
ത്തുവിരൽച്ചെന്തളിർപ്പൊന്മണിമോതിര–
ശ്രീ വിരിച്ചീടിന പാണിയാലേ

എന്നു വള്ളത്തോളു പാടുമ്പോൾ അതിൽ വെറും ശബ്ദമല്ലാതെ വേറൊന്നുമില്ലെന്നു പറയുന്ന മനുഷ്യൻ മനുഷ്യനായിരിയ്ക്കാമെങ്കിലും; സഹൃദയനല്ല. എന്താണ് അതിലുള്ളതെന്നും, എങ്ങിനെയാണ് അതറിഞ്ഞതെന്നും ചോദിച്ചാൽ എനിയ്ക്കുള്ള ഉത്തരം ഇതാണ്: അതു പറഞ്ഞറിയിയ്ക്കാൻ കഴിഞ്ഞെങ്കിൽ ഞാൻ വള്ളത്തോളിനെക്കാൾ എത്രയോ വലിയ ഒരു കവിയാകുമായിരുന്നു. സാക്ഷാൽ വാണിമാതിന്റെ മണിവീണയിൽനിന്നുതിരുന്നതുപോലെ തോന്നുന്ന ആ മധുരസ്വരങ്ങളിലൂടെ, ഈ ചപലലോകത്തിൽനിന്ന് എന്റെ ആത്മാവിനെ ഉയൎത്തിക്കൊണ്ടുപോകുന്ന അവാച്യമായ ഒരനുഭവം ആ മഹാകവി എന്റെ ഉള്ളിൽ ജനിപ്പിയ്ക്കുന്നുണ്ട്. എടുത്താൽ പൊങ്ങാത്തതെന്നു പറയപ്പെടുന്ന ആശയങ്ങളെക്കാളൊക്കെ ആ അനുഭവം എന്നെ ആനന്ദിപ്പിയ്ക്കുന്നുണ്ട്; എന്റെ സംസ്കാരത്തെ വളൎത്തുന്നുണ്ട്. ഇതൊരു വലിയ കാൎയ്യമാണെന്നും, കവിതയെ, ലോകാരംഭംമുതൽ എത്രയോ പേർ ഉരുത്തിരിഞ്ഞിട്ട ആശയങ്ങളാകുന്ന രജകഭാണ്ഡം ചുമക്കുന്ന കഴുതയാക്കുന്നതിനേക്കാൾ എത്രയോ ഭേദമാണ് (പ്രയാസവുമാണ്) അതിനെക്കൊണ്ട് ഇതു സാധിപ്പിയ്ക്കുന്നതെന്നും ഞാൻ വിശ്വസിയ്ക്കുന്നു. ഭാഷയെക്കൊണ്ടു ഭാണ്ഡം വഹിപ്പിയ്ക്കുകയല്ല, അതിനു ഭാവനയുടെ പൊൻചിറകു നല്കി സഹൃദയനെയുംകൊണ്ട് അമരത്വത്തിലേയ്ക്കു പറന്നുയരുവാൻ പ്രേരിപ്പിയ്ക്കുകയാണ് കവി ഇവിടെ ചെയ്യുന്നത്.

മങ്കേ കരയായ്ക മാലോകർകണ്ണീരെൻ
ചെങ്കോലിതാഴിയിലേക്കൊഴുക്കും.

ഇത് ആര് ആരോട് എപ്പോൾ പറഞ്ഞതാണെന്നൊന്നും ആലോചിയ്ക്കേണ്ട. അതു ചൊല്ലേണ്ടതുപോലെ ചൊല്ലിനോക്കുക. വിശേഷവിധിയായി യാതൊരു അനുഭവവും തോന്നുന്നില്ലെങ്കിൽ

Digitized by Kerala Sahitya Akademi

ങ്ങിനെയുള്ള മനുഷ്യൻ ഈ വരികൾ നിർമ്മിച്ച മനുഷ്യനെ നിരൂപണം ചെയ്യുന്നതു മഹാപാപമാണെന്നുമാത്രമേ ഒരു മനുഷ്യനായ എനിക്കു പറയാനുള്ളു. അതു ചൊല്ലിക്കേൾക്കുമ്പോൾ എനിക്കുണ്ടാകുന്ന അനുഭവത്തെക്കുറിച്ചുകൂടി പറഞ്ഞുകൊള്ളട്ടെ. അന്യന്റെ കണ്ണുനീരു കാണുന്നതു പരമസങ്കടമായിക്കരുതുന്ന ഒരു മഹാപുരുഷന്റെ പ്രതീതി ആ വാക്കുകളിൽനിന്ന് എനിക്കു കിട്ടുന്നു. അദ്ദേഹത്തിന്റെ വേദന ഞാനും അനുഭവിക്കുന്നു. ആത്തരം സന്ദർഭങ്ങൾക്ക് ഇടയാക്കാതിരിക്കണമെന്ന ഒരു ആഗ്രഹം എന്റെ ഉള്ളിലും ജനിക്കുന്നു. ഇതൊന്നും ആശയമോ ചിന്തയോ പോലെ എന്റെ മനസ്സിൽ തങ്ങിനില്ക്കുകയല്ല ചെയ്യുന്നത്. ബോധവും അബോധവും ജഡവും ചേതനയും എല്ലാം കലന്ന എന്റെ അസ്തിത്വത്തിൽ ഒരു അനുഭവമായി വന്നെത്തി, എന്റെ സത്തയിൽ അലിഞ്ഞുചേരുകയാണ്. ഈ അനുഭവത്തിൽ തത്ത്വജ്ഞാനമുണ്ട്, സജീവമായ സന്ദേശമുണ്ട്, സനാതനമായ സംസ്കാരമുണ്ട്. 'ഇവയുടെ പ്രഭവസ്ഥാനമായ കവിഹൃദയത്തെ ഞാൻ ആരാധിക്കുന്നു.

യദ്യദ്വിഭൂതിമത് സത്വം
ശ്രീമദൂർജ്ജിതമേവ വാ
തത്തദേവാവഗച്ഛ ത്വം
മമ തേജോംശസംഭവം

എന്ന ഭഗവദ്വചനം ഈ അത്ഭുതത്തിന് ഒരു വ്യാഖ്യാനം നല്കുകയും, ഈ ആരാധനയ്ക്കു മാററു കൂട്ടുകയും ചെയ്യുന്നു.

വള്ളത്തോൾ തന്റെ കവിതയിൽ അടിക്കടിയ്ക്കു തത്ത്വജ്ഞാനവും ആശയവും പടച്ചുവെയ്ക്കുന്നില്ലെന്നുള്ള ആക്ഷേപം ഉണ്ടായിട്ടുണ്ട്. അതു നീക്കുന്നതിനുവേണ്ടിയാണ് ഇത്രയും എഴുതിയത്. ഭാഷയെ പ്രണയിക്കുന്നതുകൊണ്ട് ആക്ഷെപ്പം പുണ്യം എന്നും തോന്നുവാനിടയാകരുതല്ലൊ. വാസ്തവത്തിൽ വള്ളത്തോൾ തന്റെ കവിതയിൽ തത്ത്വജ്ഞാനങ്ങളും ഗുണപാഠങ്ങളും തിരുകിച്ചേർക്കുവാൻ തുനിഞ്ഞിട്ടുള്ളപ്പോഴൊക്കെ അത് അധഃപതിച്ചിട്ടേയുള്ളൂ. അങ്ങിനെയുള്ള ഭാഗങ്ങൾക്കു കോപ്പിബുക്കുകളിലെ ആദർശവാക്യങ്ങളുടെ ശക്തിഹീനതയും ബാലിശത്വവും കൈവന്നുപോകുന്നു. പലരും വാഴ്ത്താറുള്ള "ഭാരതസ്ത്രീകൾതൻഭാവശുദ്ധി" എന്ന ഭാഗം പോലും ഇങ്ങിനെയുള്ളതാണെന്ന് എനിക്കു തോന്നിയിട്ടുണ്ട്.

Digitized by Kerala Sahitya Akademi

അതു നേരെയങ്ങു പറഞ്ഞുകൊടുത്തില്ലെങ്കിൽ വായനക്കാരൻ മനസ്സിലാക്കുകയില്ലെന്നു മഹാകവി ഭയപ്പെടുന്നുണ്ടാവണം. ഈ ഭയം അസ്ഥാനത്താണ്. അതു നില്ക്കട്ടെ. ഈ മഹാകവിയുടെ കൃതികളെല്ലാം മറന്നുകഴിഞ്ഞാലും നമ്മുടെ ഉള്ളിൽ അവശേഷിക്കുമെന്നു പറഞ്ഞ ആ രൂപം നമുക്കു നല്കുന്ന പ്രതീതി എന്താണെന്നുള്ള ചോദ്യത്തിലേക്കു തിരിയേണ്ടിയിരിക്കുന്നു. അതൊരു പ്രണയത്തിന്റെ പ്രതീതിയായിരിക്കുമെന്ന് എനിക്കു തോന്നുന്നു. വസന്തർത്തുവും, വാഗർത്ഥങ്ങളുംപോലെ സംപൃക്തരായ പാർവ്വതീപരമേശ്വരന്മാരും രാജവിദ്യാരാജഗുഹ്യയോഗത്തിന്റെ ചിഹ്നമായ രാസക്രീഡയും നമുക്കു നല്കുന്ന പ്രതീതിതന്നെ. പദശില്പിയായ ഈ മഹാകവിക്കു ഭാഷയോടുള്ള ബന്ധത്തിന്റെയും, അദ്ദേഹത്തിന്റെ കവിതയിൽ സത്യത്തിനും സൌന്ദര്യത്തിനും, ആദർശത്തിനും അനുഭൂതിക്കും, ആത്മാവിനും ശരീരത്തിനും തമ്മിൽ കാണുന്ന ഐക്യത്തിന്റെയും ആസ്പദം ഇതാകുന്നു. അദ്ദേഹത്തിന്റെ പ്രപഞ്ചവീക്ഷണത്തിൽ ദൃശ്യമാകുന്ന മാധുര്യത്തിന്റെയും പ്രസന്നതയുടെയും രഹസ്യവും ഇതുതന്നെ. വിദ്വേഷവും മാത്സര്യവും മററനേകം ഗ്ഗഗീയതകളും നടമാടുന്ന ഈ ലോകത്തിൽ പ്രണയത്തെക്കാൾ വിലയേറിയ ഒരനുഗ്രഹം എന്താണുള്ളത്? അതിന്റെ മൂർത്തിമൽഭാവമായി വിലസുന്ന പ്രതിഭാവിശേഷത്തിന്റെ വാഹനമായി എഴുപതു വർഷം ജീവിച്ചു, കേരളത്തിന്റെ പൊന്നോമനപ്പുത്രനായ ഈ മഹാകവിക്കു ഇനിയും അനേകവർഷത്തെ ആയുസ്സും, ആരോഗ്യവും ആത്മസൌഖ്യവും ആശംസിച്ചുകൊണ്ട് ഈ ലേഖനം ഉപസംഹരിച്ചുകൊള്ളുന്നു.

Digitized by Kerala Sahitya Akademi

# എഴുതിയ സാഹിത്യം

എന്തൊരു വിസ്മയമെന്നു വിചാരി–
ച്ചന്തികസീമനി മേവും വേടനെ
മുഴുവൻ നോക്കിക്കൊണ്ടന്നേരം.........

കിരാതം തുള്ളലിൽ അർജ്ജുനൻ അത്ഭുതസ്തബ്ധനായി അങ്ങിനെ നില്ക്കുകയാണ്. ആ വനാന്തരംഗത്തിൽ, അഹങ്കാരത്തിന്റെ അവതികണ്ട ആ വീരപുരുഷന്റെ പുരോഭാഗത്ത് അതാ ശിവൻ പ്രത്യക്ഷനാകുന്നു.

മുഴുവും മാനം പുരിമുടിജടയതി–
ലൊഴുകും സുരനദിതന്നുടെ തിരയതിൽ
മുഴുകും ചന്ദ്രക്കലയും തുമ്പയു–
മളികം നടുതിരുമിഴിയുടെ വടിവും
തിരുനാസികയും തൃക്കണ്ണിണയും
തിരുമുഖവും മൃദുമന്ദസ്മിതവും
ഗളരുചിതലവും തിരുമാറിടവും
ഉദരം നാഭീകുഹരം കടിതട–
മതിരമണീയം ഫണികാഞ്ചിഗുണം.........

അനുഗൃഹീതകലാകാരനായ മലബാർ രാമൻനായരുടെ തുള്ളലിലെ ഈ ഭാഗം ഞാൻ ഇപ്പോഴുമോർക്കുന്നു. ആ രംഗം എനിക്കുണ്ടാക്കിയ ആനന്ദാതിരേകത്തെക്കുറിച്ചു ഞാൻ അനേകം തവണ ആലോചിച്ചിട്ടുണ്ട്. വാസ്തവത്തിൽ എന്താണ് ആ പാട്ടിലുള്ളത്? വെറുമൊരു കേശാദിപാദവർണ്ണന! എങ്കിലും അത് ആ കലാകാരൻ ചൊല്ലിക്കേട്ടപ്പോഴുണ്ടായ അനുഭവം പ്രസ്തുതഭാഗം ഒരു നൂറുതവണ വായിച്ചാലും ഉണ്ടാകുന്നില്ല. ശബ്ദത്തിന്റെ അത്ഭുതശക്തിയെക്കുറിച്ചുള്ള അറിവും അത് അറിഞ്ഞു പ്രയോഗിക്കാനുള്ള പാടവവും കൊണ്ടാണ് അദ്ദേഹം സഭാവാസികളിൽ ആ അനുഭവം ജനിപ്പിച്ചത്. എന്തൊരത്ഭുതമാണ്! നമ്മുടെ ആധുനികരായ സാഹിത്യമീമാംസകന്മാർ ഒന്നൊഴിയാതെ അപലപിക്കുന്ന "വെറും ശബ്ദഭംഗി!" അതു വെറും പൊള്ളയാണെന്നാണ് അവർ ഐക

Digitized by Kerala Sahitya Akademi

കണ്ടേറുന വാദിയ്ക്കുന്നത്. അവരെ ഈശ്വരൻ രക്ഷിക്കട്ടെ. ഈ ലോകത്തു ബാക്കിയെന്തെല്ലാം വെറും പൊള്ളയായാലും ശബ്ദം, സാക്ഷാൽ നാദബ്രഹ്മം, അങ്ങിനെയല്ലെന്ന് ഒരു ഓട്ടൻതുള്ളലിൽ നിന്നുപോലും എനിയ്ക്കു ബോധ്യമായി. സാധാരണതത്വങ്ങളിലേയ്ക്കു മനസ്സിനെ നിരക്കിയിഴച്ചുകൊണ്ടുപോകുന്ന അർത്ഥത്തിന്റെ പിടിയിൽനിന്ന് അതിനെ രക്ഷിയ്ക്കുവാൻ ശബ്ദത്തിനു കഴിവുണ്ട്. അതു മനസ്സിനു ചിറകു നല്കുന്നു; ഭാവനയുടെ ലോകത്തിലേയ്ക്കു നമ്മെ എതിരേററുകൊണ്ടു പോകുന്നു. അസ്തിത്വത്തിന്റെ അലാതചക്രം ഭേദിച്ചു മുമുക്ഷുക്കളായി നാം അമരത്വത്തിന്റെ സ്വാദറിയുന്നു. കാതുള്ളവൎക്കെല്ലാം ലഭിയ്ക്കാവുന്ന ഒരനുഭൂതിയാണിത്. പക്ഷെ എന്തു കാരണത്താലോ ആധുനികസാഹിത്യത്തിൽ അതിന്റെ വില ഇടിഞ്ഞുപോയിരിയ്ക്കുന്നു. അർത്ഥംകൊണ്ടുള്ള 'അനർത്ഥ'ങ്ങളിലാണ് ഇന്നത്തെ താല്പര്യം. നല്ല സാഹിത്യകൃതികളെന്നു പറഞ്ഞാൽ നല്ല പുസ്തകങ്ങളെന്നാണ് ഇന്ന് എല്ലാവരും മനസ്സിലാക്കുന്നത്. അല്ലെങ്കിൽ നല്ല ലേഖനങ്ങളെന്നായിരിയ്ക്കും. എന്തായാലും എഴുതിയുണ്ടാക്കി ആകർഷകമായി അച്ചടിച്ചുവിട്ട ആശയാവിഷ്കരണങ്ങളെന്ന പ്രതീതി ഇന്നു താനെയുണ്ടാകുന്നതാണ്. സാഹിത്യവാസനയുള്ളവൎക്കു കടലാസ്സും മഷിയും (കവികളാണെങ്കിൽ വയലററുമഷിയായാൽ ഏററെ നന്ന്) കിട്ടിയാൽ സാഹിത്യം സഹൃദയനു പകൎന്നുകൊടുക്കാനുള്ള ഉപകരണങ്ങളെല്ലാമായി. ഇങ്ങനെ മഷിപുരട്ടി കടലാസ്സിന്റെ നിറം കെടുത്തുന്നതോടെ ഒരു സാഹിത്യകാരനെന്നനിലയിൽ ലോകത്തിനു താൻ സമ്പൽക്കാരകനായി എന്ന് അഭിമാനിയ്ക്കുകയും ചെയ്യുന്നു. ഇന്നു സാഹിത്യം ഇങ്ങനെ "കണ്ണിൽകണ്ടു"വരുടെ കലയായിത്തീൎന്നിരിയ്ക്കുകയാണ്. മനുഷ്യൻ മററ് ഇന്ദ്രിയങ്ങളെക്കാരം കണ്ണിനു പ്രാധാന്യംകൊടുത്തതുകൊണ്ടുണ്ടായ ഒരു അവസ്ഥാവിശേഷമാണിത്. ഇന്ദ്രിയങ്ങരം അഞ്ചെണ്ണമുണ്ടെങ്കിലും കണ്ണിനെ മാത്രമെ ഇന്നു വിശ്വസിയ്ക്കുന്നുള്ളു. ഈ നില എങ്ങിനെ വന്നു കൂടി എന്ന് ആലോചിയ്ക്കുന്നതു രസാവഹമായിരിയ്ക്കും.

കരയ്ക്കു ജീവിയ്ക്കുന്ന നട്ടെല്ലുള്ള ജന്തുക്കളിൽ ആകെയുള്ള അഞ്ച് ഇന്ദ്രിയങ്ങളിൽ മൂന്നെണ്ണമാണ് പ്രധാനം. മൂക്ക്, കണ്ണ്, ചെവി. ഇവയ്ക്കാധാരമായ ഭാഗങ്ങരം അവയുടെ തലച്ചോറിലും വ്യക്തമായി കാണാം. അതിന്റെ മുൻഭാഗം മൂക്കിന്റെയും, മധ്യഭാഗം കണ്ണിന്റെയും പിൻഭാഗം ചെവിയുടേയും ബോധസ്ഥാന

Digitized by Kerala Sahitya Akademi

ങ്ങളാണ്. ഭൂമിയുടെ ചരിത്രത്തിൽ ആദ്യമായി ജലജീവിതം വെടിഞ്ഞു കരയ്ക്കു കയറിയ ജന്തുക്കൾ എത്രയോ ലക്ഷം വർഷങ്ങൾ കൊണ്ടു പരിണമിച്ചാണ് മനുഷ്യനുണ്ടായത്. മനുഷ്യന്റെ അഭൂതപൂർവ്വമായ വിജയത്തിനു കാരണം അവന്റെ ആലോചനാശക്തിയും വിശേഷബുദ്ധിയുമാണല്ലോ. ഇവയ്ക്കു് ആധാരമായ മസ്തിഷ്കഭാഗം ഏതെന്ന് അറിവായിട്ടുണ്ട്. മനുഷ്യനിലും അവനോട് അടുത്ത ബന്ധമുള്ള ജന്തുക്കളിലും ഈ പ്രത്യേകസ്ഥാനം വളരെ പുഷ്ടിപ്രാപിച്ചിരിക്കുന്നതായി കാണാം. തലച്ചോറിനുണ്ടായ ഈ വികാസം ഘ്രാണേന്ദ്രിയത്തിന്റെ ബോധസ്ഥാനത്തെ ഞെരുക്കുകയാണ് ചെയ്തത്. ഇതിന്റെ ഫലമെന്തെന്ന് ഊഹിക്കാവുന്നതാണ്. മനുഷ്യനിലേക്കുള്ള പരിണാമത്തിന്റെ ഫലമായി ഘ്രാണശക്തി ക്ഷയിച്ചു. മൂക്കിനു പ്രാമാണ്യം നല്കുന്ന നീണ്ടുകൂർത്ത 'മോന്ത' കുറുകി ഉരുണ്ടമുഖമായി. ഇങ്ങനെ ഒരു പരിവർത്തനമുണ്ടായതു വലിയ ഭാഗ്യമായി കരുതണം. എന്തെന്നാൽ ഇന്ദ്രിയപഞ്ചകത്തിൽ ഏററവും കൂടുതൽ വികാരാധീനവും വികാരജനകവുമായതു ഘ്രാണേന്ദ്രിയമാണ്. അതിന്റെ പ്രാമാണ്യം മൂലമുണ്ടാകുന്ന തീക്ഷ്ണങ്ങളായ വികാരവേഗങ്ങൾക്കു താണപടിയിലുള്ള ജന്തുക്കളെല്ലാം നിവൃത്തിയില്ലാത്തവിധം പരാധീനരാണ്. അവയെപ്പോലെ മനുഷ്യൻ മണംപിടിച്ചു മദോന്മത്തനായി മണ്ടിനടക്കുന്നില്ല. വികാരങ്ങളുടെ അനിയന്ത്രണീയമായ വിജൃംഭണം ബുദ്ധിയുടെ വളർച്ചയ്ക്കു വലിയ പ്രതിബന്ധമാണ്. ഘ്രാണശക്തി ക്ഷയിച്ചതുകൊണ്ടു മനുഷ്യന് ഈ പ്രയാസത്തിൽനിന്നു രക്ഷനേടുവാൻ കഴിഞ്ഞു. അവന്റെ പരിണാമത്തിൽ മാറുള്ള പ്രധാനമായ രണ്ടിന്ദ്രിയങ്ങളുമാണ് മനസ്സിന്റെ ആലംബമായി നിന്നതു്. ഈ രണ്ടെണ്ണത്തിൽ, എഴുത്തും ചിത്രവും, അച്ചടിയും പുസ്തകവും എല്ലാം ഉണ്ടായതോടുകൂടി, ചെവിയുടെ പ്രാധാന്യം കുറയുകയുണ്ടായി; മനുഷ്യന്റെ മനോമണ്ഡലത്തിൽ കണ്ണിന്റെ അധിരാജത്വം സ്ഥാപിതമായി. ഇന്നത്തെ മനുഷ്യൻ ബാഹ്യലോകത്തെ അറിയുവാനുപയോഗിക്കുന്ന ഇന്ദ്രിയം കണ്ണുമാത്രമാണ്. അതിനെ മാത്രമേ അവൻ വിശ്വസിക്കുന്നുള്ളു. ചുററുപാടുകളുടെനേർക്കു കണ്ണടയ്ക്കുന്നവൻ ബോധശൂന്യനാണെന്നുള്ള ആപ്തവാക്യംപോലും ഉണ്ടായിട്ടുണ്ട്. ഇതിന്റെ അർത്ഥം കണ്ണിന്റെ ബോധംമാത്രമേ കാര്യമായുള്ളു എന്നാണല്ലോ. ചെവി പൊത്തിയാലും ഇല്ലെങ്കിലും വലിയ വിശേഷമില്ലെന്നുള്ള ഈ സങ്കല്പം എത്ര വിചിത്രമാണെന്ന്

Digitized by Kerala Sahitya Akademi

അല്പം ആലോചിച്ചാൽമാത്രമെ വ്യക്തമാവുകയുള്ളു. കാട്ടുമൃഗങ്ങളെ പേടിച്ചു, കായ്കനികഠം തേടി അലഞ്ഞുനടന്ന പ്രാചീനമനുഷ്യൻെറ അനുഭവം ഇതിൽനിന്നു നേരെ വിരുദ്ധമായിരുന്നു. ആഹാരസമ്പാദനത്തിനും ആപന്നിവാരണത്തിനും പ്രകൃതിയുടെ സന്താനമായി ജീവിച്ച ആ മനുഷ്യന്നു കണ്ണും ചെവിയും ഒന്നുപോലെ ആവശ്യമായിരുന്നു. പലപ്പോഴും കണ്ണില്ലെങ്കിലും കഴിച്ചുകൂട്ടാം, ചെവിയില്ലെങ്കിൽ ഒരു ദിവസംപോലും ഉയിരോടെ നടക്കുവാൻ സാധ്യമല്ലെന്നുകൂടി അവന്നു തോന്നിയിട്ടുണ്ടാവണം. അവൻെറ മനോലോകത്തിൽ ദൃശ്യബോധത്തെപ്പോലെ ശബ്ദബോധത്തിനും സ്ഥാനമുണ്ടായിരുന്നു. ചുററുപാടുകളെ അറിയുവാൻ ചെവിയും അവനെ സഹായിച്ചു. പ്രകൃതിയ്ക്കുചേർന്ന ഈ വനചരജീവിതത്തോടു നമ്മുടെ ഇന്നത്തെ കൃത്രിമജീവിതത്തെ താരതമ്യപ്പെടുത്തി നോക്കുക. ഇന്നു നമ്മുടെ ബുദ്ധിയ്ക്കും ആലോചനയ്ക്കും എല്ലാം അവലംബമായി നില്ക്കുന്നതു കണ്ണുമാത്രമല്ലെ? എന്തെങ്കിലും ഒന്നു കേട്ടു എന്നു പറഞ്ഞാൽ കാര്യമായില്ല. കണ്ടാൽമാത്രമെ വിശ്വാസം വരു. ആധുനികമനുഷ്യൻെറ ഏററവും ശുദ്ധമായ ചിന്തപോലും തികച്ചും ദൃശ്യബോധാത്മകമാണെന്നു തെളിയിയ്ക്കപ്പെട്ടിട്ടുണ്ട്. കാര്യകാരണബന്ധത്തെ മുൻനിൎത്തിയുള്ള യുക്തിവാദവും, കാലദേശനിമിത്തരൂപമായ പ്രപഞ്ചവീക്ഷണങ്ങളും, നിത്യതയേയും നിൎവ്വാണത്തേയും ലക്ഷീകരിച്ചുള്ള തത്വജ്ഞാനങ്ങളും എല്ലാം ഇത്തരത്തിലുള്ളതാണ്. തത്വചിന്തയ്ക്കു 'ദൎശനങ്ങഠം' എന്നു ഭാരതീയാചാര്യന്മാർ പേരിട്ടതു് അതിമാത്രം അൎത്ഥവത്തായി തോന്നുന്നു. ഇന്നത്തെ ശാസ്ത്രസംസ്കാരം മുഴുവനും കണ്ണിൻെറ സംസ്കാരമാകുന്നു! ശബ്ദങ്ങളെപ്പോലും ദൃഷ്ടിഗോചരമായ പ്രതിഭാസങ്ങളായി രൂപാന്തരപ്പെടുത്തിയാലേ ശാസ്ത്രജ്ഞന്നു ഗവേഷണം നടത്തുവാൻ കഴിവുള്ളു. ഇങ്ങിനെ ഗവേഷണം നടത്തി സംഗീതത്തിൻെറ ഉള്ളുകള്ളികഠം മനസ്സിലാക്കുവാൻവേണ്ടി ചില ശാസ്ത്രജ്ഞന്മാർ ഗ്രാഫുകളും ഗണിതസൂത്രങ്ങളും "കണ്ടു"പിടിച്ചിട്ടുണ്ട്. ഇതിൻെറ ഫലമായി സംഗീതത്തെയും യുക്തിയ്ക്കു ചേർന്ന ഒരു ശാസ്ത്രമാക്കിയെന്നു് അവർ അഭിമാനിയ്ക്കുന്നുമുണ്ട്!

ഇങ്ങിനെ ആദ്യം മുക്കം പിന്നീടു ചെവിയും ബലികഴിയ്ക്കപ്പെട്ടു. ഇതിൽ ആദ്യത്തെ ത്യാഗം ഇതരജന്തുക്കളുമായുള്ള മത്സരത്തിൽ വിജയം പ്രാപിയ്ക്കുവാൻ മനുഷ്യനെ സഹായിച്ചതും, താനെ ഉണ്ടായതുമായ ഒരു പരിവൎത്തനമാണ്. പക്ഷെ രണ്ടാമ

Digitized by Kerala Sahitya Akademi

ത്തേത് ഇങ്ങിനെ പ്രകൃത്യാ സംഭവിച്ചതല്ല. അതു നാം മനഃപൂർവ്വം വരുത്തിക്കൂട്ടിയതാണ്. കണ്ണിനെമാത്രം അവലംബിച്ച്, അതിനെമാത്രം വിശ്വസിച്ച്, അതിന്റെ ശക്തിക്കു വളർച്ചയും വികാസവും നല്കി, അതു നല്കിയ കരുക്കൾകൊണ്ടുമാത്രം കൃത്രിമമായ ഒരു സംസ്കാരമണ്ഡലത്തെ നാം സൃഷ്ടിച്ചു. കാഴ്ചകൂട്ടുന്നതിനും, വെളിച്ചത്തിന്റെ സ്വതേയുള്ള പരിമിതികളാൽ വെളിപ്പെടാത്ത വസ്തുക്കളെക്കുറിച്ചുപോലും വിശ്വാസയോഗ്യമായ വിവരം ഗ്രഹിക്കുന്നതിനും ശാസ്ത്രം ഉപകരണങ്ങളുണ്ടാക്കിയിട്ടുണ്ട്. ഇമ്മാതിരി ഉപകരണങ്ങളൊന്നും ശബ്ദബോധത്തിനു ലഭിച്ചിട്ടില്ലെന്നുള്ളത് ആരെയും വിസ്മയിപ്പിക്കേണ്ട ഒരു പരമാർത്ഥമാണ്. പക്ഷെ അതിൽ അസാധാരണമായോ വിസ്മയകരമായോ എന്തെങ്കിലും ഉണ്ടെന്നു മനസ്സിലാക്കുന്നതിനുപോലും നമുക്കു പ്രയാസമായിത്തീർന്നിരിക്കുന്നു. ഇങ്ങിനെ സംസ്കാരമണ്ഡലത്തിൽ കണ്ണിന്റെ കുത്തക അതിന്റെ പരമകാഷ്ഠയിലെത്തിയ ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ശാസ്ത്രീയസംസ്കാരത്തിന്റെ അത്ഭുതപൂർവ്വമായ വികാസത്തിന് ഇതു വഴിതെളിച്ചെങ്കിലും സാഹിത്യകലയ്ക്ക് ഇതു ഹാനികരമായിട്ടാണ് തീർന്നതെന്നു ഞാൻ വിശ്വസിക്കുന്നു. എന്തെന്നാൽ സാഹിത്യം തീർച്ചയായും കണ്ണിന്റെ കലയല്ല; ചെവിയുടെ കലയാണ്. "ചെവിത്തകെട്ട" മനുഷ്യക്ക് എന്തു കവിതമാണ്? ഘ്രാണശക്തി ക്ഷയിച്ചതോടെ വികാരത്തിന്റെ വീര്യം നാം അറിയാതായി. ചെവിയുടെ കാര്യം വിഗണിക്കുകയാൽ സാഹിത്യത്തിൽനിന്നു ലഭിക്കാവുന്ന അനുഭവബോധങ്ങളെയും ആനന്ദചാരിതാർത്ഥ്യങ്ങളെയും നാം പരിത്യജിച്ചു. സാഹിത്യം വാക്കുകൾ ചേർന്ന് ഉണ്ടാകുന്നതാണല്ലോ. വാക്ക് ഉച്ചരിക്കാനുള്ളതാണ്. പക്ഷെ ഇന്നത് എഴുത്തിന്റെയും അച്ചടിയുടെയും പിടിയിൽപ്പെട്ടു മരവിച്ചുകിടക്കുന്നു. സംഗീതത്തെ ഗ്രാഫുകളിൽ പകർത്തിയതുപോലെ കാവ്യത്തെയും ലിപികളിൽ പകർത്തിയെടുത്തു സംതൃപ്തി നേടുവാനാണ് നാമിന്നു ശ്രമിക്കുന്നത്. ഇതിലന്തർഭവിക്കുന്ന കൃത്രിമത്വവും മൂല്യലോപവും എത്രയെന്നു നാം ആലോചിക്കുന്നില്ല. സാഹിത്യം ജനിച്ചതും വളർന്നതും ഇങ്ങിനെയല്ല. കഥയും കവിതയും ഒന്നും ലിപിരൂപത്തിൽ ചാപിള്ള പിറക്കുകയല്ല ചെയ്തിട്ടുള്ളത്. കഥ പറയാനുള്ളതായിരുന്നു; കവിത ചൊല്ലാനുള്ളതും. സാഹിത്യത്തിന്റെ ഈ പ്രാഥമികസ്വഭാവങ്ങളെല്ലാം ഇന്നു വിസ്മൃതമായി. വാക്കും അർത്ഥവും വേർപെടുത്തുവാൻ കഴിയാത്തവയാണ്. പ

Digitized by Kerala Sahitya Akademi

ക്ഷേ വാക്കെന്നു പറയുന്നതു ദൃശ്യാത്മകമായ ഒരു ലിപിസംഘാതമല്ല. ശബ്ദമാണ് അതിന്റെ ജീവൻ. ശബ്ദം മാറുമ്പോൾ അർത്ഥവും മാറും. ഈ മാററങ്ങളെല്ലാം എഴുതിക്കാണിക്കാമെന്നു കരുതുന്നതു വെറും വ്യാമോഹമാണ്. എഴുതിയുണ്ടാക്കിയ സാഹിത്യത്തിന്റെ പരിഗതി ഇതാകുന്നു. വാക്കും ലിപിയും ഒന്നാണെന്നുള്ള മൂഢമായ ഒരു സങ്കല്പം അതിൽ അന്തർലീനമായിക്കിടക്കുന്നു. കവിയുടെ വാക്ക ലിപിയിൽ പകർത്താവുന്നതല്ല. അതിന്റെ അർത്ഥം ശബ്ദത്തോടൊപ്പം ജനിക്കുകയും അതോടൊപ്പം തന്നെ മരിക്കുകയും ചെയ്യുന്നു. ശബ്ദത്തിന്റെ മേന്മയും മൂല്യവും ഇതാണ്. അതിലൂടെമാത്രമേ ശുദ്ധമായ കാവ്യാനുഭൂതി കൈവരുവാൻ കഴിവുള്ളു. കവിത—സാഹിത്യത്തിലെ കലാപരമായ അംശം—"ഭാഷാ"പരമാണെന്നു പറയുന്നത് ഇതുകൊണ്ടാണ്. ദൃശ്യബോധാത്മകമായ ചിന്താരൂപങ്ങളും ലിപിമാത്രനിഷ്ഠങ്ങളായ ആശയബാലിശതകളും ആവിഷ്കരിക്കുകയാണ് സാഹിത്യകാരന്റെ ജോലി എന്നു പറയുമ്പോൾ സാഹിത്യകലയെ നാം നാദബ്രഹ്മസ്വപാസനത്തിൽനിന്നു വലിച്ചിറക്കുകയാണ് ചെയ്യുന്നത്. താൻ സുകുമാരപദങ്ങളുടെ കമിതാവാണെന്നു പറഞ്ഞ കീററ്സ് ആ സ്വപാസനത്തിൽ മഹാറാണിയായി, ശ്രുതിമാത്രവേദ്യയായി വാണരുളുന്ന സാക്ഷാൽ കാവ്യലക്ഷ്മിയെത്തന്നെയാണ് ഉപാസിച്ചത്. വൈദർഭീകാമുകനായ കാളിദാസൻ ഈ പ്രപഞ്ചത്തെ കണ്ടുമനസ്സിലാക്കിയതിൽ കൂടുതൽ കേട്ടുമനസ്സിലാക്കുകയാണ് ചെയ്തതെന്ന് എനിക്കു തോന്നുന്നു. സുകുമാരപദങ്ങളുടെ പ്രയോഗം അദ്ദേഹത്തിനു മുക്തിസാധനയാണ്. അവയുടെ മധുരകൂജിതങ്ങളിൽ അദ്ദേഹത്തിന്റെ ആത്മാവും നമ്മുടെ ആത്മാവും ഒരുപോലെ അലിയുന്നു. ഉള്ളിലും വെളിയിലുമുള്ള പ്രപഞ്ചത്തിൽ നിറഞ്ഞുകവിയുന്ന മാധുര്യസൗന്ദര്യങ്ങളെ ഈ ശബ്ദങ്ങളിലൂടെയാണ് അദ്ദേഹം പകർന്നുതരുന്നത്. "അസ്ത്യുത്തരസ്യാം..." എന്നു തുടങ്ങുന്ന കുമാരസംഭവശ്ലോകത്തിൽ ദീർഘസ്വരങ്ങളുടെ കരുതിക്കൂട്ടിയുള്ള പ്രയോഗംകൊണ്ട് അദ്ദേഹം സാധിക്കുന്ന മഹാത്ഭുതത്തെപ്പററി ടാഗോർ ഉപന്യസിച്ചിട്ടുണ്ട്. ടാഗോറിന്റെ പ്രസ്തുത ലേഖനം വായിച്ചാൽ കാളിദാസൻ ഒരു എഴുത്തുകാരനല്ല പാട്ടുകാരനാണെന്നേ നമുക്കു തോന്നുകയുള്ളു. നിഘണ്ടുവും നിവർത്തുവെച്ചു കാളിദാസകൃതികളുടെ അർത്ഥം നോക്കിമനസ്സിലാക്കുന്നവർ

Digitized by Kerala Sahitya Akademi

ആ മഹാകവി പകർന്നുതരുന്ന വിഭവങ്ങളുടെ ഒരു ശതാംശംപോലും ഗ്രഹിക്കുന്നില്ല.

സാഹിത്യകലയുടെ അതിപുരാതനമായ ഈ ലക്ഷ്യങ്ങളും ലക്ഷണങ്ങളുമെല്ലാം ഇന്നു വിഗണിക്കപ്പെട്ടിരിക്കയാണ്. അർത്ഥവും ആശയവും മാത്രമേ കാവ്യകലയിൽ കാര്യമായി കരുതാനുള്ളു എന്നും ശബ്ദം വെറും പൊള്ളയാണെന്നും ചെവിയിൽ വീണ തന്നെ വററിപ്പോകുന്നതാണെന്നും സാഹിത്യമീമാംസകന്മാർ സമർത്ഥിക്കുവാൻ ശ്രമിക്കുന്നു. സാഹിത്യത്തിൻെറ ജീവനായ ശബ്ദത്തെക്കുറിച്ച് ഒരു നല്ല വാക്കുപോലും ആരും പറയുന്നില്ല. രസമെന്നും ഭാവമെന്നും, രൂപമെന്നും രൂപഭദ്രതയെന്നുമുള്ള സാങ്കേതിക പദങ്ങൾ വാരിവിതറിക്കൊണ്ടുള്ള വെറും ആലങ്കാരികവാദങ്ങൾ ഉന്നയിച്ച് കാവ്യകലയുടെ മൂല്യനിർണ്ണയം ചെയ്യുവാനുള്ള ശ്രമമാണ് നാലുപാടും നടക്കുന്നത്. സാഹിത്യലോകത്തിൽ പുസ്തകം സിംഹാസനാരോഹണം ചെയ്തതിൻെറ ഫലമാണിത്. കവിയുടെ സജീവമായ, സന്ദേശവാഹിയായ, സനാതനമായ, വാക്കു കേൾക്കുവാൻ ഇന്നുള്ളവർക്ക് കാതില്ല. പുസ്തകത്തിൻെറ തിരുമുമ്പിൽ കണ്ണു തുറന്നുകൊണ്ടാണ് കാവ്യകാരനും കാവ്യനിരൂപകനും നില്ക്കുന്നത്. ഇങ്ങിനെ പുസ്തകത്തെ ആശ്രയിച്ചതുകൊണ്ടും ആരാധിച്ചതുകൊണ്ടും ഒരു സാഹിത്യവും സംസ്കാരവും നിലനില്ക്കുവാനോ പുരോഗമിക്കുവാനോ പോകുന്നില്ല. സംസ്കാരത്തിൻെറ ചരിത്രത്തിൽ ശാശ്വതമായ സ്ഥാനം കരസ്ഥമാക്കിയിട്ടുള്ളവയും, മനുഷ്യവർഗ്ഗത്തെ ഏററവും കൂടുതൽ സ്പർശിച്ചിട്ടുള്ളവയുമായ കാവ്യങ്ങളൊന്നും ഗ്രന്ഥരൂപത്തിലുണ്ടായവയല്ല. വെള്ളക്കടലാസ്സും റോട്ടറിപ്രസ്സും ഉണ്ടായിരുന്നതുകൊണ്ടല്ല അവ പ്രചരിച്ചതും അത്യത്ഭുതകരമായ പ്രാധാന്യം ആർജ്ജിച്ചതും. കാവ്യലോകത്തിലെ കാമധേനുക്കളായി വിലസുന്ന ഭാരതരാമായണാദികൃതികൾ ശ്രവ്യമായ വാങ്മയങ്ങളായിട്ടാണ് ആവിർഭവിച്ചത്. പക്ഷെ അതു ചൊല്ലുകയും കേട്ടുചൊല്ലുകയും ചെയ്ത മനുഷ്യരുടെ "വെറും ശബ്ദങ്ങൾ" ശ്രോതാക്കളുടെ ചെവിയിൽ വീണുതന്നെ വററിപ്പോയില്ല. പ്രസ്തുതകൃതികൾ അച്ചടിച്ചു പൊതിഞ്ഞുകെട്ടി അലമാരകളിൽ സൂക്ഷിക്കണമെന്നു തല്പരത്താക്കൾ മോഹിച്ചിരുന്നെങ്കിൽ ഒരേ ഒരു തലമുറകൊണ്ടുതന്നെ അവ വിസ്മരിക്കപ്പെട്ടുപോകുമായിയിരുന്നു. അതൊന്നും സംഭവിക്കാതെ അവ ഇന്നും അതുല്യങ്ങളായി, അപ്രമേയപ്രഭാവങ്ങളായി നിലനില്ക്കുന്നു. സംസ്കാരത്തിൻെറ പുലർവേളയിൽ ഉച്ചരിക്ക

Digitized by Kerala Sahitya Akademi

പ്പെട്ട ആ "വെറും ശബ്ദങ്ങ"ളെ പിൻതലമുറകൾ നെഞ്ചേററിലാളിയ്ക്കുകയാണ് ചെയ്യുത്. ഹോമറുടേയും സൊക്രട്ടീസിൻെറയും കഥയും ഇതുതന്നെയായിരുന്നു. കടലാസ്സും മഷിയുംകൊണ്ടല്ല അവർ മഹത്വം നേടിയത്. അവരുടെ കൃതികൾ കാററിൽ ലയിച്ച വാമൊഴിമാത്രമായിരുന്നു. എങ്കിലും അവക്കു തുല്യരായ സാഹിത്യകാരന്മാർ ആരുണ്ട്? സോക്രട്ടീസ് യാതൊന്നും എഴുതിയില്ലെന്നുമാത്രമല്ല, പറയാനുള്ളത് എഴുത്തിലാക്കിയാൽ അത് അവശേഷിയ്ക്കുമെന്നും തൻെറ നാമത്തെ നിലനിത്തുമെന്നും വിശ്വസിയ്ക്കുന്ന മനുഷ്യൻ മൂഢനാണെന്നു തീത്തുപറയുകകൂടി ചെയ്യു. പാശ്ചാത്യസംസ്കാരത്തിൻെറ പ്രഭവസ്ഥാനമായി നില്ക്കുന്ന ഈ മഹാപുരുഷൻ ഒരക്ഷരംപോലും എഴുതിവെച്ചില്ലെന്നുള്ളതു വലിയൊരു അത്ഭുതമായി തോന്നുന്നില്ലേ? എന്നിട്ടും അദ്ദേഹത്തിൻെറ വാക്കുകൾ, മെഡിററേനിയൻകാററിൽ വിലയം പ്രാപിച്ച വെറും ശബ്ദങ്ങൾ, പില്ക്കാലത്തെ തത്ത്വജ്ഞാനികളുടെ എടുത്താൽ പൊങ്ങാത്ത എണ്ണമററ ഗ്രന്ഥങ്ങളെക്കാൾ ഈടും വിലയും ഉള്ളവയായിട്ടാണ് കലാശിച്ചത്.

വാമൊഴിയായി ആവിർഭവിച്ച ആദിമകാവ്യങ്ങൾ എത്രയോ സഹൃദയസദസ്സുകളിൽ ആവത്തിച്ചാവത്തിച്ച് ആഖ്യാനം ചെയ്യപ്പെട്ടു. അവയുടെ കഥയും കലാശവുമെല്ലാം ശ്രോതാക്കൾക്കു സുപരിചിതമായിരുന്നു. ആഖ്യാനരീതിയിലാണ് അവർ ശ്രദ്ധിച്ചത്. കവിയുടേയും കഥാകാരൻെറയും മഹത്വത്തിനുള്ള മാനദണ്ഡം അതായിരുന്നു. 'മാമുനിശ്രേഷ്ഠന്മാരാം ശൗനകാദികൾ മേവും' നൈമിശാരണ്യത്തിൽ പന്ത്രണ്ടുവഷം പാത്തു, മുമ്പു വൈശമ്പായനൻ ജനമേജയനോടു 'ഭംഗിയിലറിയിച്ച ഭാരതം' ചൊല്ലിക്കേൾപ്പിച്ച 'ധീമാനാമുഗ്രശ്രവസ്സാകിയ സൂത'നെപ്പോലുള്ള കലാകാരന്മാരാണ് മഹാഭാരതത്തെ ഒരു ലോകോത്തരകാവ്യമാക്കിയത്. കുശലവാദികളായ മുനികുമാരന്മാർ വളരെ നാളത്തെ അഭ്യാസത്തിനുശേഷം, മഹാപണ്ഡിതന്മാർ നിറഞ്ഞിരുന്ന രാജസദസ്സുകളിൽ ചൊല്ലിക്കേൾപ്പിച്ച കാവ്യമാണ് രാമായണം. ഹോമർ ആയുഷ്കാലമത്രയും തെണ്ടിനടന്ന് 'ഇലിയഡ്' പാടുകയുണ്ടായി. കാവ്യലോകത്തിൽ "സ്ഥാവരാണാം ഹിമാലയഃ" എന്ന മട്ടിൽ നില കൊള്ളുന്ന ഈ അത്ഭുതകൃതികൾ ഇങ്ങിനെ അപ്പോഴപ്പോഴുണ്ടാകുന്ന അതിനിശിതങ്ങളായ വിമശങ്ങളെ അതിജീവിച്ചവയാണ്. അവയുടെ കലാപരമായ പൂണ്ണതയ്ക്ക് എത്രയോ നിരൂപകന്മാരുടെ

Digitized by Kerala Sahitya Akademi

ഉടനടിയുള്ള അഭിപ്രായപ്രകടനങ്ങളും കാരണമായിട്ടുണ്ട്. അവയുടെ പ്രചാരത്തിന് അനേകം തലമുറകളിലെ കലാകാരന്മാർ സഹായിച്ചിട്ടുണ്ട്. ആദ്യകാലങ്ങളിൽ കാവ്യമെന്നത് ഒരേ ഒരു വ്യക്തിയുടെ പകപ്പവകാശനിർമ്മിതിയായി കരുതപ്പെട്ടിരുന്നില്ല. ഇന്നും നാം കഥകളിയുടെ കാര്യത്തിൽ കാണുംപോലെ, രചിച്ചവൻെറയും ചൊല്ലുന്നവൻെറയും സഹകൃതയത്നംകൊണ്ടു പ്രചരിക്കുകയും നിലനില്ക്കുകയുംചെയ്യു ഒരു കലാസൃഷ്ടിയായിരുന്നു കാവ്യം. ഏറിയകൂറും ഇതുരണ്ടും ഒരാൾതന്നെയാണ് ചെയ്യുവന്നത്. പക്ഷെ രണ്ടും രണ്ടുപേർ ചെയ്താലും ശ്രോതാക്കൾ വ്യത്യാസമൊന്നും കാണിച്ചിരുന്നില്ല. നാം കുഞ്ചൻപണിക്കരുടെ "ഹംസം" കാണുന്നതുപോലെ "കുശലവന്മാരുടെ രാമായണവും" അവർ കേട്ടു രസിച്ചു. രസിച്ചെങ്കിലേ കേൾക്കുകയുള്ളൂ എന്നതാണ് ഏററവും പ്രധാനമായ സംഗതി. ആരുണ്ടാക്കിയതായാലും വേണ്ടുകില്ല കേൾക്കാൻ സുഖമുണ്ടോ എന്നുമാത്രമേ ശ്രോതാക്കൾ ആലോചിച്ചുള്ളൂ. ഇങ്ങനെ ശബ്ദത്തിലൂടെ കലാപരമായ സംതൃപ്തിയും ആനന്ദവും കൈവരുത്തുവാൻ നിരന്തരം നടത്തിയ നിപുണയത്നത്തിൻെറ പരിണതഫലങ്ങളാണ് ലോകത്തിൻെറ അമൂല്യസമ്പത്തായ ഈ അത്ഭുതകാവ്യങ്ങൾ. അവയുടെ കർത്താക്കളായ പ്രാചീനകവികൾക്കാക്കും ഭാവിപരമ്പരകളുടെ അഭിനന്ദനം പ്രതീക്ഷിക്കുവാൻ സാധ്യമല്ലായിരുന്നു. നാരായവും തൂലികയും കൊണ്ടേ ഇതു സാധിക്കയുള്ളൂ. അതുകൊണ്ടു തങ്ങളുടെ മുമ്പിൽക്കണ്ട സഹൃദയസദസ്സുകളെ പ്രീണിപ്പിക്കുവാൻമാത്രമാണ് അവർ ആഗ്രഹിച്ചതെന്നുള്ളതു നിസ്തർക്കമാകുന്നു. എന്നിട്ടും, എത്രയോ നൂററാണ്ടുകൾക്കുശേഷവും, ആ വാമൊഴിക്കാരെ സമീപിക്കുവാൻപോലും കഴിയുന്ന തൂലികാവിദഗ്ധന്മാരാരും ഉണ്ടായതായി നാം കാണുന്നില്ല. ശബ്ദമാത്രമായി ആവിർഭവിച്ച ആ കാവ്യങ്ങൾ വിസ്മൃതിയിൽ താണുപോയില്ല; ഇന്നും ജനസമുദായം അവയെ അഭിനന്ദിക്കുന്നു; ആദരിക്കുന്നു. വെറും ശബ്ദത്തിലൂടെ അവ പകർന്നുകൊടുത്ത അനുഭൂതികൾ സംസ്കാരസൌധത്തിൻെറ അടിസ്ഥാനശിലകളായിത്തന്നെ തീർന്നിരിക്കുന്നു.

ഇങ്ങിനെ നോക്കിയാൽ സാഹിത്യകലയിൽ ശബ്ദം സാരമില്ലാത്തതാണെന്നുള്ള ഇന്നത്തെ അഭിപ്രായഗതി അബദ്ധമാണെന്നു കാണാം. സാഹിത്യചരിത്രവും, കാവ്യങ്ങളുടെ ഗുണപ്രകർഷത്തെപ്പററിയുള്ള ചിന്തയും അതല്ല തെളിയിക്കുന്നത്. ശബ്ദത്തിൻെറ

Digitized by Kerala Sahitya Akademi

സജീവശക്തിയാണ് കാവ്യകാരന്റെ ഏററവും വലിയ അനുഗ്രഹം. അനുഗൃഹീതനായ കവിക്ക് തന്റെ ആനന്ദാനുഭൂതി സമസ്പൃഷ്ടങ്ങളാക്കാൻ കൈവരുത്താനുള്ള ഉപകരണം അതൊന്നുമാത്രമാണ്. സാഹിത്യത്തിന്റെ സർവ്വോൽകൃഷ്ടമായ ചൈതന്യം അതിലാണ് സ്ഥിതിചെയ്യുന്നത്. വരമൊഴിയിൽ അതു മരവിച്ചുപോകുന്നു. വാസ്തവത്തിൽ ധ്വനി എന്നു പറയുന്ന സാഹിത്യഘടകം മുഴുവനും ശബ്ദനിഷ്പന്നമാകുന്നു. ആ വാക്കിന്റെ അർത്ഥംതന്നെ ശബ്ദമെന്നാണ്. ഇന്നത്തെ പുസ്തകസാഹിത്യത്തിൽ ഇതിനൊന്നും വലിയ സ്ഥാനമില്ലാതായിരിക്കുന്നു. ഇങ്ങിനെ സാഹിത്യത്തിന്റെ അടിസ്ഥാനംതന്നെ തെററിക്കിടക്കുന്ന ഇക്കാലത്തു പുസ്തകങ്ങൾ പ്രചരിപ്പിച്ചു പുരോഗതിയുണ്ടാക്കാമെന്നും ചിലർ വ്യാമോഹിക്കുന്നു. ഇക്കൂട്ടത്തിൽ എത്രപേർ തങ്ങളുടെ കഥയും കവിതയും പൊതുജനസദസ്സുകളിൽ ചൊല്ലിക്കേൾപ്പിക്കുവാൻ ധൈര്യപ്പെട്ടുമെന്ന് ആലോചിക്കുന്നത് രസകരമായിരിക്കും. ഇന്നത്തെനിലയ്ക്കു സ്നേഹിതന്മാരുടെ മുഖസ്തുതികളും പത്രാഭിപ്രായങ്ങളിലെ നിന്ദാസ്തുതികളും മാത്രമേ സാഹിത്യകൃതികളുടെ ഗുണം നിർണ്ണയിക്കുന്നതിനുള്ള അളവുകോലായി കാണ്മാനുള്ളു. എഴുതിയുണ്ടാക്കിയ സാഹിത്യത്തിന്റെ ഏററവും വലിയ നിർഭാഗ്യം ഇതാണ്. സാഹിത്യകാരനും സഹൃദയനും തമ്മിൽ യാതൊരു സമ്പർക്കവുമില്ല. തന്റെ യത്നം സഫലമാകുന്നുവോ എന്നറിയുവാൻ ഏതു കലാകാരനാണ് മോഹിക്കാത്തത്? പക്ഷെ സാഹിത്യകലയിൽ ഇന്ന് അതറിയുവാൻ മാർഗ്ഗമില്ല. തന്റെ അനുഭൂതികൾക്കു മൂർത്തിപൂണ്ട ഒരു രൂപംകൊടുത്തു എന്നുള്ള ചാരിതാർത്ഥ്യംമാത്രമേ സാഹിത്യകാരനു ലഭ്യമായുള്ളു. ഈ പരിമിതികൾക്കു പോംവഴിയായിട്ടാണ് പാശ്ചാത്യരാജ്യങ്ങളിൽ കവികളും കഥാകൃത്തുകളും സ്വകൃതികൾ സഹൃദയസഭകളിൽ വായിച്ചുകേൾപ്പിക്കുക എന്ന പ്രസ്ഥാനം നടപ്പായിട്ടുള്ളതെന്നു തോന്നുന്നു. ഡിക്കൻസ്, മാർക്ക് ട്വെയിൻ മുതലായവർ പല രാജ്യങ്ങളിലും സഞ്ചരിച്ച് ഇതു ചെയ്യാറുണ്ടായിരുന്നു. യീററ്സ് എന്ന ഐറിഷ്കവിയുടെ കവിതാപാരായണത്തെക്കുറിച്ചു രസകരമായ പല കഥകളും കേട്ടിട്ടുണ്ട്. ഓരോ സന്ദർഭത്തിലേക്കും പ്രത്യേകമായി തിരഞ്ഞെടുത്ത ഭിന്നവർണ്ണങ്ങളായ വെളിയടകൾ തൂക്കി ആകർഷകമായി സജ്ജീകരിച്ച ഒരു മുറിയിൽവെച്ചു, രാത്രിയിൽ, സുഗന്ധദ്രവ്യങ്ങൾ കലർത്തിയ മെഴുകുതിരികൾ കത്തിയുണ്ടാകുന്ന സൗമ്യമായ പ്രകാശത്തിൽ, സിംഹാ

Digitized by Kerala Sahitya Akademi

സനംപോലെയുള്ള ഒരു കസേരയിൽ ഇരുന്നുകൊണ്ടാണത്രെ അദ്ദേഹം തന്റെ കവിതകൾ ചൊല്ലിക്കേൾപ്പിച്ചുവന്നത്. പാരിസ്സിൽ ഇങ്ങിനെ സാഹിത്യപാരായണം നടത്തുന്നതിനുള്ള സ്ഥാപനങ്ങൾതന്നെയുണ്ട്. അവയിൽ അംഗമാകാതെ ആക്കും സാഹിത്യകാരനാവാൻ സാദ്ധ്യമല്ല. കവിതയും കഥയും ഗദ്യവും പദ്യവും എല്ലാം അവിടെ പാരായണംചെയ്യുക പതിവാണ്. പരേതനായ ജെയിംസ് ജോയ്സ് തന്റെ ഗ്രന്ഥങ്ങൾ ഒരു കിറുക്കന്റെ വികൃതികളല്ലെന്നും സാഹിത്യത്തിന്റെ സാരസർവ്വസ്വം കലന്ന യഥാർത്ഥകലാസൃഷ്ടികൾതന്നെയാണെന്നും തെളിയിച്ചത് ഇങ്ങിനെയുള്ള പാരായണംകൊണ്ടാണ്. അദ്ദേഹത്തിന്റെ സുശിക്ഷിതമായ കണ്ഠം ഇക്കാര്യത്തിൽ വലിയ അനുഗ്രഹമായിരുന്നു. ഈ സൗകര്യങ്ങളൊന്നും ഇല്ലായിരുന്നെങ്കിൽ അദ്ദേഹത്തിന് ഒരു അച്ചടിക്കാരനെപ്പോലും കിട്ടുകയില്ലായിരുന്നു എന്നു പറയപ്പെടുന്നു. കവിതാപാരായണം എന്നൊരു ചടങ്ങ് നമ്മുടെ നാട്ടിലും നടപ്പുണ്ട്. അതു പക്ഷെ സാഹിത്യസമ്മേളനങ്ങളിൽ കാര്യപരിപാടിയ്ക്കു വൈവിധ്യം വരുത്തുന്നതിനും പ്രസംഗങ്ങൾക്കിടയ്ക്ക് അരങ്ങുമുഷിയാതിരിയ്ക്കുന്നതിനുംവേണ്ടി ചെയ്യുന്ന വിദൂഷകപ്രവേശംപോലെയുള്ള ഒരേപ്പാടാണ്. മുതിന്ന കവികളാരും സാധാരണയായി അതു ചെയ്യാറില്ല. അവക്കതു നാണക്കേടാകുമോ എന്നു ശങ്കയുണ്ട്. പട്ടിയുടെ വേഷംകെട്ടിയിട്ട് കുരയ്ക്കാൻ മടിയ്ക്കുന്നതുപോലെയാണിത്. വ്യാസനും വാല്മീകിയും ഹോമറും ഇങ്ങനെ നാണിച്ചിരുന്നെങ്കിൽ അവരെ ലോകം അറിയുകയില്ലായിരുന്നു. കവി ശബ്ദത്തെ വിഗണിയ്ക്കുകമാത്രമല്ല, അതിനെ വെറുക്കുകയും ഭയപ്പെടുകയുംകൂടി ചെയ്യുന്ന ഈ അവസ്ഥാവിപര്യയം ഓക്കുമ്പോൾ ആരാണ് അമ്പരന്നുപോകാത്തത്. കവികൾ പ്രസംഗക്കാരായും, കവികളല്ലാത്തവർ "കവിചൊല്ലി"ന്നവരായും തീരുന്ന വിചിത്രസംഭവവും നമ്മുടെ നാട്ടിൽ സാധാരണമാണ്. ചാക്യാർകൂത്തിന്റെയും തുള്ളൽപ്പാട്ടിന്റെയും നാടായ കേരളത്തിൽ ഇങ്ങനെയൊരു ശബ്ദനിഗ്രഹവ്യഗ്രത വന്നുകൂടിയത് സാഹിത്യത്തിന്റെ കാലക്കേടെന്നല്ലാതെ മറെറാന്നും പറയാനില്ല. പണ്ടൊക്കെ കഥനം എന്നൊന്നു സ്ക്കൂൾകുട്ടികളുടെ പാഠപദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ഇന്നതു നിലവിലുണ്ടെന്നു തോന്നുന്നില്ല. ശബ്ദത്തോടുള്ള ശത്രുതയുടെ പരമകാഷ്ഠയാണിത്. കഥനം ഫലിച്ചാലും ഇല്ലെങ്കിലും അങ്ങിനെയൊന്നു പാഠപദ്ധതിയിൽ ചേർത്തി

Digitized by Kerala Sahitya Akademi

രിക്കുന്നതിൽനിന്നു കവിത ചൊല്ലാനുള്ളതാണെന്ന ബോധമെങ്കിലും നമ്മുടെ കുട്ടികൾക്കു ലഭിക്കുമായിരുന്നു. അതൊന്നുമില്ലാതെ ഇനിയും കവിതയെന്നു പറയുന്നതു വെള്ളക്കടലാസ്സിലുള്ള വയലററുമഷിപ്രയോഗമാണെന്നുപോലും അവർ ധരിക്കുവാനിടയുണ്ട്. "കവിവാണീപ്രയോഗത്തെ ശ്രവിക്കുന്ന സുഖം" ഇങ്ങനെ നഷ്ടമാകുന്നതോർത്ത് നിരാശപ്പെടാതെ നിവൃത്തിയില്ല. സാഹിത്യപുരോഗതിയെന്നും പുരോഗമനസാഹിത്യമെന്നും പറഞ്ഞ് കലശൽകൂട്ടാതെ പുസ്തകങ്ങളിലും പത്രപങ്ക്തികളിലും മരവിച്ചുകിടക്കുന്ന സാഹിത്യത്തെ മനുഷ്യകണ്ഠത്തിന്റെ മനോഹരശബ്ദത്തിൽ പകർത്തി, അതിന്റെ ജീവചൈതന്യം വീണ്ടെടുക്കുന്നില്ലെങ്കിൽ നമ്മുടെ സംസ്കാരത്തിനുതന്നെ കേടുതട്ടുവാൻ ഇടയുണ്ട്. നല്ലവണ്ണം അച്ചടിച്ചതുകൊണ്ടോ, പത്രനിരൂപകന്മാർ നല്ല അഭിപ്രായം പറഞ്ഞതുകൊണ്ടോ ഒരു സാഹിത്യകൃതി വിജയംപ്രാപിച്ചുവെന്നോ, അതിന്റെ ധർമ്മം നിർവ്വഹിച്ചു എന്നോ അർത്ഥമില്ല. നമ്മുടെ ഭാഷയിൽ ഏററവും വൃത്തികെട്ടതായി അച്ചടിച്ചിട്ടുള്ളതും, ഒരു പത്രത്തിനും അഭിപ്രായത്തിനു ചെല്ലാത്തതും ആയ കൃതികൾ എഴുത്തച്ഛന്റെയും കുഞ്ചൻനമ്പ്യാരുടെയും സാഹിത്യങ്ങളാണ്. അവയ്ക്കെതിരായുള്ള ലേഖനവ്യവസായം ധാരാളം നടക്കുന്നുമുണ്ട്. പക്ഷെ അച്ചടിയിലും അഭിപ്രായലബ്ധിയിലും ഈ സാഹിത്യസൃഷ്ടികളെ അതിശയിക്കുന്ന ഇന്നത്തെ പുത്തൻസാഹിത്യങ്ങളെല്ലാം മരിച്ചു മണ്ണടിഞ്ഞു മറവിയിൽ താണുപോകുമ്പോൾ എഴുത്തച്ഛനും കുഞ്ചൻനമ്പ്യാരും ഉച്ചരിച്ച കവിവാക്യങ്ങൾ കേരളക്കരയിൽ മുഴങ്ങിക്കൊണ്ടുതന്നെയിരിക്കും. ഈ മഹാകവികൾ പുരാണമെഴുതിയതുകൊണ്ടോ, പഴമക്കാർ ഒട്ടുണ്ടാത്തതുകൊണ്ടോ അല്ല ഇങ്ങനെ സംഭവിക്കുമെന്നു പറയുന്നത്. കാരണം ഈ കവികളുടെ സാഹിത്യം അച്ചുക്കൂടങ്ങളിലോ പുസ്തകശാലകളിലോ വായനക്കാരന്റെ പെട്ടിയിലോ അല്ല സൂക്ഷിക്കപ്പെടുന്നത് എന്നതാകുന്നു. മനുഷ്യശബ്ദത്തിന്റെ മൃതസഞ്ജീവനശക്തിയാൽ അതിന് അനുദിനം ആയുസ്സുകൂടുന്നു. തുള്ളല്ക്കാരുടെ വംശവിച്ഛേദം വരുത്തിയാൽ ഒരു പക്ഷെ കുഞ്ചൻസാഹിത്യത്തെ കൊല്ലുവാൻ കഴിഞ്ഞേക്കും. എന്നാൽ എഴുത്തച്ഛനോട് അതൊന്നും പററുകയില്ല. കേരളഭാഷയുടെ കോമളസ്വരങ്ങളിൽ അദ്ദേഹം ചൊല്ലിയ ഗാനങ്ങൾ അത്ര വളരെയാളുകൾ ഏററു ചൊല്ലിയിട്ടുണ്ട്; ചൊല്ലുന്നുമുണ്ട്. ഉദ്ദേശസിദ്ധിവന്ന സജീവസാഹിത്യമാണത്. കലയുടെ തെളിവു കാല

Digitized by Kerala Sahitya Akademi

[illegible]ത്തിന്റെ കൈയ്യിലാണെന്നുള്ള അഭിപ്രായം എത്ര പരമാർത്ഥമാണെന്നു മനസ്സിലാകുന്നത് ഇമ്മാതിരി കാവ്യങ്ങളെപ്പററി ആലോചിക്കുമ്പോഴാണ്.

സാഹിത്യം ജനകീയമാക്കണമെന്നുള്ള മുറവിളി മുഴങ്ങിക്കേൾക്കുന്ന കാലമാണിത്. സാധുജനങ്ങളുടെ പേരുപറഞ്ഞു സാഹിത്യകാരനും നാട്ടുനീളെ നക്രബാഷ്പം പൊഴിക്കുന്നുണ്ട്. ആത്മാവിന്റെ തൃഷ്ണകൾക്കു സാഹിത്യം നല്കുന്ന സംതൃപ്തിയും, ഹൃദയത്തിന്റെ വേദനകൾക്ക് അതു കൊടുക്കുന്ന സാന്ത്വനവും, ജീവിതത്തിന്റെ നിഃശൂന്യവിസ്തൃതിയിൽ അതു പൊഴിക്കുന്ന പ്രസന്നതകളും സമസ്തലോകത്തിനും ലഭിക്കുമാറാകണമെന്ന് ആഗ്രഹിക്കാത്തവർ ആരുണ്ട്? പക്ഷേ അച്ചടിയന്ത്രത്തിലൂടെ അഞ്ചുപത്തു ദിവസംകൊണ്ട് ഇതെല്ലാം സാധിക്കാമെന്ന് അറിവുള്ളവർ പറയുകയില്ല. എഴുതിയും അച്ചടിച്ചും ഉണ്ടാക്കുന്ന സാഹിത്യത്തിന്റെ ഭീമമായ പരിമിതികളെല്ലാം വിസ്മരിച്ചാലും അക്ഷരജ്ഞാനവും പുസ്തകപ്രീതിയും വർദ്ധിക്കാതെ ഇതു സാധ്യമല്ലെന്നു പറയേണ്ടതില്ലല്ലോ. എന്നാൽ സാഹിത്യത്തെ അതിന്റെ സ്വന്തവും അകൃത്രിമവുമായ രീതിയിലേക്കു നയിച്ചാൽ, ലിപിയുടെ ചങ്ങലക്കെട്ടിൽനിന്നു മോചിപ്പിച്ചു ശബ്ദത്തിന്റെ സജീവവും സർവ്വസ്വാതന്ത്ര്യവുമായ മണ്ഡലത്തിലേക്കുയർത്തിയാൽ ഏതു സാധുവിനും അതിന്റെ അനുഗ്രഹങ്ങൾ ലഭ്യമാകും. അടഞ്ഞുപോയ അവന്റെ കാതുകളെ ഒന്നു തുറക്കുവാൻ ശ്രമിക്കുക. പക്ഷേ അതിനുമുമ്പായി അഭിജ്ഞന്മാരെന്നഭിമാനിക്കുന്ന നമ്മുടെ കാതുകൾതന്നെ ഒന്നു തുറക്കേണ്ടിയിരിക്കുന്നു. അവയും അനേകം നൂററാണ്ടുകളായി അടഞ്ഞിരിക്കുകയാണ്. വാസ്തവത്തിൽ അച്ചുകളുണ്ടാക്കി യന്ത്രശാലകൾവഴി സാഹിത്യം പ്രചരിപ്പിക്കുവാൻ തുടങ്ങിയപ്പോൾമുതൽ നാം ഉരുക്കിക്കൊണ്ടിരിക്കുന്ന ഈയം അധികവും നമ്മുടെ ചെവിവിൽതന്നെയാണ് വീണത്. അതെല്ലാം മാററിക്കളയുവാൻ ഒരു മഹായത്നംതന്നെ ആവശ്യമായിരിക്കുന്നു. കഠിനയത്നം ചെയ്യേങ്കിലും അതു മാററിയില്ലെങ്കിൽ ഇപ്പോൾ ഇന്ദ്രിയത്തെമാത്രം ബാധിച്ചിട്ടുള്ള ഈ ബാധിര്യം ആത്മാവിനെക്കൂടി ബാധിക്കും. അതിൽ കൂടുതലായ ഒരധഃപതനം മനുഷ്യനു സംഭവിക്കാനില്ല. ഈ നിർഭാഗ്യസ്ഥിതിക്ക് ഏററക്കുറെ കാരണഭൂതമായ ശാസ്ത്രത്തിന്റെ ചിരവിളംബിതമായ ഒരു പ്രായശ്ചിത്തമെന്നപോലെ ഒരുപകരണം ആധുനികകാലത്തുണ്ടായിട്ടുണ്ട്. ഇതാണ് റേഡിയോ. ശബ്ദ

Digitized by Kerala Sahitya Akademi

ത്തെ ശിലീകരിച്ച ശാപത്തിൽനിന്നു മോചനം നേടുവാൻ ഇതു വഴി തുറന്നിട്ടുണ്ടെന്നു പറയാവുന്നതാണ്. സാഹിത്യകാരനു നാണിക്കാതെ തന്റെ വാക്ക് ഉച്ചരിക്കുവാനും അതു സൌകര്യം കൊടുക്കുന്നു. എന്നാലും അടുത്തിരുന്ന്, അന്യോന്യം അടുത്തറിഞ്ഞ്, ആത്മാവിന്റെ അധിപ്രസരത്തിനു പരസ്പരം വിധേയരായി, കവിയും സഹൃദയനും തമ്മിൽ നടത്തുന്ന നർമ്മസല്ലാപംപോലെയുള്ള പ്രാചീനസാഹിത്യത്തിന്റെ ശബ്ദമാർഗ്ഗേണയുള്ള ചൈതന്യസ്ഫുരണം അതിലൂടെ അനുഭവിക്കുവാൻ സാധിക്കുമോ എന്നു സംശയമാണ്. പക്ഷെ കാന്താസമ്മിതയായ കാവ്യലക്ഷ്മിയുടെ കാൽത്തളക്കിലുക്കങ്ങളെങ്കിലും കേൾക്കുവാൻ അതു സഹായിക്കും. അങ്ങിനെ പദപ്രപഞ്ചത്തിന്റെ പതിനാലു ലോകങ്ങൾക്കും ഉടയവളായ ആ പ്രിയതമയെ തിരയുന്നതിനും അവളുടെ പ്രേമസംഭാഷണം ശ്രവിക്കുന്നതിനും നമ്മുടെ കവികൾക്കും സഹൃദയന്മാർക്കും സംഗതിവന്നെങ്കിൽ ഭാഗ്യമായി.

Digitized by Kerala Sahitya Akademi

# 3

# പ്രണാമം

## ജനുവരി 30, 1948

ഏതോ ഒരു മഹാശാപം ഭാരതീയരെ പിൻതുടരുന്നതുപോലെ തോന്നിപ്പോകുന്നു. നമ്മുടെ ആനന്ദവും സംതൃപ്തിയും ഒരിക്കലും പൂർണ്ണമാകരുതെന്നു വിധിച്ചിട്ടുണ്ടായിരിക്കാം. ദീർഘകാലം പ്രതീക്ഷിച്ചു, ദീർഘകാലം പ്രയത്നിച്ചു നമുക്കു കിട്ടിയ സ്വാതന്ത്ര്യം നടുവെ പിളർന്നതായിരുന്നു. അങ്ങിനെയെങ്കിലും കിട്ടിയ സ്വാതന്ത്ര്യം ഒരു തുള്ളി രക്തംപോലും ചിന്താതെ വാങ്ങിയതാണെന്നോർത്തു നാം അഭിമാനപുളകങ്ങൾ അണിഞ്ഞപ്പോൾ മതഭ്രാന്തു മുഴുത്തു ചോരപ്പുഴകൾ നാട്ടിനീളെ ഒഴുകിത്തുടങ്ങി. അതു ശമിപ്പിക്കുവാനുള്ള അശ്രാന്തയത്നമാണ് അടുത്തതായി നടന്നത്. അക്കാര്യം സാധിക്കുവാൻ കഴിവുള്ള ആ മഹാപുരുഷൻ തന്റെ ജീവിതം തന്നെ അതിനുവേണ്ടി ഉഴിഞ്ഞുവെച്ചു. ഉത്തരക്ഷണത്തിൽ, ഇതാ, അദ്ദേഹത്തിന്റെ ആയുസ്സിനും അറുതിവന്നു. ഇന്ത്യയുടെ ദീർഘദീർഘമായ ചരിത്രത്തിൽ ഏററവും ദാരുണമായ ഈ അത്യാഹിതത്തിന്റെ കരിനിഴലിൽനിന്നു നാം കരയുകയാണ്. നമ്മുടെ ഹൃദയത്തെ കരുവാളിപ്പിച്ച ഈ നിഷ്ഠുരസംഭവം മനുഷ്യരാശിയുടെ പരിണാമഗതിയിൽ എത്ര അഗാധമായ പ്രാധാന്യം വഹിക്കുന്നതാണെന്നു നമുക്കിന്ന് അറിയുവാൻ കഴിവില്ല. നമ്മുടെ ദുഃഖം അത്രമേൽ തീക്ഷ്ണമായി നില്ക്കുന്നു; നാം ആ ഭീകരസംഭവത്തോട് അത്രയ്ക്ക് അടുത്തുനില്ക്കുന്നു. അദ്ദേഹത്തിന്റെ സമകാലീനരായ നമുക്ക് ഈ ജന്മം ഈ ദുഃഖം സ്വന്തദുഃഖമായിട്ടല്ലാതെ അനുഭവപ്പെടുകയില്ല. പക്ഷെ മഹാത്മാഗാന്ധി ലോകചരിത്രത്തിൽ എന്തൊരു വിസ്മയമാണെന്ന് അറിയണമെങ്കിൽ നാം ഉൾക്കാമ്പിനെ നീററുന്ന സ്വന്തവും സ്വകാര്യവുമായ ഈ വേദനയുടെ വെളിയിലേക്കു കടന്നുനിന്നു നോക്കേണ്ടിയിരിക്കുന്നു.

മതവും മന്ത്രവും മഹാമകുടന്മാരുടെ മഹിമാവിലാസങ്ങളും എല്ലാം ജനതാഹൃദയത്തെ വശീകരിച്ച കാലം കഴിഞ്ഞു; യന്ത്രസംസ്കാരവും കടിലമായ രാഷ്ട്രതന്ത്രവും ജീവിതത്തിന്റെ കേന്ദ്രശ

Digitized by Kerala Sahitya Akademi

കതികളായിത്തീർന്ന ഒരു യുഗത്തിലാണ് ഗാന്ധി ജനിച്ചത്. മതാചാര്യന്മാർക്കോ, യോഗിവര്യന്മാർക്കോ, ചക്രവർത്തികൾക്കോ പിൻതുണകിട്ടുന്ന കാലമല്ലിത്. ഇതൊരു ശാസ്ത്രയുഗമാണ്; ഒരു രാഷ്ട്രീയയുഗമാണ്. ആധുനികജീവിതത്തിൽ ഈ രണ്ടു പ്രേരകശക്തികളും ഭീകരാകാരം പൂണ്ടുനില്ക്കുന്നു. മനുഷ്യൻ അവയുടെ അടിമയായിക്കഴിഞ്ഞു. അവയാണ് ഇന്ന് അധർമ്മങ്ങളായിത്തീർന്നിരിക്കുന്നത്. അവയുടെ ആഘാതമേററ് എത്രയെത്ര സാധുജീവിതങ്ങൾ നരകയാതന അനുഭവിച്ചില്ല! ലോകത്തിൽ ദുഃഖത്തിന് നിദാനമാകുന്നതെന്തും അധർമ്മമാണ്. ഇന്നത്തെ യന്ത്രസംസ്കാരം എത്രയോ ലക്ഷം ജനങ്ങൾക്കു ദുഃഖവും ദുരിതവും വരുത്തിവെച്ചിട്ടുണ്ട്. യന്ത്രങ്ങളും, കൂടുതൽ സമർത്ഥങ്ങളായ യന്ത്രങ്ങളുമുണ്ടാക്കി മനുഷ്യൻ അവയുടെ ആരാധകനായി മാറുന്നതോടെ സാമ്പത്തികമായ ഈ മഹാദുഃഖങ്ങൾ വർദ്ധിക്കുകയാണ് ചെയ്യുന്നത്. അതുപോലെ മാത്സര്യമലീമസമായ രാഷ്ട്രതന്ത്രത്തിന്റെ ഫലമായി ഭൂമിയിൽ പല ഭാഗത്തും മരണത്തെക്കാൾ ഭയാനകമായ അടിമത്തവും നടമാടുന്നു. ഈ പുതിയ പരിതസ്ഥിതികളിൽ നേർവഴി തെളിക്കുവാൻ ഇന്ത്യയുടെ ചേതന ഗാന്ധിയെ ജനിപ്പിച്ചു. ഈ നൂതനപ്രശ്നങ്ങൾക്ക് അവളുടെ പ്രത്യുൽപ്പന്നമതിയായ പ്രതിഭ നൽകിയ ഉത്തരമാണ് അദ്ദേഹം. യന്ത്രസംസ്കാരവും രാഷ്ട്രതന്ത്രവും പ്രകൃത്യാതന്നെ ദുഷ്ടമല്ല. ആധുനികമനുഷ്യനാണ് അവയെ ദുഷിപ്പിച്ചത്. അവയിൽ ലോകക്ഷേമത്തിന്നുതകുന്ന ധർമ്മബീജങ്ങൾ ലയിച്ചിരിപ്പുണ്ട്. പക്ഷെ അവ വഴിപിഴച്ച് അധർമ്മങ്ങളായി. ഈ ദുഷ്കൃതങ്ങളുടെ വിനാശത്തിനും അവയുടെ ആഘാതത്താൽ ഗ്ലാനി പററിയ ധർമ്മത്തിന്റെ ഉദ്ധാരണത്തിനുംവേണ്ടിയാണ് ഗാന്ധി അവതരിച്ചത്. അദ്ദേഹം അഭ്യുദ്ധരിച്ച ധർമ്മതത്വങ്ങളാണ് ചർക്കയും അഹിംസയും. ഇതിൽ ആദ്യത്തേതു യന്ത്രസംസ്കാരത്തിന്റെ ധർമ്മാത്മകവും നിർദ്ദോഷവുമായ അംശമാണ്; രണ്ടാമത്തേതു രാഷ്ട്രതന്ത്രത്തിന്റെ ധർമ്മസാരവും. യന്ത്രത്തിന്റെ അടിമയാകാതെ മനുഷ്യനു ജീവിതത്തിൽ അത്യന്താപേക്ഷിതമായ സുഖസൌകര്യങ്ങൾ കൈവരുത്താമെന്നും, കൊല്ലും കൊലയും അടിമത്തവും സാമ്രാജ്യദുഷ്പ്രഭുത്വവും ലോകമഹായുദ്ധങ്ങളും ഒന്നുമില്ലാതെ മനുഷ്യന് ഒരു രാഷ്ട്രീയജീവിയായി കഴിഞ്ഞുകൂടാമെന്നും ഈ രണ്ട് ആദർശസങ്കല്പങ്ങൾ ഉയർത്തിക്കാണിച്ച് അദ്ദേഹം ഉപദേശിച്ചു. ഒരു രാഷ്ട്രീയജീവി എന്ന നിലയിൽ മനുഷ്യൻ ഒരു പരാജ

Digitized by Kerala Sahitya Akademi

യമാണെന്നു ബർനാഡ്ഷാ പറയുകയുണ്ടായി. ഈ പരാജയ
ത്തിൽനിന്നുള്ള പോംവഴിയാണ് ഇന്ത്യ ഗാന്ധിയിലൂടെ ലോക
ത്തിനു കാണിച്ചുകൊടുത്തത്. ലോകം—ഇന്ത്യതന്നെയും—ഇതു
സ്വീകരിക്കുവാൻ എത്രകാലം കഴിയണമെന്ന് ആരറിഞ്ഞു. എ
ങ്കിലും ആധുനികലോകത്തിലെ ദുഃഖങ്ങളും ദോഷങ്ങളും നീക്കുവാ
നുള്ള ഉപായം ഇതുമാത്രമാകുന്നു. ഭൂമിയിൽ എളിയ തോതിലുള്ള
തെങ്കിലും സാത്വികമായ സമാധാനവും സംതൃപ്തിയും സ്വാതന്ത്ര്യ
വും പുലരുവാൻ ഈ പതനത്തിൽ ഇതുമാത്രമേ വഴി കാണുന്നുള്ളു. ദുര
ധികാരം വർദ്ധിച്ചുവർദ്ധിച്ച് ഒരു ജനതയുടെ സ്വാതന്ത്ര്യവും സമാ
ധാനവും ഒന്നുപോലെ അപകടത്തിലായാൽ ആയുധമെടുത്തു വിപ്ല
വം നടത്തി അവയെ വീണ്ടെടുക്കാവുന്ന കാലം കഴിഞ്ഞുപോയി.
യന്ത്രത്തോക്കും പോർവിമാനവും പറക്കുംബോംബും എന്നുവേണ്ട
ആധുനികശാസ്ത്രം ഉണ്ടാക്കിക്കൊടുത്തിട്ടുള്ള ഉഗ്രങ്ങളായ ഉപകര
ണങ്ങൾ ഉപയോഗിച്ച് എത്ര വലിയ ജനസമൂഹത്തിന്റെ വി
പ്ലവത്തെയും ഇന്നു ദുരധികാരികൾക്ക് അമർത്തുവാൻ സാധിക്കും.
ഈ നിലയിലെത്തിയാൽ ദുർമത്തമായ അധികാരശക്തിയോടു മല്ലി
ട്ട് ഒരു ജനതയ്ക്കു തങ്ങളുടെ ജന്മാവകാശമായ സ്വാതന്ത്ര്യം വീണ്ടെ
ടുക്കുവാനുള്ള ഉപായമെന്താണ്? അഹിംസാസമരംമാത്രമേ ഈ ആ
പൽസന്ധിയിൽ ആശയ്ക്കു വഴി തരുന്നുള്ളു. അങ്ങിനെയുള്ള വി
പ്ലവത്തെയും അടിച്ചമർത്തുവാൻ കഴിഞ്ഞേക്കും. അങ്ങിനെ വ
ന്നാൽത്തന്നെയും ഫലം ഒന്നും ചെയ്യാതെ അടിമത്തം അനുഭവി
ക്കുന്നതിനേക്കാൾ മോശമാവുകയില്ല. അതിൽനിന്നുണ്ടാകുന്ന
ധാർമ്മികമായ മേന്മയും, ആദ്ധ്യാത്മികമായ സംതൃപ്തിയും തീർച്ചയാ
യും വിലയുള്ളതായിരിക്കുകയും ചെയ്യും.

സാമ്പത്തികവും രാഷ്ട്രീയവുമായ ഈ ഉപദർശനങ്ങൾ അന
ന്യസാധാരണമായ അർത്ഥമഹത്വം വഹിക്കുന്നവയാണെങ്കിലും
അവയാണ് ഗാന്ധിയുടെ നാമത്തെ നിലനിർത്തുവാൻ പോകുന്ന
തെന്ന് എനിക്കു തോന്നുന്നില്ല. ഈ ഉപദർശനങ്ങൾക്കും അവയെ
ആധാരമാക്കിനടത്തിയ ധീരധീരമായ ആയുഷ്കാലസമരങ്ങൾക്കും
പിന്നിൽ, ഒരു അമ്മയുടെ ഗർഭത്തിൽനിന്നല്ല, സാക്ഷാൽ ഭൂമിയുടെ
ഉദരത്തിൽനിന്നുതന്നെ ഉയർന്നുവന്നവനെപ്പോലെ സ്വാർത്ഥത്തി
ന്റെ സുന്ദരഭാവങ്ങൾപോലുമില്ലാതെ പരാർത്ഥമായി ജീവിച്ചു പ
രാർത്ഥമായി മരിച്ച ഹൃദയാലുവായ ആ മനുഷ്യനാണ് കാലത്തെ
വെല്ലുവാൻ പോകുന്നത്. അദ്ദേഹത്തിന്റെ ചര്യയും അഹിംസ

Digitized by Kerala Sahitya Akademi

യുമെല്ലാം ആ ഹൃദയാലുത്വത്തിന്റെ, ദീനാനുകമ്പയുടെ, സമഭാവനയുടെ, സമസൃഷ്ടിസ്നേഹത്തിന്റെ, സന്താനങ്ങളാണ്. ലോകത്തിലെ അധർമ്മങ്ങളെല്ലാം മനുഷ്യത്വമില്ലായ്മയുടെ ഫലങ്ങളായിട്ടാണ് അദ്ദേഹം കണ്ടത്. എന്തെല്ലാം നേടിയാലും, എത്രെല്ലാം ലോകങ്ങൾ കീഴടക്കിയാലും നന്മയുടെ നാമ്പു മുരടിച്ചുകിടക്കുന്ന കാലത്തോളം ലോകത്തിൽ ശാന്തിയും മനുഷ്യന്റെ ഹൃദയത്തിൽ സംതൃപ്തിയും പുലരുകയില്ലെന്ന് അദ്ദേഹം വിശ്വസിച്ചു. ആത്മാവിന്റെ ആദ്യന്തരഹിതമായ അമൃതദീപ്തിയിൽ നന്മയുടെ നേർവഴി കാണുവാനാണ് അദ്ദേഹം മനുഷ്യരോടുപദേശിച്ചത്. ജീവിതത്തിന്റെ യഥാർത്ഥമായ വ്യാപാരമണ്ഡലം അതാണ്. അവിടെ സ്നേഹവും കരുണയും താനേ വിളയുന്നു. നാം തിരഞ്ഞെടുത്തതല്ലെങ്കിലും നമുക്ക് അന്യരോടൊപ്പം ജീവിക്കേണ്ടതായ ഈ ലോകത്തെ സ്വർഗ്ഗമാക്കുവാനുള്ള ഉപായം അതാകുന്നു. തന്റെ ജീവിതത്തിൽ സത്യത്തിന്റെ വെളിച്ചത്തിലേയ്ക്കുള്ള ഈ തീർത്ഥാടനം അദ്ദേഹം നിർവ്വഹിച്ചു. നമ്മുടെ മണ്ണിൽ പിറന്നു, നമ്മുടെ കൂട്ടത്തിൽ ഏററവും എളിയവനെപ്പോലെ ജീവിച്ചു, സനാതനമായ സത്യത്തെ തേടിത്തേടി, നന്മയിലൂടെ നടന്നുനടന്ന് ഈ മനുഷ്യൻ ഈശ്വരനായിത്തീർന്നു. യാതൊരുവിധമായ അത്ഭുതസിദ്ധികളും തനിയ്ക്കുണ്ടെന്ന് അദ്ദേഹം ഭാവിച്ചില്ല. ആരും അങ്ങിനെ വിശ്വസിച്ചുമില്ല. ഗൂഢവും ദുരൂഹവുമായ ഉപാസനികളോ ഉപായങ്ങളോ ഒന്നും അദ്ദേഹത്തിനില്ലായിരുന്നു. അമാനുതിരി കാര്യങ്ങളെപ്പററി അദ്ദേഹത്തിനു മതിപ്പുണ്ടായിരുന്നുവോ എന്നുതന്നെ സംശയമാണ്. അസാധാരണങ്ങളായ വൈഭവങ്ങൾ ആർജ്ജിയ്ക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചുപോലുമില്ല. കമണ്ഡലുവും കാഷായവസ്ത്രവും, മന്ത്രതന്ത്രങ്ങളും, നിഗ്രഹാനുഗ്രഹശക്തികളും ഒന്നും അദ്ദേഹം കൈവരിച്ചില്ല. പരലോകത്തെപ്പററി പ്രസംഗിച്ചില്ല. ഐഹികത്തെ അവഹേളിച്ചില്ല. ഇതൊന്നും ഇല്ലാതെ വെളിച്ചം കണ്ടെത്തി ലോകാചാര്യനായിത്തീർന്ന ഒരു സാധാരണമനുഷ്യനാണ് ഗാന്ധി. അദ്ദേഹത്തിന്റെ ജീവിതത്തിലെ അത്ഭുതം അതിൽ അത്ഭുതങ്ങൾ ഇല്ലെന്നുള്ളതാണ്. മനുഷ്യത്വത്തിന്റെ പുരാതനവും സനാതനവുമായ ശുദ്ധരൂപമാണ് അദ്ദേഹത്തിൽ നാംകാണുന്നത്. അതു മുഴുവനും ആത്മാവാണ്. സമസ്തസൃഷ്ടങ്ങളോട് അതിനുള്ള അടുപ്പം—അല്ല ഐക്യം—ആണ് അനുഭവിയ്ക്കാവുന്നതാണ്. കത്തിയവാറില കഷ്ടകനും തെന്നിന്ത്യയിലെ

Digitized by Kerala Sahitya Akademi

ആട്ടിടയനും ആസ്സാമിലെ ആദിവാസിയും അതനുഭവിച്ചറിയുകയുണ്ടായി. അദ്ദേഹം യാത്രചെയ്ത ദിക്കിലെല്ലാം കേട്ടറിഞ്ഞു കേട്ടറിഞ്ഞുതിങ്ങിക്കൂടിയ മനുഷ്യരിൽ ഭൂരിഭാഗവും ഒരു രാഷ്ട്രീയനേതാവിനെയോ വിപ്ലവകാരിയേയോ സിദ്ധനേയോ അല്ല ദർശിച്ചത്. ലോകാരംഭംമുതൽ ഭൂമിയുടെ യഥാർത്ഥസന്താനങ്ങളായി കഴിയുന്നവരും എഴുതിയുണ്ടാക്കിയ ചരിത്രത്തിൽ ഒരിക്കലും ഓർമ്മിക്കപ്പെടാത്തവരുമായ തങ്ങളിൽ ഒരാളിനെത്തന്നെയാണ്. അതുകൊണ്ടാണ് അദ്ദേഹം തങ്ങളുടെ വേദന അറിയുമെന്നും കണ്ണുനീർ തുടയ്ക്കുമെന്നും അവർ പൂർണ്ണമായി വിശ്വസിച്ചത്. ആർക്കും കഴിയുന്ന—ആർക്കും കഴിയുന്ന—സൽകൃത്യങ്ങൾമാത്രം ചെയ്തുചെയ്താണ് അദ്ദേഹം മഹാത്മാവായത്. വാസ്തവത്തിൽ മനുഷ്യരാശിയിൽ ബഹുഭൂരിപക്ഷമായ സാമാന്യജനങ്ങളുമായി ഇത്രമേൽ താദാത്മ്യം പ്രാപിച്ച ഒരു ലോകാചാര്യൻ വേറെയില്ല.

മനുഷ്യത്വത്തിന്റെ പ്രാഥമികഘടകങ്ങൾമാത്രം ഉപയോഗിച്ചാണ് അദ്ദേഹം തന്റെ തത്വജ്ഞാനം—അങ്ങിനെയൊന്നുണ്ടെന്നു പറയാമെങ്കിൽ—രൂപവല്ക്കരിച്ചത്. സംസ്കാരങ്ങൾ ഉയരുകയും തകരുകയും ചെയ്യുന്നു. അതോടൊപ്പം അവയുടെ സ്രഷ്ടികളായ തത്വജ്ഞാനങ്ങളും. ഈ ആന്ദോളനങ്ങൾ മർത്ത്യലോകത്തിന്റെ ഉപരിമണ്ഡലങ്ങളിലാണ് ദർശനീയങ്ങളാകുന്നത്. അവ ആ മണ്ഡലങ്ങളിലെ പ്രതിഭാസങ്ങളാണെന്നുപോലും പറയാവുന്നതാണ്. ഈ കോളിളക്കങ്ങൾകൊണ്ടു കാര്യമായ മാറ്റമൊന്നും വരാത്ത ഒരു വിശാലമണ്ഡലം അതിനു താഴെയുണ്ട്. ഇത് എന്നും ഏറെക്കുറെ ഒരേ രീതിയിൽത്തന്നെ നില്ക്കുന്നു. അതിന്ന് ഒരിക്കലും പറയത്തക്ക ഉയർച്ചയൊന്നും വരുന്നില്ല; പക്ഷെ താഴ്ചയും വരികയില്ല. മാനവസമുദായത്തിന്റെ അഴിവില്ലാത്ത അടിത്തറയാണത്. കാലപ്രവാഹം അതിനെ ബാധിക്കുന്നില്ല; അതിനുമീതെകൂടി ഇരമ്പിക്കുതിച്ചുപോകുന്നതേയുള്ളു. മേൽക്കൂരയെല്ലാം പൊളിഞ്ഞാലും അതു ശേഷിക്കുന്നു. കാലത്തിന്റെ കൊടുങ്കാറ്റിൽ തകർന്നുവീഴുന്ന താരഹാരമനോഹരങ്ങളായ തുംഗസൌധങ്ങളെയും ഒടുവിൽ അതാണ് താങ്ങുന്നത്. അവയുടെ അവശിഷ്ടങ്ങളെങ്കിലും മറവിയിൽ താണുപോകാതെ രക്ഷിക്കുന്നതും ഉറപ്പേറിയ ഈ അടിത്തറയാണ്. നാശമില്ലാത്ത ഈ നാടൻജീവിതമാണ് ഗാന്ധിയുടെ ലോകം. അവിടെയാണ് അദ്ദേഹം ജീവിച്ചത്. ജീവിക്കാൻ പോകുന്നതും അവിടെയാണ്. ചരിത്രത്തിന്റെ ഏറ്റവും ഇറക്കവും

Digitized by Kerala Sahitya Akademi

സ്പർശിയ്ക്കാത്ത പ്രാഥമികമായ മനുഷ്യലോകമാണതു്. തന്റെ ജീവിതകാലത്തുതന്നെ ഗാന്ധിയുടെ നാമം ഈ വിശാലമണ്ഡലത്തിൽ അലിഞ്ഞുചേർന്നു. നവഖാലിയിലെ വയൽവരമ്പുകളിലൂടെ നടന്നുചെന്നു കെട്ടുപോയ പ്രാണങ്ങളെ തൊട്ടുണർത്തിയതു് അനശ്വരമായ ഈ അദ്ധ്യാത്മസത്തയാണ്. പ്രപഞ്ചത്തിന്റെ കേന്ദ്രത്തിൽ നില്ക്കുന്ന സത്യസ്വരൂപമായ ചൈതന്യംതന്നെയാണതു്. എവിടെയെല്ലാം എത്രയെത്ര ഊരും പേരുമറിയാത്ത സാധുജീവികളുടെ വേദനയാണ് അതു ശമിപ്പിച്ചതു്! സാമ്രാജ്യസ്ഥാപകന്മാരുടെയും വിക്രാന്തയോദ്ധാക്കളുടേയും തത്ത്വജ്ഞാനികളുടേയും മതാചാര്യന്മാരുടെപോലും അപദാനങ്ങളെ നിഷ്പ്രഭമാക്കുന്ന കൃത്യങ്ങളാണിവ. അദ്ദേഹത്തിന്റെ ആഗമനം വസന്തത്തിന്റെ വരവുപോലെ ഗ്രാമീണഹൃദയങ്ങളിൽ ആഹ്ലാദവും സംതൃപ്തിയും നിറയ്ക്കുന്നു. അദ്ദേഹം യാത്രപറയുമ്പോൾ ദുസ്സഹമായ ഒരു ശൂന്യതാബോധവും അവർ അനുഭവിയ്ക്കുന്നു. ഇന്നു് ഈ ബോധം സാർവ്വത്രികമാണ്. അദ്ദേഹത്തിന്റെ ഭൗതികദേഹം ഭുവനമസ്സത്തിൽ ലയിച്ചു. സ്വകാര്യമായ ഒരു മരണംപോലും അദ്ദേഹത്തിനു ലഭിച്ചില്ല. അതും പരാർത്ഥമായ ആ പ്രവണതകളുടെ പരമകാഷ്ഠതന്നെ. അവസാനത്തെ ആ ബന്ധംപോലും വേർപെട്ടു് • അദ്ദേഹത്തിന്റെ ചേതന ഇന്നു പ്രപഞ്ചത്തിന്റെ അന്തിമസീമകൾവരെ വ്യാപിച്ചുനില്ക്കുന്നു. അതു് എല്ലാവരേയും ഒന്നുപോലെ ഒരേസമയത്തുതന്നെ തലോടിക്കൊണ്ടിരിയ്ക്കുന്നു. ജീവിതത്തിന്റെ കൂരിരുട്ടിൽ നമ്മുടെ വിളക്കുകളെല്ലാം അണഞ്ഞുപോയാലും, നേരിന്റെയും നന്മയുടേയും വഴി തെളിച്ചുകൊണ്ടു്, നാട്ടുവെളിച്ചംപോലെ, അതു നിലനില്ക്കും. ഭാവിയുടെ വിദൂരതയിൽ എന്തെന്തു മാററങ്ങൾ സംഭവിയ്ക്കുമെന്നു് ആരറിഞ്ഞു. നാലഞ്ചു തലമുറ കഴിഞ്ഞാൽ നമ്മുടെ നേർവഴിയിൽപ്പെട്ട സന്താനങ്ങളുടെ സ്മരണയിൽനിന്നുപോലും നാം മാഞ്ഞുപോകും. പക്ഷെ ഒരായിരം വർഷങ്ങൾക്കുശേഷവും ഗാന്ധിയുടെ നാമം നിലനില്ക്കും. അദ്ദേഹം നമുക്കു നേടിത്തന്ന സ്വാതന്ത്ര്യത്തിന്റെ കഥപോലും ഭാവിപരമ്പരകൾ മറന്നുപോയേയ്ക്കാം. ഗ്രീക്കുകാരും റോമാക്കാരും പോയ്പ്പോയതുപോലെ ഒരു രാഷ്ട്രീയഘടകമെന്ന നിലയിൽ ഭാരതീയർ ഇല്ലാതെ വന്നേയ്ക്കാം. നമ്മുടെ ദർശനങ്ങളും, സാഹിത്യവും, കലയും എന്നുവേണ്ട സംസ്കാരം മുഴവൻ തന്നെയും, ഭാവിയിലേയ്ക്കുവേണ്ടി മനപ്പൂർവ്വമുണ്ടാക്കിയ സ്മാരകങ്ങൾപോലും, കാലത്തിന്റെ കടലൊഴുക്കിൽപ്പെട്ടു നശിച്ചുപോ

Digitized by Kerala Sahitya Akademi

യേയ്ക്കാം. പക്ഷെ ഇതൊക്കെ വന്നാലും ഗാന്ധിയുടെ നാമം മാവിയിൽ താഴുകയില്ല. നാം ഉണ്ടാക്കിയതോ ഉണ്ടാക്കുവാൻ പോകുന്നതോ ആയ സ്മാരകങ്ങളല്ല അതിനെ നിലനിർത്തുവാൻ പോകുന്നത്. കാലത്തിന്റെ കുത്തേറിയ കാററിനുമുമ്പിൽ അതെല്ലാം കരിയിലയാണ്. സാമാന്യജനങ്ങളുടെ സ്മരണയിൽ ഐതിഹ്യങ്ങൾപോലെ സ്ഥലം പിടിച്ചു ജന്മപരമ്പരകൾക്കൊപ്പം പെററുപെരുകി, ആത്മാവിന് എല്ലാകാലത്തും അനുഭവിയ്ക്കാവുന്ന ആദർശമൂല്യങ്ങൾ വഹിച്ചു, ഭൌതികമായ യാതൊരു ഉപാധിയുടേയും സഹായമില്ലാതെ സംരക്ഷിയ്ക്കപ്പെടുന്ന പുണ്യചരിതങ്ങളാണ് കാലത്തെ ജയിയ്ക്കുന്നത്. ഗാന്ധിയുടെ നാമം ഈ നിലയെ പ്രാപിച്ചുകഴിഞ്ഞു. മററാരുമല്ല അദ്ദേഹംതന്നെയാണ് ഈ സ്മാരകം നിർമ്മിച്ചത്. സാഗരാചലസേവിതമായ ഭാരതവർഷത്തിന്റെ ഒരററം മുതൽ മറേറ അററംവരെ പലവുരു സഞ്ചരിച്ച് ഓരോ സമസൃഷ്ടത്തിന്റെയും കണ്ണുനീരു തുടച്ച അർദ്ധനഗ്നനായ ഈ വൃദ്ധന്റെ കാരുണ്യം നിറഞ്ഞ കഥകൾ പറഞ്ഞ് അതിവിദൂരഭാവിയിൽ നമ്മുടെ സന്താനങ്ങൾ പുളകംകൊള്ളും. സൂര്യൻ എരിഞ്ഞടങ്ങി നിശ്ചലമായ ഹേമന്തരാത്രികളിൽ മഞ്ഞണിഞ്ഞ മൃദുചന്ദ്രികയിൽ കുളുത്തു നില്ക്കുന്ന കുഗ്രാമങ്ങളിൽ വട്ടമിട്ടിരുന്നു തീകായുന്ന അച്ഛനും അമ്മയും മക്കളും "ഞാനൊരു തോട്ടിയാണെ"ന്ന് ഏററുപറഞ്ഞ അദ്ദേഹത്തിന്റെ ജീവകാരുണ്യമോർത്തു കൈകൾ കൂപ്പും.

മൃഗീയതയിലേയ്ക്കു വലിച്ചിഴയ്ക്കപ്പെടുന്ന മനുഷ്യത്വത്തിന്റെ ആപൽബന്ധുവായി അവതരിച്ച മഹാപ്രഭോ! അവിടത്തെ താമരസാരുണമായ ചരണങ്ങളുടെ സ്മരണ ഞങ്ങളെ നേർവഴിയ്ക്കു നടത്തുമാറാകട്ടെ. അവിടത്തെ ഹൃദയമാകുന്ന ഹിരണ്മയപാത്രം കവിഞ്ഞൊഴുകിയ കരുണാമൃതം ഞങ്ങളുടെ ജീവിതത്തെ ശാന്തിയുടെ വിളനിലമായി മാററുമാറാകട്ടെ.

അസതോ മാ സദ് ഗമയ
തമസോ മാ ജ്യോതിർഗമയ
മൃത്യോർമാ അമൃതം ഗമയ

Digitized by Kerala Sahitya Akademi

# 4

# കേരളത്തിന്റെ ആത്മചൈതന്യം

“അല്ലാ! ഇങ്ങനെയും ഒരു കാലം വന്നോ? കഷ്ടം! കാലം തന്നെ ഭേദിച്ചുപോയി. കണ്ണുനീർ ചൊട്ടുന്ന കണ്ണ് ഇന്നാദ്യമായി നീ ജനിച്ച കുലത്തിൽ കാണുകയാണ്. നിലത്തു വീഴും മുമ്പെ തുടയ്ക്കു്; ഭൂമിയെക്കൊണ്ടുകൂടി വെറുപ്പിക്കാതെ.”

സി. വി. രാമൻ പിള്ളയുടെ “ധർമ്മരാജാ” എന്ന ആഖ്യായികയിൽ ത്രിപുരസുന്ദരിക്കുഞ്ഞമ്മ ദൗഹിത്രിയായ മീനാക്ഷിയെ ശാസിക്കുന്ന ഭാഗമാണിത്. ഉററവരെല്ലാം നശിച്ചു, ഭാഗ്യദോഷത്തിന്റെ പാതാളഗർത്തങ്ങൾ അനുഭവിച്ചറിഞ്ഞു, ദീർഘമായ വിദേശവാസത്തിനുശേഷം ജന്മഭൂമിയിൽ തിരിച്ചെത്തിയ ജരാനരകൾ ബാധിച്ച ഈ മാതാമഹി അനാഥയായ കൊച്ചുമകളോടു പറയുന്ന ഈ വാക്കുകൾ, അനാദികാലംമുതൽ കേരളീയർ ജീവിതത്തിന്റെനേക്കു പ്രദർശിപ്പിച്ചുവന്ന മനോഭാവത്തിനു നിദർശനമാകുന്നു. ഈ രാജ്യത്തിന്റെ ഭൂപ്രകൃതിയും കാലാവസ്ഥകളും ഇവിടുത്തെ ജനങ്ങളുടെ ചരിത്രത്തിന്റെ പ്രത്യേകതകളുംകൊണ്ടായിരിക്കാം ഇങ്ങനെയൊരു മനോഭാവത്തിനു പ്രാമാണ്യം സിദ്ധിച്ചത്. സഹ്യപർവ്വതനിരകൾക്കും പശ്ചിമസമുദ്രത്തിനും ഇടയ്ക്കു കിടക്കുന്ന ഇടുങ്ങിയ ഈ ഭൂവിഭാഗം ഭാർഗ്ഗവരാമൻ കടലിൽനിന്നു മഴുവെറിഞ്ഞു വീണ്ടെടുത്തതാണെന്ന് ഐതിഹ്യം ഘോഷിക്കുന്നു. ഇന്നത്തെ ശാസ്ത്രീയയുഗത്തിൽപ്പോലും സാധാരണയായി പറഞ്ഞുവരുന്ന ഈ ഐതിഹ്യത്തിനു വല്ല അർത്ഥവുമുണ്ടെങ്കിൽ അതു പ്രതിരൂപാത്മകമാണെന്നു പറയേണ്ടതില്ലല്ലോ. പുരാണങ്ങളുടെ വിശാലമായ ആകാശത്തിലൂടെ കൊടുങ്കാററുപോലെ പാഞ്ഞുപോകുന്ന ജാമദഗ്ന്യൻ യോഗിയും യോദ്ധാവും ഒരുമിച്ചുചേർന്ന ഒരത്ഭുതപാത്രമാണ്. ക്ഷത്രിയരോട് ഇരുപത്തിയൊന്നുവട്ടം പടവെട്ടിയ ഈ ബ്രാഹ്മണയോദ്ധാവ് ഒരു ജീവന്മുക്തനുമാണ്. ജീവിതത്തിന്റെ തീക്ഷ്ണവേഗങ്ങളിൽ തിമർത്തുമറിയുന്ന ഈ തീവ്രതേജസ്സിനു പരാൽപരമായ അദ്ധ്യാത്മശാന്തിയും സ്വാധീനമാണ്. ഭൂതലം ഒരു പോർക്കളവും ജീവിതം തുടർച്ചയായ ഒരു പോരാട്ടവുമായിക്കരുതി അങ്കക്കലികൊണ്ടു തുള്ളിയുറഞ്ഞുനില്ക്കുന്ന ഈ മഹാ

Digitized by Kerala Sahitya Akademi

സിദ്ധൻെറ ചേതനയിൽനിന്നതിന്ന തീപ്പൊരികളുടെ തിളക്കം കേരളചരിത്രത്തിൽ ആദ്യന്തം കാണ്മാനുണ്ട്. കേരളത്തിൻെറ അന്തരീക്ഷത്തിലെന്നപോലെ ചരിത്രത്തിലും ഇടിയും മിന്നലും കാലവർഷത്തിൻെറ കോളിളക്കങ്ങളും സാധാരണമാണ്. പൗരുഷത്തെ എന്തിനുംമീതെ വിലമതിച്ച ഇന്നാട്ടിലെ ജനങ്ങൾക്കു മൃദുലഭാവങ്ങളെ ദുർബ്ബലതകളായി എണ്ണുന്ന ഒരു പാരമ്പര്യമാണുള്ളത്. വേദനയെയും വീറുകെടുത്തുന്ന വികാരങ്ങളെയും കീഴടക്കുന്നതിനുള്ള ഒരു വ്യഗ്രത കേരളീയൻെറ മുഖത്തു സദാ നിഴലിക്കുന്നതായിക്കാണാം. കണ്ണുനീരിനോടുള്ള വെറുപ്പും വിരോധവും അവൻെറ കൂടപ്പിറപ്പാണ്. തലോടിയും താലോലിച്ചും കുട്ടികളോടു വാത്സല്യം കാണിക്കുന്ന സമ്പ്രദായംതന്നെ കേരളത്തിലെ തറവാടുകളിൽ അശ്രുതപൂർവ്വമാണ്. ശാസിച്ചും ശകാരിച്ചും ശാർദ്ദൂലപ്രകൃതികളായിത്തന്നെ കഴിഞ്ഞ അമ്മാവന്മാരുടെ മേൽനോട്ടത്തിലാണ് മരുമക്കത്തായം നിലവിലിരുന്ന ഇന്നാട്ടിലെ കുട്ടികൾ വളർന്നുവന്നത്. കരാളരൂപയായ ഭദ്രകാളി ഈ രാജ്യത്തിൻെറ ഭരദേവതയെന്നു പറയത്തക്കവണ്ണം അത്ര പരക്കെ ആരാധിക്കപ്പെട്ടുപോന്നു. ഇന്നും കാളീക്ഷേത്രങ്ങൾ കേരളത്തിൽ എങ്ങോട്ടു തിരിഞ്ഞാലും കാണാവുന്നതാണ്. എല്ലാം ഏറെക്കുറെ ഇടിഞ്ഞുപൊളിഞ്ഞു കാടുപിടിച്ചുകിടക്കുകയാണെങ്കിലും ഒരു കാലത്ത് ഈ ഉഗ്രദേവത സാർവ്വത്രികമായി ആരാധിക്കപ്പെട്ടിരുന്നു എന്നതിനു തെളിവായി, ഇനിയും അണഞ്ഞിട്ടില്ലാത്ത അത്ഭുതശക്തികൾ വഹിക്കുന്നതുപോലെ ദുരൂഹമായ ഒരു മൂകതയിൽ അവ ഇന്നും ശേഷിക്കുന്നു.

പൗരുഷമെന്നും പൗരുഷപൂർണ്ണമെന്നും പറയാവുന്ന ഈ മനോഭാവത്തിൻെറ മേന്മയെപ്പററി അഭിപ്രായഭേദത്തിനു വകയുണ്ട്. പകയ്ക്കും പോരിനും പേരുകേട്ട ജനസമുദായങ്ങളുടെ വീക്ഷണഗതിയാണത്. അതു ശോഭനവും ലോഭനീയവുമായ സംസ്കാരത്തെ ജനിപ്പിക്കുവാൻ ഉതകുന്നതല്ല. സർഗ്ഗശക്തികളെയും സൃഷ്ടിവൈഭവങ്ങളെയും അതു മുരടിപ്പിച്ചുകളയുന്നു. മൃദുലചിന്തകൾക്കും സുന്ദരസ്വപ്നങ്ങൾക്കും അതിനോടു പൊരുത്തം നേടുവാൻ പ്രയാസമാണ്. എങ്കിലും കേരളത്തിലെ മണ്ണിൽ ഈ മനോഭാവം സവിശേഷമായ ഒരു സംസ്കാരത്തെ ജനിപ്പിക്കുകതന്നെ ചെയ്തു. കലയും വിദ്യയും കൃഷിയും കൈത്തൊഴിലും സന്തരണസമ്പ്രദായങ്ങളും ഏററവും പ്രിയതരങ്ങളായിത്തന്നെ കേരളീയർ കരുതിപ്പോ

Digitized by Kerala Sahitya Akademi

രുന്നു. സംസ്കാരസമ്പത്തിൽ ഭാരതത്തിന്റെ ഇതരഭാഗങ്ങളെ അപേക്ഷിച്ചു മുന്നണിയിൽത്തന്നെയാണു് കേരളം നില്ക്കുന്നതു്. ഇതൊരു അത്ഭുതമായി പലക്കും തോന്നിയിട്ടുണ്ടു്. എന്തെന്നാൽ ഇത്ര അശാന്തവും ചഞ്ചലവുമായ ഒരു ജനത ഇന്ത്യയിൽ വേറെയുണ്ടെന്നു തോന്നുന്നില്ല. ഇവിടുത്തെ ജീവിതത്തിനു സ്ഥായിയായ ഒരു കക്കശത്വവും മയമില്ലായ്മയും പ്രകടമായി കാണ്മാനുണ്ടു്. എങ്കിലും ഈ അശാന്തിയുടെയും കക്കശത്വത്തിന്റെയും നടുവിൽ നിന്നുകൊണ്ടുതന്നെ ശാന്തിയുടെ സുന്ദരസ്വപ്നങ്ങൾ കാണുവാനും കാണിക്കുവാനും കേരളീയക്കു കഴിഞ്ഞിട്ടുണ്ടു്. അവരുടെ അന്തരംഗത്തിൽ, ദുഗ്രഹമായ ഏതോ രീതിയിൽ ഈ വൈരുദ്ധ്യങ്ങൾ ഇണങ്ങിച്ചേരുന്നു. പ്രത്യക്ഷഭിന്നങ്ങളായ പ്രവണതകൾക്കു വാഹനങ്ങളായി വ്യാകുലതയില്ലാതെ ജീവിക്കുന്നതിനു കേരളീയക്കുള്ള വൈഭവം വിസ്മയാവഹമാണു്. സവ്വസംഗപരിത്യാഗിയായി സന്ന്യാസം സ്വീകരിച്ച ശങ്കരാചാര്യർ നേരെ വനവാസത്തിനല്ല പോയതു്. ഒരു പുതിയ ദശനത്തിന്റെ പ്രചാരകനായി ഒരു പുതിയ ആശയത്തിന്റെ പടയാളിയായി, അദ്ദേഹം ഭാരതഖണ്ഡത്തിന്റെ ഒരററംമുതൽ മറേറയററംവരെ സഞ്ചരിച്ചു. “ഗീതാശാസ്ത്രംകൊണ്ടുള്ള പ്രയോജനം പരമപദപ്രാപ്തിയും, സംസാരത്തിൽനിന്നും തൽകാരണത്തിൽനിന്നും ഉള്ള നിവൃത്തിയും ആകുന്നു. അതു സവ്വകമ്മസന്ന്യാസപൂവ്വകമായിട്ടുള്ള ആത്മജ്ഞാനനിഷ്ഠാരൂപമായ ധമ്മാചരണംകൊണ്ടുണ്ടാകുന്നു” എന്നുപദേശിച്ച ആ ജീവന്മുക്തനു് എതിരാളികളെയെല്ലാം വാദപ്രതിവാദത്തിൽ തോല്പിച്ചു സവ്വജ്ഞപീഠം കയറുന്നതിനും, “ജനനീ ജന്മഭൂമിശ്ച സ്വഗ്ഗാദപി ഗരീയസീ” എന്നുൽഘോഷിച്ചുകൊണ്ടു് ഇല്ലത്തേക്കു തിരിച്ചുവന്നു മാതാവിന്റെ ഉദകക്രിയ നടത്തുന്നതിനും വൈമുഖ്യം തോന്നിയില്ല. അദ്ദേഹത്തെപ്പോലെയുള്ള ആചാര്യന്മാർ ഭാരതവഷത്തിൽ വേറെയുമുണ്ടായിട്ടുണ്ടു്. പക്ഷെ അവരുടെ ദശനങ്ങളെ പ്രചരിപ്പിച്ചതു ശിഷ്യഗണങ്ങളും മററുള്ളവരുമാണു്. ഭാരതീയചരിത്രത്തിൽ പ്രാമാണ്യം നേടിയ ആശയങ്ങൾക്കും ആചാരപദ്ധതികൾക്കും പിന്നിൽ ഒരു നരനാരായണദ്വന്ദ്വം മിക്കപ്പോഴും ദശനീയമാണു്. ശ്രീരാമകൃഷ്ണപരമഹംസനും വിവേകാനന്ദസ്വാമിയും, മഹാത്മാഗാന്ധിയും ജവഹർലാൽനെഹറുവും ഇന്ത്യാചരിത്രത്തിൽ സാധാരണമായ ഈ നരനാരായണത്വത്തിന്റെ ഏററവും ആധുനികങ്ങളായ ഉദാഹരണങ്ങളാകുന്നു. പക്ഷെ അദ്വൈത

Digitized by Kerala Sahitya Akademi

മതം സ്ഥാപിച്ച ശങ്കരാചാര്യരുടെ കാര്യത്തിൽ നരനും നാരായണനും ഒരാൾതന്നെ ആയിരുന്നു. കേരളത്തിൻെറ സ്ഥാപകനായി സങ്കല്പിക്കപ്പെട്ടുവരുന്ന ഭാർഗ്ഗവരാമനും ആരുടെയും ആൾപ്പേരായല്ല പ്രവർത്തിച്ചത്. നരനാരായണഭാവങ്ങളുടെ ഈ സമ്മേളനം മൂലമാണ് ഒരാളിൽത്തന്നെ യോഗസിദ്ധികളും യോദ്ധാവിൻെറ സ്വഭാവങ്ങളും കാണുവാനിടയാകുന്നത്.

ഇങ്ങനെ വിരുദ്ധഭാവങ്ങളെ ഇണക്കിച്ചേർത്തതിൻെറ ഉദാഹരണങ്ങൾ കേരളീയജീവിതത്തിൽ ഇനിയും ധാരാളമുണ്ട്. പൗരുഷത്തെ പരമകോടിയിൽ പ്രതിഷ്ഠിച്ച ഇവിടുത്തെ ജനങ്ങൾ ഭദ്രകാളിയെയാണ് പരക്കെ ആരാധിച്ചുവന്നതെന്നു മുമ്പുതന്നെ പറഞ്ഞുവല്ലോ. മരുന്നുചേർത്ത കുഴമ്പു പുരട്ടി മുഴുവാക്കിയ ശരീരത്തിൽ ചവുട്ടിത്തിരുമ്മുന്ന മഹാവൈദ്യന്മാരും, കള്ളുകുടിച്ചും കോഴിവെട്ടിയും തോററംപാടുന്ന മാന്ത്രികന്മാരും, ജഗദംബികയായ ദേവിക്കു പൂരപ്പാട്ടുകൊണ്ട് അച്ചന നടത്തുന്ന കുലീനഭക്തന്മാരും, 'ദുരാധ്വാനം വധം യുദ്ധം' എന്നിങ്ങിനെ നാട്യകലയിൽ വജ്ജ്യങ്ങളായി കരുതപ്പെടുന്ന ഘടകങ്ങൾക്കു വളരെ പ്രാധാന്യം നൽകിയിട്ടുള്ള കഥകളിയും കേരളത്തിൻെറ പ്രത്യേകതകളാണ്. കേരളക്കരയുടെ പകുതിയോളം വരുന്ന തിരുവിതാംകൂർരാജ്യം വെട്ടിപ്പിടിച്ച മാർത്താണ്ഡവമ്മമഹാരാജാവ് ഒടുവിൽ തൻെറ ഉറയില്ലാത്ത ഉടവാൾ ശ്രീപത്മനാഭന് അടിയറവെച്ചു രാജ്യം തൃപ്പടിദാനം ചെയ്തു. ഇരുന്നൂറുകൊല്ലം മുമ്പാണ് ഈ സംഭവം നടന്നത്. അതിനുശേഷം ഇന്നുവരെ, രാജ്യത്തിൻെറ ഉടമസ്ഥാവകാശംപോലും തങ്ങൾക്കുണ്ടെന്നുള്ള സങ്കല്പമില്ലാതെ ശ്രീപത്മനാഭദാസന്മാരായിമാത്രമാണ് തിരുവിതാംകൂർ മഹാരാജാക്കന്മാർ രാജ്യഭാരം നടത്തിവരുന്നത്. ഇത് ആരെയെങ്കിലും പ്രീണിപ്പിക്കുവാനോ കബളിപ്പിക്കുവാനോവേണ്ടി ചെയ്തതാണെന്നു വിചാരിക്കുവാൻ വഴി കാണുന്നില്ല. അതില്ലാതെയും അവക്കു ഭരിക്കാമായിരുന്നു. പരമാധികാരനിയമങ്ങൾക്ക് അന്നും ഇന്നും സമ്മതമായ രീതിയിലാണ് അവർ രാജാക്കന്മാരായത്. അതുകൊണ്ടു വിക്രാന്തയോദ്ധാവായ മാർത്താണ്ഡവമ്മമഹാരാജാവിൻെറ സമപ്പണകമ്മം അന്തരാത്മാവിൻെറ പ്രചോദനത്താൽ പരമ്പരാസിദ്ധമായ ധമ്മനിഷ്ഠയിൽനിന്നുതന്നെ ഉണ്ടായതാണെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. തികച്ചും ഹൈന്ദവമായ ഒരു സംസ്കാരമാണ് അദ്ദേഹവും അനന്തരഗാമികളും പുലത്തിയത്.

Digitized by Kerala Sahitya Akademi

ദീർഘകാലം ഉത്തരകേരളത്തിന്റെ അധിപന്മാരായിരുന്ന സാമൂതിരി രാജാക്കന്മാരുടെ കഥയും ഇതുതന്നെ ആയിരുന്നു. എങ്കിലും ഇങ്ങനെ ഹിന്ദുധർമ്മത്തിന്ന സാർവ്വഭൗമത്വം സിദ്ധിച്ച കേരളത്തിൽ ഹിന്ദുക്കൾമാത്രമല്ല നിവസിയ്ക്കുന്നത്. അതിന്റെ ദക്ഷിണഭാഗത്തു ക്രിസ്ത്യാനികളും ഉത്തരഭാഗത്തു മുഹമ്മദീയരും വളരെയധികമുണ്ട്. ക്രിസ്ത്യാനിയും ക്രിസ്തുമതത്തിന്റെ സംരക്ഷണത്തിന്നു കൃതപ്രതിജ്ഞനുമായ ബ്രിട്ടീഷ്‌രാജാവിന്റെ നേരിട്ടുള്ള ഭരണത്തിൻകീഴിലിരുന്ന ഇന്ത്യയുടെ ഇതരഭാഗങ്ങളിൽപോലും ക്രിസ്തുമതത്തിന്നു തിരുവിതാംകൂറിലുണ്ടായത്ര പ്രചാരം കിട്ടിയില്ല. മുഹമ്മദീയരായ മുഗൾചക്രവർത്തിമാർ ഭരിച്ച പ്രദേശങ്ങളെയും സാമൂതിരിയുടെ രാജ്യത്തെയും താരതമ്യപ്പെടുത്തിയാലും ഇസ്ലാമിനെക്കുറിച്ച് ഇതേ അനുമാനത്തിൽതന്നെയാണ് നാം ചെന്നെത്തുന്നത്. കുലശേഖരനെന്നും മാനവിക്രമനെന്നും പേരുകേട്ട ഈ കേരളരാജാക്കന്മാർ ഹിന്ദുധർമ്മത്തിന്റെ സാരസർവ്വസ്വം സംരക്ഷിച്ചതിനോടൊപ്പംതന്നെ, എല്ലാ മതങ്ങളും ലക്ഷ്യത്തിൽ ഒന്നാണെന്നുള്ള തത്ത്വംപോലും അംഗീകരിക്കാത്ത ഈ വിദേശീയമതങ്ങളോടു കാണിച്ച സഹിഷ്ണുതയും അവയ്ക്കു നൽകിയ പ്രോത്സാഹനവും കേരളസംസ്കാരത്തിന്റെ വെളിച്ചത്തിൽമാത്രമേ വിസ്മയങ്ങളാകാതിരിക്കയുള്ളൂ.

കേരളസംസ്കാരം ഇങ്ങനെ വിരുദ്ധഭാവങ്ങളെ ഇണക്കിച്ചേർക്കാൻ കഴിവുള്ളതാണെങ്കിലും അതിന്ന ശ്രദ്ധേയമായ ഒരു പരിമിതിയുണ്ട്. പൗരുഷത്തെ വിദൂരമായെങ്കിലും അവഹേളിയ്ക്കുന്ന ഘടകങ്ങൾക്ക് അതിൽ സ്ഥാനമില്ല. അങ്ങിനെയുള്ള ഭാവങ്ങളെ പൊരുത്തപ്പെടുത്തിയെടുക്കുവാൻ കേരളീയർക്കു കഴിവില്ല. അല്ലാതുള്ളതെന്തും അവർക്കു സ്വീകാര്യമാണ്. എന്തൊക്കെ വന്നിട്ടും കേരളസംസ്കാരം ആത്മവീര്യമുള്ളതായിത്തന്നെ ശേഷിയ്ക്കുന്നതിന്റെ രഹസ്യം ഇതാകുന്നു. അതിപ്രധാനമായ ഈ പരമാർത്ഥം കുറഞ്ഞൊരു കാലമായി വിസ്മരിക്കപ്പെടുന്നുവോ എന്നു സംശയിക്കേണ്ടിയിരിയ്ക്കുന്നു. പാശ്ചാത്യസംസ്കാരവുമായി ആധുനികകാലത്തുണ്ടായ ഗാഢസമ്പർക്കത്തിനുശേഷം ഇവിടുത്തെ പാരമ്പര്യത്തോട് ഒരുകാലത്തും പൊരുത്തപ്പെടാത്ത മൂല്യങ്ങൾക്കു കേരളീയർ സ്വാഗതം നൽകിയിട്ടുണ്ട്. ഈ നൂതനഘടകങ്ങൾ കേരളത്തിന്റെ അദ്ധ്യാത്മസത്തയിൽ അലിഞ്ഞുചേരുന്നില്ല. അവ വേർപെട്ടുനിന്നു പല വ്യാകുലതകൾക്കും കാരണമാവുകയും ചെയ്യു

Digitized by Kerala Sahitya Akademi

നു. അടുത്ത കാലത്തെ കേരളസാഹിത്യം പരിശോധിച്ചാൽ ഈ പൊരുത്തക്കേടുകഠം വ്യക്തമായി കാണാവുന്നതാണ്. ദുർബലഭാവങ്ങഠംക്കും വിഷാദചിന്തകഠംക്കും അതിൽ അഭൂതപൂർവ്വമായ സ്ഥാനം ലഭിച്ചിരിയ്ക്കുന്നു. ജീവിതത്തിൻെറനേക്ക് എന്തെന്നില്ലാത്ത ഒരു ഭീതിയും വളൎന്നുവന്നിട്ടുണ്ട്. അതിൻെറ നീചത്വങ്ങളെയും വൃത്തികേടുകളെയുംമാത്രം തിരഞ്ഞെടുത്തു മുഴപ്പിച്ചുകാണിയ്ക്കുന്ന സമ്പ്രദായവും അനേകം സാഹിത്യകാരന്മാർ സ്വീകരിച്ചിരിയ്ക്കുന്നു. ലിംഗബന്ധപരങ്ങളായ വൈകൃതങ്ങഠം വൎണ്ണിച്ചു ചപലമായ രസികത്വം ജനിപ്പിയ്ക്കുവാനാണ് അവർ യത്നിയ്ക്കുന്നത്. ഇതെല്ലാം പുതുമകളും പുരോഗതികളും ആണെന്നു സങ്കല്പിയ്ക്കപ്പെടുകയും ചെയ്യുന്നു. ഇതു ആപൽക്കരമായ ഒരു വ്യാമോഹം വേറെയുണ്ടെന്നു തോന്നുന്നില്ല. പൗരുഷം നശിച്ച അപഥഗാമിയായ ആത്മാവിനെ ബാധിയ്ക്കുന്ന ഒരു രോഗമാണത്. സൎവ്വവും കാണുന്നു എന്നു നടിച്ചു ജീവിതത്തിൻെറ വ്രണങ്ങളിൽമാത്രം ദൃഷ്ടിയുറപ്പിയ്ക്കുന്ന ഒരു ദുസ്സ്വഭാവം. അത് അവസന്നമായ അന്തൎമ്മുഖത്വത്തിലേയ്ക്കും യത്നവൈമുഖ്യത്തിലേയ്ക്കുമാണ് നയിയ്ക്കുന്നത്. പക്വതയെ പ്രാപിക്കാത്ത യുവഹൃദയങ്ങളെ കരയിക്കുകയും, ഭോഗലാലസയെ കിക്കിളിയാക്കുകയും ചെയ്യാമെന്നല്ലാതെ ഇത്തരം സാഹിത്യയത്നംകൊണ്ട് ഒരു പ്രയോജനവുമില്ല. ജീവിതത്തെയും അതിൻെറ പ്രശ്നങ്ങളെയും ധീരതയോടും പൗരുഷത്തോടുംകൂടി അഭിമുഖീകരിയ്ക്കുവാൻ അതു സഹായിയ്ക്കുന്നില്ല. കാമവികാരത്തിൻെറ ക്ഷുനാംകുരുക്കുകളിൽ കുടുങ്ങിക്കിടന്നു സഹായത്തിനു കേഴുന്ന ആത്മാവിൻെറ പ്രതീതിയാണ് അതു ജനിപ്പിയ്ക്കുന്നത്. മനുഷ്യൻ ഇത്ര പരതന്ത്രനാണെന്നു കേരളസംസ്കാരം ഒരിക്കലും വിശ്വസിച്ചിട്ടില്ല. സ്ത്രീപുരുഷബന്ധത്തെയും തജ്ജന്യമായ വികാരങ്ങളെയും ധീരമായി നേരിടുന്നതിനല്ലാതെ അവയെ ജീവിതത്തിൻെറ കേന്ദ്രശക്തികളായി കരുതി ആവേശം കൊള്ളുവാൻ കേരളീയർ ഇന്നേവരെ തുനിഞ്ഞിട്ടില്ല. ഈ പാരമ്പര്യങ്ങളെല്ലാം മറന്നുകൊണ്ടാണ് ഇന്നത്തെ സാഹിത്യകാരന്മാർ കാമവികാരത്തെ പാശ്ചാത്യരുടെ രീതിയിൽ കൈകാര്യം ചെയ്തു കലാമൂല്യങ്ങഠം വളൎത്താമെന്നും, സംസ്കാരത്തെ പോഷിപ്പിക്കാമെന്നും വ്യാമോഹിക്കുന്നത്. ഇതുകൊണ്ടുള്ള ദോഷം ഇനിയത്തെ തലമുറകഠം അനുഭവിക്കാതിരിയ്ക്കയില്ല. ഇങ്ങനെ കേരളം ഇന്ന് അതിൻെറ ആത്മവീര്യം നഷ്ടപ്പെട്ടും, സ്വന്തമല്ലാത്ത സംസ്കാരമൂല്യങ്ങളാൽ അന്തഃസ

Digitized by Kerala Sahitya Akademi

ത്വം ആച്ഛന്നമാക്കപ്പെട്ടും അലയുവാൻ തുടങ്ങിയിരിക്കുകയാണ്. സ്വന്തം ചേതനയെ വിസ്മരിച്ചു, കടം വാങ്ങിയ പുതുമോടികൾ അണിഞ്ഞ് അവയിൽ ഭ്രമിച്ച് എത്രകാലമാണ് നാം ജീവിക്കുവാൻ പോകുന്നത്. ഭാരതം ഇന്ന് ഒരു നവയുഗത്തിന്റെ ഉദയപ്രഭയിൽ കുളിച്ച് ഉൽകർഷസോപാനത്തിൽ ദത്തദൃഷ്ടിയായി നില്ക്കുകയാണ്. ഈ നവയുഗത്തിന്റെ അർത്ഥവും സാധ്യതകളും കേരളീയർ തികച്ചും മനസ്സിലാക്കേണ്ടിയിരിക്കുന്നു. എത്രയോ നൂറ്റാണ്ടുകളായി സംസ്കാരത്തിന്റെ സുന്ദരസ്വപ്നങ്ങൾ കണ്ടു, പൗരുഷത്തിന്റെ പ്രസാദവും പ്രസരിപ്പും അനുഭവിച്ചു, ധർമ്മത്തിന്റെ ശ്രീകോവിൽപോലെ പരിലസിച്ചുപോരുന്ന ഈ അനുഗൃഹീത രാജ്യം അസുലഭവും നിസ്തുലവുമായ ഈ മുഹൂർത്തത്തിൽ വഴിപിഴക്കുകയോ? അതു പുലർത്തിയ സംസ്കാരവും അതിനെ നയിച്ച ആദർശങ്ങളും കിഴക്കൻ ചക്രവാളത്തിൽ വീണ്ടും ഉദിച്ചുനില്ക്കുന്ന ഭാരതത്തിനു് അത്യന്താപേക്ഷിതങ്ങളാണ്. തന്റെ പ്രതിഭയെ വെല്ലുവിളിക്കുന്ന ഈ കനകാവസരത്തിൽ, പ്രത്യുൽപന്നമതിയായി, പരമ്പരാഗതമായ പൗരുഷത്തോടെ ഓരോ കേരളീയനും പ്രയത്നിക്കേണ്ടിയിരിക്കുന്നു. യശസ്സിലേക്കും ശ്രേയസ്സിലേക്കും, സർവ്വോപരി, സംസ്കാരത്തിന്റെ സാരസർവ്വസ്വവും ജീവിതത്തിന്റെ പരമലക്ഷ്യവുമായ ആത്മസാക്ഷാൽകാരത്തിലേക്കുമുള്ള ഈ ആഹ്വാനത്തെ അതർഹിക്കുന്ന ഗൗരവത്തോടുകൂടിത്തന്നെ അവൻ സ്വീകരിക്കുമാറാകട്ടെ. ലോകസമാധാനത്തിന്ന് വിലങ്ങുതടികളായി പുരോഗതിയുടെ നടപ്പടിയിൽ നിലപാടുനില്ക്കുന്ന സംഹാരശക്തികളെ വിഗണിച്ച് സ്നേഹത്തിന്റെ സിംഹാസനത്തിൽ അഹിംസയുടെ ഹിരണ്മയകിരീടം ചൂടി വാഴുവാനാണ് ഭാരതാംബിക ആഗ്രഹിക്കുന്നത്. അവളുടെ ഈ സ്വാതന്ത്ര്യപദവിയെ സാധൂകരിക്കുകയും, പുരാതനസംസ്കാരത്തെ സംരക്ഷിക്കുകയും ചെയ്യുന്ന ചാവേർപടയാളിയാണ് താനെന്ന് അഭിമാനിക്കുവാൻ ഓരോ കേരളീയനും സംഗതിയാകട്ടെ. പഴശ്ശിരാജാവിന്റെയും വേലുത്തമ്പിയുടേയും ഹൃദയരക്തത്താൽ സംശുദ്ധമാക്കപ്പെട്ടതും, പരാശക്തിയുടെ പ്രിയംകരഭാവമായി പൂജിക്കപ്പെടുന്നതുമായ അവന്റെ പൗരുഷപാരമ്പര്യം കാലമാകുന്ന കൗശികശക്തിയെ അതിജീവിച്ച് കളങ്കലേശം കലരാതെ പിറക്കുംതലമുറകളെ ലോകാവസാനംവരെ ധന്യരാക്കുവാൻ ജഗദംബിക പ്രസാദിക്കട്ടെ.

(ജവഹർലാൽനെഹ്റുവിനു ഷഷ്ടിപൂർത്തി പ്രമാണിച്ചു നൽകിയ ഉപഹാരഗ്രന്ഥത്തിലേക്കു് എഴുതിയത്.)

Digitized by Kerala Sahitya Akademi

# 5

# സ്മരണാഞ്ജലി

ഗാന്ധിജി മരിച്ചിട്ട് ഇന്നു രണ്ടുവൎഷം തികയുകയാണ്. ഈ രണ്ടാം ചരമവാൎഷികത്തെ സൎവ്വോദയദിനമായി ആചരിയ്ക്കണമെന്നാണ് നേതാക്കന്മാരിൽനിന്നു നമുക്കു കിട്ടിയിട്ടുള്ള നിൎദ്ദേശം. രണ്ടുവൎഷംമുമ്പു ബിർളാമന്ദിരത്തിലെ പ്രാൎത്ഥനാങ്കണത്തിൽവെച്ചുണ്ടായ ആ ദാരുണസംഭവത്തെക്കുറിച്ചുള്ള വിലാപങ്ങളും രോദനങ്ങളും ഭാരതീയർ പരിവൎജ്ജിയ്ക്കണമെന്നു കുറച്ചുകാലമായി ഗാന്ധിജിയുടെ ഉററമിത്രങ്ങൾപോലും നമ്മോട് ഉപദേശിച്ചുകൊണ്ടിരിയ്ക്കുന്നു. എങ്കിലും ഇന്ന്, ഈ ശ്രാദ്ധദിനത്തിൽ, അശ്രുനിവാപത്തോടുകൂടിയല്ലാതെ ആധുനികഭാരതത്തിൻെറ പൎയ്യായമായിത്തീൎന്ന ആ നാമം ഉച്ചരിയ്ക്കുവാൻ ആൎക്കെങ്കിലും സാധിയ്ക്കുമെന്നു തോന്നുന്നില്ല. ഭഗവാൻ തുളസീദാസൻെറ ജഗന്മോഹനമായ 'രാംധുൻ' കേൾക്കുമ്പോൾപോലും നമ്മുടെ ഹൃദയം വേദനയിലും പശ്ചാത്താപത്തിലും നീറിയതിനുശേഷമേ ഈശ്വരങ്കലേയ്ക്ക് ഉന്മുഖമാകുന്നുള്ളു. ദീൎഘമായ ഒരായുഷ്ക്കാലംകൊണ്ടു നേടിയ അദ്ധ്യാത്മസാക്ഷാത്ക്കാരം മുഴുവനും ചെറുതായിത്തോന്നുന്ന ഈ ഒരു ഭഗവൽകീൎത്തനത്തിൽ പകൎത്തിത്തരുവാൻ, തൻെറ ജീവിതസായാഹ്നത്തിൽ, ഗാന്ധിജി ശക്തനായി. അവസാനം, തൻെറ മരണമാകുന്ന മഹായജ്ഞത്തെ അതിൽ നിഴലിപ്പിയ്ക്കുകകൂടി ചെയ്തിട്ടാണ് അദ്ദേഹം മറഞ്ഞത്. ഇന്ന് ആ കീൎത്തനം കേൾക്കുന്നമാത്രയിൽത്തന്നെ നമ്മുടെ മനസ്സാക്ഷി ഉണരുന്നു; അല്പനേരത്തേയ്ക്കെങ്കിലും നമുക്കു ചുററിലും, നമ്മിൽത്തന്നെയും, കാണുന്ന ചാപല്യങ്ങളും വ്യാമോഹങ്ങളും പ്രലോഭനങ്ങളും വിട്ടകന്നു മനുഷ്യജീവിതത്തിൻെറ അടിസ്ഥാനസത്തകളെയും അന്തിമലക്ഷ്യങ്ങളെയും കുറിച്ചുള്ള തീക്ഷ്ണബോധം നമുക്കുണ്ടാകുന്നു.

ഭൗതികവാദത്തിൻെറ കോലാഹലം മുഴങ്ങുന്ന ഇന്നത്തെ ഈ രാഷ്ട്രീയയുഗത്തിൽ ആധ്യാത്മികമായ ഈ അനുഭവംകൊണ്ട് എന്തു പ്രയോജനമെന്നു പലരും ശങ്കിച്ചേയ്ക്കാം! വാസ്തവത്തിൽ ഇമ്മാതിരി അനുഭവങ്ങളുടെ ആവശ്യം ഇന്നത്തെപ്പോലെ മററൊരിയ്ക്കലും നമുക്കുണ്ടായിട്ടില്ലെന്നാണ് എൻെറ വിശ്വാസം. ഇന്ത്യ, ഏകീകൃത

Digitized by Kerala Sahitya Akademi

മായ ഒരു ഭരണത്തിൽ, ഒരു പ്രജാധിപത്യരാഷ്ട്രമായി ചരിത്രത്തിന്റെ പെരുവഴിയിൽ യാത്രതിരിച്ചിരിക്കുകയാണ്. മനഃപൂർവ്വം കൈവരുത്തിയ ഈ രാഷ്ട്രീയപരിവർത്തനത്തിൽ നാം സമ്പൂർണ്ണമായ വിശ്വാസം സമർപ്പിച്ചിരിക്കുന്നു. പ്രത്യാശയുടെ പുളകപ്രസരങ്ങളോടുകൂടിയാണ് നാം ഈ മഹാപ്രസ്ഥാനത്തിൽ പ്രവേശിച്ചിരിക്കുന്നത്. നാം കൈവരിച്ചിരിക്കുന്ന ഈ പ്രജാധിപത്യസമ്പ്രദായം മനുഷ്യജീവിതത്തിന്റെ മാഹാത്മ്യം ആത്യന്തികവും അനിഷേധ്യവുമാണെന്ന അടിസ്ഥാനപ്രമാണത്തിന്മേലാണ് നിലകൊള്ളുന്നത്. പ്രജാലക്ഷങ്ങളിൽ ഓരോന്നും വിലയും വികസനസാധ്യതയും ഉള്ളതാണെന്ന വിശ്വാസമില്ലെങ്കിൽ ജനാധിപത്യം വെറും ദോഷ്ഠാണ്. ഈ വിശ്വാസം ഏകാധിപത്യമനോഭാവത്തിന്റെ വിരുദ്ധരൂപമാണ്. ഏകാധിപത്യം പ്രജാസഞ്ചയത്തെ വെറും മൺകട്ടകാംപോലെ കരുതി, രാഷ്ട്രമാകുന്ന അധികാരയന്ത്രത്തിന്റെ കരുക്കളായിമാത്രം അവയെ ഉപയോഗപ്പെടുത്തുകയും, അതു സാധിക്കാത്തപക്ഷം സംഹരിക്കുകയും ചെയ്യുന്നു. പ്രജാധിപത്യം, നേരെമറിച്ച്, ഓരോ വ്യക്തിയേയും ആരാധ്യമായ ഒരു ചൈതന്യത്തിന്റെ ആകരമായും, അനിഷേധ്യമായ അവകാശങ്ങളുടെ അവതാരമായും, ഗണിക്കുന്നു. തന്നോടൊപ്പം അന്യനെയും സേവിക്കുവാനുള്ള അവകാശവും അവസരവുമാണ് അത് ഓരോ മനുഷ്യനും അനുവദിച്ചുകൊടുക്കുന്നത്. മർത്ത്യജന്മത്തിന്റെ മാന്യതയും മൂല്യവുമാണ് അതിന്റെ അടിസ്ഥാനം.

ഈ മൂല്യങ്ങളെക്കുറിച്ചുള്ള ബോധമല്ലാതെ മറെറന്താണ് ഗാന്ധിജിയുടെ ചരണസ്മരണകാം നമ്മുടെ മനസ്സിൽ ഉദിപ്പിക്കുന്നത്? അദ്ദേഹത്തിന്റെ ജീവിതവും മരണവും ഒന്നുപോലെ ഈ മഹാതത്ത്വങ്ങളെക്കുറിച്ചുള്ള ഉജ്ജ്വലവും നിസ്തുലവുമായ ഒരുൽബോധനമായിരുന്നു. അന്യരെ ബഹുമാനമില്ലാതെ അവരുടെ അസ്തിത്വത്തിന്റെ സാധുതയെപ്പോലും ചോദ്യംചെയ്ത്, അവകാശങ്ങളെയെല്ലാം തൃണവൽഗണിച്ച്, സ്വാർത്ഥംമാത്രം സേവ്യമായിക്കരുതിയുള്ള നികൃഷ്ടമായ ജീവിതരീതിയുടെ നേർക്കുള്ള ഒരു മഹാസമരമായിരുന്നു ആ ജീവിതം. ഓരോ ഭാരതീയന്റെയും അന്തഃകരണത്തിൽ ആജീവനാന്തം അനുരണനംചെയ്യുന്ന, മനുഷ്യജീവിതത്തിന്റെ പവിത്രതയെക്കുറിച്ചുള്ള, പ്രജാധിപത്യമഹാമന്ത്രമാണ് അദ്ദേഹം ഉപദേശിച്ചത്. മനുഷ്യന്റെ ജന്മാവകാശങ്ങളെ നിഷേധിക്കുന്ന രാഷ്ട്രതന്ത്രങ്ങളും സമുദായസ്ഥിതികളും അദ്ദേഹത്തിന് ദുസ്സഹമായിരുന്നു. അഹങ്കാര

Digitized by Kerala Sahitya Akademi

വും സ്വാതന്ത്ര്യംമൂലം അവയെ നിഷേധിച്ച സ്ഥാപനങ്ങളോടും വ്യക്തികളോടും സമരംചെയ്യതിനോടൊപ്പംതന്നെ എത്രയോ നൂററാണ്ടുകളായി ഈ നിഷേധങ്ങൾക്ക് അടിമപ്പെട്ടു, തന്മൂലമുള്ള മഹാദുരിതങ്ങൾ അനുഭവിച്ച പ്രജകളെപോലും നശിച്ച് നരകജീവിതം നയിക്കുന്ന സമസൃഷ്ടങ്ങളെ തട്ടിയുണർത്തുന്നതിനും, പ്രജാധിപത്യമൂല്യങ്ങളുടെനേക്ക് അവരുടെ ചേതനയെ ഉന്മുഖമാക്കുന്നതിനും അദ്ദേഹം ഉദ്യമിച്ചു. ഭാരതത്തിൻെറ പ്രത്യേകപരിതസ്ഥിതിയിൽ ഇതാണ് കൂടുതൽ ആവശ്യമെന്ന് അദ്ദേഹം മനസ്സിലാക്കി. ഗാന്ധിജിയുടെ ഈ വഴിക്കുള്ള ഉപദർശനങ്ങളും ഉപദേശങ്ങളുമാണ് സർവ്വോദയപരിപാടികളിൽ അടങ്ങിയിരിക്കുന്നത്.

സ്വതന്ത്രമായ ഒരു പ്രജാധിപത്യരാഷ്ട്രമായിത്തീന്നിരിക്കുന്ന ഭാരതത്തിനു മനുഷ്യജീവിതത്തിൻെറ അടിസ്ഥാനമൂല്യങ്ങളെ അഭ്യുദ്ധരിക്കുന്നതിൽ ലക്ഷീകൃതമായ ഈ പരിപാടികൾ അതിൻെറ ജീവശ്വാസംപോലെതന്നെ പ്രധാനമാകുന്നു. 1941—ലെ കാനേഷുമാരിക്കണക്കിൻപ്രകാരം ഇന്ത്യയിലെ ജനങ്ങളിൽ 85 ശതമാനവും ഗ്രാമീണരാണ്. സർവ്വോദയപരിപാടികൾ മുഖ്യമായി ഈ മൂകലക്ഷങ്ങൾക്കുവേണ്ടിയാണ് വിഭാവനംചെയ്യപ്പെട്ടിരിക്കുന്നത്. രാഷ്ട്രത്തിൻെറ നാഡിയും നട്ടെല്ലും അവരാകുന്നു. ഗ്രാമീണജീവിതത്തിൻെറ അധഃപതനത്തെ അതിജീവിച്ച മേന്മനേടിയ ഒരൊററ രാഷ്ട്രംപോലും ലോകചരിത്രത്തിൽ അറിയപ്പെട്ടിട്ടില്ല. സംസ്കാരത്തിൻെറ ആദിമദശമുതൽ ഇന്നുവരെ മനുഷ്യൻ ഒരു ഗ്രാമീണനായിട്ടാണ് ജീവിതം നയിച്ചിട്ടുള്ളത്. മററു ചുററുപാടുകളിലൊന്നും അവൻ, ചരിത്രത്തിൻെറ ദൃഷ്ടിയിലൂടെ നോക്കുമ്പോൾ, ദീർഘകാലം നിലനില്ക്കുകയോ സ്ഥായിയായ വിജയം നേടുകയോ ചെയ്തിട്ടില്ല; മനുഷ്യനു നഗരജീവിതത്തിൽ ലബ്ധമാകുന്ന ഉല്കർഷം അതിശീഘ്രം മാഞ്ഞുപോകുന്നു. അതിനു പറയത്തക്ക അടിയുറപ്പൊന്നും കിട്ടുന്നില്ല. നഗരങ്ങളിൽ കുടിയുറപ്പിക്കുന്ന കുടുംബങ്ങൾ, പ്രായേണ രണ്ടുമൂന്നു തലമുറകൾക്കുശേഷം ക്ഷയിക്കുന്നതായിട്ടാണ് യൂറോപ്പിലും അമേരിക്കയിലും നടത്തിയിട്ടുള്ള അനേകം ഗവേഷണങ്ങൾ തെളിയിക്കുന്നത്. ഗ്രാമീണജനതയാൽ തുടരെ പോഷിപ്പിക്കപ്പെടുന്നതുകൊണ്ടുമാത്രമാണ് നഗരങ്ങൾ നിലനിന്നുപോരുന്നത്. അവയുടെ വളച്ചയ്ക്കും വികാസത്തിനുമുള്ള കാരണവും ഇതുതന്നെ. ഗ്രാമീണജീവിതത്തിൻെറ സർവ്വോത്തരമായ പ്രാധാന്യം ഇതിൽനിന്നു വ്യക്തമാണ്. സമുദ്ധിയിൽ

Digitized by Kerala Sahitya Akademi

പുലരുന്ന സജീവങ്ങളായ ഗ്രാമങ്ങളുള്ള കാലത്തോളം രാഷ്ട്രത്തിനു യാതൊന്നും ഭയപ്പെടാനില്ല. ജീവശക്തിയുടെ അക്ഷയമായ കലവറകളായി അവ വർത്തിച്ചുകൊള്ളും. നഗരങ്ങളുടെ നാശോന്മുഖമായ ക്ഷീണത്തെ പരിഹരിക്കുവാനും അവയ്ക്കു കഴിയുന്നതാണ്. പക്ഷെ നഗരജീവിതം അമിതമായ പ്രാധാന്യംനേടി, അതിൻെറ നിലനില്പിനുവേണ്ടി ഗ്രാമങ്ങളുടെ കാമ്പും കഴമ്പുമുള്ള ഭാഗങ്ങളെ വലിച്ചെടുക്കുകയും യാതൊന്നുംതന്നെ തിരിച്ചുകൊടുക്കാതിരിക്കുകയും ചെയ്താൽ ഗ്രാമങ്ങളും, തദ്വാരാ രാഷ്ട്രവും, ക്ഷയിച്ചുപോകുന്നു. കഴിഞ്ഞ രണ്ടു നൂററാണ്ടുകാലമായി ഇന്ത്യയിൽ ഇതാണ് സംഭവിച്ചിട്ടുള്ളത്. വിദേശാധിപത്യമോ വ്യവസായങ്ങളുടെ ആവിർഭാവമോ ഏതാണ് ഇതിനു കാരണമെന്നു തീർത്തുപറയാൻ വിഷമമാണ്. ഒരുപക്ഷെ ഈ രണ്ടുപാധികളും ഇതിനു വഴി തെളിച്ചിരിക്കാം. കാരണം എന്തായാലും നാം രാഷ്ട്രത്തിൻെറ ഓജസ്സു നശിച്ച ഈ നിലയിലാണ് ഇന്നെത്തിയിരിക്കുന്നത്. ഈ നില തുടരുകയാണെങ്കിൽ ഭാവിയെക്കുറിച്ചുള്ള നമ്മുടെ ആശകളെല്ലാം ഉപേക്ഷിക്കുകയാണ് ഭേദം.

ആകപ്പാടെ ആദർശലക്ഷ്യമെന്നു കണക്കാക്കപ്പെട്ടിരിക്കുന്ന ഭാരതീയഗ്രാമങ്ങളുടെ ഇന്നത്തെ നിലയെന്താണ്? പ്രസന്നതയുടെ സ്ഫുലിംഗംപോലുമില്ലാത്ത, നിർമ്മുഖങ്ങളായ, ജ്യേഷ്ഠാമണ്ഡലങ്ങളാണവ. ഐശ്വര്യദേവതയുടെ ശ്മശാനംപോലെയാണ് അവ കാണപ്പെടുന്നത്. അഴുക്കും ചെളിയും നിറഞ്ഞ ഇടുങ്ങിയ ഇടവഴികളുടെ ഇരുവശങ്ങളിലും അടുത്തടുത്തു കെട്ടിയിരിക്കുന്ന മൺകുടിൽനിരകളാണ് നാം ഗ്രാമങ്ങളെന്നു പേർ പറയുന്നത്. അവയുടെ അന്തരീക്ഷം ആത്മാവിനെ മരവിപ്പിക്കുന്നു. പഞ്ഞവും രോഗവും ഒഴിയാത്ത ഒരു രംഗമാണത്. പണ്ടുപണ്ടേ ഉള്ള രീതിയിൽ, കൂടുതൽ കൂടുതൽ നഷ്ടകരമായിത്തീരുന്ന കൃഷികൃത്തിയിലാണ് ഗ്രാമീണജനങ്ങൾ വ്യാപൃതരായിരിക്കുന്നത്. കാലുകൊണ്ടൊന്നു ചികഞ്ഞാൽ ചുണ്ടുകൊണ്ടൊന്നു കൊത്താമെന്നു പണ്ടാരോ കോഴിയെക്കുറിച്ചു പറഞ്ഞതുപോലെ, പ്രാണങ്ങളെ നിലനിർത്തുവാൻ കഷ്ടിച്ചു മതിയാവുന്ന ആദായംമാത്രമേ അതിൽനിന്നു കിട്ടുന്നുള്ളു. ഇതെല്ലാം ഏതോ ഇന്ദ്രജാലംകൊണ്ട്, ഒരു പ്രഭാതത്തിൽ പൊടുന്നനവെ മാറിക്കൊള്ളുമെന്നും, അതുവരെ അനുശോചിക്കുകയല്ലാതെ മററൊന്നും ചെയ്യാനില്ലെന്നും, ഒന്നും ചെയ്യാൻ സാധ്യമല്ലെന്നും ഒരു മനോഭാവം അഭിജ്ഞന്മാരെന്നഭിമാനി

Digitized by Kerala Sahitya Akademi

ക്കുന്നവരുടെ ഇടയിൽ പരക്കെയുണ്ട്. ഈ മനോഭാവമാണ് നമ്മുടെ രാഷ്ട്രത്തിന് ഏററവും വലിയ ആപത്തു വരുത്തുവാൻ പോകുന്നത്. നമ്മുടെ രാഷ്ട്രം ഗാന്ധിജിയുടെ ആശയങ്ങളിലും ആദർശങ്ങളിലുമാണ് സ്ഥാപിച്ചിട്ടുള്ളതെന്നും, ആ മഹാപുരുഷൻ ചൂണ്ടിക്കാണിച്ച മാർഗ്ഗത്തിലൂടെയാണ് മുമ്പോട്ടുപോകുവാൻ നിശ്ചയിച്ചിരിക്കുന്നതെന്നും നമ്മുടെ നേതാക്കന്മാർ സ്ഥാനത്തും അസ്ഥാനത്തും ഘോഷിക്കാറുണ്ട്. പക്ഷെ, നിർഭാഗ്യവശാൽ, അദ്ദേഹം ഭാരതത്തിനു പ്രത്യേകമായും ലോകത്തിനു പൊതുവേയും നൽകിയിട്ടുള്ള സംഭാവനകളിൽ എന്തുകൊണ്ടു നോക്കിയാലും ഏററവും പ്രധാനമായ ഈ പുനരുദ്ധാരണപ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ ആരും വലിയ ഉത്സാഹം കാണിക്കുന്നില്ല. ഭരണാധികാരികളും രാഷ്ട്രീയനേതാക്കന്മാരും തലസ്ഥാനനഗരങ്ങളിൽ താവളമടിച്ച് അധികാരത്തിനും പദവികൾക്കുംവേണ്ടിയുള്ള വടംപിടിത്തങ്ങളിലും പരസ്പരനിരൂപണങ്ങളിലും വ്യാപൃതരായിരിക്കുന്നു. സംസ്കാരസമ്പന്നരെന്നും, വിദ്യാഭ്യാസമുള്ളവരെന്നും അഭിമാനിക്കുന്ന ജനങ്ങളാകട്ടെ ഭരണത്തിൻെറ കുററവും കുറവും ചൂണ്ടിക്കാണിക്കുന്നതിലും, സ്വപ്നലോകത്തിൽ ജീവിക്കുന്നവരെപ്പോലെ ഇന്ത്യയെയും ഇതരരാഷ്ട്രങ്ങളെയും താരതമ്യപ്പെടുത്തി നമുക്കുള്ള പോരായ്മകളെക്കുറിച്ചു പുച്ഛരസം പ്രകടിപ്പിക്കുന്നതിലും വ്യഗ്രരായിരിക്കുന്നു. വിമർശനവും വ്യഥാവിവാദവുംകൊണ്ട് ഒരു രാഷ്ട്രവും മേന്മനേടിയതായി കേട്ടിട്ടില്ല. ഇങ്ങേയററത്തു കിടന്നു നരകദുഃഖം അനുഭവിക്കുന്ന സാധുവായ ഇന്ത്യാക്കാരനെ കരകയററുവാൻ ഈ അഭിജ്ഞംമന്യത്വം സഹായിക്കുകയുമില്ല. സകലകാര്യത്തിനും സർക്കാരിനെ പഴിപറഞ്ഞു ചുമതലയൊഴിക്കുവാനുള്ള വാസനയും നമുക്കുണ്ട്. ഏതുഗവൺമെണ്ടായാലും ശരി, അതിൻെറ ഉദ്യമംകൊണ്ടുമാത്രം ഇന്ത്യ ഇന്നത്തെ നിലയിൽനിന്ന് ഉയരുമെന്നു വിചാരിക്കുന്നതും മൂഢതയാണ്.

ഇന്ത്യ ജനാധിപത്യത്തിലേക്കു കാലൂന്നുന്ന ഈ പ്രതിസന്ധിഘട്ടത്തിൽ പ്രജാധിപത്യത്തെ സംരക്ഷിക്കുന്നതിനും, ഭാരതീയരിൽ ബഹുഭൂരിപക്ഷമായ ഗ്രാമീണരെ അഭ്യുദ്ധരിക്കുന്നതിനും, അവരിൽ ആത്മവിശ്വാസവും പ്രസന്നതയും വളർത്തുന്നതിനും സഹായിക്കുന്നതും ഇന്ത്യയിൽ ഇന്നു കാണുന്ന പരിതാപകരമായ പരിതസ്ഥിതികളിൽപോലും പ്രായോഗികവുമായ ഒരു നിർമ്മാണപദ്ധതി ഗാന്ധിജിയിൽനിന്നുതന്നെ നമുക്കു കിട്ടിയിട്ടുള്ളത് ഒരു മഹാഭാഗ്യ

Digitized by Kerala Sahitya Akademi

മായി കരുതേണ്ടിയിരിക്കുന്നു. ഈ പരിപാടികളും, അവയ്ക്കു പിന്നിലുള്ള തത്വജ്ഞാനവും, അവയെ പ്രയോഗക്ഷമമാക്കുന്നതിന്നാവശ്യമായ മനോഭാവത്തെയും ജീവിതരീതിയേയുംകുറിച്ചുള്ള നിർദ്ദേശങ്ങളും, അവയുടെ ഉപജ്ഞാതാവായ മഹാപുരുഷൻതന്നെ സ്വജീവിതംകൊണ്ടു കാണിച്ചുതന്നിട്ടുള്ള ലോകോത്തരമായ മാതൃകയും ആധുനികലോകത്തിൻെറ ഏററവും മഹത്തായ നേട്ടങ്ങളാകുന്നു. ഇന്ത്യക്കുമാത്രമല്ല സമസ്തലോകത്തിനും അതൊരു മോക്ഷമാർഗ്ഗം കാണിച്ചുകൊടുക്കുന്നു. വെറുമൊരു പുസ്തകപ്പുഴുവിൻെറ അർത്ഥശാസ്ത്രദിവാസ്വപ്നമല്ലത്. വിദേശമൂലധനത്തിൻെറയും വിദഗ്ദ്ധന്മാരുടെയും കാരുണ്യംകൊണ്ടുമാത്രം നടപ്പിലാകുന്ന ഒരു കടലാസ്സുപദ്ധതിയുമല്ല. ഒരു ചിന്താരീതിയല്ല, ഒരു ജീവിതരീതിതന്നെയാണ് ഗാന്ധിജി നമുക്കു നല്കിയിട്ടുള്ളത്. അതു ലക്ഷ്യത്തിൻെറ മാത്രമല്ല, അതിനെ പ്രാപിക്കുവാനുള്ള മാർഗ്ഗത്തിൻെറയും ശുദ്ധിയിൽ ദൃഷ്ടിവെക്കുന്നു. വൻതരം വ്യവസായങ്ങൾ നടപ്പാക്കി പാശ്ചാത്യരാഷ്ട്രങ്ങൾ ഉൽക്കർഷം പ്രാപിച്ചിട്ടുണ്ട്. അതു കണ്ടു നാം അത്ഭുതപ്പെടുന്നുമുണ്ട്. പക്ഷെ പാശ്ചാത്യരുടെ ഈ ഉൽക്കർഷത്തിനും പൗരസ്ത്യരുടെ സമകാലീനമായ അധഃപതനത്തിനും തമ്മിലുള്ള കാര്യകാരണബന്ധമാണ് ക്രാന്തദർശിയായ ഗാന്ധിജി കണ്ടത്. ഇന്ത്യ നേടുന്ന ഉൽക്കർഷം ഇങ്ങനെ അന്യരുടെ കണ്ണുനീരിൽ കിളുർത്തതും, അവരുടെ ഐശ്വര്യത്തിൻെറ ഹരിതപത്രങ്ങൾ ദ്രവിച്ചുണ്ടാകുന്ന വളംകൊണ്ടു തഴച്ചതും ആകരുതെന്ന് അദ്ദേഹം നിശ്ചയിച്ചു. ഉദ്ധാരണശാസ്ത്രത്തിൽ ഇതിനുമുമ്പു കേട്ടിട്ടുപോലുമില്ലാത്ത അടിയുറച്ച ഈ ധർമ്മബോധമാണ് സർവ്വോദയപദ്ധതിയുടെ സാരസർവ്വസ്വം.

സർവ്വോദയസന്ദേശം പരിഷ്കൃതജീവിതത്തെ വർജ്ജിച്ചു പഴഞ്ചൻരീതികളിലേക്കു മടങ്ങിപ്പോകുവാനുള്ള ഒരാഹ്വാനമാണെന്ന് അഭിജ്ഞഭാവംനടിക്കുന്ന പലരും പറയാറുണ്ട്. പക്ഷെ തങ്ങളെപ്പോലെ മററുള്ളവർക്കും ഈ പരിഷ്കൃതജീവിതത്തിൻെറ അനുഗ്രഹങ്ങൾ ഇന്നല്ലെങ്കിൽ നാളെയെങ്കിലും കൈവരുത്തുവാനുതകുന്ന പ്രായോഗികമായ മറെറാരു നിർദ്ദേശവും ഇക്കൂട്ടർക്കു നല്കുവാനില്ല. വിമാനവും പരവതാനിയുമായി പരിചയിച്ചിട്ടുള്ളവർക്കു കാളവണ്ടിയും ചാണകംമെഴുകിയ മൺതറയും അനാകർഷകമായ പഴഞ്ചൻരീതികളായി തോന്നുന്നതിൽ അതിശയിക്കുവാനില്ല. എങ്കിലും ജനസംഖ്യയിൽ എത്രപേർക്കാണ് ഈ പുത്തൻപരിഷ്കാരങ്ങൾ

Digitized by Kerala Sahitya Akademi

ഇന്ന് അനുഭവിപ്പാൻ സൌകര്യമുള്ളതെന്നു നാം ആലോചിക്കേണ്ടതാണ്. നിർഗ്ഗുണമായ ഒരു ന്യൂനപക്ഷമാണിതെന്നുള്ളതിൽ തർക്കമില്ല. രാഷ്ട്രം ഇക്കൂട്ടരുടേതുമാത്രമാണെന്നും ഉദ്ധാരണ പരിപാടികളെല്ലാം ഇവരുടെ നിലയെ പരിഗണിച്ചുള്ളവയായിരിക്കണമെന്നും പറയുന്നതു മുഴുത്ത സ്വാർത്ഥതയാണ്. ഈ ജനകീയയുഗത്തിൽ ഈ ന്യൂനപക്ഷത്തിന്റെ സുഖഭോഗങ്ങൾക്കു ഭംഗം വരാതിരിക്കുന്നതിനുവേണ്ടി ബഹുഭൂരിപക്ഷക്കാരായ സാധുജനങ്ങളെ എളിയ തോതിലെങ്കിലും ഉദ്ധരിക്കുവാനുള്ള യത്നത്തെ തടയുന്നത് അക്ഷന്തവ്യമായ അപരാധവുമാകുന്നു. ആധുനികരീതിയിലുള്ള സുഖസൌകര്യങ്ങൾ എല്ലാവർക്കും കിട്ടുമെങ്കിൽ അതിനുവേണ്ടി പരിശ്രമിക്കുന്നതിനെ ആരും എതിർക്കയില്ല. എല്ലാ ഗ്രാമങ്ങളിലും വിദ്യുച്ഛക്തി ലഭിക്കുമെങ്കിൽ യന്ത്രച്ചക്ക് ഉപയോഗിക്കുന്നതിനു താനെതിരല്ലെന്നു ഗാന്ധിജിതന്നെ പറഞ്ഞിട്ടുണ്ട്. ഇങ്ങനെയുള്ള സൌകര്യങ്ങൾ കൈവരുത്തണമെന്നുള്ളതുതന്നെയാണ് ഉദ്ധാരണയത്നങ്ങളുടെയെല്ലാം ലക്ഷ്യം. ഇന്നത്തെ നിലക്ക് അതൊന്നും അത്ര എളുപ്പമല്ലാത്തതുകൊണ്ടു സാധ്യമായുള്ളതെങ്കിലും കൈവരുത്തുന്നതിനുവേണ്ടിയാണ് സർവ്വോദയപദ്ധതികൾ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഇന്ത്യയിലെ ഗ്രാമീണന്നു വിമാനത്തെയും പരവതാനിയെയുംകാൾ അത്യാവശ്യമായിരിക്കുന്നത് ആഹാരവും വസ്ത്രവും ശുചിത്വമുള്ള ജീവിതവും രോഗപീഡയിൽനിന്നും അജ്ഞാനത്തിൽനിന്നുമുള്ള മോചനവുമാകുന്നു. പ്രാഥമികങ്ങളായ ഈ ആവശ്യങ്ങൾ നിറവേററുന്നതിനുപോലും കഴിയാത്തതുകൊണ്ടാണ് ഭാരതത്തിലെ ദരിദ്രലക്ഷങ്ങളുടെ കൺകോണിലെ കദനഭാരം നീങ്ങാത്തത്.

ഓരോ ദിവസം കഴിയുംതോറും ഗാന്ധിജിയുടെ ദീർഘദൃഷ്ടിയും പ്രായോഗികബുദ്ധിയും നമുക്കു കൂടുതൽകൂടുതൽ വ്യക്തമായി വരുകയാണ്. സ്വാതന്ത്ര്യതൃഷ്ണയെ ഊതിക്കത്തിച്ചതിനുശേഷം അദ്ദേഹത്തിന്റെ ശ്രദ്ധ മുഴുവനുംതന്നെ സൃഷ്ടിപരപ്രവർത്തനങ്ങളിലാണ് കേന്ദ്രീകരിച്ചത്. സ്വാതന്ത്ര്യദിനത്തിലെ കോലാഹലങ്ങളിൽ അദ്ദേഹത്തിനു യാതൊരു താല്പര്യവും തോന്നിയില്ല. ഇന്നദ്ദേഹം ജീവിച്ചിരുന്നെങ്കിൽ റിപ്പബ്ലിക്കിന്റെ ഉൽഘാടനവും അദ്ദേഹത്തെ പ്രമോദിപ്പിക്കുകയില്ല. ഏററവും പ്രധാനമായ കാര്യങ്ങൾ ഏതെന്നു നിഷ്പ്രയാസം അദ്ദേഹത്തിനു കാണുവാൻ കഴിഞ്ഞിരുന്നു. സ്വഭാവമഹിമയ്ക്കും ത്യാഗശീലത്തിനും അദ്ദേഹം

Digitized by Kerala Sahitya Akademi

അങ്ങേയററത്തെ വിലയാണ് കല്പിച്ചത്. പരാർത്ഥമായി ജീവിക്കുന്നതിന്നുള്ള അതിമഹത്തായ ഒരു പ്രചോദനം അദ്ദേഹം നമുക്കു നല്കിയിട്ടുണ്ട്. സർവ്വോദയപരിപാടികളുടെ വിജയത്തിന്ന് അത്യന്താപേക്ഷിതമായ ഘടകം ഇതാണ്. തന്റെ ഓരോ പ്രവൃത്തിയും ആത്മസമർപ്പണമായിട്ടാണ് അദ്ദേഹം ചെയ്തത്. അത്യുന്നതവും അസുലഭവുമായ ഈ മാതൃകയാണ് അദ്ദേഹം അവശേഷിപ്പിച്ചിട്ടുള്ള ഏററവും വലിയ പാരമ്പര്യം.

ഭുവനഭോഗങ്ങളിൽനിന്ന് ആത്മാവിനെ പിൻതിരിപ്പിച്ചു മോക്ഷസിദ്ധിക്കായി പരിശ്രമിക്കണമെന്നുള്ള ഉപദേശം ഭാരതീയസംസ്കാരത്തിന്റെ പ്രാതഃസന്ധ്യയിൽനിന്നുതന്നെ കേട്ടുതുടങ്ങിയതാണ്. സിന്ധുനദീസംസ്കാരത്തിന്റെ അവശിഷ്ടങ്ങളിൽനിന്നുതന്നെ ധ്യാനനിഷ്ഠയിലിരിക്കുന്ന യോഗിവിഗ്രഹങ്ങൾ ലഭിച്ചിട്ടുണ്ട്. നിമീലിതങ്ങളായ ആ നേത്രങ്ങൾ ആയിരമായിരം വർഷങ്ങളായി നിത്യതയിലേക്കു നമ്മെ ക്ഷണിക്കുകയാണ്. ഈ ക്ഷണം സ്വീകരിച്ചു, പ്രപഞ്ചകാര്യങ്ങളിൽ വിരക്തനായി ഒരു സിദ്ധന്റെ ധ്യാനൈകനിരതമായ അദ്ധ്യാത്മജീവിതം നയിക്കുവാൻ ഗാന്ധിജിക്കു കഴിയുമായിരുന്നു. ഭാരതീയസംസ്കാരത്തിന്റെ പരമോൽകൃഷ്ടമായ ഈ പ്രവണത അദ്ദേഹത്തെ ആകർഷിക്കുകയും ചെയ്തിരിക്കണം. അങ്ങിനെയൊരു ജീവിതത്തിന്നുവേണ്ടിയാണ് അദ്ദേഹം സ്രഷ്ടാവാൽതന്നെയും ഉദ്ദേശിക്കപ്പെട്ടിരുന്നതെന്നും തോന്നിപ്പോകുന്നു. എങ്കിലും ആ മാർഗ്ഗമല്ല അദ്ദേഹം സ്വീകരിച്ചത്. സ്വർഗ്ഗലോകത്തിന്റെ സുവർണ്ണഗോപുരം തുറന്നിട്ടുകൊണ്ടു സാക്ഷാൽ ജഗന്നിയന്താവുതന്നെ ക്ഷണിച്ചിട്ടും അദ്ദേഹം പോയില്ല. തന്റെ അയൽക്കാരനായ ദരിദ്രനാരായണന്റെ മൺകുടിലിലാണ് അദ്ദേഹം സ്വർഗ്ഗമോക്ഷങ്ങൾ കണ്ടെത്തിയത്. അവനെ സേവിക്കുന്നതിലാണ് അദ്ദേഹം സാക്ഷാൽക്കാരം അനുഭവിച്ചത്. ആധുനികകാലത്തു മററാരെയുംകാൾ കൂടുതലായി തനിക്കു് അവകാശപ്പെട്ടതും, ലഭ്യമായിരുന്നതും, ആർഷസംസ്കാരത്തിന്റെ അങ്ങേയററത്തെ അനുഗ്രഹവുമായ സാക്ഷാൽ സായൂജ്യംതന്നെയാണ് അദ്ദേഹം വേണ്ടെന്നുവെച്ചത്. ഒരു ഭാരതീയന്ന് ഇതിലുപരിയായ ഒരു ത്യാഗം മറെറന്തുള്ളൂ! ഈശ്വരഹൃദയത്തെപ്പോലും അത് അലിയിച്ചിരിക്കണം. തന്റെകൂടെ വന്ന ഒരു പട്ടിക്കുകൂടി പ്രവേശനമില്ലെങ്കിൽ സ്വർഗ്ഗരാജ്യം തനിക്കും വേണ്ടെന്നുപറഞ്ഞ ധർമ്മപുത്രരുടെ അപദാനങ്ങളെ പ്രകീർത്തിക്കുവാൻ ഭഗവാൻ വേദ

Digitized by Kerala Sahitya Akademi

വ്യാസൻ മഹാഭാരതം രചിയ്ക്കുകയുണ്ടായി.

തന്നാൽക്കരേറേണ്ടവരെത്രപേരോ
താഴത്തു പാഴ്ചേറിലമന്നിരിക്കേ
താനൊററയിൽ ബ്രഹ്മപദം —

കൊതിയ്ക്കാതെ ദരിദ്രനാരായണനിൽ ഈശ്വരൻെറ പ്രതിരൂപം ദശിച്ച ഹരിജനസേവനത്തെ മോക്ഷസാധനയാക്കിമാററിയ ഗാന്ധിജിയുടെ ജീവിതം, അദ്ദേഹത്തെ അടുത്തുകാണുവാൻ ഭാഗ്യമുണ്ടായ നമുക്കും പിറക്കുംതലമുറകഠംക്കും നിത്യപാരായണത്തിന്നുള്ള ഇതിഹാസമാകുന്നു. ഈ ജനാധിപത്യയുഗത്തിൽ, ഈ പുതിയ ലോകഗതിയിൽ, ഇനിയത്തെ ഒരായിരം വഷക്കാലം ഈ മഹജ്ജീവിതകഥയാണ് ഭാരതീയക്കു ഏതു്പ്രദ്യോതനം നൽകുവാൻപോകുന്നതു്.

ഇന്ത്യാചരിത്രത്തെ അതിൻെറ ഏററവും തമോമയമായ ഒരു ദശാസന്ധിയിൽ ആത്മപ്രകാശത്താൽ ഭാസുരമാക്കിയ ഈ മഹാപുരുഷൻ യഥാത്ഥത്തിൽ ജീവിച്ചിരുന്ന ആളായിരുന്നു എന്നു വിശ്വസിയ്ക്കുവാൻ ഭാവിപരമ്പരകഠംക്കു പ്രയാസം തോന്നുമെന്നു് ഐൻസ്റ്റൈൻ പറയുന്നു. ഗാന്ധിജിയുടെ മാഹാത്മ്യം അത്രമേൽ അസാധാരണമാണ്. അദ്ദേഹത്തിൻെറ തിരുനാമം ഇപ്പോഠം തന്നെ, കിഴക്കൻ ചക്രവാളത്തിൽമാത്രം കാണുന്ന അപൂവ്വമഹസ്സുകളുടെ ഇടയിലേയ്ക്കുയന്നു നിത്യതയുടെ പരിവേഷം പൂണ്ടു കഴിഞ്ഞു. ഇങ്ങനെ നോക്കിയാൽ ഇക്കാലത്തു ജീവിയ്ക്കുന്ന നാം തീച്ചയായും സുകൃതികളാണ്. ഗാന്ധിജിയുടെ സമകാലീനരാകുവാൻ നമുക്കു ഭാഗ്യമുണ്ടായി. അദ്ദേഹത്തിൻെറ ആത്മബലിയിൽ സമാപിച്ച ജീവിതസത്രത്തിൽ അനുഭവസാക്ഷികളായി ഹവിർഭാഗം ഭുജിച്ചു ധന്യത നേടുവാൻ നമുക്കു സാധിച്ചു. ഈ വാസ്തവം നാം ഒരിയ്ക്കലും മറന്നുകൂടാ. നാം നമ്മുടെ പ്രവൃത്തികഠംകൊണ്ടാണ് അദ്ദേഹത്തിൻെറ നേക്കുള്ള കൃതജ്ഞതയെ തെളിയിയ്ക്കേണ്ടതു്. അതുകൊണ്ടുമാത്രമേ സ്വഗ്ഗംഗാസലിലംപോലെ മനുഷ്യനെ പരിശുദ്ധീകരിയ്ക്കുകയും, സഹസ്രകവചംപോലെ, ലോഭമോഹങ്ങളിൽനിന്നു് അവനെ കാത്തുരക്ഷിയ്ക്കുകയുംചെയ്യുന്ന അദ്ദേഹത്തിൻെറ അനുഗ്രഹങ്ങഠംക്കു നാം പാത്രീഭവിയ്ക്കുകയുള്ളു.

അദ്ദേഹത്തിൻെറ സ്മരണയ്ക്കുമുമ്പിൽ സാഷ്ടാംഗപ്രണാമം.

(തിരുവനന്തപുരം റേഡിയോ നിലയം ഡയറക്ടരുടെ അനുവാദത്തോടുകൂടി പ്രസിദ്ധപ്പെടുത്തുന്നതു്.)

Digitized by Kerala Sahitya Akademi

## 6

# ഭാഷാകവിത

മലയാളം സംഗീതമയമായ ഒരു ഭാഷയാണെന്നു പലരും അഭിപ്രായപ്പെട്ടിട്ടുണ്ട്. നമ്മുടെ അയൽക്കാരായ തമിഴർമാത്രമേ ഇതു സമ്മതിക്കുവാൻ പ്രയാസം കാണുകയുള്ളു. തമിഴാണ് ഏതു വഴിക്കു നോക്കിയാലും ലോകത്തിലുള്ള സകലഭാഷകളിലും വെച്ചു മേന്മയേറിയതെന്ന് അവർ ആത്മാർത്ഥമായി വിശ്വസിക്കുന്നു. ആവശ്യമുള്ള അക്ഷരങ്ങൾ മുഴുവനുംപോലും ഇല്ലാത്ത സ്വന്തം ഭാഷയെക്കുറിച്ചുള്ള ഈ അഭിമാനം നല്ലതുതന്നെ ആയിരിക്കാം. അതേക്കുറിച്ചു പറഞ്ഞിട്ടു നമുക്കു കാര്യമില്ല. പക്ഷേ, ഇതരഭാഷകളെപ്പററി അഭിപ്രായങ്ങൾ എഴുന്നള്ളിക്കുമ്പോഴാണ് അവർ പരിഹാസ്യരാകുന്നത്. തമിഴിൻെറ മേന്മ സ്ഥാപിക്കുന്നതിനുള്ള ഏററവും നല്ല മാർഗ്ഗം അന്യഭാഷകളെ പുച്ഛിക്കുകയാണെന്ന് അവർ ധരിച്ചിട്ടുള്ളതുപോലെ തോന്നുന്നു. മലയാളം മൂക്കിലൂടെ സംസാരിക്കപ്പെടുന്ന തമിഴാണെന്ന് അവർ പറയാറുണ്ട്. ഇതു ശരിയാണെന്നു വന്നാൽപോലും മലയാളത്തിൻെറ സംഗീതസുഖത്തെക്കുറിച്ചുള്ള അഭിപ്രായം തെററാവുകയില്ല. ഒരുപക്ഷേ കുറേക്കൂടി ശരിയായെന്നുതന്നെ വന്നേക്കാം. അതു പോകട്ടെ. ഈ ഒരു സ്വഭാവവിശേഷംകൊണ്ടായിരിക്കാം മലയാളം കവിതയെഴുത്തിനു വളരെ പററിയതായിക്കാണുന്നത്. നമ്മുടെ നാട്ടിലെപ്പോലെ ഇത്രയധികം കവികൾ മറെറവിടെയെങ്കിലും ഉണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. വാതു പിടിച്ചാൽ രണ്ടു വരിയെങ്കിലും വൃത്തമൊപ്പിച്ച് ഉണ്ടാക്കുവാൻ കഴിയാത്തവരായി അക്ഷരാഭ്യാസമുള്ള മലയാളികളിൽ ആരെങ്കിലും കാണുമെന്നു തോന്നുന്നില്ല. ഒരു വരി കവിത ചൊല്ലിക്കേട്ടാൽ അതിൻെറ "ഈണ"ത്തിനു മറെറാരുവരി സൃഷ്ടിക്കാൻ നമുക്കു പ്രയാസമില്ല. വൃത്തവും മാത്രയും ഒന്നും അറിയേണ്ട. ഇത് ഇതരഭാഷകളിൽ ഇത്ര വളരെ എളുപ്പമാണെന്നു തോന്നുന്നില്ല. ഉദാഹരണമായി തമിഴിൽ നല്ല പാണ്ഡിത്യമുള്ളവർക്കുപോലും പദ്യരചന ഒരു ഭഗീരഥപ്രയത്നമാണ്. നമ്മെപ്പോലെ അവർ കവിതചൊല്ലി സുഖിക്കാറില്ല. അക്ഷരശ്ലോകം എന്നൊരു വിനോദത്തെപ്പററി അവർ

Digitized by Kerala Sahitya Akademi

കേട്ടിട്ടുണ്ടോ എന്നുപോലും സംശയമാണ്. നമുക്കിവിടെ സർവ്വ സാധാരണമായ മംഗളപദ്യവ്യവസായം അവിടെ ഉള്ളതായി അറിവില്ല.

മലയാളത്തിൻെറ അനന്യസാധാരണമായ ഈ പദ്യവശഗതം ഒരു അനുഗ്രഹമെന്നതുപോലെ ഒരു ആപത്തുമാണ്. വാളെടുത്തവനെല്ലാം വെളിച്ചപ്പാട് എന്ന മട്ടിൽ നാലുവരി വൃത്തഭംഗമില്ലാതെ എഴുതാവുന്നവരെല്ലാം കവികളായിത്തീരുവാൻ അത് ഇടയാക്കുന്നു. പദ്യത്തിന് ഒരു ഒഴുക്കുംകൂടി കിട്ടിപ്പോയാൽ മഹാകവിയുമായി. ഇതാണ് ആപത്ത്. കണക്കില്ലാതെ പെരുകുന്ന ഈ കവികളിലും മഹാകവികളിലും എത്രപേരുടെ കാര്യത്തിൽ, ഭാഷയുടെ ഈ സ്വഭാവവിശേഷം കവിത്വത്തിനു, സ്വന്തം പ്രയത്നത്തേക്കാം, ഹേതുഭൂതമായിരിക്കുന്നു എന്ന് ആലോചിക്കുന്നതു രസാവഹമായിരിക്കും. എല്ലാവരും ഭാഷകൊണ്ടാണ് കവിതയെഴുതുന്നത് എന്നുള്ളതു വാസ്തവംതന്നെ. പക്ഷെ, പലരുടേയും കാര്യത്തിൽ കവിയല്ല, ഭാഷതന്നെയാണ് കവിതയെഴുതുന്നതെന്നു തോന്നാറില്ലേ? എനിക്ക് ഇങ്ങനെ ഒരു തോന്നൽ പലപ്പോഴും ഉണ്ടായിട്ടുള്ളതാണ്. കവി അങ്ങനെ ഇരുന്നുകൊടുക്കുന്നു, ഒരുതരം യന്ത്രംപോലെ. ഭാഷ ഒരു വശത്തുകൂടി അകത്തു കടക്കുന്നു; വൃത്തമാത്രകളാകുന്ന അച്ചുകളിൽ സ്വയം വാർത്തെടുത്ത പദ്യരൂപത്തിൽ പുറത്തു വരുന്നു. കവിയുടെ പങ്കു താൻ അങ്ങിനെ ഇരുന്നുകൊടുക്കുന്നു എന്നുള്ളതാണ്. സഞ്ജയൻ പറഞ്ഞതുപോലെ, ഇങ്ങനെ എഴുതുവാനല്ല, എഴുതിത്തുടങ്ങിയാൽ നിർത്തിക്കിട്ടുവാനാണ് പ്രയാസം. ഇക്കാര്യത്തിൽ ഭാഷയെ ഒരുതരം കാട്ടുകുതിരയോട് ഉപമിക്കാവുന്നതാണ്. അതിൻെറ ശരീരത്തിൽ വല്ല വിധവും പിടികിട്ടിപ്പോയാൽ അതു നമ്മെയുംകൊണ്ടു് ഓടിത്തുടങ്ങും. പക്ഷെ ഓട്ടം അതിനു തോന്നിയ വഴിക്കാണെന്നേയുള്ളു. അടിച്ച വഴിയേ പോയില്ലെങ്കിൽ പോകുന്ന വഴിയേ അടിക്കുക എന്ന പഴമൊഴിയുടെ നിഴലിൽ നിന്നുകൊണ്ടു് ഇതും ഒരുതരം കുതിരസ്സവാരിയാണെന്നു പറയാം. മലയാളപദ്യങ്ങളുടെ ഒഴുക്കം ആയാസമില്ലായ്മയും കവനചാതുര്യത്തിനു തോതാക്കിവയ്ക്കുന്ന പതിവും ഇതുപോലെയാണ്. നാം സാധാരണ കാണുന്ന ഒഴുക്കം ആയാസമില്ലായ്മയുമെല്ലാം, വാസ്തവത്തിൽ, ഭാഷ കവിയേയുംകൊണ്ടു് ഓടുന്ന ഓട്ടത്തിൻെറ ഫലങ്ങളാകുന്നു. കവി അതിൽ നിസ്സഹായനായി എവിടെയോ തൂങ്ങിക്കിടക്കുകയേ ചെ

Digitized by Kerala Sahitya Akademi

യ്യുന്നുള്ളു. ഇതിന്റെയെല്ലാം കാരണം ഞാൻ ആദ്യം പറഞ്ഞതുപോലെ, നമ്മുടെ ഭാഷയ്ക്കുള്ള അതുല്യമായ ആ ഉദാരതയാണ്. പക്ഷെ, ഇത് അതിന്റെ ഏറ്റവും ഉപരിപ്ലവമായ ഒരു സ്വഭാവമാണെന്ന് എനിക്കു തോന്നുന്നു. അതു മനസ്സിലാക്കിയതുകൊണ്ടു യഥാർത്ഥമായ കാവ്യകല കരസ്ഥമായെന്നു കരുതാവുന്നതല്ല. ഉൽകൃഷ്ടകവിതയുടെ സൃഷ്ടിക്ക് അത് ഉപകരിക്കുമെന്നും തോന്നുന്നില്ല. ഭാഷയുടെ മിനുമിനുത്ത ഉപരിതലത്തിൽ ചാടുകൂട്ടുന്ന അനുഭവമേ അതിൽനിന്നു ജനിക്കുകയുള്ളു. സാഹിത്യകല അതിന്റെ പരമകോടിയിൽ മനുഷ്യന്റെ ചേതനയും ഭാഷയുടെ അന്തരാത്മാവുംതമ്മിലുള്ള പൊരുത്തമേറിയതും അത്യഗാധവുമായ ഒരനുരാഗബന്ധത്തിന്റെ സന്താനമാകുന്നു. ഒരു കാട്ടുകുതിരയെ ഇണക്കിയെടുത്ത് അതിനെ സ്നേഹപൂർവ്വം വളർത്തി, അതിന്റെ ഏറ്റവും നിഗൂഢമായ സ്വഭാവവിശേഷങ്ങൾപോലും മനസ്സിലാക്കി, പരസ്പരവിശ്വാസം വരുത്തി സവാരിചെയ്യുന്നതുപോലെയുള്ള ഒരു യത്നം ഇതിൽ അന്തർഭവിക്കുന്നുണ്ട്. ഭാഷയാകുന്ന അശ്വം ഭാവനയുടെ പൊൻചിറകുകളിൽ പറക്കുവാൻ കഴിവുള്ളതാണെന്നും, അതിന്മേലുള്ള സവാരി അമർത്ത്യതയിലേക്കു നയിക്കുന്നതാണെന്നും ഉള്ള വ്യത്യാസമേയുള്ളു. നമ്മുടെ ഭാഷയ്ക്കു് ആദ്യം കാണുന്ന ആ ഉദാരഭാവം അല്പമൊന്ന് അടുത്തുനോക്കിയാൽ അകലുന്നതു കാണാം. അതിന്റെ അന്തരാത്മാവു—പ്രതിഭാവിശേഷം—മറേറതു ഭാഷയുടെയും കാര്യത്തിലെന്നപോലെ നിഗൂഢവും, ദീർഘമായ സപര്യയാൽമാത്രം കണ്ടെത്താവുന്നതും ആണെന്നു പറയാതെ തരമില്ല. ഭാഷയുടെ ബാഹ്യഭാവങ്ങളിൽ മയങ്ങാതെ അതിന്റെ ആത്മാവു കണ്ടുപിടിക്കുവാൻ ശ്രമിക്കുന്ന സാഹിത്യകാരനു വളരെ വേദനകൾ സഹിക്കേണ്ടതുണ്ട്. ആദ്യം കണ്ട ഉദാരതയുടെ സ്ഥാനത്തു നിരാശാജനകമായ ഒരു പിശുനതയാണ് അയാൾ ദർശിക്കുന്നത്. ഭാഷ അതിന്റെ ആന്തരസൌന്ദര്യം വെളിപ്പെടുത്തുവാൻ വിസമ്മതിക്കുന്നതുപോലെ തോന്നിപ്പോകും. മനുഷ്യന്റെ ചേതനയ്ക്കു തികച്ചും വശപ്പെടുവാനുള്ള ഒരു വൈമുഖ്യം അതു പ്രദർശിപ്പിക്കുന്നു. ഇതിനെ ജയിക്കുവാനാണ് യഥാർത്ഥകവികൾ പാടുപെടുന്നത്. ഭാഷയുടെ ശ്രീകോവിൽ തുറന്നുകിട്ടുവാനാണ് അവർ കരംനൊന്തു കാത്തിരിക്കുന്നത്. അതൊന്നു തുറന്നുകിട്ടുമ്പോഴുണ്ടാകുന്ന അനുഭവത്തെക്കാൾ തൃപ്തികരമായി അവർക്കു ജീവിതത്തിൽ യാതൊന്നുമില്ല. ആ ദർശനം അവ

Digitized by Kerala Sahitya Akademi

രുടെ ജീവിതത്തിൽ ധന്യത കലൎത്തുന്നു. ഭാഷയുടെ ഏററവും നിഗൂഢമായ രഹസ്യങ്ങളും, ശാശ്വതമായ സൌന്ദൎയ്യങ്ങളും അവൎക്കു മനസ്സിലാകുന്നു. അതിനു രണ്ടാമതൊരു ഉദാരഭാവം കൈവരുന്നു. അപ്പോൾമാത്രമേ അവർ യഥാൎത്ഥത്തിൽ വശ്യവചസ്സുകളായിത്തീരുന്നുള്ളൂ. ഭാഷയുടെ പരാൽപരമായ മൂല്യങ്ങൾ ഏതെന്നുള്ള ബോധം അപ്പോഴാണു് ജനിക്കുന്നതു്. ഏതു ഭാഷയുടെ കാൎയ്യത്തിലും ഇമ്മാതിരി ദൎശനങ്ങൾ ക്ഷണികങ്ങളാണു്. ദീൎഘനേരം അതിനെ നിലനിൎത്തിക്കൊണ്ടുപോകുവാൻ കഴിവുള്ളവർ അപൂൎവ്വമാകുന്നു.

മലയാളഭാഷയുടെ ഈ രണ്ടാമത്തെ ഉദാരഭാവം ഏററവും കൂടുതലായി വെളിവാകുന്നതു് എഴുത്തച്ഛന്റെയും നമ്പ്യാരുടെയും കൃതികളിലാണെന്നു് എനിക്കു തോന്നുന്നു. ഭാഷ അതിന്റെ പഴയതും പുതിയതുമായ കലവറകൾ മുഴുവനും അവൎക്കു തുറന്നുകൊടുക്കുന്നതുപോലെയുള്ള ഒരനുഭവമാണു് പ്രസ്തുതകൃതികൾ നമുക്കു നല്കുന്നതു്. ഭാവനയുടെ പരിവേഷംപൂണ്ട പദാവലികൾ യാതൊരു തടവുമില്ലാതെ പ്രവഹിക്കുന്നു. സംസ്കൃതം വാരിക്കോരി പ്രയോഗിക്കുന്നതിൽ മടിയില്ലാതിരുന്ന ഈ ആചാൎയ്യന്മാരുടെ കവിത പ്രാധാന്യമേറിയ പല സന്ദൎഭങ്ങളിലും തനി മലയാളമായി രൂപമെടുക്കുന്നതു ശ്രദ്ധിച്ചുനോക്കിയാൽ കാണാവുന്നതാണു്. ഇതു് ഒരു വഴിക്കു നോക്കിയാൽ അത്ഭുതകരമാണെന്നു പറയാതെ തരമില്ല. ഉൽകൃഷ്ടകവിതയുടെ ആവശ്യം വരുന്ന സന്ദൎഭങ്ങളിൽ മലയാളത്തെ സംസ്കൃതമാക്കുന്ന പതിവു് ഇന്നുപോലും നമ്മുടെ സാഹിത്യത്തിൽനിന്നു മാറിയിട്ടില്ല. പദ്യസാഹിത്യത്തിലും ഗദ്യസാഹിത്യത്തിലും ഒരുപോലെ ഇതു കാണുവാൻ കഴിയും. പ്രതിപാദനത്തിന്റെ ഗതി സാധാരണതലങ്ങളിൽ നിന്നു പൊട്ടുന്നനവെ ഉയൎന്നു നിത്യതയിലേക്കു് ആഞ്ഞുനീളുന്ന നിൎമ്മല നിമിഷങ്ങളിൽ സംസ്കൃതപദങ്ങൾ കൊണ്ടു് ഒരു സഹസ്രകലശം കഴിക്കുവാനാണു് പലരും യത്നിക്കുന്നതു്. ഈ സമ്പ്രദായം അനാകൎഷകമാണെന്നല്ല ഞാൻ പറയുന്നതു്; അതിന്റെ ആകൎഷകത്വത്തിന്നു കാരണം സംസ്കൃതഭാഷയുടെ അക്ഷയമായ സുഷമാവിശേഷമാണെന്നും അതിൽനിന്നു ജനിക്കുന്നതു മലയാളകവിതയല്ലെന്നുമാണു്. ഈ രീതിയിൽ നിന്നു് എത്ര ഭിന്നമാണു് എഴുത്തച്ഛന്റെ പാൎത്ഥസാരഥിവൎണ്ണനയും കുഞ്ചൻനമ്പ്യാരുടെ കദളീവനവൎണ്ണനയും എന്നു നോക്കുക. തനി മലയാളം തഴച്ചു പടൎന്നു് തളിരണിഞ്ഞു

Digitized by Kerala Sahitya Akademi

നില്ക്കുന്ന കാഴ്ചയാണ് അവിടെ നാം കാണുന്നത്. ശ്രീകൃഷ്ണന്റെ രൂപം വർണ്ണിക്കുമ്പോൾ ഭക്തശിരോമണികളായ സംസ്കൃതത്തിലെ കീർത്തനകർത്താക്കൾ പലപ്പോഴും പ്രാപിക്കാറുള്ള അത്യുന്നതമായ കവനകലാശൃംഗങ്ങൾ ഒരു മലയാളകവിക്കും ദുഷ്പ്രാപമല്ലെന്ന് എഴുത്തച്ഛൻ തന്റെ "നിറന്ന പീലി"യിലൂടെ തെളിയിക്കുന്നതു പോലെ തോന്നിപ്പോകുന്നു. നമ്പ്യാരാകട്ടെ ഒരു വാഴത്തോപ്പിൽ വാഴ നില്ക്കുന്നതുപോലെ ഇടതിങ്ങിത്തിമർത്ത് ഞെങ്ങിഞെരിയും വണ്ണം മലയാളപദങ്ങളെ അണി നിരത്തിക്കാണിക്കുന്നു. നമ്മുടെ ഭാഷയ്ക്കുള്ള യഥാർത്ഥമായ ഉദാരതയാണ് ഈ സന്ദർഭങ്ങളിൽ ആവിഷ്കൃതമാകുന്നത്. ശുദ്ധമായ മലയാളകവിത ഇതാകുന്നു. ആദ്യം മുതല്ക്കേ കരുതിക്കൂട്ടി പച്ചമലയാളത്തിൽ തന്നെ എഴുത പ്പെടുന്ന കൃതികളിൽപോലും മലയാളഭാഷയുടെ ആഭ്യന്തരവും അനേകവൈകവേദ്യവുമായ ഈ ഉദാരഭാവം കാണുവാൻ പ്രയാസ മാണ്. മിക്കപ്പോഴും അതിനു വിപരീതമായ ഒരു അനുഭവമാണ് അത്തരം കൃതികൾ ജനിപ്പിക്കുന്നതു്. കവി വാക്കുകൾ കിട്ടാതെ കഷ്ടപ്പെടുന്നതുപോലെ തോന്നിപ്പോകും. പക്ഷെ മേൽ ചൂണ്ടി ക്കാണിച്ച ഭാഗങ്ങളിൽ അങ്ങിനെയുള്ള ക്ലേശങ്ങളൊന്നുമില്ല. സംസ്കൃതപദങ്ങൾ ഉപയോഗിക്കുകയില്ലെന്നു നിർബ്ബന്ധം പിടിച്ചു കൊണ്ടല്ല അവ എഴുതപ്പെട്ടിരിക്കുന്നത്. അങ്ങിനെയുള്ള പദ ങ്ങൾ അങ്ങിങ്ങു പ്രയോഗിച്ചിട്ടുമുണ്ട്. പക്ഷെ അവയ്ക്ക് എങ്ങി നെയോ മലയാളത്തിന്റെ "ഈണം" വന്നതുപോലെ തോന്നുന്നു. അതുപോലെ നമ്പ്യാരുടെ,

"നൂലു കൊണ്ടു പിരിച്ചോരു ചരടിൽ പൊന്മണി കോർത്തു
മാലയാക്കി ധനികന്മാർ ധരിക്കുന്നു ഗളം തന്നിൽ
മുത്തു കൊണ്ടും മാല കോർക്കും പവിഴം കൊണ്ടുമുണ്ടാക്കും
പുത്തിലഞ്ഞിക്കുരുകൊണ്ടും കുന്നികൊണ്ടും ദരിദ്രന്മാർ
എന്നിവണ്ണം സുവർണ്ണാദിക്കൊക്കവേ താൻ ചരടായി-
ട്ടൊന്നു തന്നെ പൊന്നിനുമക്കുന്നിമഞ്ചാടിമാലയ്ക്കും
എന്ന പോലെ സർവ്വജാതിപ്രഭൃതം ഭൌതികം ദേഹം
ഒന്നുകൊണ്ടു കോർത്തു കെട്ടിക്കളിപ്പിക്കുന്നിതു ദൈവം
എന്നതുമൂലമാത്മാവിന്നാർക്കുമാർക്കും ഭേദമില്ല
ഒന്നു തന്നെ ചരടുള്ളിൽ ഭൂസുരനും പറയനും"

Digitized by Kerala Sahitya Akademi

എന്ന പുളിന്ദീമോക്ഷത്തിലെ വരികഠം നോക്കുക. പൊന്മണി ചാത്തുന്ന കഴുത്തിന്റെ കാര്യത്തിലും, അഴിവില്ലാത്ത ഉടലാണ് തങ്ങളുടേത് എന്ന മട്ടിൽ മററുള്ളവരേക്കാഠം മെച്ചപ്പെട്ടവരെന്നു ഞെളിയുന്നവരെക്കുറിച്ചു പറയുമ്പോഴും മാത്രമേ കരുതിക്കൂട്ടിയുള്ള സംസ്കൃതപ്രയോഗം കാണാനുള്ളു. മററു ദിക്കിലെല്ലാം അകക്കാമ്പിനെ അലിയിക്കുമാറു തടവില്ലാതെ പോകുന്ന ശുദ്ധമലയാള കവിതയാണു കാണുന്നത്.

കവിഹൃദയത്തിന്റെ അനുഭൂതി പരമകാഷ്ഠയെ പ്രാപിക്കുന്ന സന്ദർഭങ്ങളിൽ അന്യഭാഷകളോട് ഇരക്കുവാൻ പോകാതെ നാടൻ ഭാഷയിലെ വാക്യങ്ങളെ പഴമൊഴികളുടെ വടിവിൽ വാർത്തെടുത്ത് ഈ മഹാപുരുഷന്മാർ മലയാളഭാഷയുടെ ആന്തരസൗന്ദര്യവും നിഗൂഢമായ ഉദാരതയും വെളിപ്പെടുത്തുന്നു. ഇമ്മാതിരി സന്ദർഭങ്ങഠം നമ്മുടെ സാഹിത്യത്തിലെ എണ്ണപ്പെട്ട കൃതികളിലെല്ലാം കാണമാനുണ്ട്. അധികം ഉദാഹരണങ്ങഠം ഉദ്ധരിക്കുന്നില്ല. എങ്കിലും ഒന്നുരണ്ടെണ്ണംകൂടി ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. രാമരാജാബഹദൂറിൽ ടിപ്പുസുൽത്താന്റെ സന്നിധിയിൽവെച്ച് ഉമിത്തീയിൽ നീറുവാൻ വിധിക്കപ്പെട്ട കാളി ഉടയാൻ ചന്ത്രക്കാരൻ നല്കുന്ന മറുപടി നോക്കുക: "ഈ ഉമിത്തീയും എരിവും ചപ്രവുമെല്ലാം എവന് എന്തെങ്കിലേത്? എങ്ങിനെയും അങ്ങനെത്തന്നെമെന്നല്ലാണ്ട് പനിനീരും ചന്ദനക്കട്ടയും പഞ്ചവാദ്യവും ഒരു സ്വർഗ്ഗവും തരുല്ല. ആൺപിറന്ന എന്നത്താനു പിറന്നവനെന്ന് ഈ ദർബാറിൽ നെഞ്ചിലടിച്ച് ഉറപ്പുതരാം......എവൻറമ്മേടെ വയററില്പിറന്ന ഉടയാൻ പൊന്നുതിരുവടിയുടെ തന്തപ്പെരിയവൻ എടുത്ത അടവു തന്നെ ചവുട്ടിയെങ്കിലും ഇതാ കടശിക്കെങ്കിലും കുറുമിയും കരും ചാമ്പലും തിന്നാൻ വിധി......വീടു വെച്ചു, മേട വെച്ചു— എന്നിട്ടോ? ഉപ്പിടാകൈ ഇരുട്ടോടെ തൊലഞ്ഞു......പിറവിപ്പെരുമാളായുള്ളവന്റെ ഉറവ് എന്തു കുറയും പൊറുക്കും. അല്ലാണ്ടൊള്ളവൻ—ഛേ! എന്തു പൊൻകയ്യോ, ഒടവാളേന്തിയ കയ്യോ എരിക്കട്ടെ കരിയ്ക്കട്ടെ—കാളി ഉടയാൻ ചന്ത്രക്കാരൻ വെച്ച വീടും നേടിയ പൊരുളും ആൺപേരാളും. അതു കണ്ടു കണ്ണു നിറഞ്ഞേ നിറഞ്ഞു. ഇനി ഇരിപ്പെന്തു മരിപ്പെന്ത്." സംസ്കൃതപ്രയോഗത്തിൽ വളരെ ആസക്തി കാണിച്ച സി. വി. രാമൻപിള്ളയ്ക്ക് മലയാളഭാഷയുടെ കാവ്യമൂല്യങ്ങളെക്കുറിച്ചുണ്ടായിരുന്ന ക്രാന്ത

Digitized by Kerala Sahitya Akademi

ദർശിത്വത്തിന്ന് ഈ ഭാഗം ഉത്തമസാക്ഷ്യം വഹിക്കുന്നു. ആധുനിക കവികളിൽ വള്ളത്തോളാണ് ഇക്കാര്യത്തിൽ ഏററവും കൂടുതൽ വിജയം നേടിയിട്ടുള്ളത്. അദ്ദേഹത്തിൻെറ കൃതികളിൽ അങ്ങോളമിങ്ങോളം മലയാളഭാഷ—സംസ്കൃതമോ മണിപ്രവാളമോ അല്ല—പൂത്തും തളിത്തും നില്ക്കുന്നു. ഭാഷാകവിതയുടെ യഥാർത്ഥലക്ഷ്യം എന്തായിരിക്കണമെന്നാണ് അദ്ദേഹം കാണിച്ചുതരുന്നത്. അനേകായിരം വർഷത്തെ പാരമ്പര്യമുള്ള സംസ്കൃതഭാഷയുടെ സൗകുമാര്യങ്ങൾ പ്രതിഫലിപ്പിക്കുവാൻ മലയാളകവികൾ പ്രയത്നിക്കുന്നതിൽ തീർച്ചയായും ഒരു കഥയില്ലായ്മയുണ്ട്. സംസ്കൃതപദങ്ങൾ നമുക്ക് ഇനിമേൽ ആവശ്യമില്ലെന്നല്ല ഞാൻ സൂചിപ്പിക്കുന്നത്. ശുദ്ധമായ കവനകലയിലൂടെ നമുക്ക് ഇനിയുമിപ്പോൾ കാര്യമായി എന്തെങ്കിലും നേടാവുന്നതു സംസ്കൃതത്തിലോ മണിപ്രവാളത്തിലോ അല്ലെന്നും തനി മലയാളത്തിൽ മാത്രമാണെന്നും ആകുന്നു.

ഇങ്ങനെ പറയുന്നതിൽ നിന്നു ശുദ്ധമായ കവനകല ഒരുതരം ഭാഷാഗവേഷണമാണെന്നുള്ള ധാരണ ഉണ്ടായേക്കാം. അതബദ്ധമാണ്. കവിതയെഴുത്ത് വെറും ബുദ്ധിപരമായ ഒരു യത്നമല്ലെന്നു പറയേണ്ടതില്ലല്ലോ. വികാരാത്മകങ്ങളായ സൗന്ദര്യങ്ങളുടെ ആവിഷ്കരണമാണത്. അങ്ങേയററംവരെ അപഗ്രഥിച്ചു നോക്കിയാൽ കവിയുടെ അനുഭൂതിയേയും അതിൻെറ ആവിഷ്കരണോപാധിയെയും വേർതിരിക്കുവാൻ സാദ്ധ്യമല്ലെന്നു കാണാം. ആ അനുഭൂതിക്കു—സൗന്ദര്യപ്രതീതിക്കു—ഭാഷയുടെ മൂലബീജത്തിൽ നിന്ന് ഭിന്നമായ ഒരു അസ്തിത്വമോ, ഭാഷയിലൂടെ കിട്ടുന്നതല്ലാതെ മറെറാരു രൂപമോ ഇല്ല. അതിൻെറ സത്തയും സർവ്വസ്വവുമായ ഭാഷാഘടകങ്ങളെ തിരഞ്ഞു പിടിച്ച്, തിരിച്ചറിഞ്ഞ് അണിനിരത്തുകയാണ് നിർമ്മാണകർമ്മത്തിൽ കവി ചെയ്യുന്നത്. അതുകൊണ്ടു മലയാളകവിതയെ ഈ വഴിക്കു നയിക്കുമ്പോൾ, യഥാർത്ഥത്തിൽ മലയാളിഹൃദയങ്ങളുടെ സ്വന്തവും സ്വതന്ത്രവുമായ അനുഭൂതികളെയാണ് നാം വികസിപ്പിക്കുന്നത്. ഇതായിരിക്കരുതു നമ്മുടെ ലക്ഷ്യമെന്ന് ആരും അഭിപ്രായപ്പെടുമെന്നു തോന്നുന്നില്ല. ഈ പ്രപഞ്ചത്തിൽ ഓരോ മനുഷ്യനും ഏററവും അടുത്തും ഏററവും പൂർണ്ണമായും അറിവാൻ കഴിവുള്ളത് അവനവൻെറ അനുഭൂതികളാണ്. വിവേചനാശക്തി ഉപയോഗിച്ച്

Digitized by Kerala Sahitya Akademi

അവയിൽ പ്രാഥമികങ്ങളും അടിസ്ഥാനഭൂതങ്ങളുമായവ ഏതെന്നു കണ്ടുപിടിക്കുവാനും, അങ്ങനെ പ്രപഞ്ചത്തിൻെറ കേന്ദ്രതത്ത്വം ഏന്തെന്നു മനസ്സിലാക്കുവാനും ആണ് യഥാർത്ഥകവിത ഉപകരിക്കുന്നത്. അതിൻെറ മാർഗ്ഗം വികാരപരവും സൗന്ദര്യാത്മകവുമാകയാൽ അത് ആദ്ധ്യാത്മികമായ ആനന്ദത്തിലേക്കു നയിക്കുകയും ചെയ്യുന്നു.

Digitized by Kerala Sahitya Akademi

7

# ആശാൻെറ കാവ്യകല

കവികളെ പൊതുവേ ഭാഷാശില്പികളെന്നും സ്തോഭശില്പികളെന്നും രണ്ടായി തരം തിരിയ്ക്കാം. ഈ വിഭജനം നമ്മുടെ സൗകര്യത്തിനുവേണ്ടിയുള്ളതെന്നല്ലാതെ ശാസ്ത്രീയമായ കലാനിരൂപണം കൊണ്ട് എല്ലായ്പോഴും സാധൂകരിയ്ക്കാവുന്നതാണെന്നു തോന്നുന്നില്ല. രണ്ടു രീതികളേയും കൂട്ടിയിണക്കി കലാസൃഷ്ടിചെയ്യുന്നതിനാണ് ഉത്തിഷ്ഠമതികളായ കാവ്യകാരന്മാർ ശ്രമിയ്ക്കാറുള്ളത്. എങ്കിലും അവരുടെ കൃതികളിൽ ഇപ്പറഞ്ഞ രണ്ടു രീതികളിൽ ഏതെങ്കിലും ഒന്നു മററതിനെക്കാറം മുന്തിനില്ക്കുന്നതു കണ്ടാം. ഇവയിൽ ഒന്നു മേന്മയേറിയതും മററതു മോശമെന്നും അല്ല പറയുന്നത്. അങ്ങിനെ പറയുവാൻ ന്യായമൊന്നുമില്ല. രണ്ടിനും ജീവിതത്തോട് അഭേദ്യവും അഗാധവുമായ ബന്ധമുണ്ട്. രണ്ടും ബോധത്തിൻെറ അന്തർനാളങ്ങളെ സ്പർശിയ്ക്കുന്നതാണ്. സ്തോഭം അന്തസ്സാരമാണെന്നും ഭാഷ പുറംതോടുമാത്രമാണെന്നും ചില നിരൂപകന്മാർ വാദിയ്ക്കാറുണ്ട്. ഇതബദ്ധമാണ്. പരാൽപരമായ സത്യംപോലും ഭാഷയുടെ ഘടനാവിശേഷങ്ങറംക്കു പരതന്ത്രമായി നില്ക്കുന്നതാണെന്നു തത്ത്വജ്ഞാനികറം തെളിയിയ്ക്കുവാൻ ശ്രമിയ്ക്കുന്നുണ്ട്. അർത്ഥവും സത്യവും ഒന്നാണെന്ന് അവരിൽ ചിലർ വാദിയ്ക്കുന്നു. ഓംകാരവും നാദബ്രഹ്മവും, ആദിയിൽ വചനമുണ്ടായി എന്ന ക്രിസ്തുമതസങ്കല്പവും അവക്കു പിൻതുണയല്ല, മുൻതുണതന്നെനല്കുകയും ചെയ്യുന്നു. അതുകൊണ്ട് ഈ രണ്ടു രീതികളെ ഇടതട്ടിച്ചുനോക്കി വില നിശ്ചയിയ്ക്കേണ്ട ആവശ്യമില്ല. ഇങ്ങിനെ രണ്ടു രീതികളുണ്ടെന്നു മാത്രമേ ധരിയ്ക്കേണ്ടതുള്ളു.

ഈ വിഭജനപ്രകാരം കുമാരനാശാൻ ഒരു സ്തോഭശില്പി ആണെന്ന് എനിയ്ക്കു തോന്നുന്നു. ഭാഷാപരമായ ശില്പവേലയ്ക്ക് അദ്ദേഹം പറയത്തക്ക യാതൊരുദ്യമവും ചെയ്യിട്ടില്ല. മലയാളഭാഷയുടെ സാരസ്യപരിപോഷം കടഞ്ഞെടുക്കുക എന്നതായിരുന്നില്ല അദ്ദേഹത്തിൻെറ ലക്ഷ്യം. അദ്ദേഹത്തിൻെറ അഭിരുചി ആ വഴിയ്ക്കല്ലായിരുന്നു. മേല്പത്തൂരിനെപ്പോലുള്ള ഒരു മഹാകവിയോടു താരതമ്യപ്പെടുത്തി നോക്കിയാൽ അദ്ദേഹത്തിൻെറ ഈ സ്വഭാവവിശേ

Digitized by Kerala Sahitya Akademi

ഷം നമുക്കു നല്ലവണ്ണം മനസ്സിലാകുന്നതാണ്. ഭട്ടപാദമഹാമുനി ചെയ്യുന്നതുപോലെ നാമബ്രഹ്മോപാസനത്തിലേയ്ക്കല്ല ആശാൻ നമ്മെ നയിക്കുന്നത്. അനുഭവങ്ങളുടെ വിശാലസാമ്രാജ്യമാണ് അദ്ദേഹത്തിന്റെ അന്വേഷണമണ്ഡലം. അവിടെനിന്നാണ് അദ്ദേഹം തനിക്കുവേണ്ട കരുക്കൾ ശേഖരിക്കുന്നത്. ഇങ്ങിനെ കിട്ടുന്ന സ്തോഭമഹാരത്നങ്ങളുടെ സംവിധാനത്തിൽനിന്നാണ് അദ്ദേഹം കലാസൌന്ദര്യത്തെ ജനിപ്പിക്കുന്നത്. സാധാരണയായി ആഖ്യായികയ്ക്കും നാടകത്തിനുംവേണ്ടി തിരഞ്ഞെടുക്കാറുള്ള കരുക്കളാണിവ. പക്ഷേ ആശാൻ അവയ്ക്കു കവിതാരൂപമായ ആഖ്യാനമാണ് നല്കിയത്. ഭാഷാശില്പികളായ കവികൾക്കു ആഖ്യാനമാണ് ഏററവും പ്രധാനം. സ്തോഭശില്പിയായ ആശാനാകട്ടെ അത്ര കാര്യമായി കരുതുന്നില്ല. ഇതിവൃത്തത്തിന്റെ വിഭാവനത്തിലും സംവിധാനത്തിലുമാണ് അദ്ദേഹത്തിന്റെ ശ്രദ്ധമുഴുവനും പതിയുന്നത്. അതാണ് അദ്ദേഹത്തിന്റെ (വായനക്കാരുടെയും) ഹൃദത്തെ ദ്രവീകരിക്കുന്നത്. കവിതയുടെ കാൽചിലമ്പൊലിയെ പിൻതുടൎന്നു പദപ്രപഞ്ചത്തിന്റെ പതിന്നാലു ലോകങ്ങളിലും പാറന്നു നടക്കുവാൻ അദ്ദേഹം തുനിയുന്നില്ല. അങ്ങിനെയുണ്ടാകുന്ന ആത്മീയാനുഭൂതികളല്ല അദ്ദേഹത്തിന്റെ കൃതികളിൽനിന്നു നമുക്കു ലഭിക്കുന്നത്. കാലത്തിനു വിധേയമായ, കദനവും കണ്ണുനീരും കലന്ന സ്തോഭപ്രപഞ്ചമാണ് അദ്ദേഹത്തിന്റെ വിഹാരരംഗം.

ഈ വിശാലമണ്ഡലത്തിൽത്തന്നെയും ആശാന്റെ പ്രവൎത്തനപരിധി സുനിശ്ചിതവും പരിമിതവുമാകുന്നു. അങ്ങുമിങ്ങും അലയുവാനും കിട്ടുന്നതുകൊണ്ടു തൃപ്തിപ്പെടുവാനും അദ്ദേഹം തയ്യാറില്ല. വൻതരംനേട്ടങ്ങളേ അദ്ദേഹത്തിനു വേണ്ടു. ഒരു വിനോദയാത്രയ്ക്കല്ല അദ്ദേഹം ഇറങ്ങുന്നത്; ചവിട്ടാത്തമണ്ണു ചവിട്ടാനും പുതിയ ഭൂഖണ്ഡങ്ങൾ കണ്ടുപിടിക്കാനുമാണ്. മൃദുലലോലങ്ങളായ അനുഭവങ്ങളിലും നേരിയനേരിയ വികാരങ്ങളിലും ആശാന്റെ കണ്ണു പതിയുന്നില്ല. ഉല്ക്കടങ്ങളും തീക്ഷ്ണങ്ങളും രൂക്ഷങ്ങളുമായ സ്തോഭങ്ങളും സന്ദൎഭങ്ങളുമാണ് അദ്ദേഹത്തിന്റെ കൃതികളിൽ നാം കാണുന്നത്. തമ്മിൽ പൊരുത്തമില്ലാത്തവയും, പലപ്പോഴും തീവ്രമായ വൈരുദ്ധ്യമുള്ളവയുമായ ഘടകങ്ങളെ മനുഷ്യന്റെ അന്തരംഗമാകുന്ന കുരുക്ഷേത്രത്തിൽ അണിനിരത്തി അവയുടെ അടവുകളിലും പോരാട്ടത്തിലുംനിന്നു കാവ്യശില്പങ്ങൾ നിൎമ്മിക്കുകയാണ് അദ്ദേഹം ചെയ്യുന്നത്. ജീവിതവും മരണവും, ആകൎഷകത്വവും നശ്വരത്വ

Digitized by Kerala Sahitya Akademi

വും, ആസക്തിയും വിരക്തിയും, ആശയും നിരാശയും, ആന്തജ്ജനവും ചെറുമനും, സീതയുടെ സ്ത്രീത്വവും ശ്രീരാമന്റെ പുരുഷത്വവും, "കനമാന്നെഴമന്ധമണ്ഡലം മനയും മണ്ണു" നിറഞ്ഞ ഈ ലോകവും "ഭജമാനൈകവിഭാവ്യമായ" ആത്മീയലോകവും, കാമവും പ്രേമവും, കാതര്യവും കാരുണ്യവും ആണ് അദ്ദേഹത്തിന്റെ വിഷയങ്ങൾ. അദ്ദേഹം നടത്തുന്ന ഈ ഭാരതയുദ്ധങ്ങളിൽ ഒരു ഭാഗത്തു മിക്കപ്പോഴും സ്നേഹമോ അതിനോടു ബന്ധപ്പെട്ട ഭാവങ്ങളോ ആയിരിക്കും നില്ക്കുന്നത്. പൊരുത്തമില്ലാത്ത ഘടകങ്ങളെ തമ്മിലിടയിക്കാനുള്ള അദ്ദേഹത്തിന്റെ ആസക്തി കാവ്യങ്ങളുടെ ഇതിവൃത്തത്തിലും സ്ഥൂലഭാവങ്ങളിലും മാത്രമല്ല സൂക്ഷ്മമായ അംശങ്ങളിൽപോലും കാണാവുന്നതാണ്.

വിരിഞ്ഞു കാററിൽ ആടിനില്ക്കുന്ന ഒരു പൂവിനെപ്പററി പത്തൻപതു ശ്ലോകങ്ങൾ എഴുതുവാൻ ഒരു കവിക്കു വലിയ പ്രയാസമൊന്നുമില്ല. ഭാഷാശില്പികളായ കവികൾ സ്വീകരിക്കുന്ന വിഷയങ്ങൾ ഈ ജാതിയാണ്. നല്ല ശ്ലോകങ്ങൾ തൂക്കിയിടുവാനുള്ള ഒരു ആണിമാത്രമാണ് അവക്ക് ഇതിവൃത്തം. പക്ഷേ ആശാന് അതുപോരാ, ശ്ലോകമല്ല സ്തോഭമാണ്—സ്തോഭതീക്ഷ്ണതയാണ്—അദ്ദേഹത്തിനു വേണ്ടത്. അതുകൊണ്ടാണ് അദ്ദേഹം വീണപൂവിനെ തേടുന്നത്. "നളിനി അഥവാ ഒരു സ്നേഹം" എന്നു പേരുകൊടുത്തിരിക്കുന്നെങ്കിലും ആ കൃതിയിലെ കഥ വെറുമൊരു സ്നേഹമല്ല. സർവ്വസംഗപരിത്യാഗികളായി സന്യാസം സ്വീകരിച്ചവരുടെ സ്നേഹമാണത്. എതിർധ്രുവങ്ങൾ തമ്മിലിടയുന്ന കാഴ്ചയാണ് നാം കാണുന്നത്. സ്നേഹിച്ചവർ സന്യാസികളായി പിരിയുകയല്ല, സ്നേഹിച്ചു പിരിഞ്ഞവർ സന്യാസികളായി കൂട്ടിമുട്ടുകയാണ്. ആദ്യം പറഞ്ഞതിലും സ്തോഭം വരുത്താം. പക്ഷേ സ്തോഭതീക്ഷ്ണതക്കു, വികാരങ്ങളുടെ ഭാരതയുദ്ധത്തിനു, രണ്ടാമത്തേതുതന്നെ വേണം. ഇതിവൃത്തത്തിൽ മാത്രമല്ല സൂക്ഷ്മഭാവങ്ങളിലും ഈ മല്ലയുദ്ധം കാണാമെന്നു പറഞ്ഞുവല്ലോ. നോക്കുക.

ചാരുഹാസയറിവെന്നി പെയ്ത ക-
ണ്ണീരുടൻ ചരമമേഘവൃഷ്ടിപോൽ
ധാരയാലഥ നനഞ്ഞനെഞ്ചില-
ദ്ധീരധീ പുളകമാന്നുമില്ലവൻ!

Digitized by Kerala Sahitya Akademi

എന്തൊരു വൈരുദ്ധ്യമാണു് കാണുന്നതു്! ഒരു ശ്ലോകത്തിന്റെ ഉള്ളിൽപ്പോലും! ഒരു വശത്തു് ഒരു സ്ത്രീയുടെ ചേതന ഉരുകിയുണ്ടാകുന്ന ബാഷ്പവർഷം. മറുവശത്തു കല്ലിനെക്കാൾ കട്ടപ്പമേറിയ ധീരധീത്വം. "അങ്ങിനെ പിടിയ്ക്കട്ടെ" എന്നു കവി കൺകോണു ചുളുക്കി, പല്ലു കടിച്ചുനിന്നു പറയുന്നതുപോലെ തോന്നിപ്പോകുന്നു. അങ്ങിനെയാണു് അദ്ദേഹം രസിയ്ക്കുന്നതു്; നമ്മെ രസിപ്പിയ്ക്കുന്നതു്. ഇതുപോലെ കരുണയിൽ "പ്രപഞ്ചം ചെന്നുഞെരുങ്ങി" നില്ക്കുന്ന ഒരു അത്ഭുതനിമിഷത്തെ അദ്ദേഹം സൃഷ്ടിയ്ക്കുന്നുണ്ടു്. അങ്ങേ അററം എത്തിയെന്നു വായനക്കാരൻ നിശ്ചയിച്ചുപോകുന്നു. പക്ഷേ ആശാൻ നിർത്തുന്നില്ല. അടുത്തമാത്രയിൽ അദ്ദേഹത്തിന്റെ ഭാവന "ഭഞ്ജിച്ചെറിഞ്ഞ പതംഗികാംഗങ്ങൾപോലെ" ദയനീയങ്ങളായ മാംസപിണ്ഡങ്ങളിലേയ്ക്കു കുതിയ്ക്കുന്നു. അതുകൂടി കാണിച്ചിട്ടേ അദ്ദേഹം അടങ്ങുകയുള്ളു. ഇങ്ങിനെ കുതിച്ചുമറിയുന്നതിലും കടകം തിരിയുന്നതിലും എന്താണു മേന്മയെന്നു ചോദിച്ചേക്കാം. അതു പ്രയാസമില്ലാത്തതാണെന്നും തോന്നിയേക്കാം. വാസ്തവത്തിൽ അതിലാണു് ആശാന്റെ വിസ്മയാവഹമായ വൈഭവം പ്രത്യക്ഷമാകുന്നതു്. കവി കിറുക്കുപിടിച്ചവനെപ്പോലെ വെറുതേ അങ്ങു മറിയുകയല്ല; താൻ പണിപ്പെട്ടു കേറിയ സ്ഥാനത്തുനിന്നു മൂഢത്വംകൊണ്ടു വീണുപോവുകയുമല്ല. അതേ ശ്വാസത്തിൽതന്നെ ഒരു ചാട്ടംകൂടി ചാടുവാൻ കഴിയുമെന്നു കാണിക്കുകയാണു ചെയ്യുന്നതു്. ആ പരമകോടിയിലെത്തുമ്പോൾ അദ്ദേഹത്തിന്റെ ആത്മീയശക്തി എരിഞ്ഞടങ്ങുന്നതിനുപകരം അപ്രതീക്ഷിതമായി ഒന്നു് ആളിക്കത്തുന്നു. സ്തോഭനാടകത്തിന്റെ മൂർദ്ധന്യമുഹൂർത്തത്തിൽ, കലാസൌന്ദര്യത്തിന്റെ തിങ്ങിനില്ക്കുന്ന തിളക്കത്തെ മങ്ങിപ്പിക്കാതെ, ആദ്ധ്യാത്മികമായ ആനന്ദത്തെ ഒരു പടികൂടി വർദ്ധിപ്പിച്ചുകൊണ്ടു് അതു ചെയ്യുന്നതാണു് ആശാന്റെ മേന്മ. ഇങ്ങിനെയാണു് അനുഭവങ്ങളുടെ അനവരതമുള്ള വൈരുദ്ധ്യങ്ങളിൽ ആന്തർലീനമെങ്കിലും, അവയാൽതന്നെ ആച്ഛന്നമായിക്കിടക്കുന്ന ഐക്യത്തെയും, അഖണ്ഡമായ സുഷമാവിശേഷത്തെയും അദ്ദേഹം ആവിഷ്ക്കരിക്കുന്നതു്. അസ്തിത്വത്തിന്റെ എതിർധ്രുവങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നതും, ചേതനയുടെ നോക്കെത്താത്ത ആഴങ്ങളിൽ ലയിച്ചുകിടക്കുന്നതുമായ അച്ചുതണ്ടു് അതാകുന്നു.

ഇങ്ങനെ അത്ഭുതാഭ്യാസിയായ ഒരു സ്തോഭശില്പിയെയാണു് കുമാരനാശാനിൽ ഞാൻ കാണുന്നതു്. അദ്ദേഹത്തിന്റെ ജീവിത

Digitized by Kerala Sahitya Akademi

നിരീക്ഷണവും തത്വചിന്തയും എന്നെ ആകർഷിക്കുന്നില്ല എന്ന പരമാർത്ഥം മറച്ചുവെയ്ക്കുന്നില്ല. പക്ഷേ അതു മറ്റൊരു കാര്യമാണ്. ആശാന്റെ കാവ്യകലയേയും, രീതിവിശേഷത്തേയും, അതിലുള്ള വൈഭവത്തേയും കുറിച്ചാണ് നാം ഇപ്പോൾ ആലോചിക്കുന്നത്. അദ്ദേഹം ഏതുവഴിക്കാണ് യാത്രചെയ്യുന്നതെന്നും, എന്തെല്ലാം പ്രയാസങ്ങളെ തരണംചെയ്യുന്നെന്നും, പാഴ്ത്തുരുത്തുകളിലോ ഭൂഖണ്ഡങ്ങളിലോ ചെന്നെത്തിയതെന്നും മാത്രമേ അന്വേഷിക്കുന്നുള്ളു. അദ്ദേഹം കൊടിനാട്ടിയ വൻകരകളിൽ പുഞ്ചിരിയോ കണ്ണുനീരോ, ആനന്ദമോ വിഷാദമോ ഏതാണ് വിളയുന്നതെന്നുള്ള ചോദ്യം ഇവിടെ അസംഗതമാണ്. ഫലത്തിന്റെ ഗുണംകൊണ്ടല്ല യത്നത്തിന്റെ മഹിമകൊണ്ടാണ് ജീവിതത്തിന്റെ വില നിശ്ചയിക്കേണ്ടത്. കലയുടെ കാര്യത്തിലും ഇതു പരമാർത്ഥമാകുന്നു. ഈ നിലയിൽ നോക്കുമ്പോൾ കേരളത്തിന്റെ അഭിമാനഭാജനമായ ഈ മഹാകവി പ്രദർശിപ്പിക്കുന്ന കലാവൈഭവത്തിനു മുമ്പിൽ സാഷ്ടാംഗപ്രണാമം ചെയ്യാതെ നിവൃത്തിയില്ല.

Digitized by Kerala Sahitya Akademi

# ഉള്ളർ

അരനൂററാണ്ടു കാലത്തെ ആത്മാർത്ഥവും അനുസ്യൂതവുമായ സാഹിത്യസേവനത്തിനുശേഷം മഹാകവി ഉള്ളർ 1949 ജൂൺമാസം 15-ാംനു- കാലധർമ്മം പ്രാപിച്ചു. ഭാഷാപോഷണതൃഷ്ണയുടെ മൂർത്തിമദ്ഭാവമായ ഒരു മഹാത്മാവ് കേരളത്തിനു നഷ്ടമായി. സാഹിത്യവേദിയിലെ ചാപല്യങ്ങൾക്കുമീതെ തലയുയർത്തിനിന്നു ദുരുദ്ദേശപ്രേരിതങ്ങളായ അപഹാസങ്ങളാലും അവഹേളനങ്ങളാലും പിൻതിരിയ്ക്കപ്പെടാതെ, തന്റെ ആരാധനാമൂർത്തിയായ കൈരളിയ്ക്കു വേണ്ടി, സാധാരണയുള്ള തോതുവെച്ചു നോക്കിയാൽ പത്തു പേരുടെ പ്രയത്നം എത്രയോ ജോലിത്തിരക്കുണ്ടായിരുന്ന ഒരൊററ ആയുഷ്പരിധിയ്ക്കുള്ളിൽ ചെയ്തുതീർത്ത ഒരത്ഭുതവ്യക്തിയാണ് നമ്മെ വിട്ടുപിരിഞ്ഞതു്. ഇവിടെ ഈ തിരുവനന്തപുരത്തുള്ള ഞങ്ങളെ അദ്ദേഹത്തിന്റെ വേർപാട് ഒരുററബന്ധുവിന്റെ വിയോഗം പോലെ വേദനിപ്പിയ്ക്കുന്നു. ഈ നഗരത്തിനു പരിലാളിയ്ക്കുവാൻ ഭാഗ്യമുണ്ടായ മഹാസാഹിത്യകാരന്മാരുടെ പരമ്പരയിൽ ഒടുവിലത്തെ ആളായിരുന്നു ഉള്ളർ. അദ്ദേഹം പോയതോടുകൂടി ആ പാരമ്പര്യവും അവസാനിച്ചു എന്നുതന്നെ പറയാം. സ്വഭവനത്തിന്റെ പൂമുഖത്തു ചമ്രംപടിഞ്ഞിരുന്നു മലയാളഭാഷയ്ക്കു മുതൽ കൂട്ടുന്നതിനുവേണ്ടി വിശ്രമമില്ലാതെ പണിയെടുക്കുന്ന ഒരു സിദ്ധന്റെ ചിത്രമാണ് അദ്ദേഹത്തെപ്പററി സ്മരിയ്ക്കുമ്പോാം എന്റെ മനസ്സിൽ ഉദിയ്ക്കുന്നതു്. ഞാൻ അവിടെ ചെന്നിട്ടുള്ളപ്പോഴൊക്കെ ആ നിലയിലേ അദ്ദേഹത്തെ കണ്ടിട്ടുള്ളു. എത്രയോ വിലയേറിയ ആ ജോലിക്കു വിഘ്നം വരുത്തുന്നല്ലോ എന്നുള്ള അപരാധബോധത്തോടുകൂടിയല്ലാതെ എനിയ്ക്കു് അദ്ദേഹത്തെ സമീപിയ്ക്കാൻ കഴിഞ്ഞിട്ടില്ല. സാഹിത്യപരിശ്രമത്തിന് അമരാവതിയുടെ ചമയങ്ങളും അന്തർമുഖത്വം വളർത്തുന്ന അന്തരീക്ഷവും മററും വേണമെന്നാണ് സാധാരണ ധാരണ. ഇതൊക്കെ നിർമ്മിയ്ക്കുന്നതിനു വേണ്ട സകലസൌകര്യങ്ങളുമുണ്ടായിരുന്നെങ്കിലും, ഉള്ളരിന് അതിന്റെ ആവശ്യം തോന്നിയില്ല. കേവലം ഒരു ആധാരമെഴുത്തുകാരനു ലഭിയ്ക്കുന്ന ചുററുപാടുകളാണ് അദ്ദേഹം ഇഷ്ടപ്പെട്ടതു്.

Digitized by Kerala Sahitya Akademi

വേലയോടു സ്നേഹവും വേലചെയ്യാൻ വിരുതുമുള്ളവക്കു ചുററു പാടുകളെക്കുറിച്ചുള്ള ചിന്തയില്ല.

സാഹിത്യകല ഉൽക്കൃഷ്ടമായ ഒരു വിനോദമായി കരുതപ്പെട്ടിരുന്ന ഒരു കാലത്താണ് ഉള്ളൂർ രംഗപ്രവേശം ചെയ്തത്. വെണ്മണിപ്രഭൃതികളുടെ പ്രഭാവം അതിൻെറ പരമകാഷ്ഠയിലെത്തിയ കാലം! എങ്കിലും ചെറുപ്പത്തിലേതന്നെ പാകതയും ഗൗരവബുദ്ധിയും വന്ന ഒരു കവിയായിട്ടാണ് അദ്ദേഹത്തെ നാം കാണുന്നത്. നമ്മുടെ നാട്ടിൽ കവികൾ സാധാരണ ചെയ്യാറുള്ളതുപോലെ ശൃംഗാരശ്ലോകങ്ങളുംകൊണ്ടു് അദ്ദേഹം കളിച്ചുനടന്നതായി കേട്ടിട്ടില്ല. ഈയൊരു ഗൗരവബുദ്ധിയും പാകതയും അദ്ദേഹത്തിൻെറ സാഹിത്യജീവിതത്തിൽ ആദ്യന്തം കാണാവുന്നതാണ്. ഉദാസീനമായോ വെറും ഉല്ലാസത്തിനുവേണ്ടിയോ ഒരു വരിപോലും അദ്ദേഹം എഴുതിയിട്ടുണ്ടെന്നു തോന്നുന്നില്ല. സകലതിലും ഒരു ഉപാസനയുടെ മനോഭാവം കലർന്നിട്ടുണ്ടു്. ഇതു മലയാളഭാഷയ്ക്കു ലഭിച്ച ഒരു മഹാഭാഗ്യമായിട്ടാണ് ഞാൻ കരുതുന്നത്. വ്യൽപത്തിയുടെ വിലയിടിഞ്ഞുപോയ ആധുനികകാലത്തു കേരളസാഹിത്യത്തിൽ അതിൻെറ ഒരു മഹാനിക്ഷേപമായി വളരുന്നതിനും, വിപ്ലവമെന്നും പുരോഗമനമെന്നും വീണ്ടും വീണ്ടും വിളിച്ചുപറഞ്ഞുകൊണ്ടു വാളെടുത്തവരെല്ലാം വെളിച്ചപ്പാടു തുള്ളുന്നതിനിടയ്ക്കു കാവ്യകലയുടെ സനാതനഭാവങ്ങളിൽ അടിയുറച്ചുനിന്നു സാരസ്വതബ്രഹ്മത്തെ സാക്ഷാൽക്കരിക്കുന്നതിനും അതുമൂലം അദ്ദേഹത്തിനു സാധിച്ചു. ഭാഷാസാഹിത്യം പടിഞ്ഞാറൻ പരിഷ്കാരത്തിൻെറ പുതുമോടികളിൽ നാടുംകൂടുംമറന്നു ഭ്രമിച്ചുപോയ ഒരു കാലഘട്ടത്തിൽ ഉള്ളൂരിൻെറ പ്രതിഭ നേർവഴിയിൽനിന്നു പതറാതെ വദ്ധിതശക്തിയോടെ പ്രവർത്തനംനടത്തി. ഭാരതീയസംസ്കാരത്തിൽ ആയിരത്തൊന്നുതവണ ആവർത്തിച്ചെടുത്ത അദ്ദേഹത്തിൻെറ കാവ്യസഞ്ചയം ഒരു സിദ്ധൗഷധത്തിൻെറ ഫലം ചെയ്തിട്ടുണ്ടു്. അതു പൂർണ്ണമായി മനസ്സിലാക്കുന്നതിനു നമുക്ക് ഒരുപക്ഷെ, കുറേക്കാലംകൂടി വേണ്ടിവന്നേക്കാം. അദ്ദേഹത്തിൻെറ ചേതനയ്ക്ക് ആദ്യംമുതൽക്കുതന്നെ ഗ്രഹിയ്ക്കുവാൻ കഴിഞ്ഞ മൂല്യങ്ങൾ 1947-നുശേഷം നാം അല്പാല്പമായി അറിഞ്ഞുതുടങ്ങിയിട്ടേയുള്ളു. നമ്മുടെ സാഹിത്യത്തിൽ ആ മൂല്യങ്ങൾ വിസ്മൃതമാകാതെ രക്ഷിച്ചതാണ് അദ്ദേഹംചെയ്ത ഏററവും വലിയ സേവനം. ഭാരതീയസംസ്കാരത്തിൻെറ പ്രഭവസ്ഥാനങ്ങളുമായി നമ്മെ ബന്ധി

Digitized by Kerala Sahitya Akademi

പ്പിക്കുന്ന സ്വർണ്ണശൃംഖലയുടെ ഒടുവിലത്തെ കണ്ണിയാണ് അദ്ദേഹം. ഈ ബന്ധം തീരെ അററുപോകുമെന്നുള്ള നിലവരെ നാം എത്തിയതാണ്. സംസ്കൃതസാഹിത്യവുമായി നേരിട്ടു പരിചയമുള്ളവർ എത്രയോ കുറഞ്ഞുപോയി. വ്യാഖ്യാനങ്ങളും തർജ്ജമകളും വായിച്ച് ആ പരിചയം പുലർത്തുവാൻ താല്പര്യവും ക്ഷമയുമുള്ളവരും ഇല്ലാതായി. വ്യാസനും വാല്മീകിയും ഭാസനും കാളിദാസനും മറേറതോ രാജ്യക്കാരെപ്പോലെ നമുക്ക് അന്യരും അകൽച്ചയുള്ളവരുമായിത്തീർന്നു. അവരുടെ സ്ഥാനത്തു ഷെല്ലിയും കീററ്സും മന്തർലങ്ങും മയാക്കോവ്സ്കിയും പ്രതിഷ്ഠിക്കപ്പെട്ടു. പുതിയപുതിയ പരിചയങ്ങൾ നല്ലതുതന്നെയാണ്. പക്ഷെ ത്ത് "നിത്യമോദരാ വല്ലഭർ" എന്ന രീതിയിലായാൽ സംസ്കാരം അപകടത്തിലാകും. അതിഭയങ്കരമായ ഈ ആപത്തിനെ നിവാരണംചെയ്യുവാൻ വേണ്ടിയുള്ള ഒരു മഹായജ്ഞമായിരുന്നു ഉള്ളൂരിന്റെ ജീവിതം. ഭാരതീയസംസ്കാരത്തിന്റെ ആദ്ധ്യാത്മിക സ്പന്ദനങ്ങൾ മലയാളത്തിൽനിന്നു മാഞ്ഞുപോകാതെ രക്ഷിച്ച ഈ മഹാപുരുഷൻ നമ്മുടെ ആപൽബന്ധുവായിരുന്നു. ഈ പരമാർത്ഥം ഇന്നല്ലെങ്കിൽ നാളെ സാർവ്വത്രികമായി അംഗീകരിക്കപ്പെടുമെന്നും, അദ്ദേഹത്തിന്റെ നാമത്തെ കേരളം അകംനിറഞ്ഞ കൃതജ്ഞതയോടെ എന്നെന്നും സ്മരിക്കുമെന്നും എനിക്കു വിശ്വാസമുണ്ട്. പരിഭാഷകളിലൂടെയോ വ്യാഖ്യാനങ്ങളിലൂടെയോ അല്ല അദ്ദേഹം അമൂല്യമായ ഈ സേവനം അനുഷ്ഠിച്ചത്. കാവ്യനിർമ്മാണമായിരുന്നു അദ്ദേഹം സ്വീകരിച്ച ഉപായം. ഭാരതീയ സംസ്കാരത്തിന്റെ സാരസർവ്വസ്വം നിറഞ്ഞ എത്രയെത്ര മനോഹരകാവ്യങ്ങളാണ് അദ്ദേഹം കൈരളിക്കു കാഴ്ചവെച്ചത്! അതുല്യമായ വാസനയുടെയും അനന്യസാധാരണമായ പാണ്ഡിത്യത്തിന്റെയും സന്താനങ്ങളായ ഈ കാവ്യങ്ങൾ ഇന്നത്തെ തലമുറയുടെ ഇതിഹാസങ്ങളാകുന്നു. അവക്കു രുചിക്കുന്ന രൂപങ്ങളിൽ അദ്ദേഹം പുരാതനങ്ങളായ ഇതിവൃത്തങ്ങളെ പ്രപഞ്ചനംചെയ്തു. അങ്ങനെ എത്രയോ നൂററാണ്ടുകളായി ഭാരതീയജനതക്കു ഹൃത്പ്രദ്യോതനം നല്കിയ ആശയങ്ങൾക്കും ആദർശങ്ങൾക്കും അദ്ദേഹം ആധുനിക കാലത്തും പ്രചാരം വരുത്തി.

ഇതിഹാസങ്ങളെക്കുറിച്ചുള്ള ഈ പ്രസ്താവന വെറുമൊരു ഉൽപ്രേക്ഷയല്ല. ഇതിവൃത്തത്തിലും ഇതരലക്ഷണങ്ങളിലും ഉള്ളൂർകൃതികൾക്ക് ഇതിഹാസങ്ങളോടു സാദൃശ്യമുണ്ട്. സാക്ഷാൽ

Digitized by Kerala Sahitya Akademi

കൃഷ്ണദ്വൈപായനമഹർഷിയാൽ വിരചിതമായ മഹാഭാരതത്തെ മറെറന്തിലും ഉപരിയായി പൂജിച്ച ഈ കവിപുംഗവന്റെ കൃതികൾക്ക് ഈ ലക്ഷണങ്ങൾ കൈവന്നതു സ്വാഭാവികമാണ്. ലോകോത്തരോത്തരമായ ഈ ഇതിഹാസത്തിന്റെ ശീതളച്ഛായയിലാണ് അദ്ദേഹം ഓരോ നിമിഷവും ജീവിച്ചത്. അദ്ദേഹത്തിന്റെ വേദവും ഉപനിഷത്തും ശാസ്ത്രവും മീമാംസയുമെല്ലാം അതായിരുന്നു. ലോകത്തിലുള്ള മററു സകലഗ്രന്ഥങ്ങളും നശിച്ചാലും ഇതൊന്നുമാത്രം നശിക്കരുതെന്നാണ് അദ്ദേഹം പ്രാർത്ഥിച്ചത്. ഇങ്ങനെ വ്യാസഭഗവാന്റെ ഭാവനാസാമ്രാജ്യവുമായി നിത്യപരിചയം പുലർത്തിയ അദ്ദേഹത്തിന്റെ കൃതികളിൽ ഒരു ഇതിഹാസസൗന്ദര്യം നിറഞ്ഞുനില്ക്കുന്നു. അദ്ദേഹത്തിന്റെ പ്രതിഭയ്ക്കു വിശ്വത്തോളംതന്നെ വിശാലമായ പശ്ചാത്തലങ്ങൾ വിഭാവനംചെയ്യാൻ കഴിവുണ്ടായിരുന്നു. അതിന്നുമാത്രമേ കഴിവുണ്ടായിരുന്നുള്ളു എന്നുകൂടി പറയാവുന്നതാണ്. ആ പ്രതിഭ ഖണ്ഡകാവ്യങ്ങളും മുറിക്കവിതകളും എഴുതുവാൻ അശേഷം പററിയതല്ല. ഒരു വികാരശകലത്തെയും, നിമിഷാർദ്ധത്തിലെ അനുഭവത്തെയും കൈകാര്യംചെയ്യുമ്പോഴും അതിവിശാലമായ ആ പശ്ചാത്തലവും അന്തരീക്ഷവും അതു കൈവെടിയുന്നില്ല. ഒരു ഇതിഹാസത്തിലോ മഹാകാവ്യത്തിലോ മാത്രം ഇണങ്ങിച്ചേരുന്ന ഉല്ലേഖപ്രചുരിമയും വർണ്ണശബളതയും അതിലും വന്നുകൂടുന്നു. ഏഴുരണ്ടുലോകങ്ങളിലും വ്യാപിച്ച് എണ്ണമററ തലമുറകളെ ഉൾക്കൊണ്ടുനില്ക്കുന്ന ഒരു ബൃഹത്കാവ്യത്തിന്നു യോജിച്ച സാങ്കേതികരീതിയാണ് ഉള്ളൂർ തന്റെ ഏററവുംചെറിയ കൃതിയിൽപോലും സ്വീകരിച്ചത്. ഇതു മനസ്സിലാക്കാതെ പലരും അദ്ദേഹത്തെ അതിനിശിതമായി വിമർശിച്ചിട്ടുണ്ട്. ചില്ലറക്കച്ചവടത്തിന്റെ താല്പര്യംകൊണ്ടാണ് ഈ ഹ്രസ്വദൃഷ്ടികൾ ഒരു മഹാകുബേരന്റെ ചരക്കുകൾ വാങ്ങുവാൻ ചെന്നത്. കടലിൽചെന്നാലും നക്കിക്കുടിക്കുന്ന ഈ നിരൂപണസമ്പ്രദായത്തെപ്പററി വിശേഷിച്ചൊന്നും പറയാതിരിക്കുകയാണ് ഭേദം. മഹോദ്യമനായ ഈ കവിതിലകനിൽനിന്ന് ഉമാകേരളമല്ലാതെ ഇതിഹാസത്തിന്റെ വടിവിലുള്ള മററുകൃതികൾ ലഭിക്കാതെപോയതിലേ എനിക്കു ഖേദമുള്ളു. വായനക്കാരുടെ ഇടയ്ക്കു വൻതരം കാവ്യങ്ങൾക്കു പ്രിയമില്ലാതെ വന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. തിരക്കുകൂടിയെന്നും വായിക്കാൻ സമയമില്ലെന്നും ഓരോരോ അബദ്ധങ്ങൾ പറഞ്ഞുപരത്തുകയാൽ എല്ലാ

Digitized by Kerala Sahitya Akademi

വരും ചെറുതരം കൃതികൾമാത്രം എഴുതിത്തുടങ്ങി. ഒന്നോ രണ്ടോ വ്യാഴവട്ടം ചിലവഴിച്ച് ഒരു മഹാഗ്രന്ഥം നിർമ്മിക്കുവാൻ ഒരു കവിക്കും ധൈര്യമില്ലാതായി. നമ്മുടെ സാഹിത്യത്തിൽ, കഴിഞ്ഞ എത്രയോ കാലമായി, എന്നെന്നും നിലനില്ക്കണമെന്ന വിചാരത്തോടെ എഴുതിയ എണ്ണപ്പെട്ട ഒരു കാവ്യംപോലും ഉണ്ടാകാതിരിക്കുന്നതിന്റെ യഥാർത്ഥകാരണം ഇതാണെന്ന് എനിക്കു തോന്നുന്നു. ഐതിഹാസികമായ പ്രതിഭാശക്തിയാൽ അനുഗൃഹീതനായ ഉള്ളൂരും ഇടക്കാലത്തുണ്ടായ ഈ ചെറുകാവ്യപ്രളയത്തിൽ അകപ്പെട്ടുകയാണുണ്ടായത്. ബങ്കിംചന്ദ്രചാററർജി ഒരിക്കൽ രവീന്ദ്രനാഥടാഗോറിനോട് ഒരു ഇതിഹാസം എഴുതണമെന്നു പറയുകയുണ്ടായി. ടാഗോറിന്റെ ചെറുപ്പകാലത്താണ്. ബങ്കിംചന്ദ്രന്റെ വാത്സല്യം നിറഞ്ഞ ആ ഉപദേശം അദ്ദേഹം സ്വീകരിക്കുകയും അതു തന്റെ ജീവിതലക്ഷ്യമായി കരുതുകയും ചെയ്തു. പക്ഷെ അദ്ദേഹം ഇതിഹാസം എഴുതിയില്ല. ഒടുവിൽ ആ ഉപദേശത്തെപ്പററി സ്മരിച്ച ടാഗോർ, ഒരു ഇതിഹാസമെഴുതണമെന്നുണ്ടായിരുന്ന തന്റെ ആശയം ഒരു പളുങ്കപാത്രംപോലെ താൻ കൊണ്ടുനടന്നെന്നും, വാഗ്ദേവതയുടെ വളക്കിലുക്കങ്ങളിൽ ഭ്രമിച്ച തന്റെ കൈയ്യിൽനിന്ന് അതു താഴെ വീണുപോയെന്നും അതു പൊട്ടിത്തകർന്നു നുറുനുറു കഷണങ്ങളായി അവളുടെ തിരുമുമ്പിൽ ചിതറിക്കിടക്കുന്നു എന്നും വിലപിക്കുകയുണ്ടായി. ഉള്ളൂരിന്റെ പളുങ്കപാത്രം ചെറുകാവ്യഭ്രമക്കാരായ നാംതന്നെയാണ് തട്ടിയിട്ടുപൊട്ടിച്ചത്. ഭാരതീയാദർശങ്ങളെ വികിരണംചെയ്തു മഴവില്ലൊളികലർന്നുകിടക്കുന്ന അതിന്റെ പട്ടമൊത്ത കഷണങ്ങൾ ഭാവനയിലെങ്കിലും കൂട്ടിച്ചേർത്ത് ഐതിഹാസികമായ കാവ്യാനുഭൂതിയുടെ സ്വാദറിയുവാൻ നാം ശ്രമിക്കേണ്ടതാണ്. ഇത്രക്കു വിശാലഭാവനയുള്ള കവികളെ വളരെ അപൂർവ്വമായിമാത്രമേ നമുക്കു കിട്ടുകയുള്ളു. സംസ്കൃതത്തിലും മലയാളത്തിലുമുള്ള സുകുമാരപദങ്ങൾ സമസ്തവും അദ്ദേഹത്തിനു സ്വാധീനമായിരുന്നു. മലയാളഭാഷയുടെ ചരിത്രത്തിൽ ഉണ്ടായിട്ടുള്ള ഏററവും ചെറിയ സംഭവങ്ങൾപോലും അദ്ദേഹത്തിനു സുപരിചിതമായിരുന്നു. സാഹിത്യപരമായ ഒരു കാര്യവും അദ്ദേഹം നിസ്സാരമായി കരുതിയില്ല. ഒരു മതകർമ്മം ചെയ്യുമ്പോഴത്തെപ്പോലുള്ള പവിത്രതാബോധത്തോടുകൂടിയേ അദ്ദേഹം തൂലികയെടുത്തിട്ടുള്ളു.

ഈ പവിത്രതയും ഉപാസനയും എല്ലാം പോയി സാഹിത്യ

Digitized by Kerala Sahitya Akademi

കല കേരളത്തിൽ ഉന്നടപ്പിന്റെ നിലയിലേയ്ക്കു അധഃപതിയ്ക്കു ന്നതു കാണുവാനും ഉള്ളരിനു ദൗർഭാഗ്യമുണ്ടായി. ഇങ്ങിനെ അധഃ പതിച്ച നിലയിൽനിന്നു തന്റെ നേക്കുണ്ടായ അതികഠിനമായ ചില ആസ്ഥാനങ്ങളും അദ്ദേഹത്തിന് ഒടുവിൽ സഹിയ്ക്കേണ്ടി വന്നു. പക്ഷെ ഇതുകൊണ്ടൊന്നും അദ്ദേഹത്തിന്റെ സാഹിത്യ സേവനത്തിന്നുയ്ക്കു തെല്ലുപോലും മാന്ദ്യം സംഭവിച്ചില്ല. മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും സുദീർഘവും സമഗ്രവുമായ ഒരു ചരിത്രം എഴുതുന്നതിനാണ് അദ്ദേഹം തന്റെ ജീവിത സായാഹ്നം വിനിയോഗിച്ചത്. കൈരളിയുടെ ഭാഗ്യാതിരേക ത്താൽ അതു പൂർത്തിയാക്കുന്നതിനു വേണ്ട ആരോഗ്യം അദ്ദേഹത്തിനു ലഭിച്ചു. ഏഴു വാല്യങ്ങളിലായുള്ള ഈ മഹാഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണം തിരുവിതാംകൂർ സർവ്വകലാശാല ഏറ്റെടുത്തി രിയ്ക്കയാണ്. ഒരു കേരളചരിത്രംകൂടി എഴുതണമെന്ന് അദ്ദേഹ ത്തിന് ഉദ്ദേശമുണ്ടായിരുന്നെന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ട്. പക്ഷെ അത് ആരംഭിയ്ക്കുന്നതിനുപോലും അദ്ദേഹത്തിനു സാധി ച്ചെന്നു തോന്നുന്നില്ല. അതു നമ്മുടെ നിർഭാഗ്യം. തന്റെ ജീവിതം വ്യർത്ഥമായില്ലെന്നുള്ള കൃതാർത്ഥതയോടുകൂടിയാണ് അദ്ദേഹം മരിച്ച തെന്നുള്ളതിൽ സംശയമില്ല. താൻ രംഗപ്രവേശംചെയ്തപ്പോഴത്തെ നിലയിൽനിന്നു കേരളസാഹിത്യം എത്രയോ അഭിവൃദ്ധിപ്പെട്ടു എന്നും, ഈ അഭിവൃദ്ധിയ്ക്ക് ഒരു പ്രധാനകാരണക്കാരൻ താൻ തന്നെയായിരുന്നെന്നും സാഹിത്യചരിത്രകാരനായ അദ്ദേഹത്തിനു മനസ്സിലാക്കാൻ സാധിച്ചിരിയ്ക്കണം. കേരളത്തിന്റെ കൃതജ്ഞ തയെ അർഹിയ്ക്കുന്ന ഒരു പരമാർത്ഥമാണിത്. ഈ കൃതജ്ഞതയുടെ കുസുമാഞ്ജലികളോടുകൂടി നമുക്ക് അദ്ദേഹത്തിന്റെ ആത്മാവിന്നു നിത്യശാന്തിയെ പ്രാർത്ഥിയ്ക്കാം.

Digitized by Kerala Sahitya Akademi

9

# സ്ത്രീയും സാഹിത്യവും

നമ്മുടെ ആധുനികസാഹിത്യത്തിൽ രണ്ടു തരം സ്ത്രീപാത്രങ്ങളെ കാണുന്നുണ്ട്. ഒന്നു പിഴച്ചവരും പിഴപ്പിക്കുന്നവരുമായ ഒരുതരം നികൃഷ്ടജീവികൾ. മററുള്ള ജീവിതത്തിന്റെ വെയിലും വെളിച്ചവും ഏററാൽ വാടിപ്പോകുന്ന ചില ദയനീയസൃഷ്ടികൾ. ആദ്യത്തെ മാതൃക ചെറുകഥകളിലൂടെയാണ് പ്രചാരത്തിൽ വന്നിട്ടുള്ളത്. അഴുകിപ്പോയ ആത്മാവിന്റെ ദുർഗ്ഗന്ധം വമിച്ച് അതു നമ്മുടെ കഥാസാഹിത്യത്തെ മലീമസമാക്കുന്നു. രണ്ടാമത്തെ മാതൃക ഇന്നത്തെ യുവകവികളുടെ ആരാധനാമൂർത്തിയാണ്. നെടുവീർപ്പും പരിദേവനങ്ങളും പട്ടിൽ പൊതിഞ്ഞെടുത്ത പ്രതീതിയാണ് അതു ജനിപ്പിക്കുന്നത്. പുരുഷപ്രതിഷ്ഠകൾക്കുമുമ്പിൽ പരവശഭാവത്തിൽ ധ്യാനിച്ചുനിന്നു "പ്രാണനാഥാ! ഈ അടിമയെ രക്ഷിക്കേണമേ' 'എന്ന് ഈ വിഷാദമൂർത്തി കേഴുന്നു. ജീവിക്കണമെന്നുള്ള മോഹമോ ജീവിക്കാനുള്ള കഴിവോ ഈ സാധുവിനില്ല. മനുഷ്യരൂപംപൂണ്ട ഒരുതരം തൊട്ടാവാടിയാണത്. ഏതു നിമിഷത്തിലും ജീവിതം ഒടുക്കുവാനും തയ്യാറാണ്. കാരയോ വിഷമോ പാകംപോലെ കൊടുത്ത് ഈ കടുംകൈക്ക് ഒത്താശചെയ്യുവാൻ കവിയും എപ്പോഴും അടുത്തുതന്നെ നില്പുണ്ട്. ഇതു തൊട്ടാവാടിയാണെങ്കിൽ ആദ്യം പറഞ്ഞത് നില്ക്കുന്ന മണ്ണും വേവിക്കുന്ന കലവും തിന്നുന്ന വയറും നാശമാക്കുന്ന മുക്കിഴങ്ങാണ്. ഈ രണ്ടു മാതൃകകൾക്കും പരസ്പരം വളരെ വ്യത്യാസമുണ്ടെങ്കിലും ഒരു കാര്യത്തിൽ അവ തുല്യരാണ്. പുരുഷനുമായുള്ള വേഴ്ചയാണ് രണ്ടു കൂട്ടരുടെയും ജീവിതത്തിലെ ഏകലക്ഷ്യം. പ്രയാണം ഭിന്നമാർഗ്ഗങ്ങളിലൂടെയാണെങ്കിലും ലക്ഷ്യം സാരാംശത്തിൽ ഒന്നുതന്നെയാണ്. ആദ്യത്തെ കൂട്ടക്ക് അതൊരു സാഹസയാത്രയാണ്. ലക്ഷ്യപ്രാപ്തിയോടൊപ്പംതന്നെ മാർഗ്ഗമദ്ധ്യേ കാണിക്കുന്ന സാഹസങ്ങൾകൊണ്ടു കാണികളെ അമ്പരപ്പിക്കണമെന്നും അവക്ക് ഉദ്ദേശമുണ്ട്. കിഴക്കോട്ടു പോയാൽ ആക്കം കിട്ടുന്നതു പടിഞ്ഞാട്ടുപോയി നേടണമെന്നുള്ള മക്കടമുഷ്ടിയും അതിൽ അന്തർഭവിക്കുന്നു. രണ്ടാമത്തെ കൂട്ടരുടേത് വെറും ഭിക്ഷാ

Digitized by Kerala Sahitya Akademi

ടനമാണ്. അതിലുമുണ്ട് ഒരു പ്രദർശനമനോഭാവം. വഴിനീളെ അലിവും അനുകമ്പയും അർത്ഥിച്ചുകൊണ്ടേ അവൾക്കു മുന്നോട്ടു നീങ്ങാൻ കഴിവുള്ളു. ലക്ഷ്യം പ്രാപിച്ചില്ലെങ്കിലും ഭിക്ഷ കിട്ടിയില്ലെങ്കിലും തങ്ങളുടെ മുറിവും വേദനയും മററുള്ളവർ കാണണമെന്നുള്ള ആകാംക്ഷയാണ് അതിൽ മുന്തിനില്ക്കുന്നത്.

ഇന്നത്തെ സാഹിത്യം കേരളീയസ്ത്രീത്വത്തിനു നല്കുന്ന ഉപഹാരമാണിത്! നമ്മുടെ സ്ത്രീകളെപ്പററി ബാഹ്യലോകത്തിന് നാം നല്കുന്ന ചിത്രം ഇതാണ്! ഈ മാതൃകയിലാണ് നമ്മുടെ ബാലികമാരും വിദ്യാർത്ഥിനികളും വളർന്നുവരുവാൻ നാം അനുവദിക്കുന്നത്! ജീവിതത്തിന്റെ വാസ്തവങ്ങൾ അറിഞ്ഞിട്ടില്ലാത്ത പിഞ്ചുഹൃദയങ്ങളുടെമേൽ ഇത്തരം സാഹിത്യത്തിനുള്ള വശീകരണശക്തി എത്രയെന്നു നാം മനസ്സിലാക്കുന്നില്ല. ഈ ദുഃസ്വപ്നങ്ങളും ദിവാസ്വപ്നങ്ങളുമാണ് സ്ത്രീജീവിതമെന്ന് അവർ വ്യാമോഹിക്കുന്നു. അതിനു യോജിച്ചരീതിയിൽ അവർ തങ്ങളുടെ ആത്മാവിനെ ഒരുക്കിവെയ്ക്കുന്നു. ഈശ്വരാ! ഈ മഹാപരാധങ്ങളെക്കുറിച്ചുള്ളബോധം എന്നാണ് നമ്മുടെ ഉള്ളിൽ ഉദിക്കുവാൻ പോകുന്നത്! സ്ത്രീസങ്കല്പവും സാഹിത്യവുംതമ്മിലുള്ള അതിപാവനമായ ബന്ധത്തെ നാം മാനിയ്ക്കുകയില്ലെന്നോ? സാഹിത്യംതന്നെ സ്ത്രീയാണെന്നാണ് ഭാരതീയസങ്കല്പം. കാവ്യങ്ങൾ കാന്താസമ്മിതങ്ങളാണെന്നു നമ്മുടെ ആചാര്യന്മാർ ഉൽബോധിപ്പിയ്ക്കുന്നു. സാഹിത്യംമാത്രമല്ല, മററു കലകളും വിദ്യയും ഐശ്വര്യവും എന്നുവേണ്ട, ജീവിതം ജീവിക്കത്തക്കതാക്കുന്ന സമസ്തവും നമ്മുടെ ആരാധനാരൂപമായ അവലോകനത്തിൽ സ്ത്രീരൂപമാണ് കൈക്കൊള്ളുന്നത്. കേരളീയരായ നമുക്കു സാഹിത്യത്തിലും സദാചാരത്തിലും ഒരുപോലെ ആചാര്യനായി നില്ക്കുന്ന തുഞ്ചത്തെഴുത്തച്ഛൻ ഒരു പടികൂടി കടന്നു സാക്ഷാൽ മോക്ഷംപോലും സ്ത്രീയാണെന്നു പറയുന്നു.

ഭക്തപരായണനായ നാരായണൻ
രക്തസരോജപദങ്ങളിലെത്രയും
ഭക്തിമുഴുത്തതിനിശ്ചലമായൊരു
ചിത്തവും ബദ്ധാഞ്ജലി പൂണ്ട ഹസ്തവും
എത്രയും കൂത്തുമൂത്തുള്ള ശരങ്ങളാ—
ലുത്തമമായൊരു മെത്തമേലങ്ങനെ
മുക്തിയാം നാരിവരുന്നതും പാർത്തുപാ—

Digitized by Kerala Sahitya Akademi

ത്തത്യന്തശുദ്ധനായ് മേവുന്ന ഭീഷ്മരെ
ചിത്ഭാവത്തോടു കാണായിതന്തികെ.

എന്ന ഭാഗം നോക്കുക. നിത്യബ്രഹ്മചാരിയായ ഭീഷ്മരെ കുറിച്ചാണ് അദ്ദേഹം പറയുന്നതെന്ന് ഓർമ്മിക്കണം. ഉദാസീന ഭാവത്തിൽ എഴുതിവിട്ട ഉൽപ്രേക്ഷയല്ലത്. എഴുത്തച്ഛന്റെ ഭാവനയിൽ സ്ത്രീസങ്കല്പത്തിനുള്ള പരമോൽകൃഷ്ടമായ പവിത്രതയെയാണ് അതു തെളിയിക്കുന്നത്. കാമത്തിന്റെ കലികൊണ്ട് ഉഴറിനടക്കുന്ന കഥാനായികമാരെയും പ്രേമത്തിന്റെ പേരും പറഞ്ഞു തന്നെത്താൻ കുത്തിച്ചാകുന്ന കവിതാനായികമാരെയും ഇതിനോടു താരതമ്യപ്പെടുത്തിനോക്കുക. ഇന്നത്തെ സാഹിത്യത്തിലെ രീതി കണ്ടാൽ പുരുഷനുമായുള്ള വേഴ്ചയല്ലാതെ മറെറാന്നും സ്ത്രീജീവിതത്തിലില്ലെന്നു തോന്നിപ്പോകും. കേരളത്തിലെ സ്ത്രീലോകത്തെ ഇങ്ങനെ ലിംഗബന്ധത്തിന്റെ ബലിമൃഗങ്ങളായി ഉടനെ ചിത്രീകരിക്കുന്നതു കാണുമ്പോൾ ആർക്കാണ് വേദനയുണ്ടാകാത്തത്. മുമ്പൊരു കാലത്തു ചന്ദ്രോത്സവാദികൃതികൾ പച്ചയായി പറഞ്ഞതുതന്നെയാണ് ഇന്നത്തെ കഥയും കവിതയും പരിഷ്കൃതമെന്നഭിമാനിക്കുന്ന ഒരു രീതിയിൽ, പകുതി ദഹിച്ച മനശ്ശാസ്ത്രസിദ്ധാന്തങ്ങളുടെ മറവിൽ നിന്നുകൊണ്ടു, പറയുന്നത്. അന്നത്തെ ആ മണിപ്രവാളക്കാർ അറിഞ്ഞുകൊണ്ടു, മനപ്പൂർവ്വം, കേരളസ്ത്രീത്വത്തിന്മേൽ കരിതേച്ചു. ഇന്നത്തെ കഥാകൃത്തുകളും കവിതക്കാരും അറിയാതെ അതുതന്നെ ചെയ്യുന്നു. അറിയാതെ എന്നു പറയുന്നതു ചില കഥാകൃത്തുകളുടെ കാര്യത്തിലെങ്കിലും ശരിയല്ലെന്നു വരാവുന്നതാണ്. പക്ഷെ ഇന്നത്തെ യുവകവികളെ കുറിച്ച് ഈ പ്രസ്താവം തികച്ചും പരമാർത്ഥമാകുന്നു. ആദർശപ്രേമത്തിന്റെ പേരിൽ സ്ത്രീജീവിതത്തെ ബലികഴിക്കുന്നത് ഒരു മേന്മയായിട്ടാണ് അവർ കരുതുന്നത്. ആദർശമെന്നും പ്രേമമെന്നുമുള്ള വാക്കുകൾ എഴുതുകയല്ലാതെ അവയുടെ ആന്തരാർത്ഥത്തെ കുറിച്ചുള്ള ഒരൂഹംപോലും അവർ നല്കുന്നില്ല. ഒരു കാളിദാസനോ ഷേക്സ്പിയർക്കോ ചിലപ്പോൾമാത്രം അറിയുവാനും അറിയിക്കുവാനും സാധിക്കുന്ന അത്ഭുതസത്യങ്ങളാണവ. ജീവിതരഹസ്യങ്ങളുമായി ദീർഘപരിചയം നേടിയ ഭാവനയ്ക്കുപോലും അദ്ധ്യാത്മജ്ഞാനംപോലെ അസുലഭമായ ഈ ദർശനത്തിന്റെ അഭാവംമൂലമാണ് നമ്മുടെ യുവകവികൾ ഉതിർക്കുന്ന ശോകാന്തഗാനങ്ങൾ വികലമായിപ്പോകുന്നത്. അവർ പണിപ്പെട്ട് എഴുതിയുണ്ടാ

Digitized by Kerala Sahitya Akademi

ക്കുന്ന കാമപ്രയോഗങ്ങളും വിഷപാനരംഗങ്ങളും സ്ത്രീത്വത്തിന്റെ വിലകെടുത്തുകയേ ചെയ്യുന്നുള്ളു. കാനൽജലകബളിതമായ കവി ഹൃദയം കാമത്തിന്റെ കാളാഗ്നികുണ്ഡത്തിൽ കരുണയില്ലാതെ ചെയ്യുന്ന നാരീഹോമങ്ങളായിട്ടാണ് അവ പരിണമിക്കുന്നത്. ഇങ്ങനെ സ്ത്രീയെ ഒരു ഹോമദ്രവ്യമാക്കുന്നത് അഭിമാനകരമാണെന്ന് ആരും പറയുമെന്നു തോന്നുന്നില്ല. ഇന്നത്തെ സാഹിത്യത്തിലെ ഈ സ്ത്രീപാത്രങ്ങളെ ഫ്രോയ്ഡിന്റെ മനശ്ശാസ്ത്രസിദ്ധാന്തങ്ങൾ തെളിയിക്കാനുള്ള ഉദാഹരണങ്ങളായല്ലാതെ നമ്മുടെ സ്ത്രീലോകത്തിന്റെ പ്രതിനിധികളോ പ്രതിബിംബങ്ങളോ ആയി പരിഗണിക്കുവാൻ സാധ്യമല്ല. അങ്ങിനെയാണെന്നു നമ്മുടെ ബാലികാബാലന്മാരും ബാഹ്യലോകവും ധരിക്കുവാനിടവരുന്നതു മഹാപാപമെന്നല്ലാതെ മറ്റൊന്നും പറയാനില്ല.

മരുമക്കത്തായം നിലവിലിരുന്ന ഒരു രാജ്യമാണ് കേരളം. അതിന്റെ അധിപ്രസരം ഇന്നും ഇവിടെനിന്നു മാഞ്ഞിട്ടില്ല. അതേക്കുറിച്ചു പല ആക്ഷേപങ്ങളും പറയാറുണ്ടെങ്കിലും അതിൽ, ലിംഗബന്ധം ജീവിതത്തിന്റെ കേന്ദ്രതത്ത്വമായി ആരാധിക്കപ്പെടുന്നില്ല എന്നൊരു മെച്ചം തീർച്ചയായുമുണ്ട്. മക്കത്തായ കുടുംബത്തിന്റെ അടിസ്ഥാനവസ്തുത സ്ത്രീപുരുഷവേഴ്ചയാണ്. ലിംഗബന്ധത്തിന്റെ നിഴലിലാണ് അതിന്റെ ജീവിതം. മരുമക്കത്തായം ഇങ്ങനെ ലിംഗബന്ധത്തിന്നു അധിരാജത്വം കൊടുക്കുന്നില്ല. അതിൽ ജീവിതത്തിന്നാണ് മേൽക്കോയ്മ. ലിംഗബന്ധത്തെ ജീവിതത്തിന്റെ നിഴലിൽ നിർത്തുന്ന ഒരു സമുദായവ്യവസ്ഥയാണതു്. കാമവും പ്രേമവും നാരീഹോമവും അതിൽ സർവ്വോത്തരമായ പ്രാധാന്യം നേടുന്നില്ല. ഈ സംഗതികൾ വ്യക്തിക്കല്ലാതെ സമഷ്ടിക്കു യാതൊരു സന്ദേശവും അവിടെ നല്കുന്നില്ല; സംസ്കാരത്തിന്റെ സാരാംശത്തെ ബാധിക്കുന്ന ഒരു പ്രശ്നവും ഉദിപ്പിക്കുന്നുമില്ല. "ഹൃദയനാഥാ" എന്ന ദീനരോദനത്തിന്നു സാർവ്വലൌകികമായ ഒരു മാറ്റൊലി മരുമക്കത്തായത്തിൽ കിട്ടുകയില്ല. അതൊരു അഭിലാഷത്തിന്റെ ആക്രന്ദനമായല്ലാതെ ഒരു ആദർശത്തിന്റെ ശംഖനാദമായി ശ്രവിക്കപ്പെടുകയില്ല. ഈ പാരമ്പര്യത്തിനെതിരേ വീക്ഷിക്കപ്പെടുമ്പോഴാണ് ഇന്നത്തെ സാഹിത്യമാതൃകകളുടെ വൈജാത്യം വെളിപ്പെടുന്നത്. ലിംഗബന്ധത്തിന്റെ അധിപ്രസരം നിറഞ്ഞുനില്ക്കുന്ന ഒരു അന്തരീക്ഷമാണ് അവയ്ക്കുള്ളത്. രുചിഭേദമനുസരിച്ചു ചിലർ അതിനെ പച്ചയായ കാമമായും,

Digitized by Kerala Sahitya Akademi

മാറുചിലർ പരിശുദ്ധമായ പ്രണയമായും സംവിധാനം ചെയ്യുന്നു. ഈ സംവിധാനങ്ങളിൽ സ്ത്രീ ഒരു പരതന്ത്രഭാവത്തിൽ പ്രത്യക്ഷപ്പെടുമെന്നുള്ളത് അനിവാര്യമാണ്. ലിംഗബന്ധത്തിന്റെ നിഴലിൽ കഴിയുന്ന ജീവിതത്തിൽ അവരുടെ അടിമയാകാതെ നിവൃത്തിയില്ല. നമ്മുടെ ഇന്നത്തെ സാഹിത്യത്തിലെ സ്ത്രീകൾ ദുഃഖിക്കുവാൻവേണ്ടി ജനിച്ചവരായി കാണപ്പെടുന്നതിന്റെ കാരണം ഇതാണ്. അതിൽ കാണുന്ന അന്തരീക്ഷത്തിന്റെ ആകെക്കൂടിയുള്ള സ്വഭാവം അവക്ക് ഈ ഒരു ഭാഗം അഭിനയിക്കാനേ പ്രാപ്തിയുള്ളു എന്നു വരുത്തുന്നു. സ്ത്രീയുടെ ഈ "രക്തസാക്ഷിത്വ"മാണ് നമ്മുടെ ആധുനികസാഹിത്യത്തിലെ ഏററവും ദുസ്സഹമായ വസ്തുത. ഇതു കേരളസ്ത്രീകൾ അറിഞ്ഞിട്ടുള്ളതല്ല. കാലം മാറിയെങ്കിലും അവരിത് അംഗീകരിക്കുന്നുമില്ല. നമ്മുടെ ചരിത്രത്തിന്റെ ആരംഭം മുതൽ അവർ പ്രദർശിപ്പിച്ചിട്ടുള്ള തന്റേടവും മനക്കരുത്തും ഓർത്തുനോക്കിയാൽ ഇക്കാര്യം മനസ്സിലാകുന്നതാണ്. സംസ്കാരങ്ങൾ തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കുവാൻ കഴിവില്ലാതെ ലോകത്തെ മുഴുവനും തങ്ങളുടെ രീതിയിലാക്കി 'പരിഷ്കരിക്കു'വാൻ പുറപ്പെട്ട ചില വിദേശികൾ പണ്ട്, മാറുമറയ്ക്കാതെ നടന്ന മലനാട്ടുമങ്കമാരെ കണ്ട് ആക്ഷേപത്തിനു മുതിർന്നപ്പോൾ "ഇവിടത്തെ വാളിന് ഉറയുമില്ല" എന്ന് അവർ മറുപടിപറഞ്ഞതായി കേട്ടിട്ടുണ്ട്. ഇതാണ് കേരളസ്ത്രീകളുടെ പാരമ്പര്യം. ഇതിന്റെ ഒരംശംപോലും ഇന്നു ശേഷിച്ചിട്ടില്ലെന്നു വിചാരിക്കുന്നത് അബദ്ധമാണ്. പക്ഷെ നമ്മുടെ സാഹിത്യകാരന്മാർ നമ്മെയും ബാഹ്യലോകത്തെയും വിശ്വസിപ്പിക്കാൻ ശ്രമിക്കുന്നതിതാണ്. പരദേശസാഹിത്യങ്ങളുടെ അന്ധമായ അനുകരണമാണ് ഇതിനു കാരണം. അവയിൽ കാണുന്ന അന്തരീക്ഷവും സംസ്കാരമൂല്യങ്ങളുമാണ് ഇന്നത്തെ കഥയിലും കവിതയിലും പകർത്തിവെച്ചിരിക്കുന്നത്. പ്രണയത്തിന്റെ പേരിൽ സ്ത്രീയുടെ ആത്മാവിനെ ബലികഴിച്ചു ജനിപ്പിക്കുന്ന കാവ്യാനുഭൂതി ലോഭനീയമെന്നും ലോകോത്തരമെന്നും നമ്മുടെ സംസ്കാരം സമ്മതിക്കുകയില്ല. ലിംഗബന്ധമാർഗ്ഗേണ ലബ്ധമാകുന്ന അവലംബമില്ലെങ്കിൽ സ്ത്രീജന്മം അനാഥവും അർത്ഥശൂന്യവുമാണെന്ന നിലയിലെത്തിയാൽമാത്രമെ ഇത്തരം ഇതിവൃത്തങ്ങൾക്ക് ആദ്ധ്യാത്മികമായ ആദർശമഹത്വം സിദ്ധിക്കുകയുള്ളു. സ്ത്രീയുടെ രക്തസാക്ഷിത്വം കാവ്യമൂല്യമായി സ്വീകരിക്കുമ്പോൾ അവൾ അടിമയാണെന്നു സമ്മതിക്കുകയാണ് നാം വാസ്തവത്തിൽ ചെയ്യു

Digitized by Kerala Sahitya Akademi

ന്നത്. ഇതു കേരളസംസ്കാരത്തോടു ചെയ്യുന്ന ഒരു മഹാപരാധമാണെന്നു എനിക്കു തോന്നുന്നു. അടിമകളായും അനാഥകളായും വീക്ഷിക്കപ്പെടുക എന്നതു നമ്മുടെ സ്ത്രീകൾ അറിഞ്ഞിട്ടില്ലാത്ത സംഗതിയാണ്. സത്വവും ക്ഷയിച്ച ഇക്കാലത്തുപോലും അവരതു സഹിക്കുമെന്നു തോന്നുന്നില്ല. നാം അന്ധമായി അനുകരിക്കുന്ന പാശ്ചാത്യസാഹിത്യങ്ങളിൽതന്നെയും ഇത്തരം ഇതിവൃത്തങ്ങളും വീക്ഷണഗതികളും വജ്ജ്യങ്ങളായിത്തീർന്നിട്ടുണ്ട്. അവിടത്തെ സ്ത്രീലോകം ഉണരുകയാണ്. അവർ സ്വാതന്ത്ര്യത്തിനും സമത്വത്തിനുംവേണ്ടി പോരടിച്ചു തുടങ്ങിയിരിക്കുന്നു. ഈ സംരംഭങ്ങളുടെ അർത്ഥം നാം മനസ്സിലാക്കേണ്ടതാണ്. പുരുഷന്റെ അടിമയായി കഴിയുവാൻ, അവന്റെ താങ്ങും തണലുമില്ലെങ്കിൽ വാടിവീഴുന്ന ജീവിതം നയിക്കുവാൻ, അവനുമായുള്ള പ്രണയബന്ധത്തിന്റെ പേരിൽ ആത്മത്യാഗം ചെയ്യുന്നത് ഒരു മേന്മയായി കരുതുവാൻ, അവൾ സന്നദ്ധയല്ലെന്നുതന്നെയാണ് ഇതിന്റെ അർത്ഥം. ഈ പുതിയ സ്ത്രീയെയാണ് ഇബ്സനും ഷായും പാശ്ചാത്യസാഹിത്യത്തിൽ അവതരിപ്പിച്ചത്. ഇക്കാരണത്താൽ അവർ ഒരു പുതിയ യുഗംതന്നെ സൃഷ്ടിച്ചതായി പറയപ്പെടുന്നു. അവർ രംഗപ്രവേശം ചെയ്യിച്ച ഈ പുതിയ സ്ത്രീ തന്റേടവും, മനക്കരുത്തും, ജ്വലിക്കുന്ന സ്വാതന്ത്ര്യതൃഷ്ണയും പ്രദർശിപ്പിച്ച്, എത്രയോ നൂററാണ്ടുകളായി ആത്മത്യാഗവും അറുതിയില്ലാത്ത യാതനകളും ആദർശപരമകാഷ്ഠയായി കരുതുവാൻ നിബ്ബന്ധിതമായ പാശ്ചാത്യസ്ത്രീലോകത്തിന്റെ ആപൽബന്ധുവായിതീർന്നു. അവൾ തന്റെ അവകാശങ്ങൾക്കുവേണ്ടി ധീരധീരം വാദിക്കുന്നു. അവയെ അടിയറവെക്കുവാൻ സാദ്ധ്യമല്ലെന്നു തീർത്തുപറയുന്നു. പാശ്ചാത്യലോകത്തിലെ ഈ പുതിയ സ്ത്രീയുടെ ആത്മാവിന്റെ വടിവുകൾതന്നെയാണ് കേരളത്തിലെ പഴയ സ്ത്രീകളിൽ നാം കാണുന്നത്. "ഞങ്ങൾ മരുമക്കത്തായത്തിന്റെ സാരസവ്വസ്വം ആവേശത്തോടെ സ്വീകരിച്ചുതുടങ്ങിയിരിക്കുന്ന ഇക്കാലത്തു കേരളീയരായ നിങ്ങൾ അതു പേക്ഷിക്കുകയാണ്." എന്ന് ഒരു യൂറോപ്യൻപണ്ഡിതൻ എന്നോടു പറയുകയുണ്ടായി. ഈ പ്രസ്താവനയിൽ അന്തർഭവിച്ചിരിക്കുന്ന തത്ത്വം മേൽപറഞ്ഞതാണ്. ഇതൊന്നും മനസ്സിലാക്കാതെയാണ് നമ്മുടെ ഇന്നത്തെ കവികൾ സ്ത്രീയുടെ ജീവിതത്തിന് ആത്മത്യാഗത്തിന്റെ പരിവേഷം നല്കി നമ്മുടെ സംസ്കാരത്തിന് ആദർശമൂല്യങ്ങൾ വളർത്തുവാൻ ശ്രമിക്കുന്നത്!

Digitized by Kerala Sahitya Akademi

നമ്മുടെ ഏററവും മഹാന്മാരായ കവികളും കഥാകൃത്തുകളും അതിപ്രധാനമായ ഈ സംഗതികളെക്കുറിച്ചു ഗാഢമായി ചിന്തിച്ചിട്ടുതന്നെയാണ് കാവ്യസൃഷ്ടി ചെയ്തിട്ടുള്ളത്. പൌരാണികങ്ങളായ ഇതിവൃത്തങ്ങാം സ്വീകരിച്ചു കാവ്യനിർമ്മാണം ചെയ്ത എഴുത്തച്ഛൻെറയും കുഞ്ചൻനമ്പ്യാരുടേയും ഉണ്ണായിവാരിയരുടെയും കൃതികളിൽനിന്നു സ്ത്രീയെക്കുറിച്ചു നമുക്കു കിട്ടുന്ന പ്രതീതി തീർച്ചയായും ഒരു ബലിമൃഗത്തിൻേറതല്ല. ഇഷ്ടംപോലെ പാത്രസൃഷ്ടി ചെയ്യുവാൻ സ്വാതന്ത്ര്യമില്ലാതിരുന്നിട്ടും അവരുടെ ഭാവന ഇക്കാര്യത്തിൽ ശ്രദ്ധിച്ചിട്ടുണ്ട്. കുരുക്ഷേത്രത്തിലേയ്ക്കു "കൂന്തലും കെട്ടി നടന്നു"ചെന്ന എഴുത്തച്ഛൻെറ ഗാന്ധാരി തൻെറ ദീർഘമായ വിലാപംകൊണ്ടു കരുണരസത്തിൻെറ ഒരു മഹാസമുദ്രംതന്നെ സൃഷ്ടിയ്ക്കുന്നുണ്ടെങ്കിലും ഒരു രക്തസാക്ഷിയുടെ വേഷം കെട്ടുവാൻ വെമ്പുന്നില്ല. നമ്പ്യാരുടെ സ്ത്രീപാത്രങ്ങളിലാകട്ടെ, അന്യോന്യസ്പർദ്ധയും ആക്ഷേപരസികത്വവുമാണ്, അനാഥഭാവങ്ങളും വിഷാദചിന്തകളുമല്ല, തെളിഞ്ഞുകാണുന്നത്. ഉണ്ണായിവാരിയരുടെ ദമയന്തി, ഒന്നിനുമേൽ ഒന്നായി ഈ ജീവിതത്തിലെ സകലയാതനകളും സഹിച്ചിട്ടും തൻെറ ആത്മാവിനെ ഒടിയുവാനെന്നല്ല വളയുവാൻപോലും അനുവദിയ്ക്കുന്നില്ല. ശ്രീ. കുട്ടികൃഷ്ണമാരാർ പറയുന്നു, "ഒടുവിൽ നായിക (ദമയന്തി) തൻെറ മണിമച്ചിലേയ്ക്കാനയിയ്ക്കപ്പെട്ട ആ ബാഹുകനുമായി, കേണുകൊണ്ടെങ്കിലും ഗംഭീരാർത്ഥമായി സംഭാഷണം നടത്തിയതിൽ അതു തൻെറ പ്രാണപ്രിയൻ തന്നെ എന്നു വ്യക്തമായറിഞ്ഞിട്ടും

'വ്യാപാരം വചനം വയസ്സിവകളോ
കണ്ടാലിവൻ നൈഷധൻ
ശോഭാരംഗമൊരംഗമുള്ളതെവിടെ
പ്പോയെന്നു ചിന്താകുല'—

യായി നില്ക്കുന്നതേയുള്ളു. നളൻ സ്വന്തം രൂപത്തിൽ പ്രത്യക്ഷീഭവിച്ചപ്പോഠംമാത്രമാണ് അദ്ദേഹത്തിൻെറ സന്നിധിയിൽ അവളുടെ ശിരസ്സു കുനിയുന്നത്." അവഠം രാജപുത്രിയും രാജപത്നിയുമാണ്; സർവ്വോപരി, തന്നെ വളർത്തിയ സംസ്കാരത്തിൻെറ പരിശുദ്ധിപൂർണ്ണമായ പ്രതിഭാവിശേഷത്താൽ അനുഗൃഹീതനായ ഒരു കേരളീയകവിയുടെ ഭാവനയിലൂടെ നാം കാണുന്ന സ്ത്രീയാണ്.

Digitized by Kerala Sahitya Akademi

പ്രിയരാഘവ വന്ദനം ഭവാ-
നയരുന്ന ഭുജശാഖ വിട്ടു ഞാൻ
ഭയമററു പറന്നുപോയിടാം
സ്വയമിദ്യോവിലൊരാശ്രയം വിനാ.

എന്നാണ് ജീവിതത്തിൻെറ ദൈന്യഭാവങ്ങൾ പ്രദശിപ്പിക്കുന്നതിൽ പ്രതിപത്തി കാണിച്ച ആശാൻകൂടിയും, വാല്മീകിയുടെ സൃഷ്ടിയാണെങ്കിലും ഒരു സ്ത്രീയായ സീതയെക്കൊണ്ടു പറയിക്കുന്നത്. ഇപ്പറഞ്ഞ ചിത്രങ്ങളിലൊന്നും ദീനതയാണ് സ്ത്രീയുടെ ഏററവും വലിയ മേന്മയെന്ന് ഒരു സൂചനപോലും കാണുന്നില്ല. നമ്മുടെ കഥാകൃത്തുകളിൽ അഗ്രഗണ്യനെന്നല്ല അദ്വിതീയനുമായ സി. വി. രാമൻപിള്ളയും ഈ അഭിപ്രായംതന്നെ കുറേക്കൂടി പ്രത്യക്ഷമായ രീതിയിൽ പ്രകടിപ്പിച്ചിരിക്കുന്നു. സ്ത്രീപാത്രസൃഷ്ടിയിൽ അദ്ദേഹത്തിനുള്ള വൈഭവം ആ പാത്രങ്ങളുടെ സാംസ്കാരികമൂല്യത്തെക്കുറിച്ചുള്ള വിശ്വാസത്തോടുമാത്രമേ കിടനില്ക്കുന്നുള്ളു. സുഭദ്രമുതൽ സാവിത്രിവരെയുള്ള പാത്രങ്ങളെ നോക്കുക. അഞ്ചു തലമുറയിൽപെട്ട സ്ത്രീകളെ നാം കാണുന്നുണ്ട്. എത്ര ഗംഭീരമായ ഒരു ചിത്രപരമ്പരയാണത്! രാജാകേശവദാസൻെറ 'ജീവിതസംക്ഷേപമായ ഒരു പുരാവൃത്തം' എഴുതുവാൻ തുടങ്ങിയ അദ്ദേഹം എഴുതിത്തീർത്തു കഴക്കൂട്ടത്തുപിള്ളമാരെക്കുറിച്ചുള്ള ഒരിതിഹാസമാണ്. ആ കുടുംബത്തിൻെറ സുകൃതപതാകകളായ സ്ത്രീകളെ വിഭാവനം ചെയ്യുന്നതിലാണ് അദ്ദേഹത്തിൻെറ അമേയഗംഭീരമായ പ്രതിഭാസമ്പത്ത് ഒരുപാസകൻെറ ഏകാഗ്രതയോടും ഭക്തിയോടുംകൂടി പ്രവത്തിച്ചിട്ടുള്ളത്. മററു കഥാഭാഗങ്ങളും കഥാപാത്രങ്ങളും കൂടക്കൂടെ ചരിത്രവസ്തുതകളുമായി ഇടകലരുന്നതുകൊണ്ട് അവയുടെ രൂപവല്ക്കരണത്തിൽ അദ്ദേഹം അല്പാല്പം അസ്വതന്ത്രനാകുന്നതുപോലെ തോന്നുന്നുണ്ട്. സ്ത്രീപാത്രങ്ങളുടെ കാര്യത്തിൽ ഇമ്മാതിരി പ്രയാസങ്ങൾ കാണുന്നില്ല. സുഭദ്ര, ത്രിപുരസുന്ദരിക്കുഞ്ഞമ്മ, മീനാക്ഷിയമ്മ, സാവിത്രി എന്നിത്യാദി പാത്രങ്ങൾ കവിയുടെ കലാവൈഭവംമൂലം അനശ്വരത്വംനേടി പുരാണദേവതമാരെപ്പോലെ ശോഭിക്കുന്ന കേരളീയസ്ത്രീകളാണ്. തൻെറ സ്ത്രീപാത്രങ്ങൾക്ക് ഇങ്ങനെ ആരാധനീയമായ ഒരു ഇതിഹാസമഹത്വം നല്കുമ്പോൾ അദ്ദേഹം ഇന്നാട്ടിലെ അമ്മമാക്കും അവരുടെ അമ്മമാക്കും തൻെറ സാഷ്ടാംഗപ്രണാമങ്ങൾ സമപ്പിക്കുകയാണ് ചെയ്യുന്നത്. അവക്കു കിട്ടിയിട്ടുള്ള മിഴിവും രൂപപൂണ്ണതയും അവണ്ണ

Digitized by Kerala Sahitya Akademi

നീയമാണ്. ത്രിപുരസുന്ദരിക്കുഞ്ഞമ്മയെയും ദൗഹിത്രിയായ മീനാക്ഷിയെയും രംഗപ്രവേശം ചെയ്യിക്കുന്നഭാഗം (ധർമ്മരാജാ അദ്ധ്യായം 5) നോക്കുക. ദീർഘമായ പരദേശവാസത്തിനുശേഷം, ബന്ധുക്കളെല്ലാംനശിച്ചു, തങ്ങളുടെ പണ്ടത്തെ ഐശ്വര്യത്തിന്റെ ശ്മശാനംപോലെ കിടക്കുന്ന ജന്മഭൂമിയിൽ അവർ തിരിച്ചെത്തിയിരിക്കുകയാണ്. "ഏകദേശം ഒൻപതുനാഴിക പുലർച്ചയായപ്പോഠം വൃദ്ധ കുളികഴിഞ്ഞു പടിഞ്ഞാറുവശത്തുള്ള തിണ്ണയിലിരുന്നു ജപംതുടങ്ങി. മീനാക്ഷിയമ്മയും കുളികഴിഞ്ഞ് രാവിലത്തെ ഭക്ഷണത്തിനു മാതാമഹിക്കുടി വന്നുചേരുന്നതിനായി നനഞ്ഞിരുന്ന മുടിയെ മാടിയുണക്കുന്ന ശ്രമത്തോടുകൂടി നാലുകെട്ടിനകത്ത് നടന്നുകൊണ്ടിരുന്നു. ബാലികയുടെ സാന്നിധ്യത്തിൽ ആ ഭവനത്തിലെ ആഭിചാരമൂർത്തികഠം പ്രീണിപ്പിക്കപ്പെട്ടതുപോലെ അവിടം ശോഭിച്ചിരുന്നു. പരലോകവാസിയായ കുട്ടിക്കോന്തിശ്ശന്റെ ആത്മാവും സ്വദൗഹിത്രിയുടെ നവഗുണങ്ങഠം കണ്ടു സമ്പ്രീതമായി പ്രസാദവർഷത്തെ ആ ഭവനത്തിന്മേൽ ചൊരിയുന്നതുപോലെ കാണപ്പെട്ടു. സ്വകേശാഗ്രം ഭൂസ്പർശംചെയ്യാതെ സൂക്ഷിച്ച് വിരലുകഠക്കിടയിലാക്കി ഉയർത്തിച്ചീകുന്ന ബാലിക തന്നെ അഭിനന്ദിക്കുന്ന മാതാമഹന്റെ പ്രീതിയ്ക്കായെന്നപോലെ ഒരു പ്രത്ഥനാഗാനം തുടങ്ങി. 'സബിന്ദുസിന്ധുസുസ്ഖലത്തരംഗഭംഗരഞ്ജിതം, ദ്വിഷൽസു പാപജാതജാതകാരിവാരിസംയുതം' എന്നു തുടങ്ങിയ നമ്മദാഷ്ടകപാരായണത്തിന്റെ ആരോഹാവരോഹചാതുരിയോടുകൂടിയ മധുരസ്വരതരംഗങ്ങഠം അവിടെ പ്രവഹിച്ചപ്പോഠം ആ ഭവനത്തിന് ആ ബാലികതന്നെ ഒരു ശർമ്മദയായി ഭവിച്ചു. ശോഭാവാഹികളായ ആഭരണപൂരംകൊണ്ട് അലങ്കരിക്കപ്പെടാതെ ദൃശ്യമാകുന്ന ആ രൂപം കാമുകലോകത്തിനു വിഭ്രമത്തെയും സത്വചിത്തന്മാക്ക് അലഭ്യദർശനാലാഭാനന്ദത്തെയും നല്കുമെന്നുള്ളതിനു സംശയമില്ല. കുബേരതുല്യനായ ഒരു പിതാവിനാൽ ലാളിച്ചുവളത്തപ്പെട്ടതിന്റെ ചിഹ്നങ്ങഠം ഒന്നുംതന്നെ കാണുന്നില്ല; എങ്കിലും മീനാക്ഷിക്കുട്ടിയുടെ നോട്ടത്തിലും വാക്കിലും നടയിലും സകലചേഷ്ടകളിലും ആ കന്യകയുടെ ആഭിജാത്യവും, ലളിതമായ ഒരു പൌരുഷവും പ്രശാന്തമായ ഊജ്ജസ്വലതയും സ്പഷ്ടമായി അന്തരഞ്ജിച്ചിരുന്നു." ശോകമയമായ ചുററുപാടുകളിൽപോലും ആഭിജാത്യംവിടാതെ ആ പരിസരങ്ങളുടെമേലും പ്രസന്നതവർഷിച്ച് ജീവിതത്തിന്റെ കൂരിരുട്ടിൽ കെടാവിളക്കുകൊളുത്തുന്ന ഈ സ്ത്രീത്വ

Digitized by Kerala Sahitya Akademi

മാണ് സി. വി. രാമൻപിള്ളയുടെ കൃതികളെ ഇത്ര മഹത്തരമാക്കുന്നത്. മാങ്കാവിൽ മാധവിയമ്മയുടെയും നങ്ങേമ്മ അന്തർജനത്തിന്റെയും ചിത്രങ്ങൾ വരയ്ക്കുമ്പോൾപോലും അദ്ദേഹത്തിന്റെ തൂലിക നിറഞ്ഞ ഭക്ത്യാദരങ്ങളോടുകൂടിയാണു പെരുമാറിയിട്ടുള്ളത്. ഭ്രഷ്ടയാക്കപ്പെട്ട അന്തർജനം പെരിഞ്ചക്കോടന്റെ ഭാര്യയായിത്തീർന്ന്, ഒടുവിൽ, തന്റെ മകളായ ദേവകിയുടെയും ആപൽബന്ധുവായ ആ പുരുഷന്റെയും അകാലചരമത്തിന് ഒരേ സമയത്തുതന്നെ അനുഭവസാക്ഷിയാകുന്നു. ദേവകി മരണശയ്യയിൽ കിടക്കുമ്പോൾ അവളുടെ അച്ഛനായ നമ്പൂരിയെ ഗ്രന്ഥകാരൻ കൗശലത്തിൽ അവിടെ വരുത്തുന്നു (രാമരാജാബഹദൂർ 2-ാംഭാഗം അവസാനം). താൻ അഗ്നിസാക്ഷിയായി പരിണയിച്ചവളും അതിനുശേഷം ദുശ്ശങ്കയ്ക്ക് അധീനനായി തന്നാൽ പരിത്യക്തയുമായ ആ സാധ്വിയെ അപ്പോഴത്തെ ചുററുപാടുകളിൽ അപ്രതീക്ഷിതമായി കണ്ടു നമ്പൂരി അസ്വസ്ഥചിത്തനാകുന്നു. പക്ഷെ അന്തർജനത്തിന്റെ മനസ്സാന്നിധ്യം നശിക്കുന്നില്ല; അവർ വികാരതരളിതയാകുന്നില്ല; പരിഭ്രമിക്കുന്നില്ല. സ്ത്രീക്കു സഹജമായ ആത്മീയമഹത്വത്തോടുകൂടി അവർ ആസന്നമരണയായികിടക്കുന്ന മകളെ ചൂണ്ടിക്കാണിച്ചുകൊണ്ടു പറയുന്നു: "പരമശിവൻ തന്നത് അനുഭവിക്കുന്നു. അതിനെ തൊട്ടനുഗ്രഹിച്ചിട്ടുപോവുക. ദേവിഭട്ടാര്യമ്മ ശുഭംതരട്ടെ." ഈ രംഗം ഒരിക്കൽ വായിച്ചാൽ എന്നും ഓർക്കുന്നതാണ്. അത് മനസ്സിൽതട്ടാതെ രാമരാജാബഹദൂർ വായിക്കാൻ സാദ്ധ്യമല്ല. നമുക്കു കല്പാന്തവിഭ്രമം ഉളവാക്കുന്ന ഒരു നാടകസന്ധിയാണത്. അവിടെ ഗ്രന്ഥകാരൻ നമ്മുടെ ഇന്നത്തെ കവികളുടെ ഭാഷയും രീതിയും പാരവശ്യങ്ങളും പ്രദർശിപ്പിച്ചിരുന്നെങ്കിൽകൂടി നമുക്കു വൈരസ്യം ജനിക്കുമെന്നു തോന്നുന്നില്ല. പക്ഷെ അതു ചെയ്യാതെ ദുർവ്വിധിയുടെ ക്രൂരഹസ്തങ്ങളാൽ അരച്ചുഞെരിക്കപ്പെട്ട ആ അന്തർജനത്തിന്റെ ആത്മാവിനെ സാന്ധ്യതാരത്തെപ്പോലെ വിദൂരശാന്തമായ ഒരു വിശുദ്ധദീപ്തിയിൽ പൊതിഞ്ഞ് ഈ ചപലലോകത്തിന്റെ ചക്രവാളസീമയ്ക്കുമപ്പുറം മനുഷ്യൻ ഈശ്വരനായിമാറുന്ന മഹാത്ഭുതത്തിന്റെ മാതൃകയായി മാററിനിർത്തുകയാണ് അദ്ദേഹം ചെയ്യുന്നത്. പുരുഷന്റെ പാപത്തിനും വേദനയ്ക്കും അധീരതയ്ക്കും അപഭ്രംശത്തിനും അതീതയായി, അഭയാനുഗ്രഹങ്ങൾ പ്രദാനംചെയ്യുന്നവളായി, അമ്മയായി, ആചാര്യയായി, അനശ്വരതത്വത്തിലേക്കുള്ള ആഹ്വാനത്തിന്റെ ചിഹ്ന

Digitized by Kerala Sahitya Akademi

മായി നില്ക്കുന്ന സ്ത്രീയാണതു്. ഉൽകൃഷ്ടസാഹിത്യത്തിനു് ഉജ്ജീവനം നല്കുന്നതും നല്കേണ്ടതും അവളാകുന്നു. വാല്മീകിയുടെ കാലം മുതൽ നാം കണ്ടുവരുന്ന ഒരു മഹാസത്യമാണിതു്. സാഹിത്യകല അതിൻെറ പരമകോടിയിൽ മുക്തിസാധനയായി പരിണമിക്കുന്നു. അതു കാന്താസമ്മിതമാണെന്നു പറഞ്ഞ ആചാര്യൻ സ്ത്രീത്വത്തിൻെറ പ്രേമമാധുര്യത്തോടൊപ്പം അതിൻെറ മുക്തിദായകത്വം കൂടി ആലോചിച്ചുവോ എന്നു് അറിയുവാൻ നമുക്കു നിവൃത്തിയില്ല. എങ്കിലും പ്രസ്തുതകലയുടെ ഉപാസകന്മാരിൽ അഗ്രഗണ്യരായ ചില കേരളീയർക്കെങ്കിലും സ്ത്രീസങ്കല്പം അത്രമേൽ അർത്ഥമഹത്വം വഹിക്കുന്നതാണെന്നു പറയേണ്ടിയിരിക്കുന്നു. ഈ വിഷയത്തിൽ അവർക്കു കാണുന്ന വിശ്വാസദാർഢ്യം ഇന്നത്തെ നിർഭാഗ്യകരങ്ങളായ ഈ വൈകൃതങ്ങളെ അതിജീവിക്കുമെന്നും എനിക്കു തോന്നുന്നു. കൈരളിയുടെ സുകൃതം അങ്ങിനെ ക്ഷയിക്കാതിരിക്കുകയാണെങ്കിൽ നമ്മുടെ സംസ്കാരത്തിനും തദ്വാരാ നമുക്കും ശോഭനമായ ഒരു ഭാവിയുണ്ടു്. അതിനുവേണ്ടി ഓരോ സഹൃദയനും പ്രാർത്ഥിക്കുമാറാകട്ടെ.

Digitized by Kerala Sahitya Akademi

10

# ശ്രീനാരായണന്റെ സന്ദേശം

ശ്രീനാരായണഗുരുദേവനെ നേരിട്ടു കണ്ടു് അദ്ദേഹത്തിന്റെ അനുഗ്രഹം വാങ്ങുവാൻ എനിക്കു ഭാഗ്യമുണ്ടായിട്ടില്ല. എങ്കിലും അദ്ദേഹത്തിന്റെ അത്ഭുതാവഹങ്ങളായ അപദാനങ്ങളെപ്പററി ഞാൻ കേട്ടിട്ടുണ്ടു്. തന്റെ മഹനീയമായ ജീവിതംമൂലം അദ്ദേഹം കേരളത്തിനു നല്കിയ അഭിമാനപ്രകർഷമോർത്തു് ഞാൻ കോൾമയിർ കൊണ്ടിട്ടുണ്ടു്. അദ്ദേഹം വരുത്തിയ ഗംഭീരങ്ങളായ പരിവർത്തനങ്ങൾക്കു ഞാനും സാക്ഷിയാണു്. സർവ്വോപരി അദ്ദേഹത്തിന്റെ അതിലളിതങ്ങളെങ്കിലും ജീവിതത്തിന്റെ അസ്ഥിവാരത്തെത്തന്നെ സ്പർശിക്കുന്ന ഉപദേശങ്ങൾ എന്റെ ഭക്തിപൂർവ്വമായ പഠനത്തിനു വിഷയങ്ങളുമാകുന്നു. ഈ പരിചയത്തെ മുൻനിർത്തി അദ്ദേഹത്തിന്റെ ജീവിതത്തിനും സന്ദേശത്തിനും ഇന്നത്തെ ലോകത്തിലുള്ള സ്ഥാനമെന്തെന്നു ചെറുതായൊന്നു പരിശോധിക്കുവാനാണു് ഞാനൊരുങ്ങുന്നതു്.

അദ്ദേഹം അദ്ധ്യാത്മസാക്ഷാൽക്കാരം സിദ്ധിച്ച ഒരു യോഗിവര്യനായിരുന്നു. പക്ഷെ തന്റെ മുൻഗാമിയും കേരളത്തിന്റെ ഏററവും മഹാനായ പുത്രനുമായ ആദിശങ്കരൻ ചെയ്തതുപോലെ യോഗവിദ്യയിലൂടെ താൻ കണ്ടെത്തിയ അദ്ധ്യാത്മസത്യങ്ങളെ അതിഗഹനമായ ഒരു തത്വജ്ഞാനമായി രൂപവൽക്കരിക്കുവാൻ അദ്ദേഹം ഉദ്യമിക്കുകയുണ്ടായില്ല. സാധാരണമനുഷ്യനെ നേർവഴിക്കു നയിക്കുവാനുതകുന്നവയും, കോപ്പിബുക്കുകളിലെ വാചകങ്ങളുടെ ലാളിത്യത്തെ അനുസ്മരിപ്പിക്കുന്നവയും ആയ ഉപദേശങ്ങളാണു് അദ്ദേഹം നമുക്കു നല്കിയിട്ടുള്ളതു്.

"മതമേതായാലും മതി, മനുഷ്യൻ നന്നാകണം."

"അയലു തഴപ്പതിനായതിപ്രയത്നം
നയമറിയും നരനാചരിച്ചിടേണം."

---

[1122 കന്നി 5-ാംനു- സമാധിദിനം കൊണ്ടാടുവാൻ തിരുവനന്തപുരത്തു ജൂബിലിഹാളിൽ കൂടിയ പൊതുയോഗത്തിൽ ചെയ്ത പ്രസംഗത്തിന്റെ സംക്ഷേപം.]

Digitized by Kerala Sahitya Akademi

"ഒരു ജാതി ഒരു മതം
ഒരു ദൈവം മനുഷ്യന്."

എന്നിവ നോക്കുക.

സിദ്ധന്മാരെയും തത്വജ്ഞാനങ്ങളെയും പൂജിക്കാത്ത ഒരു കാലമാണിത്. ബുദ്ധനോ ക്രിസ്തുവോ ഇന്നു പുനരവതാരം ചെയ്യുകയാണെങ്കിൽ ലോകം അവരെ അറിയുമെന്നു തോന്നുന്നില്ല. സ്ഥിതിഗതികൾ ഇത്ര പ്രതികൂലമാണെങ്കിലും, ഇന്നത്തെപ്പോലെ മററാരിക്കലും, ഈ മഹാപുരുഷന്റെ ജീവിതമാതൃകയും അദ്ദേഹം നല്കിയ പാഠങ്ങളും നമുക്കു പ്രധാനങ്ങളും ശ്രദ്ധാർഹങ്ങളുമായിട്ടുണ്ടെന്നു തോന്നുന്നില്ല. നാലു ചുററും നോക്കുക; നമ്മെക്കുറിച്ചുതന്നെയും ആലോചിച്ചുനോക്കുക. എന്താണ് കാണുന്നത്? പെയ്ത്തുനീററിൽ കടലാസുതോണികൾപോലെ ഉദ്ദേശമില്ലാതെ, ഉള്ളടക്കമില്ലാതെ, ഉത്സാഹമില്ലാതെ, ഉയിരില്ലാതെ കാലത്തിന്റെ നിത്തിയാൽ നില്ക്കാത്ത നിഷ്ഠുരപ്രവാഹത്തിൽ ഒഴുകി നടക്കുന്ന ശുഷ്കജീവിതങ്ങൾ! മനുഷ്യനെ ഒററയായിട്ടെടുത്താലും കൂട്ടമായിട്ടെടുത്താലും അവന്റെ ഇന്നത്തെ നില തെല്ലും ആശാസ്യമല്ല. വഴക്കും വാശിയും കശ്രുന്വും കന്നായ്മയും ഘോരയുദ്ധങ്ങളും നരമേധങ്ങളും നാലുചുററും നടമാടുന്നു. ജീവിതത്തിൽ ആകമാനം ഒരു കഥയില്ലായ്മ വ്യാപിച്ചുകിടക്കുന്നു. മനുഷ്യനും ഈ പ്രപഞ്ചവും തമ്മിൽ എന്തോ ഒരു പൊരുത്തക്കേടുള്ളതുപോലെ തോന്നിപ്പോകുന്നു. യുദ്ധംകൊണ്ടും പൊറുതിയില്ല; സമാധാനംകൊണ്ടുമില്ല, എന്ന മട്ടാണ് വന്നിരിക്കുന്നത്. വെള്ളക്കാരൻ ഇന്ത്യ വിട്ടുപോവുകയാണെങ്കിൽ, മുതലാളിത്തം അസ്തമിക്കുകയാണെങ്കിൽ, ആധുനികവിദ്യാഭ്യാസം പ്രചരിക്കുകയാണെങ്കിൽ, മതത്തിനു പകരം സയൻസ് സ്ഥാനം പിടിക്കുകയാണെങ്കിൽ, ഇതെല്ലാം നേരെയാകുമെന്ന് ഓരോരുത്തരും പറയാറുണ്ട്. ലോകത്തിന്റെ ഇതേവരെയുള്ള ചരിത്രം പരിശോധിച്ചാൽ ഈ പ്രതീക്ഷകളും ശുഭാപ്തിവിശ്വാസങ്ങളും അസ്ഥാനത്താണെന്നു കാണാം. അതെല്ലാം ആട്ടപ്പെട്ടി ചുമക്കുന്നവൻ ഓരോ ജോലി കഴിയുമ്പോഴും "പിന്നെ സുഖ"മാണെന്നു സ്വപ്നം കാണുന്നതുപോലെയാണ്. രാഷ്ട്രീയമായ പരിഷ്കരണപദ്ധതികളിലൂടെ മനുഷ്യരാശിക്കു സുഖവും ശാന്തിയും സമാധാനവും കൈവരുത്തുവാൻ എത്രയെത്ര ശ്രമങ്ങളാണ് ചരിത്രത്തിന്റെ ആരംഭംമുതൽക്കു നടന്നിട്ടുള്ളത്. നല്ല വാക്കു പറഞ്ഞും നിയമങ്ങളേർപ്പെടുത്തിയും, ഇണങ്ങിയും പിണ

Digitized by Kerala Sahitya Akademi

ണ്ടിയും, വാളോങ്ങിയും വിപ്ലവം നടത്തിയും ഓരോരോ രാഷ്ട്രീയ സിദ്ധാന്തക്കാർ ആവതു നോക്കിയിട്ടുണ്ട്. എല്ലാം പരാജയത്തിലാണ് കലാശിച്ചിട്ടുള്ളതു്. ഓരോ ശ്രമം കഴിയുമ്പോഴും ലോകക്ഷേമം അകന്നകന്നു പോവുകയാണ് ചെയ്യുന്നതു്. ഇത്തരം ദുർദ്ദശകളിൽ ഏററവും ഭയങ്കരമായ ഒന്നിൻെറ നടുവിലാണ് ഇന്നത്തെ ലോകം നില്ക്കുന്നതു്. സകല രക്ഷാമാർഗ്ഗങ്ങളും അടഞ്ഞതുപോലെ തോന്നിപ്പോകുന്നു.

വാസ്തവത്തിൽ ഈ ദുർഘടങ്ങളും പ്രയാസങ്ങളും നാം സാധാരണ വിശ്വസിക്കുന്നതുപോലെ താൽക്കാലികങ്ങളോ ഉപരിപ്ലവങ്ങളോ അല്ല. രാഷ്ട്രീയമായ പരിഷ്ക്കരണമാർഗ്ഗങ്ങളിലെല്ലാം അന്തർലീനമായിക്കിടക്കുന്ന ഒരു മഹാപ്രശ്നമാണതു്. കുററം രാഷ്ട്രവിജ്ഞാനത്തിൻേറതോ ഭരണാധികാരികളുടേതോ അല്ല, മനുഷ്യൻേറതാണ്. ഈ പരിഷ്ക്കരണവിദ്യകളുടെയെല്ലാം ഉപാദാനവും ഉപാധിയുമായ അവനു മാററംവരാതെ അവയ്ക്കു വിജയമുണ്ടാകുവാൻ സാധ്യമല്ല. കതിരിന്മേൽ വളം വെച്ചു വിളവു കൂട്ടുവാൻ ശ്രമിക്കുന്നതുപോലെയാണിതു്. മനുഷ്യനെ നന്നാക്കാതെ അവൻ സംഘടിച്ചുണ്ടായ സമുദായങ്ങളെയും രാഷ്ട്രങ്ങളെയും നന്നാക്കുവാൻ സാധിക്കുമോ? അവൻെറ ചിത്തസത്വത്തിന്, അവൻെറ മനോഭാവങ്ങൾക്ക്, സമസൃഷ്ടങ്ങളോടുള്ള അവൻെറ പ്രത്യാഘാതത്തിന്, മാററം വരുത്തുവാനുള്ള മാർഗ്ഗമെന്താണ്? ഒരു രാഷ്ട്രീയചിന്തകൻെറ പ്രസംഗം കേൾക്കുന്നതുകൊണ്ടോ, പ്രബന്ധം വായിക്കുന്നതുകൊണ്ടോ, ഒരു ദുർഭരണാധികാരിയുടെ പ്രഹരം തന്നെ ഏല്ക്കുന്നതുകൊണ്ടോ ഈ ഘടകത്തിനു സ്ഥിരവും ലോഭനീയവുമായ മാററമൊന്നും വരികയില്ല. വല്ല മാററവും ഉണ്ടായാൽതന്നെ അതു ക്ഷണികവും ഉപരിപ്ലവവും ആയിരിക്കും. അതിനെ ഭരിക്കുന്ന ശക്തികൾ ആഭ്യന്തരങ്ങളും അനിയന്ത്രണീയങ്ങളുമാകുന്നു. ജന്മവാസനകളുടെ അടിമയാണതു്. ഐവൻ പെട്രോവിച്ച് പാവ്‌ലോവ് എന്ന റഷ്യൻശാസ്ത്രജ്ഞൻ പട്ടികളിൽ നടത്തിയ ചില പ്രാഥമിക പരീക്ഷണങ്ങളെ ആസ്പദമാക്കി ചില മനശ്ശാസ്ത്രജ്ഞന്മാർ, പുറമേ നിന്നു പ്രയോഗിക്കപ്പെടുന്ന പ്രേരണകളെ ക്രമപ്പെടുത്തിയാൽ മനുഷ്യനുൾപ്പെടെയുള്ള ജന്തുക്കളെ ഇച്ഛാനുസരണം വളർത്തിയെടുക്കാമെന്നു കുറച്ചു കാലംമുമ്പുവരെ വാദിച്ചിരുന്നു. പക്ഷെ പട്ടികളിൽപോലും ഇതു പററുകയില്ലെന്നു മനസ്സിലാക്കിയതിനുശേഷമാണ് പാവ്‌ലോവ് പരലോകം പൂകിയതു്. അച്ഛൻ ആന

Digitized by Kerala Sahitya Akademi

കേറിയാൽ മകനു തഴമ്പുകിട്ടുകയില്ലെന്നു പറയേണ്ടതില്ലല്ലോ. തഴമ്പു കിട്ടുവാൻ മോഹമുണ്ടെങ്കിൽ മകനും ആന കേറുകതന്നെ വേണം. പുറമെനിന്നുള്ള ശിക്ഷണംകൊണ്ടു മനുഷ്യന്റെ ചിത്തസത്വത്തിൽ നന്മയുടെ തഴമ്പുണ്ടാകുവാനുള്ള ശ്രമത്തിന്റെ കഥയും ഇതുതന്നെയാണ്. പട്ടിയുടെ വാലു പന്തീരാണ്ടു കുഴലിലിട്ടാലും നിവരുകയില്ല. എന്തെല്ലാം നിയമങ്ങളുണ്ടാക്കിയാലും, ഏതെല്ലാം വാദങ്ങൾ പുറപ്പെടുവിച്ചാലും, മനുഷ്യരാശിയെ മുഴുവൻതന്നെയും പറഞ്ഞുസമ്മതിപ്പിച്ചാലും, ജന്തുലോകത്തിൽ ഒന്നായ നമുക്കു ജന്മപാരമ്പര്യങ്ങളെ മറികടക്കുവാൻ സാദ്ധ്യമല്ല. നമുക്കു കിട്ടിയിട്ടുള്ള ഈ പാരമ്പര്യത്തിൽ താണപടിയിലുള്ള മൃഗലോകത്തിൽനിന്നു വന്ന അനാശാസ്യങ്ങളായ വാസനകൾ അനവധിയുണ്ട്. അവയുടെ കോളിളക്കമാണ് ലോകക്ഷേമത്തിനുവേണ്ടി പ്രയത്നിക്കുന്നവർ നേരിടേണ്ടിവരുന്ന വലിയ പ്രതിബന്ധം.

പക്ഷെ മനുഷ്യന്റെ ബുദ്ധി ഈ മഹാപ്രശ്നത്തിനും പ്രതിവിധി കണ്ടുപിടിച്ചിട്ടുണ്ട്. എന്നാണ്, ആരാണ്, ആദ്യം കണ്ടുപിടിച്ചതെന്നു പറയുവാൻ പ്രയാസമാണ്. ഒട്ടു മിക്കരാജ്യങ്ങളിലും, ഒരിക്കലല്ലെങ്കിൽ മറ്റൊരിക്കൽ, അതിന്റെ പ്രവാചകന്മാർ ഉണ്ടായിട്ടുണ്ട്. ഭാരതത്തിലും, ഗ്രീസിലും, പാലസ്റ്റൈനിലും, ചൈനയിലും, എന്നു വേണ്ട പ്രാചീന അമേരിക്കയിലെ ആസ്ടെക്കുകളുടെയും ഇങ്കാകളുടെയും ഇടയിൽപോലും അതിന്റെ പ്രയോഗം ഉണ്ടായിട്ടുണ്ട്. "അതിവിസ്തൃതകാലദേശജസ്ഥിതിയാൽ" അകന്നുനില്ക്കുന്ന ഈ അപൂർവ്വവ്യക്തികൾ എല്ലാവരും നല്കുന്ന സന്ദേശം സാരാംശത്തിൽ ഒന്നുതന്നെയാണ്. വഴിയറിയാതെ വിഷമിക്കുന്ന പ്രപഞ്ചയാത്രക്കാരനായ മനുഷ്യന് അവർ നല്കുന്ന മാർഗ്ഗനിർദ്ദേശം വിചിത്രമാണ്. അവനെ അവനിലേക്കു തന്നെയാണ് അവർ തിരിച്ചുവിടുന്നത്! മനസ്സിനെ അന്തർമുഖമാക്കി ധ്യാനത്തിൽ ലയിപ്പിച്ചു, ഇന്ദ്രിയങ്ങളെ നിഗ്രഹിക്കുവാനും മുജ്ജന്മവാസനകളെ നശിപ്പിക്കുവാനുമാണ് അവരുടെ ഉപദേശം. ഭാരതത്തിൽ ഇതു യോഗവിദ്യ എന്ന പേരിൽ അറിയപ്പെടുന്നു. ഭിന്നമതങ്ങളോടും ഭിന്നദർശനങ്ങളോടും അനുബന്ധിച്ച്, രഹസ്യവും പരസ്യവുമായ പലതരം ആചാരങ്ങളോടും കൂടികലർന്ന്, ഭിന്നരീതികളിൽ ആഖ്യാനം ചെയ്യപ്പെട്ടുകിടക്കുന്നെങ്കിലും ഈ മാർഗ്ഗനിർദ്ദേശങ്ങളെല്ലാം അടിസ്ഥാനത്തിൽ ഒന്നുതന്നെയാണ്. നന്മയുടെയും മേന്മയുടെയും അടിസ്ഥാനവുമാണത്. യോഗവിദ്യ

Digitized by Kerala Sahitya Akademi

മതാചാരങ്ങളുടെ ഒരംശമാണെന്നും, അത് അങ്ങേപ്പുറത്തെ ലോകത്തിനുവേണ്ടിയുള്ള ഒരഭ്യാസമാണെന്നുമുള്ള ധാരണ ശരിയല്ല. അത് യഥാർത്ഥത്തിൽ മനുഷ്യന്റെ വ്യക്തിത്വത്തിനു സ്ഥായിയും ഗുണകരവുമായ മാററം വരുത്തുവാനുള്ള ഉപായമാകുന്നു. അത് ഏതു ലോകത്തിനും ഉതകുന്നതാണ്. ദുർമ്മന്ത്രവാദികളുടെ കൈയ്യിൽ അതു നീചകർമ്മങ്ങൾക്കും, ഗാന്ധിയുടെ കൈയ്യിൽ അതു ലോകസേവനത്തിനും, ടാഗോറിന്റെ കൈയ്യിൽ കലാപോഷണത്തിനും, എല്ലാ മതങ്ങളുടെയും ചരിത്രത്തിൽ കൂടെക്കൂടെയുണ്ടാകാറുള്ള സിദ്ധന്മാരുടെ കയ്യിൽ ജീവന്മുക്തിയ്ക്കും അത് ഉപകരിയ്ക്കുന്നു. ലക്ഷ്യം എന്തായാലും പ്രപഞ്ചവുമായുള്ള പൊരുത്തക്കേടിൽനിന്നു രക്ഷ നേടുവാനുള്ള ഏകമാർഗ്ഗമാണത്.

യോഗവിദ്യയെക്കുറിച്ചുള്ള പ്രതിപാദനങ്ങൾ നമുക്കു മനസ്സിലാക്കത്തക്ക രീതിയിൽ ആദ്യമായി പ്രത്യക്ഷപ്പെടുന്നത് ഉപനിഷത്തുകളിലാണെങ്കിലും അവയുടെ ആവിർഭാവത്തിനു വളരെ മുമ്പു മുതല്ക്കേ അതു പ്രചാരത്തിലിരുന്നിരുന്നു എന്ന് ഊഹിയ്ക്കുവാൻ ന്യായമുണ്ട്. ക്രിസ്തുവിനു മൂവ്വായിരം വർഷങ്ങൾക്കുമുമ്പു സിന്ധുനദീസാനുക്കളിൽ പരിലസിച്ച സംസ്കാരം യോഗവിദ്യയിലും താന്ത്രികാചാരങ്ങളിലും അധിഷ്ഠിതമായിരുന്നു എന്ന് ഒരു കൂട്ടം പണ്ഡിതന്മാർ ഉറപ്പിച്ചുപറയുന്നു. ഏതായാലും അതിപ്രാചീനകാലത്തെ സംസ്കാരങ്ങളിൽ മിക്കതിന്റെയും അവശിഷ്ടങ്ങളിൽ യുദ്ധസാമഗ്രികൾ യാതൊന്നും കാണ്മാനില്ല എന്ന സംഗതി എല്ലാ ഗവേഷകന്മാരെയും ആകർഷിച്ചിട്ടുള്ളതാണ്. എന്തൊരത്ഭുതമാണെന്ന് ആലോചിച്ചുനോക്കുക. പ്രതിരോധത്തിനും പ്രത്യാക്രമണത്തിനുമുള്ള ആയുധങ്ങളില്ലാതെ ഒരു ദിവസംപോലും പുലരുവാൻ കഴിവുള്ള ഒരു രാഷ്ട്രത്തെ നമുക്കിന്നു സങ്കല്പിയ്ക്കുവാൻകൂടി പ്രയാസമാണ്! ആധുനികസംസ്കാരങ്ങളുടെ ചരിത്രം വാസ്തവത്തിൽ കൊല്ലിനും കൊലയ്ക്കുമുള്ള ആയുധങ്ങളുടെ കഥയല്ലാതെ മററെന്താണ്? ഇന്നലെവരെ അത് പടക്കപ്പലിന്റെയും പോർവിമാനത്തിന്റെയും വെടിമരുന്നിന്റെയും കഥയായിരുന്നു. ഇനിമേൽ അത് ആററംബോംബിന്റെ കഥയാണ്. ഇന്നു നാം കാണുന്ന സ്ഥിതി ഇതാണെങ്കിലും പല പ്രാചീനസംസ്കാരങ്ങളും ഇത്തരം യാതൊരു ആയുധത്തിന്റെയും സഹായമില്ലാതെ ദീർഘകാലം നിലനിന്നതായിട്ടാണ് നാം കാണുന്നത്. ജലപ്രളയങ്ങളും ഭൂകമ്പങ്ങളുംപോലെയുള്ള പ്രകൃതികോപങ്ങൾകൊണ്ടാണ് അവ

Digitized by Kerala Sahitya Akademi

മൺമറഞ്ഞതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. മനുഷ്യനും മനുഷ്യനും തമ്മിലുള്ള കോപത്തിന്റെ ലക്ഷ്യങ്ങളൊന്നും നാം കാണുന്നില്ല. ഈ സംസ്കാരങ്ങളെല്ലാം അജ്ഞാതമായ ഏതോ യോഗവിദ്യയിൽ അടിയുറച്ചവയായിരുന്നു എന്നും, അവ അക്കാരണത്താൽ, നന്മയുടെ വിളനിലങ്ങളായിരുന്നതുകൊണ്ടു യുദ്ധത്തിന്റെയും അതിനു വേണ്ട ഉപകരണങ്ങളുടെയും ആവശ്യം അവയ്ക്കില്ലായിരുന്നു എന്നുമുള്ള ധീരമായ നിഗമനത്തിനു ചില ചിന്തകന്മാർ മുതിർന്നിട്ടുണ്ട്. ഏതായാലും ഉപനിഷല്ക്കാലത്തിനു മുമ്പുമുതല്ക്കുതന്നെ യോഗവിദ്യ ലോകത്തിന്റെ പല ഭാഗങ്ങളിലും നന്മയിലേയ്ക്കു നയിക്കുന്ന ഒരുപായമെന്ന നിലയിൽ അറിയപ്പെട്ടിരുന്നു എന്ന സംഗതി നിസ്തക്കമാകുന്നു. കേരളീയരായ നമുക്കും ആര്യന്മാരുടെയും അവർ കൊണ്ടുവന്ന ഉപനിഷത്തുകളുടെയും കാലത്തിനുമുമ്പുതന്നെ ഇതു വശമായിരുന്നു എന്നു വിചാരിക്കുവാൻ പല ലക്ഷ്യങ്ങളുമുണ്ട്. ഉപനിഷത്തുകളോ പാതഞ്ജലഭാഷ്യങ്ങളോ സംസ്കൃതഭാഷപോലുമോ പരിചയമില്ലാതെ യോഗവിദ്യ അഭ്യസിക്കുന്ന കേരളീയരെ ഇന്നും അങ്ങിങ്ങു കാണുവാൻ സാധിക്കുന്നതാണ്. പക്ഷെ പില്ക്കാലത്ത് ഈ ഭിന്നമാർഗ്ഗങ്ങളെല്ലാം കൂടിക്കഴഞ്ഞുപോയിട്ടുണ്ട്. അന്യസംസ്കാരങ്ങളെ ആഗിരണം ചെയ്യുവാൻ നമുക്കുള്ള കഴിവു വിശ്രുതമാണല്ലോ. ഇങ്ങനെ ദേശീയങ്ങളും വിദേശീയങ്ങളുമായ പല തന്തുക്കളും കൂടിപ്പിരിഞ്ഞ അതിദീർഘമായ നമ്മുടെ യോഗവിദ്യാപാരമ്പര്യത്തിന്റെ ഏററവും ആധുനികനായ പ്രതിനിധിയാണ് ശ്രീനാരായണഗുരുദേവൻ. നന്മയിലേയ്ക്കുള്ള ഏകമാർഗ്ഗം നമ്മുടെ നാട്ടിൽ വിസ്മൃതമായിട്ടില്ലെന്നും, ഇന്നും പ്രയോഗയോഗ്യമാണെന്നുമാണ് അദ്ദേഹം തെളിയിച്ചത്. ഈ അർത്ഥത്തിലാണ് അദ്ദേഹത്തിന്റെ ജീവിതം പ്രാധാന്യമർഹിക്കുന്നതെന്ന് എനിക്കു തോന്നുന്നു. അതിവിപുലമായ സിദ്ധാന്തസംഹിതകളോ പ്രപഞ്ചത്തിന്റെ പരാല്പരമായ സത്തയെ നിർവ്വചനംചെയ്യുന്ന തത്വവിചാരങ്ങളോ അല്ല അദ്ദേഹം നമുക്കു നല്കിയത്. അദ്ദേഹത്തിന്റെ ജീവിതസന്ദേശം അദ്ദേഹത്തിന്റെ ജീവിതമാകുന്ന സന്ദേശമാകുന്നു.

സംസ്കാരവും സദ്‌വൃത്തിയുമെല്ലാം സംശയാലുത്വത്തിന്റെയും നിഷേധവാദങ്ങളുടെയും ആഘാതമേററു നാശോന്മുഖമായ ഒരു ദശാസന്ധിയിലാണ് നിയതി അദ്ദേഹത്തെ നമ്മുടെയിടയിൽ ജനിപ്പിച്ചത്. അദ്വൈതമോ, വിശിഷ്ടാദ്വൈതമോ അതിനപ്പുറം

Digitized by Kerala Sahitya Akademi

വല്ലതുമുണ്ടെങ്കിൽ അതുതന്നെയുമോ പകർന്നുകൊടുത്താൽ സ്വീകരിയ്ക്കാൻ അന്ന് ആളില്ലായിരുന്നു. മതവും തത്വജിജ്ഞാസയുമെല്ലാം അർത്ഥശൂന്യങ്ങളായിപ്പോലും കരുതപ്പെട്ടുതുടങ്ങിയിരുന്നു. ആധുനികപാശ്ചാത്യസംസ്കാരത്തിന്റെ ആദ്യത്തെ ആസ്ഫാലനമാണ് അന്നു ദൃശ്യമായത്. ജീവിതത്തിന്റെ സകല ഭാവങ്ങളിലും കരിനിഴലുകളാണ് കണ്ടിരുന്നത്. എങ്കിലും ഒരു കാര്യം അത്യധികം അർത്ഥവത്തായി കാണുമാനുണ്ടായിരുന്നു. സമുദായഘടനയിൽ സാധാരണമനുഷ്യനും ഒരു സ്ഥാനത്തിനുവേണ്ടി അവകാശവാദം നടത്തുവാൻ തുടങ്ങി. രാഷ്ട്രീയമായ ഒരു പ്രബുദ്ധതയും ഉത്തമങ്ങളായ പൌരധർമ്മങ്ങൾക്കുവേണ്ടി അഭൂതപൂർവ്വമായ ഒരു തൃഷ്ണയും ഉദയംചെയ്തു. നമ്മുടെ ജനസഞ്ചയം മതത്തിൽനിന്നു തിരിഞ്ഞു രാഷ്ട്രീയജീവിതത്തിന്റെ സാദ്ധ്യതകൾ ആരാഞ്ഞുതുടങ്ങിയതിന്റെ ലക്ഷണങ്ങൾ ക്രാന്തദർശിയായ ഗുരുദേവൻ മനസ്സിലാക്കി. യോഗവിദ്യയുടെ ആന്തരാർത്ഥവും അന്തിമസിദ്ധികളും കരസ്ഥമാക്കിയ ആ പരമഹംസന് ഒരു മതാചാര്യനായോ മഹാഭാഷ്യകാരനായോ ജീവിയ്ക്കുവാൻ ഒരു പ്രയാസവുമില്ലായിരുന്നു. പക്ഷെ മതത്തിന്റെ കാലം മാറി സങ്കീർണ്ണമായ സാമുദായികബന്ധങ്ങളുടെ യുഗം ആരംഭിച്ചിരിയ്ക്കുമ്പോൾ അങ്ങിനെയുള്ള ജീവിതംകൊണ്ടു മററുള്ളവർക്കു വലിയ പ്രയോജനമൊന്നും വരാനില്ലെന്ന് അദ്ദേഹം കരുതിയിരിയ്ക്കണം. അതല്ലായിരുന്നെങ്കിൽ ഇന്നു പോണ്ടിച്ചേരിയിൽ അരവിന്ദഘോഷ് നയിയ്ക്കുന്നതുപോലെയുള്ള ഒരു ജീവിതം നയിച്ചു തന്റെ സിദ്ധികളെ, ആധുനികജീവിതത്തിന്റെ വെല്ലുവിളിയെ അഭിമുഖീകരിയ്ക്കാൻ കഴിവില്ലാത്ത അല്പം ചില അന്തേവാസികൾക്കായി പകുത്തുകൊടുത്ത്, സമാധിയടയുക എന്ന നിർഭാഗ്യം അദ്ദേഹത്തിനു വന്നുകൂടുമായിരുന്നു. ഏതായാലും മതം ഉപദേശിയ്ക്കുന്നതിനുമുമ്പായി ആശാസ്യമായ പൌരധർമ്മത്തിലേയ്ക്കുള്ള ഏകവും ഏകാഗ്രവുമായ മാർഗ്ഗം തുറന്നുകൊടുക്കുകയാണ് അദ്ദേഹം ചെയ്തത്. പോത്തിനോടു വേദമോതാതെ, അതിനെ മനുഷ്യനാക്കുവാനുള്ള പരിവർത്തനവിദ്യയ്ക്കാണ് അദ്ദേഹം ഒരുമ്പെട്ടത്. അദ്ദേഹത്തിന്റെ സന്ദേശം മതപരമെന്നു പറയുന്നതിനേക്കാളധികം സാമുദായികമെന്നോ രാഷ്ട്രീയമെന്നോ ആണ് പറയേണ്ടത്. പൌരോഹിത്യത്തിലേയ്ക്കല്ല പൌരധർമ്മത്തിലേയ്ക്കാണ് അതു നയിയ്ക്കുന്നത്. സംയമസുന്ദരവും സൗഹാർദ്ദസുരഭിലവുമായ തന്റെ ജീവിതംകൊണ്ട്

Digitized by Kerala Sahitya Akademi

ഇന്നത്തെ രാഷ്ട്രീയയുഗം വിജയത്തിലെത്തണമെങ്കിൽ ഓരോ പൗരനും പ്രാപിക്കേണ്ട നിലയെന്തെന്ന് അദ്ദേഹം കാണിച്ചു തന്നു. സമുദായഘടകങ്ങളായ മനുഷ്യരിൽ ധാരാളമാളുകാം, അദ്ദേഹം ചെയ്തതുപോലെ, യോഗവിദ്യയിലൂടെ തങ്ങളുടെ ചിത്ത സ്വത്വത്തിനു സ്ഥായിയായ പരിവർത്തനം വരുത്തിയെങ്കിലല്ലാതെ ജീവിതത്തിൻെറ നില ഉയരുകയില്ല; സമുദായപരിഷ്ക്കർത്താക്കാം സ്വപ്നംകാണുന്ന സുവർണ്ണകാലം പുലരുകയുമില്ല. അദ്ദേഹം ആരാധകന്മാർക്കുവേണ്ടി പ്രതിഷ്ഠിച്ചുകൊടുത്തത് അദ്ധ്യാത്മസാക്ഷാൽക്കാരത്തിൻെറ അങ്ങേ അററത്തുമാത്രം അവധാര്യമാകുന്ന ഈശ്വര സങ്കല്പങ്ങളല്ല; നമ്മുടെ ഇന്നത്തെ യഥാർത്ഥരൂപത്തെ നമുക്കുതന്നെ കാണിച്ചുതരുന്ന കണ്ണാടിയാണ്. അതു കണ്ടുകണ്ടു നന്നാകുവാൻ ശ്രമിക്കുട്ടെ എന്നാണ് അദ്ദേഹത്തിൻെറ ആന്തരോദ്ദേശം. ആഭ്യന്തരമായും പരാനപേക്ഷമായും ഉണ്ടാകേണ്ട ഈ പരിവർത്തനത്തിലൂടെമാത്രമേ ആധുനികമനുഷ്യന് എന്തെങ്കിലും ആശിക്കാനുള്ളൂ. അതുണ്ടാകാത്ത കാലത്തോളം ഇന്നത്തെ ദുഃഖങ്ങളും ദോഷങ്ങളും നിലനില്ക്കുകതന്നെ ചെയ്യും. നമ്മുടെ മണ്ണിൽ ജനിച്ചു, കമണ്ഡലുവും കാഷായവസ്ത്രവുമില്ലാതെ വെറും സാധാരണക്കാരനെപ്പോലെയുള്ള ബാഹ്യജീവിതം നയിച്ചു ശുദ്ധമായ മനുഷ്യത്വത്തിൻെറ മഹനീയമാതൃക കാണിച്ചുതന്ന ഈ മഹാപുരുഷൻ തന്നെയാണ് നമ്മുടെ ഇന്നത്തെ ആചാര്യൻ. സമുദായത്തിൽ നൂററിന് ഇരുപതു പേരെങ്കിലും അദ്ദേഹത്തെപ്പോലെ ആയിത്തീരുകയാണെങ്കിൽ മതമോ സയൻസോ മോട്ടോറോ വിമാനമോ ഒന്നുമില്ലാതെതന്നെ ഈ ലോകത്തെ സ്വർഗ്ഗമാക്കുവാൻ സാധിക്കും. ഇന്നാട്ടിൽ നമുക്കു സുപരിചിതരായ എണ്ണമററ ഗ്രാമവൃദ്ധന്മാരിൽ ഒരാളെപ്പോലെ കേരളസംസ്കാരത്തിൻെറ കേവലസൗന്ദര്യം പരിപാലിച്ചും, അതേസമയംതന്നെ മദമാത്സര്യമലീമസമായ ചുററുപാടുകളുടെ നടുവിൽ പൗരധർമ്മത്തിൻെറ പരമോന്നതകോടികളെ പ്രാപിച്ചും ജീവിച്ച ഈ പുണ്യചരിതൻ നമുക്ക് ആചാര്യനെന്നതുപോലെ ആത്മമിത്രവുമാകുന്നു. ചരിത്രം അതിൻെറ മൂകഭീകരമായ രീതിയിൽ, നല്കുന്ന സന്ദേശംതന്നെയാണ് അദ്ദേഹവും കരുണാപൂർവ്വം നമ്മോടു മന്ത്രിക്കുന്നത്—"മതമേതായാലും മതി; മനുഷ്യൻ നന്നാകണം."

Digitized by Kerala Sahitya Akademi

# 11

# അനുരഞ്ജനം

ശാസ്ത്രജ്ഞന്മാർ തങ്ങളുടെ ചിന്താസമ്പ്രദായത്തിന്റെ പരിമിതികളും പാരതന്ത്ര്യങ്ങളും മനസ്സിലാക്കിത്തുടങ്ങുകയും സാമാന്യജനങ്ങൾ ശാസ്ത്രസങ്കല്പങ്ങളെക്കുറിച്ച് ഒരു പുതിയ അന്ധവിശ്വാസം തന്നെ പുലർത്തുവാൻ തയ്യാറാകുകയും ചെയ്യുന്ന ഒരു കാലമാണിത്. ഇതിനിടയ്ക്കു ശാസ്ത്രീയസിദ്ധാന്തങ്ങളുമായി മുഖപരിചയം നേടി ആധുനികചിന്തയുടെ അനുഗൃഹീതസന്താനങ്ങളെന്നഭിമാനിയ്ക്കുന്ന പലക്കും ശാസ്ത്രം അദ്ധ്യാത്മസത്യങ്ങളെയും അനുഭവജ്ഞാനങ്ങളെയും നിഷേധിയ്ക്കുവാനുള്ള ഒരു ഉപകരണമായിത്തീർന്നിട്ടുണ്ട്. പത്തൊൻപതാംനൂററാണ്ടിന്റെ ഉത്തരാർദ്ധത്തിൽ പാശ്ചാത്യലോകത്തു പ്രചാരത്തിലിരുന്ന ചില വാദമുഖങ്ങളാണ് അവരുടെ ആയുധം. സാധാരണ മനുഷ്യന്റെ ഇന്നത്തെ വിശ്വാസസന്നദ്ധതയാണ് അവക്കുകിട്ടിയിട്ടുള്ള വലിയ സൗകര്യം. കുറേക്കാലം മുമ്പു നമ്മുടെ നാട്ടിൽ ചിലയാളുകൾ പരിണാമവാദത്തെക്കുറിച്ചുള്ള കുറേ പുസ്തകങ്ങൾ വായിച്ചു നിരീശ്വരവാദികളായിത്തീർന്നതായി കേട്ടിട്ടുണ്ട്. പക്ഷെ അന്ന് സാധാരണ മനുഷ്യർ അവരുടെ പുത്തൻവേദത്തിൽ വിശ്വാസം കാണിയ്ക്കുവാൻ തയ്യാറില്ലായിരുന്നു. ഇന്നാകട്ടെ പല കാരണങ്ങളാലും പൊതുജനം അതിനു സന്നദ്ധമാണ്. ശാസ്ത്രം എന്ന വാക്കിന് അത്ര വലിയ ഒരു കൺകെട്ടുശക്തിയാണ് കൈവന്നിരിയ്ക്കുന്നത്. ജന്തുലോകത്തെപ്പററിയുള്ള പഠനത്തിൽനിന്നാണ് ഡാർവിൻ തന്റെ പരിണാമസിദ്ധാന്തം രൂപവൽക്കരിച്ചത്. ഈ സിദ്ധാന്തത്തെ നിരീശ്വരത്വത്തിന്റെ ഊന്നുവടിയായി ഉപയോഗിയ്ക്കുന്നതു കാണുമ്പോൾ ഈശ്വരൻ ജന്തുക്കളുടെ കൂട്ടത്തിൽപ്പെട്ടതാണോ എന്നു സംശയിച്ചുപോകുന്നു. ഇന്നു ചിലർ കുറേക്കൂടി ഉയന്ന ഒരു പടിയിൽ നിന്നുകൊണ്ടു ശാസ്ത്രസിദ്ധാന്തങ്ങൾ ഉദ്ധരിച്ച് അദ്ധ്യാത്മസത്യങ്ങളെ തെളിയിയ്ക്കാമെന്നു പറഞ്ഞു പുതിയ ദാർശനികഭാവം നടിയ്ക്കുന്നു. ഇരുകൂട്ടരും വാസ്തവത്തിൽ കാടു കയറുകയാണു ചെയ്യുന്നത്. ഇന്ദ്രിയഗോചരമായ പ്രപഞ്ചത്തെ അപഗ്രഥിച്ചും അളന്നുനോക്കിയും അതിന്റെ ആഴവും ഊഴവും

Digitized by Kerala Sahitya Akademi

അറിയുവാനുള്ള ഒരുദ്യമമാണ് ശാസ്ത്രം. അപഗ്രഥനത്തിനും അളവിനും വഴങ്ങുന്ന പ്രപഞ്ചഭാവങ്ങളെ—അതായത് ഇന്ദ്രിയബോധങ്ങളെ—മാത്രമേ അതു കൈകാര്യം ചെയ്യുന്നുള്ളു. അതിന്റെ നിഗമനങ്ങൾ അവയെ മാത്രമേ സ്പർശിക്കുന്നുള്ളു. പ്രപഞ്ചം മുഴുവനും—നമ്മുടെ അനുഭവബോധങ്ങൾ സമസ്തവും—അതിലടങ്ങുമെന്നു കരുതുന്നത് അബദ്ധമാണ്. സിനിമകാണുന്ന കുട്ടികൾ, അതിലെ സമ്പ്രദായങ്ങൾ യഥാർത്ഥജീവിതത്തിന്റെ ഏതു മണ്ഡലത്തിനും യോജിക്കുമെന്നു വ്യാമോഹിക്കുന്നതുപോലെയാണിത്. ചില ജീവിതഭാവങ്ങളെമാത്രം കൃത്രിമമായി തിരഞ്ഞെടുത്താണ് തിരശ്ശീലയിലെ ഈ നിഴലാട്ടങ്ങൾ നടത്തപ്പെടുന്നത്. അവ പ്രസ്തുതഭാവങ്ങളുടെ യഥാതഥമായ ഒരു പ്രദർശനമായിരുന്നാൽ തന്നെയും അതിൽനിന്നു ജീവിതത്തെ മുഴുവനും സ്പർശിക്കുന്ന നിഗമനങ്ങൾ കണ്ടെത്തുവാൻ സാധ്യമല്ല. ശാസ്ത്രസിദ്ധാന്തങ്ങളുംകൊണ്ടു മററ് അനുഭവമണ്ഡലങ്ങളിലേയ്ക്ക് ഓടിക്കയറി സാഹസത്തിനു തുനിയുന്നതിലും ഇതുപോലെയുള്ള കഥയില്ലായ്മയുണ്ട്. ആധുനികശാസ്ത്രമുദ്ധരിച്ച് ഉപനിഷദ്വാക്യങ്ങൾക്ക് അർത്ഥം പറയുന്നതും അർത്ഥമില്ലെന്നു പറയുന്നതും ഒരുപോലെ അപഹാസ്യമാകുന്നു.

ഹിരണ്മയേന പാത്രേണ
സത്യസ്യാപിഹിതം മുഖം

എന്ന് തന്റെ ആത്മാവിനെ സാക്ഷിനിർത്തി, അപ്രത്യക്ഷജ്ഞാനത്തിന്റെ ഉഷഃപ്രകാശം നുകരുന്ന ഒരു ഋഷീശ്വരൻ പറയുമ്പോൾ അവിടെ ഗലീലിയോവും, ന്യൂട്ടണും, ഡാർവിനും ഒന്നും വരേണ്ടകാര്യമില്ല. അവരുടേതിൽനിന്ന് എത്രയോ അകന്ന ഒരു അനുഭവലോകമാണ് അദ്ദേഹത്തിന്റേത്. അദ്ദേഹം പറഞ്ഞതിന്റെ അർത്ഥം അറിയണമെന്നുള്ളവർ അദ്ധ്യാത്മവിദ്യ അഭ്യസിക്കണം; ധ്യാനിക്കണം; അപരേന്ദ്രിയജ്ഞാനത്തിന്റെ അങ്ങേയററം വരെ കയറിച്ചെല്ലണം. ചലനങ്ങളും ശക്തികളും, സംഖ്യകളും സമ്മർദ്ദങ്ങളും നിറഞ്ഞ ശാസ്ത്രലോകത്തിലെ വസ്തുതയല്ല അതിലെ വിവക്ഷിതം. അതു കാണേണ്ട കണ്ണുകൾ ഭൂതക്കണ്ണാടിയിലും ദൂരദർശിനിയിലുംകൂടി നോക്കുവാനുപയോഗിക്കുന്നവയല്ല. ഈ രണ്ടു ലോകങ്ങളും—ഇതുപോലെ വേറെയുമുണ്ട്—ഭിന്നമാണെന്നും രണ്ടും സാധുവും സത്യവുമാണെന്നും, ഒന്നു മററതിനെ നിഷേധിക്കു

Digitized by Kerala Sahitya Akademi

ന്നില്ലെന്നും ഉള്ള ബോധമാണ് സംസ്കൃതചിത്തനായ മനുഷ്യന് ഉണ്ടാകേണ്ടത്. ഈ ബോധത്തിൽനിന്നുമാത്രമേ സമഗ്രവും സർവ്വാശ്ലേഷിയും സഹിഷ്ണുത കലർന്നതുമായ ഒരു വിശ്വവീക്ഷണം ജനിക്കുകയുള്ളു. അനുഭവബോധത്തിലൂടെ നാം അറിയുന്ന പ്രപഞ്ചത്തിൽ അളക്കുവാനും എണ്ണുവാനും കഴിയുന്ന ഘടകങ്ങൾ മാത്രമല്ല ഉള്ളത്. അതിൽ ആനന്ദസൗന്ദര്യങ്ങളും ആദർശമൂല്യങ്ങളുമുണ്ട്; പ്രതീക്ഷയുണ്ട്; ചാരിതാർത്ഥ്യമുണ്ട്; പ്രേമമുണ്ട്; ഈശ്വരനുണ്ട്. മററ് ഏതിനെയും പോലെതന്നെ അനുഭവസാദ്ധ്യതയുള്ള ഈ പ്രപഞ്ചഘടകങ്ങളെ കൈകാര്യംചെയ്യാനുള്ള ഉപകരണങ്ങൾ ഏതു ശാസ്ത്രജ്ഞന്റെ ഗവേഷണശാലയിലാണുള്ളത്?

ശാസ്ത്രചിന്തയുടെ ഈ പരിമിതികൾ ശാസ്ത്രജ്ഞന്മാർ ഇന്നു പൂർണ്ണമായി മനസ്സിലാക്കുന്നുണ്ട്. സമഗ്രമായ ഒരു വീക്ഷണം കൈവരുത്തുവാനും വൈരുദ്ധ്യങ്ങളെ വിട്ടകലുവാനും അവർ മനഃപൂർവ്വം ശ്രമിക്കുകയാണ്. തങ്ങളുടെ അന്വേഷണമണ്ഡലത്തിൽതന്നെ ഭാഗികമായ വീക്ഷണഗതി അറിയാതെ സ്വീകരിച്ചുപോയതുമൂലം വന്നുകൂടിയ വൈഷമ്യങ്ങൾ വെളിപ്പെടുവാൻ തുടങ്ങിയപ്പോഴാണ് അവക്കിതിന്റെ ആവശ്യം മനസ്സിലായത്. സുദീർഘമായ പഠനത്തിന്റെ ഫലമായി ജീവശാസ്ത്രം പരിണാമം എന്ന മഹാതത്ത്വം കണ്ടെത്തി. ജീവജാലത്തിന്റെ പൂർവ്വചരിത്രം ലാളിത്യത്തിൽനിന്നു സങ്കീർണ്ണതയിലേക്കും വിഘടനയിൽനിന്നു സംഘടനയിലേക്കും നയിക്കുന്ന ഒരു പ്രവണതയെ ആവിഷ്കരിക്കുന്നതായി അതു തെളിയിച്ചു. പക്ഷെ ഭൗതികശാസ്ത്രം ഇതിനു നേരെ വിരുദ്ധമായ ഒരു ഉപദർശനത്തിലാണ് ചെന്നെത്തിയത്. ഈ പ്രപഞ്ചം ഘടനയിൽനിന്നു വിഘടനയിലേക്കും സങ്കീർണ്ണതയിൽനിന്നു ലാളിത്യത്തിലേക്കും നീങ്ങുന്നതായിട്ടാണ് അതു കണ്ടത്. രണ്ടും പരിണാമമാണ്. പക്ഷെ അവയുടെ ഗതി പരസ്പരവിരുദ്ധമായിട്ടാണ്. ഒന്ന് ഉൽഗതിയും മറേറത് അധോഗതിയും. അനുഭവഗോചരമായ ഒരേ പ്രപഞ്ചത്തിൽ തന്നെയാണ് വിരുദ്ധമായ ഈ പ്രവണതകൾ ശാസ്ത്രജ്ഞന്മാർ ദർശിക്കുന്നതെന്നോർക്കണം. ഈ ഉപദർശനങ്ങളെ അനുരഞ്ജിപ്പിക്കാത്ത കാലത്തോളം ശാസ്ത്രജ്ഞനു സ്വസ്ഥതയും സമാധാനവും കൈവരുകയില്ല. ശാസ്ത്രജ്ഞാനത്തിന്റെ അത്ഭുതാവഹമായ വികാസംമൂലം ഒരാളിന്റെ ബുദ്ധികൊണ്ട് അതു മുഴുവനും പഠിച്ച് ഈ രഞ്ജകഭാവം കണ്ടെത്തുവാൻ സാദ്ധ്യമല്ലാതായിത്തീർന്നിട്ടുണ്ട്. എങ്കിലും ഈദൃശങ്ങളായ

Digitized by Kerala Sahitya Akademi

വൈരുദ്ധ്യങ്ങളെ ആസ്പദമാക്കി അന്യോന്യം വഴക്കടിക്കുന്നതു മൂഢതയാണെന്ന് ഇന്നത്തെ മിക്ക ശാസ്ത്രജ്ഞന്മാരും മനസ്സിലാക്കിയിരിക്കുന്നു. ഈ സഹിഷ്ണുതയാണ് ആധുനിക ചിന്തയുടെ അതി പ്രധാനവും അത്യന്തം ആശ്വാസകരവുമായ ലക്ഷണം. ഈ നൂററാണ്ടിൻെറ ആരംഭകാലത്തു ഭൗതികശാസ്ത്രം ആപേക്ഷികതത്ത്വമെന്നും ക്വാണ്ടം തിയറി എന്നും അറിയപ്പെടുന്ന രണ്ട് ഉപദശനാങ്ങളിൽ ചെന്നെത്തുകയുണ്ടായി. ഇവയ്ക്കു തമ്മിൽ അതിപ്രകടമായ വൈരുദ്ധ്യമുണ്ടായിരുന്നു. എങ്കിലും അക്കാരണത്താൽ ഏതെങ്കിലും ഒന്നേ ശരിയായിരിക്കുകയുള്ളു എന്ന് ആരും വാദിച്ചില്ല. ഇവയെ അനുരഞ്ജിപ്പിക്കുവാൻ വഴിയുണ്ടോ എന്നാണ് ആലോചിച്ചത്. ഇതിനു വേണ്ടിയുള്ള കഠിനായത്നം ഇപ്പോഴും നടക്കുകയാണ്. ഐൻസ്റ്റൈനെപ്പോലുള്ള ചുരുക്കം ചില പ്രതിഭാശാലികൾക്ക് ഈ അനുരഞ്ജനത്തിൻെറ ഉദയാൽപൂവ്വമായ കൃശപ്രകാശം ദശിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അതുതന്നെ ഒരു വലിയ നേട്ടമായി കരുതപ്പെടുന്നു. ശാസ്ത്രത്തിൻെറ ഒരു പ്രത്യേകവിഭാഗത്തിനകത്തു നടക്കുന്ന അനുരഞ്ജനശ്രമമാണിത്! അതിൻെറ വിവിധശാഖകൾക്കു തമ്മിൽത്തമ്മിലുള്ളതായി കാണുന്ന വൈരുദ്ധ്യങ്ങളെ സവ്വാശ്ലേഷിയായ ഒരൊററ വ്യാഖ്യാനംകൊണ്ടു ദൂരീകരിക്കുവാൻ ഒരു തലമുറ കൂടി കഴിയേണ്ടിവരുമെന്നു തോന്നുന്നു.

ഇങ്ങിനെ നോക്കിയാൽ ശാസ്ത്രത്തിൻെറ ലക്ഷ്യം യുക്തിയെ ആരാധിച്ച്, അതിനെ കലികൊള്ളിച്ചു, സംഹാരതാണ്ഡവം നടത്തിക്കുകയല്ലെന്നും, അതിനെ വിവേകപൂവ്വം വിനിയോഗിച്ചു പ്രപഞ്ചത്തിൽ ദൃശ്യമാകുന്ന വൈരുദ്ധ്യങ്ങളെ വ്യാഖ്യാനിക്കുവാൻ ശ്രമിക്കുകയും, അങ്ങിനെ നാനാത്വത്തിൽ ഏകത്വത്തെ കണ്ടെത്തുകയും ആണെന്നും ആധുനികശാസ്ത്രം അംഗീകരിക്കുന്നതായി കാണാം. യുക്തി ഉപയോഗിച്ചുള്ള അപഗ്രഥനത്തിനു വിധേയമാകുന്ന പ്രപഞ്ചഭാവങ്ങളുടെ കാര്യത്തിലാണ് ഈ അനുരഞ്ജനം നടക്കുന്നത്. അതിൽനിന്നു ലഭിക്കുന്ന സംതൃപ്തി ബുദ്ധിപരവുമാകുന്നു. യുക്തിക്കു വശഗമാകാത്ത പ്രപഞ്ചഭാവങ്ങളും ധാരാളമുണ്ടെന്നും, അവയെ മനസ്സിലാക്കുന്നതിന് മററുപകരണങ്ങളാണ വേണ്ടതെന്നും, അവയെ ഉപയോഗിക്കുന്നതുമൂലം കണ്ടെത്തുന്ന അടിസ്ഥാനതത്ത്വങ്ങൾ, ബുദ്ധിയെയല്ല മററ് അന്തർമണ്ഡലങ്ങളെയാണ് തൃപ്തിപ്പെടുത്തുകയും ധന്യമാക്കുകയും ചെയ്യുന്നതെന്നും മനസ്സിലാക്കുകയാണ് ഇന്നത്തെ ഏററവും വലിയ ആവശ്യം.

Digitized by Kerala Sahitya Akademi

പല കാരണങ്ങളാലും ശാസ്ത്രം ഇന്ന് ഇതിനു തയ്യാറായിട്ടുണ്ട്. പക്ഷേ സംസ്കാരത്തിന്റെ ഇതരമണ്ഡലങ്ങളിൽ ഇങ്ങിനെയൊരു സന്നദ്ധത കാണാനില്ലെന്നു പറയേണ്ടിയിരിക്കുന്നു. ഇന്ന് അവഗാഹം സിദ്ധിച്ച ശാസ്ത്രജ്ഞന്മാരാരും മതത്തിന്റെയോ സന്മാർഗ്ഗാചാരങ്ങളുടെയോ നേരെ ചന്ദ്രഹാസമിളക്കുന്നില്ല. എന്നാൽ പല മതചിന്തകന്മാരും സന്മാർഗ്ഗവാദികളും ശാസ്ത്രം നശിച്ചാൽമാത്രമേ മതങ്ങൾക്കും ലോകത്തിനും രക്ഷയുള്ളൂ എന്നുപോലും വാദിക്കുന്നുണ്ട്. കഴിഞ്ഞ നൂററാണ്ടിൽ ഉണ്ടായിരുന്നതിനു നേരേ വിപരീതമായ നിലപാടാണിത്. അന്നു ശാസ്ത്രമായിരുന്നു കുററക്കാരൻ. അതിന്റെ അന്നത്തെ അസഹിഷ്ണുത ആപല്ക്കരമാംവണ്ണം വളരുകയുണ്ടായി. പക്ഷേ ഭാഗ്യവശാൽ അതു (ശാസ്ത്രം) അന്നത്തെ നിലയിൽനിന്ന് അതിദൂരം പുരോഗമിച്ചിരിക്കുന്നു. ശാസ്ത്രത്തിലുണ്ടായിട്ടുള്ളതിനു തുല്യമായ പുരോഗതി മററുമണ്ഡലങ്ങളിൽ ഉണ്ടായില്ല. അതാണ് ഇന്നു കാണുന്ന അഭിപ്രായഭിന്നതകൾക്കും ശത്രുതകൾക്കും കാരണം. ഇത് ഒരുദാഹരണംകൊണ്ടു വ്യക്തമാക്കാം.

മതചിന്തയ്ക്കു സ്വന്തമണ്ഡലത്തിൽപ്പോലും ഒരു അനുരഞ്ജനം സാധ്യമായിട്ടില്ല. പിന്നെയാണല്ലോ അതു മററു മണ്ഡലങ്ങളുമായി ഇണങ്ങുന്നത്. സെമിററിക്മതങ്ങളായ ക്രിസ്തുമതവും ഇസ്ലാമും, ലോകത്തിൽ തങ്ങൾക്കുമാത്രമേ ഈശ്വരൻ വെളിപ്പെട്ടിട്ടുള്ളൂ എന്നു വിശ്വസിക്കുന്നു. അവരുടെ മതചിന്തയിലെ അടിസ്ഥാനപ്രമാണമാണിത്. ഈ രണ്ടു മതങ്ങളും തമ്മിൽത്തന്നെയും അസഹിഷ്ണുക്കളാണ്. ക്രിസ്ത്യാനി മുഹമ്മദീയനെ അവിശ്വാസിയായി കരുതുന്നു. മുഹമ്മദീയൻ ക്രിസ്ത്യാനിയേയും അങ്ങിനെതന്നെ. കുപ്രസിദ്ധമായ കുരിശുയുദ്ധങ്ങളുടെ മൂലകാരണം ഇതാണല്ലോ. ഈ രണ്ടു സെമിററിക്മതങ്ങൾക്കും പരസ്പരമുള്ള മനോഭാവംതന്നെ ഇതായിരിക്കേ, ബാഹ്യലോകത്തെയും അന്യമതക്കാരെയുംകുറിച്ച് അവയ്ക്കുള്ള അഭിപ്രായമെന്തെന്നു പ്രത്യേകിച്ചു പറയാനില്ല. എല്ലാം അവിശ്വാസികളോ കാഫിറുകളോ ആണ്. ഒരു കൈയിൽ ബൈബിളും മററതിൽ തോക്കും അല്ലെങ്കിൽ ഒന്നിൽ ഖുർ—ആനും മററതിൽ വാളുമായി ഈ സെമിററിക്മതാനുയായികൾ ദിഗ്വിജയത്തിനുപോയ കഥ ചരിത്രത്തിലെ നിണംപുരണ്ടവയും ഏററവും പരിതാപകരവുമായ അധ്യായങ്ങളാണ്. ഈശ്വരന്റെ മേൽ ഇങ്ങനെ ഒരു കുത്തകയുണ്ടെന്നു ലോകത്തിൽ ഈ രണ്ടെണ്ണ

Digitized by Kerala Sahitya Akademi

മൊഴികെ മററു മതങ്ങളൊന്നും ഘോഷിച്ചിട്ടില്ല. പ്രാചീന അമേരിക്കയിലെ ആദിമനിവാസികഠം, കൊളംബസ്സിനൊത്തുടന്നു അവിടെയെത്തിയ പറങ്കികഠം ദൈവത്തിൻെറ പേരിലാണ് തങ്ങളുടെ സംസ്കാരത്തെ തവിടുപൊടിയാക്കുവാൻ ശ്രമിക്കുന്നതെന്നു കണ്ട് അത്ഭുതപ്പെടുകയുണ്ടായി. വാൽവെഡി എന്ന പറങ്കിപ്പാതിരി വിശുദ്ധവേദപുസ്തകം ഉയർത്തിപ്പിടിച്ചുകൊണ്ടാണ് അററാഹുവാല്പാ എന്ന ഇങ്കാചക്രവർത്തിയോട് സ്പെയിനിലെ രാജാവിൻെറ സാമന്തനാകുവാൻ അപേക്ഷിച്ചത്. സൂര്യാരാധകനായ ഇങ്കാ കടലിനപ്പുറത്തുള്ള ആ രാജാവിനെ ഒരു സഹോദരനായി കണക്കാക്കുവാൻ തയ്യാറാണെന്നും, പക്ഷെ ദൈവത്തിൻെറ മഹിമകളെക്കുറിച്ച് തന്നോടു പ്രസംഗിക്കേണ്ട ആവശ്യമില്ലെന്നും, താനും തൻെറ ജനങ്ങളും എന്നും ഈശ്വരകാരുണ്യത്തിൽ തന്നെയാണ് വർത്തിക്കുന്നതെന്നും മറുപടിപറയുകയും, അസ്തോന്മുഖമായ ദിനമണിബിംബത്തെ ചൂണ്ടിക്കാണിക്കുകയുംചെയ്തു. ഇതേത്തുടന്നുണ്ടായ ദാരുണസംഭവങ്ങളുടെ ഫലമായി അററാഹുവാല്പാ പറങ്കികളുടെ തടവുകാരനായി. അവർ ആ രാജതിലകനെ 'മോമോദിസാ' മുക്കിയതിനുശേഷം തൂക്കിക്കൊന്നു. ഇമ്മാതിരിയുള്ള അസഹിഷ്ണുതയുടെ അപസ്മാരവേഗം അന്യമതങ്ങളുടെ ചരിത്രത്തിൽ കാണ്മാനില്ല. ഒരു കാലത്ത് ഇന്ത്യയിൽ ആകമാനം പ്രചരിച്ചിരുന്ന ബുദ്ധമതം ഇന്നാട്ടിൽനിന്നു ബഹിഷ്കൃതമായി എന്ന വസ്തുത വലിയ ഒരു അത്ഭുതമായി ഗണിക്കപ്പെടുന്നു. ഒരു മതം മറെറാന്നിനെ ഒരു ഭൂഖണ്ഡത്തിൽനിന്ന് നിർമ്മാർജ്ജനംചെയ്ത സംഭവമാണിത്. ഇത്ര വലിയ ഒരു പരിവർത്തനം ഉണ്ടായിട്ടും ഇവിടെ കുരിശുയുദ്ധങ്ങളോ ഇൻക്വിസിഷനോ പോലെയുള്ള കലാപങ്ങളൊന്നും ഉണ്ടായില്ല. ഹിന്ദുക്കഠം ബുദ്ധമതക്കാരെ യുദ്ധംചെയ്തു തോല്പിച്ചോ മററുതരത്തിൽ ഭീഷണിപ്പെടുത്തിയോ മാഗ്ഗം കൂട്ടുകയല്ല ചെയ്തത്. ഇസ്ലാമിനും ക്രിസ്തുമതത്തിനും ഇന്നാട്ടിലുണ്ടായ വ്യാപ്തി ബുദ്ധമതത്തിനുണ്ടായിരുന്നതിനോടു താരതമ്യപ്പെടുത്തുമ്പോഠം എത്രയോ നിസ്സാരമാണ്. എന്നിട്ടും അവയുടെ ആഗമനകാലം തൊട്ടു വർഗ്ഗീയകലഹങ്ങളും മതയുദ്ധങ്ങളും ഇവിടെയും തലപൊക്കിത്തുടങ്ങി. ഇതിനുള്ള കുററം മുഴുവനും ഹിന്ദുക്കളുടെ തലയിലാണ് വിദേശീയനിരീക്ഷകന്മാർ ചുമത്തിവരുന്നത്. ചരിത്രവസ്തുതകളെ പാടേ വിസ്മരിച്ചുകൊണ്ടുള്ള ഒരു കുററാരോപണമാണിത്. മതയുദ്ധങ്ങഠം വാസ്തവത്തിൽ ഈ സെമിററിക്ക്

Digitized by Kerala Sahitya Akademi

മതങ്ങളുടെ കൂടെപ്പിറപ്പുകളാണ്. മററാക്കും വെളിപാടുണ്ടായിട്ടില്ലെന്നുള്ള സങ്കുചിതമായ സങ്കല്പത്തിന്റെ ഫലങ്ങളാണവ. മതചിന്തയിലെ ഇമ്മാതിരി വൈരുദ്ധ്യങ്ങാക്കു വ്യാഖ്യാനം നല്കുവാനോ, ഭിന്നമതങ്ങളുടെ സങ്കല്പങ്ങളെ അനുരഞ്ജിപ്പിക്കുവാനോ കാര്യമായ യാതൊരു ശ്രമവും നടന്നിട്ടില്ല. ഈ നിലയിൽ മതവും ശാസ്ത്രവും തമ്മിൽ കലഹിച്ചതുകൊണ്ട് യാതൊരു വിശേഷവുമില്ല. ശാസ്ത്രം അതിന്റെ മണ്ഡലത്തിൽ സർവ്വാശ്ലേഷിയായ ഒരു സമഗ്രവീക്ഷണത്തിന്റെ ആവശ്യകത മനസ്സിലാക്കുകയും അതു കൈവരുത്തുവാൻ തീവ്രയത്നം നടത്തുകയും ചെയ്യുന്നു. ശാസ്ത്രജ്ഞന്മാർ ശാസ്ത്രീയചിന്തയുടെ പരിമിതികാം സമ്മതിക്കുന്നു. മററു വിജ്ഞാനങ്ങളുടെ നേക്കുണ്ടായിരുന്ന അസഹിഷ്ണുത കൈവെടിഞ്ഞ് അവയുടെ സാധുതയെ അംഗീകരിക്കുന്നു; അവയെക്കൂടി ഉറംപ്പെടുത്തിക്കൊണ്ടുള്ള ഒരു അനുരഞ്ജനത്തിനു വേണ്ടി കാത്തിരിക്കുന്നു. പക്ഷെ മററു മണ്ഡലങ്ങളിൽ ഇതിൽ ആദ്യത്തെ ചുവടുപോലും മുന്നോട്ടുവച്ചു കാണുന്നില്ല. ഇന്നത്തെ ദുഃഖത്തിനും ദോഷത്തിനുമുള്ള യഥാർത്ഥകാരണം ഇതാണെന്ന് എനിക്കു തോന്നുന്നു.

Digitized by Kerala Sahitya Akademi

## 12

# അദ്വൈതസന്ദേശം

കേരളീയരായ നമ്മുടെ ചിത്തശില്പത്തിൽ വിട്ടൊഴിയാതെ നില്ക്കുന്ന ഒരു ഘടകമാണ് സംശയാലുത്വം. ഒരു ജനത എന്ന നിലയിൽ നമുക്കു പൊതുവായ എന്തെങ്കിലുമൊന്നുണ്ടെങ്കിൽ അത് ഈ ദുസ്സ്വഭാവമാണ്. ഒന്നിന്റെ നേർക്കും ഒരു വിശ്വാസമില്ലായ്മ; സകലതിനോടും ഒരു സന്ദേഹഭാവം; നിന്ദാശീലം. ഇതിനെ സ്ഥായിയായി നിർത്തുവാനെന്നല്ല വളർത്തുവാൻകൂടി നമുക്കു കഴിവുണ്ട്. വികലമായ ഈ മനോഭാവം നമുക്ക് എന്തെന്നില്ലാത്ത സംതൃപ്തി നല്കുന്നതുപോലെ തോന്നുന്നു. ഒരു കേരളീയൻ സാക്ഷാൽ നിർഗ്ഗുണബ്രഹ്മത്തെത്തന്നെ കണ്ടുമുട്ടിയാലും ആ കാഴ്ച അവനെ അത്ഭുതപാരതന്ത്രനാക്കുകയില്ല. ആ അനുഭവത്തിന്റെ തീക്ഷ്ണതയിൽ അവന്റെ ചിത്തസത്വം തന്നെത്തന്നെ മറക്കുകയില്ല. അവന്റെ മിഴികൾ ആദരാധിക്യത്താൽ താനേ കൂമ്പുകയില്ല. "ഇതിൽ എന്തോ സൂത്രമുണ്ട്" എന്ന ഭാവത്തിൽ അവന്റെ മനസ്സിന്റെ ഒരംശം ഈ ആകർഷണചക്രത്തിൽനിന്ന് അകന്നു നില്ക്കും. മനസ്സിന്റെ ഒരു പകുതികൊണ്ട് ആദരിക്കുകയും മറേറ പകുതികൊണ്ടു നിന്ദിക്കുകയും ആണ് ഒരേസമയത്തു അവൻ ചെയ്യുന്നത്. ഒന്നു മുന്നോട്ടും മററു പിന്നോട്ടും അവനെ വലിക്കുന്നു. ഇതു കേവലം ബുദ്ധിപരമായ ഒരഭ്യാസംമാത്രമാണെന്നു ധരിക്കരുത്. സംശയാലുത്വത്തേയും നിന്ദാശീലത്തേയും ഈ വിധത്തിൽ സ്വീകരിക്കുന്നവരുണ്ട്. അത് അവർക്കൊരു രസമാണ്. അത് അവരുടെ ജീവിതത്തിനു ദുസ്സഹമായ ദ്വൈതാനുഭവങ്ങളൊന്നും നൽകുന്നില്ല. ഹാസ്യാനുകരണത്തിനുള്ള കൌതുകംപോലെ അത് ബുദ്ധിയുടെ ഉപരിതലങ്ങളിൽ അലകളിളക്കി നിന്ന് അപ്രത്യക്ഷമാകുന്നു. അത് ആഴത്തിലേയ്ക്കു കടന്നു ചേതനയെ വിഷമിപ്പിക്കുന്നില്ല. പക്ഷെ കേരളീയന്റെ കഥ ഇതല്ല. അവന് ഒഴിഞ്ഞുമാറുവാൻ കഴിയാത്ത ഒരു മനോഭാവമാണിത്. ഒരു വശത്തുടെ സ്വീകരിക്കുമ്പോൾ മറേറ വശത്തുടെ ചോദ്യംചെയ്തേ മതിയാവൂ. ഇത് അവന്റെ ബുദ്ധിശക്തിയുടെ തെളിവാണെന്നു പറഞ്ഞേക്കാം. എന്തുതന്നെ ആയാലും അത്

Digitized by Kerala Sahitya Akademi

അവൻെറ നാശത്തിനുള്ള വഴിയുംകൂടിയാണ്. "സംശയാത്മാ വിനശ്യതി." പൂർണ്ണവും, അകലുഷവും, തന്നെത്തന്നെ മറക്കുന്നതുമായ ററിവ്വതവീക്ഷണം അവനു പ്രകൃത്യാ സാദ്ധ്യമല്ലെന്നാണ് ഇതു തെളിയിക്കുന്നത്. വിശ്വാസമില്ലായ്മയിൽനിന്നു ബഹുമാനമില്ലായ്മയിലേക്കുള്ള ദൂരം വളരെ ചെറുതാണ്. ഈ നിലയെ പ്രാപിക്കുന്നതാണ് ഏററവും ആപല്ക്കരം. തൻെറ സംശയാലുതത്തിൽ ഞെളിഞ്ഞുയർന്നു ധീരനായി നില്ക്കുന്നതായി അവനു തോന്നിയേക്കാമെങ്കിലും സംശയിച്ചു സംശയിച്ചു ഒന്നും ചെയ്യാതിരിക്കുക എന്ന നിലയിലേക്കാണ് അവൻ വാസ്തവത്തിൽ അധഃപതിക്കുന്നത്. ആദർശങ്ങളുടേയോ, അഭിപ്രായങ്ങളുടേയോ, മനുഷ്യരുടേയോ നേതൃത്വത്തിന് അവൻ ഒരു കാലത്തും വഴിപ്പെടുകയില്ല. ഇതൊരു മെച്ചമാണെന്നു തോന്നിയേക്കാം. സ്വാതന്ത്ര്യത്തിൻെറ ലക്ഷണമാണെന്നും കരുതിയേക്കാം. ഇത്ര അബദ്ധവും ആപല്ക്കരവുമായ സങ്കല്പം മററില്ല. പരിപൂർണ്ണമായ വിശ്വാസത്തിനുള്ള കഴിവും, നേതൃനീതബന്ധത്തോടുള്ള ബഹുമാനവും ഇല്ലാത്ത ജീവിതം വന്ധ്യമാകുന്നു. എല്ലാവരും നായകവേഷം കെട്ടുന്ന, അഥവാ ഒരുത്തരേയും നായകനാകുവാൻ സമ്മതിക്കാത്ത, ജനത ഒരു കാലത്തും ഒന്നും നേടുകയില്ല സംശയാലുതത്തിൻെറയും നിന്ദാഭാവങ്ങളുടെയും കുനാകെരുക്കുകളിൽ അകപ്പെട്ടു ഗതികെട്ടുപോവുകയേ ഉള്ളൂ. നമ്മെപ്പോലെ ഇത്ര ബുദ്ധിയുള്ള ഒരു ജനസമുദായം എത്രയോ നൂററാണ്ടുകളായി എണ്ണപ്പെട്ടയാതൊന്നും നേടാതെ നില്ക്കുന്നതിൻെറ യഥാർത്ഥകാരണം ഇതല്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഇന്നത്തെ ഈ രാഷ്ട്രീയയുഗത്തിൽ അഖിലഭാരതപ്രശസ്തിയെങ്കിലുമുള്ള ഒരൊററ വ്യക്തിയെപ്പോലും നാം ജനിപ്പിച്ചിട്ടില്ലെന്നുള്ളത് ഏവരും സമ്മതിക്കുന്ന ഒരു പരമാർത്ഥമാണ്. നമ്മുടെ നാടിൻെറ ഭരണവൈവിധ്യത്തേയും പാരതന്ത്ര്യത്തേയും പഴി പറഞ്ഞിട്ടു കാര്യമില്ല. ഈ ഭാരതത്തിൽ നമുക്കു മാത്രമുള്ള ഒരു പ്രത്യേകതയല്ല. ഗുജറാത്തിൻെറ കാര്യം തന്നെ നോക്കുക. പലതുകൊണ്ടും നമ്മുടേതിൽനിന്നു ഭിന്നമല്ലാത്ത ആ പരിസരങ്ങളിലല്ലേ മഹാത്മാഗാന്ധി ജനിച്ചത്? മുക്കിനു മുക്കിനു മഹാത്മാഗാന്ധിമാരുണ്ടാവുകയില്ലെന്നുള്ളതു പരമാർത്ഥം തന്നെ. ഗാന്ധിപോകട്ടെ; ഒരു പട്ടേലെങ്കിലും നമ്മുടെ നാട്ടിൽ ഉണ്ടാകാത്തതിൻെറ കാരണമെന്താണ്? ഞാൻ നോക്കിയിട്ടു നാമല്ലാതെ, നമ്മുടെ മാറാത്ത മനോഭാവമല്ലാതെ മറെറാന്നും

Digitized by Kerala Sahitya Akademi

കാരണം കാണുന്നില്ല. നമ്മുടെ കൂടപ്പിറപ്പായ സംശയാലുത്വം, നിന്ദാശീലം എന്നുതന്നെ പറയട്ടെ, യാതൊരു നേതൃത്വത്തേയും വകവെച്ചുകൊടുക്കുകയില്ല. കുമിളകാം പൊട്ടിച്ചു വിരുതുകാണിക്കുവാൻ വെമ്പുന്ന നാം ഈശ്വരനിശ്വാസത്താൽ വീർത്തുവരുന്ന തേജോഗോളങ്ങളേയും നശിപ്പിച്ചുകളയുന്നുണ്ട്. സ്വന്തദിക്കിൽ ബഹുമാനം നേടാത്തവൻ അന്യക്കു ബഹുമാന്യനാകുന്ന കാര്യം വളരെ സംശയത്തിലാണ്. മാന്യതയും മേന്മയുമെല്ലാം വെറും പൊള്ളയാണെന്നുള്ള വിചാരം വിദൂരമായെങ്കിലും നമ്മെ ഭരിക്കുന്ന കാലത്തോളം നമുക്കു ഇന്നത്തെ നിലയിൽനിന്ന് ഉയരുവാൻ സാദ്ധ്യമല്ല. ഇതൊക്കെ മനസ്സിലായാൽ തന്നെയും ഈ മനോഭാവം നമ്മിൽനിന്നു വിട്ടൊഴിയുവാൻ വളരെ പ്രയാസമാണ്.

രാഷ്ട്രീയഭാഗധേയങ്ങളെ നിമിഷാർദ്ധംകൊണ്ടെന്നപോലെ വെട്ടിത്തിരിക്കുവാനുതകുന്ന ചില ചരിത്രസന്ദർഭങ്ങളുണ്ട്. ഇവ ഒരു നൂറ്റാണ്ടിൽ ഒന്നുപോലും ഉണ്ടാകുന്നില്ല. എങ്കിലും ഇങ്ങനെ ഒരു ദുർല്ലഭസന്ദർഭം കൈവരുമ്പോൾ ഉൽക്കർഷേച്ഛുവായ ഏതു രാഷ്ട്രവും ആ സന്ദർഭത്തിനു തക്ക വീരപുരുഷന്മാരെ ജനിപ്പിക്കാറുണ്ട്. പൊതുനന്മയെ ലാക്കാക്കി ആ സൌകര്യത്തിന്റെ മുതലെടുക്കുവാൻ കഴിവും ദീർഘദൃഷ്ടിയുമുള്ള മഹാന്മാരുണ്ടാകും. ഇത്തരം സന്ദർഭങ്ങൾ ഈ നീണ്ട നൂറ്റാണ്ടുകളിൽ നമുക്കും കൈവന്നിട്ടുണ്ട്. പക്ഷെ, ഏതു കാരണത്താലോ അന്നൊക്കെ നടുവഴിയിൽ വിലങ്ങടിച്ചുകിടക്കുന്നതിൽ വിരുതന്മാരായ വ്യക്തികളേയാണ് നാം ജനിപ്പിച്ചിട്ടുള്ളത്. പോർച്ചുഗീസുകാരുടെയും ഡച്ചുകാരുടെയും ആക്രമണകാലത്ത് ഒരു ഐക്യകേരളത്തിന്റെ സൃഷ്ടിക്ക് അതീവസൌകര്യപ്രദമായ സന്ദർഭങ്ങൾ നമുക്കു ലഭിച്ചിരുന്നു എന്നും അപ്രമേയമായ ഏതോ മഹാശാപംകൊണ്ടെന്നപോലെ അതെല്ലാം വഴുതിപ്പോകുവാനാണ് നാം ഇടയാക്കിയതെന്നും കെ. എം. പണിക്കർ എഴുതിയിട്ടുള്ളതു നോക്കുക. അസുലഭങ്ങളായ ആ അമൂല്യസന്ദർഭങ്ങളെ കൈവിടുവാനിടയാക്കുന്ന കുതർക്കങ്ങളും വിതണ്ഡാവാദങ്ങളും എങ്ങിനെയെങ്കിലും വന്നുചേരും. എല്ലാവരും ഒത്തുപിടിക്കുമ്പോൾ ഒരുത്തൻ ഇടറും. അയാൾകൂടെ ചേന്നില്ലെങ്കിൽ ആ ഉദ്യമം ഒരിക്കലും പൂർണ്ണമാവുകയില്ല. ഒരിക്കലും ഒന്നുകൊണ്ടും അയാളെ ചേർക്കുവാനും സാധിക്കുകയില്ല. ഇതാണ് നിർഭാഗ്യം.

നമ്മുടെ ചിരന്തനവും നിർഭാഗ്യകരവുമായ ഈ നിന്ദാശീലം

Digitized by Kerala Sahitya Akademi

ആദ്ധ്യാത്മികമായ ദ്വൈതഭാവത്തിൽനിന്നു ജനിയ്ക്കുന്നതാകുന്നു. ദ്വൈതമെന്നും അദ്വൈതമെന്നും ഉള്ളതു കേവലം ജ്ഞാനമാത്രങ്ങളായ സങ്കല്പങ്ങളല്ല. ബാഹ്യപ്രപഞ്ചം ഒന്നെന്നോ രണ്ടെന്നോ അല്ല അവ വാദിയ്ക്കുന്നത്. നമ്മുടെ ഉള്ളിലുള്ള പ്രപഞ്ചം, നാമാകുന്ന പ്രപഞ്ചം, ആണ് വിവക്ഷിതം. അതിന്റെ പിളപ്പിനേയും പിളപ്പില്ലായ്മയേയുമാണ് അവ ചൂണ്ടിക്കാണിയ്ക്കുന്നത്. ഭാരതീയരുടെ തത്വചിന്തയിൽ നീതിബോധത്തിന്നു സ്ഥാനമില്ലെന്നു പാശ്ചാത്യപണ്ഡിതന്മാർ പറയാറുണ്ട്. തത്വചിന്ത എന്നത് അവരുടെ കാര്യത്തിലെന്നപോലെ നമുക്കും ബുദ്ധികൊണ്ടുള്ള കോട്ട കെട്ടലാണെന്നുള്ള ധാരണയാണ് ഈ പറച്ചിലിന്നു കാരണം. പ്രപഞ്ചം ഒന്നായാലെന്ത്, രണ്ടായാലെന്ത്, ജീവിതത്തിന്നു വ്യത്യാസമൊന്നും വരാനില്ല എന്ന വിചാരം അസംബദ്ധമാകുന്നു.

ജീവിതത്തിന്ന് അടിസ്ഥാനഭൂതമായ, അതിന്റെ പ്രചോദനങ്ങൾക്കും പ്രവണതകൾക്കും നിദാനമായ, നീതിയുടേയും ധർമ്മത്തിന്റേയും ഉറവയായ, ആ മൂലതത്വത്തെക്കുറിച്ചാണ് നമ്മുടെ ദർശനങ്ങൾ പറയുന്നത്. നീതിബോധങ്ങളും മനോരാജ്യങ്ങളുമെല്ലാം അതിൽ ലയിച്ചുകിടക്കുന്നു. അതു ബുദ്ധിയുടെ നിർജ്ജീവമായ ഒരു സങ്കല്പമല്ല, ചൈതന്യധന്യമായ ആദ്ധ്യാത്മികസത്തയാകുന്നു. നമ്മുടെ ജീവിതത്തിന്റെ ഈ അടിസ്ഥാനസത്തയിൽ അത്യഗാധമായ ഒരു പിളപ്പോടുകൂടിയാണ് നാം ജീവിയ്ക്കുന്നത്. ഈ ദ്വൈതഭാവമാണ് നമ്മുടെ ചേതനയിൽ ഒരു ഭാഗം വലത്തുവശം ചവിട്ടുമ്പോൾ മറുഭാഗത്തെക്കൊണ്ട് ഇടത്തുവശം ചവിട്ടിയ്ക്കുന്നത്. വിശ്വാസവും സംശയവും, ആദരവും നിന്ദയും, ഒരേ സമയത്തു നമ്മെ വലയ്ക്കുന്നു. ഏതെങ്കിലും ഒരു വഴിയ്ക്കുള്ള ഏകാഗ്രവീക്ഷണം നമുക്കു സാദ്ധ്യമല്ലാതെ വരുന്നു. എത്ര ഉത്തുംഗമായ സങ്കല്പത്തേയും അവഹേളിയ്ക്കുവാനും, എത്ര പവിത്രമായ സ്ഥാനത്തേയും മലിനപ്പെടുത്തുവാനും, ഈശ്വരപ്രതിഷ്ഠയേപ്പോലും ഈശ്വരപ്രതിഷ്ഠയെന്നു വിശ്വസിച്ചുകൊണ്ടുതന്നെ, തെറിപ്പാട്ടുകൊണ്ട് അഭിഷേകം ചെയ്യുവാനും നമുക്കു കൂസലില്ല. നന്മയിലൂടെ വയ്യെങ്കിൽ തിന്മയിലൂടെയെങ്കിലും മുന്നോട്ടു കടക്കാമോ എന്നു പരീക്ഷിയ്ക്കാനുള്ള ഒരു തീവ്രയത്നം നാം പലപ്പോഴും ചെയ്യാറുള്ളതുപോലെ തോന്നിപ്പോകുന്നു. പരമാർത്ഥത്തിൽ "മലയാളിയെ നമ്പക്കൂടാത്" എന്ന തമിഴന്റെ താക്കീത് ഈ വസ്തുത

Digitized by Kerala Sahitya Akademi

യുടെ സാരാംശത്തെ ഉൾക്കൊള്ളുന്നു എന്നു പറയാതെ തരമില്ല. നാം ചതിയന്മാരും വഞ്ചകരും ആണെന്നു സമ്മതിക്കണമെന്നല്ല പറയുന്നത്. നമ്മുടെ ആത്മീയഘടനയിലുള്ള അതിപ്രകടമായ ഒരു വൈരുദ്ധ്യത്തെ മററുള്ളവരും മനസ്സിലാക്കിയിട്ടുണ്ടെന്നേ വിചാരിക്കാനുള്ളു. ഈ വൈരുദ്ധ്യം നമുക്കു ജന്മസിദ്ധമാണ്. വലിയ ആലോചനയൊന്നുമില്ലാതെ വരുന്നവാക്കിനു ജീവിക്കുന്ന വക്ക് ഈ ദൗഷ്ട്യം വെളിപ്പെടുത്താതെ കഴിഞ്ഞുകൂടുവാനും പ്രയാസമാണ്. നാം പലപ്പോഴും അറിയാതെ ആപത്തിൽ ചാടുന്നതും അപരാധികളാകുന്നതും ഇതുകൊണ്ടാകുന്നു.

നമ്മുടെ പരാജയങ്ങൾക്കെല്ലാം മൂലകാരണമായ ഈ ഭഗ്നഭാവത്തിൽനിന്നുള്ള രക്ഷാമാർഗ്ഗമാണ് ക്രാന്തദർശിയായ ആദിശങ്കരൻ കാണിച്ചുതരുന്നത്. ലോകോത്തരനായ ഈ തത്വജ്ഞാനിയാണ് കേരളം ജനിപ്പിച്ച ഏകമഹാപുരുഷൻ. കേരളത്തിൽ ജനിച്ചതുകൊണ്ടാണ് അദ്ദേഹം ഇത്ര വലിയ ഒരു തത്വജ്ഞാനിയായതെന്ന് എനിക്കു തോന്നുന്നു. ദ്വൈതത്തിന്റെ ദോഷങ്ങൾ മററൊരുരാജ്യത്തും ഇത്രയ്ക്കു പ്രകടമല്ല. ചിന്താശീലന്മാക്ക് അതിൽനിന്നുണ്ടാകുന്ന ദുഃഖം ഇവിടത്തെപ്പോലെ മററൊരിടത്തും അനുഭവപ്പെടുന്നില്ല. ഇംഗ്ലണ്ടിൽ ജനിച്ചെങ്കിൽ ശ്രീ ശങ്കരൻ ഒരു സാമ്രാജ്യസ്ഥാപകനായും, അമേരിക്കയിലാണെങ്കിൽ ഒരു മഹാകബേരനായും തീരുമായിരുന്നിരിക്കാം. ജീവിതത്തിന്റെ ചുവടുവരെ ചുഴിഞ്ഞുനോക്കുവാൻ പ്രേരിപ്പിക്കുന്ന പരിതസ്ഥിതികൾ അവിടെങ്ങുമില്ല. അവിടത്തെ മനുഷ്യർ ഏതെങ്കിലും ഒരു വഴിക്കു ചേതനയുടെ പരിപൂർണ്ണമായ സഹകാരിതാത്തോടെ പ്രയത്നിക്കുന്നു. സംശയാലുത്വവും നിന്ദാശീലവും അവരെ പ്രവൃത്തിവിമുഖരാക്കുന്നില്ല. ഏതു പ്രവൃത്തിയിലും അവരുടെ ആത്മാവു നിശ്ശേഷം വ്യാപരിക്കുന്നു. ഒരു ചെറിയ അംശംപോലും അതിൽ ലയിക്കാതെ ബാക്കി നില്ക്കുന്നില്ല. നായാട്ടായാലും, വിനോദയാത്രയായാലും, പാനോപചാരമായാലും, വെറും നടപ്പായാലും ഇതുതന്നെയാണ് കഥ. നിസ്സാരമെന്നും ബാലിശമെന്നും നമുക്കു തോന്നുന്ന കൃത്യങ്ങളിൽ അവർ കാണിക്കുന്ന ജാഗ്രതയും ശ്രദ്ധാന്തിയും ഗൌരവബുദ്ധിയും പലപ്പോഴും നമുക്കു വിസ്മയകരമായി തോന്നാറുണ്ട്. ജീവിതത്തിന്റെ ലക്ഷ്യത്തേയും പ്രയോജനത്തേയും കുറിച്ച് അവർ ഏറെക്കുറെ ഏകാഭിപ്രായക്കാരാണ്. അതിൽ കാമ്യമെന്തെന്നും മാന്യമെന്തെന്നും ഉള്ളതിനെക്കുറിച്ച് അവക്കു

Digitized by Kerala Sahitya Akademi

കതക്കങ്ങളൊന്നുമില്ല. ഇങ്ങിനെയുള്ള ജനങ്ങളുടെ ഇടയ്ക്ക് അദ്ധ്യാത്മചിന്തയ്ക്കും തത്വജിജ്ഞാസയ്ക്കും വലിയ പ്രസക്തിയില്ല. നേരെമറിച്ച് കതക്കങ്ങളുടേയും ദുസ്സംശയങ്ങളുടേയും നൈസർഗ്ഗികവും അപ്രതിഹതവുമായ പ്രവർത്തനത്താൽ ജീവചൈതന്യം വീർപ്പുമുട്ടി വിഷമിയ്ക്കുന്ന ഒരന്തരീക്ഷത്തിലെ കഥ ഒന്നാലോചിച്ചു നോക്കുക. അവിടെ ശങ്കരനെപ്പോലുള്ള ഒരു ചിന്താശീലന്ന് ഏതു കാര്യത്തിനും ഉണ്ടാകുന്ന മാർഗ്ഗതടസ്സങ്ങളുടെ മൂലകാരണം കണ്ടുപിടിയ്ക്കാതേയും അതിന്നു പ്രതിവിധി നല്കാതേയും ഒരു ചുവടു പോലും മുന്നോട്ടുവെയ്ക്കുവാൻ സാദ്ധ്യമല്ല. തന്നിലും തനിയ്ക്കു ചുററുമുള്ളവരിലും കാണുന്ന അദ്ധ്യാത്മവൈരുദ്ധ്യങ്ങൾക്കു സമാധാനം കാണാതെ അദ്ദേഹത്തിന്നു ശാന്തിയില്ല. ഇങ്ങിനെ ദ്വൈതത്തിന്റെ ദോഷവും ദുഃഖവും കണ്ടും അനുഭവിച്ചും മനസ്സിലാക്കിയതുകൊണ്ടാണ് അദ്ദേഹം തത്വജ്ഞാനിയായത്. ഒരു ചോദ്യവും സംശയവുമില്ലാതെ, ആരാലും, എന്തിനാലും, ആടുകളെപ്പോലെ, നയിക്കപ്പെടുന്ന ജനങ്ങൾക്കു തത്ത്വജ്ഞാനം ആവശ്യമില്ല. സ്വതേതന്നെ അവർ സംതൃപ്തരാണ്. ശാന്തിയും സമാധാനവും അന്വേഷിച്ചുപിടിച്ചു കൊണ്ടുവരേണ്ടതില്ല. കേരളീയരായ നാം ഇക്കൂട്ടത്തിൽ പെട്ടവരല്ലെന്നും, നമ്മുടെ ചേതന ഭഗ്നമാണെന്നും മനസ്സിലായതുകൊണ്ടാണ് ശ്രീശങ്കരൻ അദ്ധ്യാത്മഗവേഷണങ്ങൾക്ക് ഉദ്യുക്തനായതെന്നു ഞാൻ വിശ്വസിയ്ക്കുന്നു. നമ്മുടെ ഈ ഭഗ്നഭാവത്തെ മാററിക്കളയാമെന്നും, അത്യുത്ഭുതകരമായ ഒരു ഏകത്വത്തെ നമ്മുടെ ആത്മാവിന്നു നല്കാമെന്നും അദ്ദേഹം തെളിയിച്ചു. അദ്ദേഹം അദ്വൈതത്തിന്റെ പ്രവാചകനായി. അദ്വൈതമതം കേരളത്തിൽ ജനിച്ചതുപോലെ കേരളത്തിന്നു വേണ്ടി ജനിച്ചതുമാകുന്നു. ഫലപ്രദമായ ഒരു ജീവിതത്തിലെത്തുവാൻ നമുക്കുള്ള ഏകമാർഗ്ഗമാണത്. ശ്രമമേറിയതെങ്കിലും ഈ വഴിയ്ക്കുമാത്രമേ നമുക്കു നമ്മുടെ അത്യഗാധങ്ങളായ വൈരുദ്ധ്യങ്ങളെ വെല്ലുവാൻ സാധിയ്ക്കുകയുള്ളു. ഇന്നത്തെപോലെ മറെറാരിയ്ക്കലും ഈ സന്ദേശം കേരളീയരായ നമുക്കു ഇത്രമേൽ അർത്ഥവത്തായിരുന്നിട്ടില്ല. 'ഒരു ഗതിയും പരഗതിയും' ഇല്ലാത്ത ഒരു ജനസമുദായമായിട്ടാണ് നാമിന്നു നില്ക്കുന്നത്. നമുക്കു അംഗീകൃതങ്ങളായ വിശ്വാസപ്രമാണങ്ങളില്ല, നീതിബോധങ്ങളില്ല, കർമ്മപദ്ധതികളില്ല, ഐശ്വര്യവുമില്ല, ഭാഗ്യവുമില്ല. ലക്ഷ്യവും ആദർശവും എന്തുതന്നെ ആയാലും, പ്രയാണമാർഗ്ഗത്തിൽ ഈ ഉപാധി

Digitized by Kerala Sahitya Akademi

കളുടെ പിൻതുണയില്ലാത്ത ജനതയ്ക്ക് ഒരു ഭാവിയില്ലെന്നുള്ളതു തീർച്ചയാണ്. എവിടെ എത്തിയെന്നല്ല, എങ്ങിനെ എത്തി എന്നാണ് പ്രപഞ്ചകർത്താവ് മനുഷ്യനോടു ചോദിക്കുന്നത്. ഫലത്തിന്റെ ഗുണംകൊണ്ടല്ല യത്നത്തിന്റെ മഹിമകൊണ്ടാണ് ജീവിതത്തിന്റെ വില നിശ്ചയിക്കേണ്ടത്. സംശയാലുത്വവും സ്വപുച്ഛവും വളർത്തി വളർത്തി യത്നവിമുഖമായ ഒരു ജീവിതരീതി യിലേക്കു നാം അധഃപതിച്ചുകഴിഞ്ഞു. ഈ നിർഭാഗ്യസ്ഥിതിയിൽ നിന്ന് അദ്വൈതം നമ്മെ രക്ഷിക്കട്ടെ.

Digitized by Kerala Sahitya Akademi

## 13

# സി. വി. രാമൻപിള്ള

**മ**ലയാളഭാഷ ഒരു കാൽ നൂററാണ്ടു കാലമായി കാത്തുകൊണ്ടിരിക്കുന്ന ഒരു ജീവചരിത്രമാണിത്.* 1097 മീനമാസത്തിലാണ് സി. വി. രാമൻപിള്ള കാലധർമ്മം പ്രാപിച്ചത്. അതിനുശേഷം ഇതുകാലമായിട്ടും അദ്ദേഹത്തിൻെറ വിസ്തരിച്ചുള്ള ഒരു ജീവചരിത്രം ആരും എഴുതാതിരുന്നത് അത്ഭുതകരമായി തോന്നുന്നു. മലയാളത്തിലെ സാഹിത്യകാരന്മാരുടെ ഗണനാപ്രസംഗത്തിൽ അദ്ദേഹത്തെ സമീപിക്കുകപോലും ചെയ്യാത്തവരും, സമുദായനന്മയ്ക്കുവേണ്ടി അദ്ദേഹം ചെയ്തതിൻെറ ഒരംശംപോലും ചെയ്തിട്ടില്ലാത്തവരും ആയ അനേകം വ്യക്തികളുടെ ജീവചരിത്രങ്ങൾ പ്രസിദ്ധീകൃതങ്ങളായിട്ടുണ്ട്. പക്ഷെ സി. വി. രാമൻപിള്ളയുടെ കാര്യം, സാഹിത്യപരിഷത്തിൻെറ നിർദ്ദേശപ്രകാരം, ഇംഗ്ലീഷ്മെൻ ഓഫ് ലെറേറഴ്സിൻെറ മാതൃകയിൽ എഴുതപ്പെട്ട ജീവചരിത്രപരമ്പരയിൽപോലും ഉൾപ്പെടുത്തുകയുണ്ടായില്ല. കേരളീയരുടെ ഈ കുററം പരിഹരിക്കുന്നതിനുവേണ്ടിയും അതിന്നൊരു പ്രായശ്ചിത്തമായും, ശ്രീമാൻ പി. കെ. പരമേശ്വരൻനായർ സ്വയം ഏറെറടുത്ത്, എണ്ണമററ പ്രയാസങ്ങൾ സഹിച്ച്, ഒരു ആരാധകൻേറയും യഥാർത്ഥഭാഷാപ്രണയിയുടെയും നിലയിൽ എഴുതിയിട്ടുള്ളതാണ് ഈ ഗ്രന്ഥം. 440 പേജിൽ 24 അദ്ധ്യായങ്ങളുള്ള ഈ ദീർഘഗ്രന്ഥം ചെറുകഥകളും, ചെറുകവിതകളും, ചെറുലേഖനങ്ങളും മാത്രം കണ്ടുകണ്ടു സർവ്വപ്രകാരേണയും ചെറുതായിത്തീർന്നിരിക്കുന്ന നമ്മുടെ ആധുനികസാഹിത്യത്തിൽ, മഹോദ്യമത്തിൻെറ മാതൃകയായും, ഒരേ വിഷയത്തിൽതന്നെ സ്ഥായിയായ താല്പര്യമെടുത്തു പതറിപ്പോകാത്ത നിർമ്മാണയത്നം പ്രദർശിപ്പിക്കുന്നതുകൊണ്ടുണ്ടാകുന്ന മേന്മയ്ക്കു തെളിവായും ശോഭിക്കുമെന്നുള്ളതു തീർച്ചയാണ്. ഇതിന്ന് ആസ്പദമായ പല രേഖകളും സി. വി.യുടെ പുത്രൻെറ കൈവശമാണ് ഉണ്ടായിരുന്നത്. അദ്ദേഹത്തിൻെറ അകാലചരമത്തിനുമുമ്പു പ്രസ്തുതരേഖകൾ സമ്പാദിക്കുന്നതിനും, അവയുടെ ഉടമസ്ഥനുമായി പല ചർച്ചകളും നടത്തുന്നതിനും ഗ്രന്ഥകാരനു സാധിച്ചതു ഭാഷയുടെ ഭാഗ്യമെന്നേ പറയേണ്ടു. കഥാപുരുഷൻെറ സമകാലീനരും,

---

* സി. വി. രാമൻപിള്ള. ഗ്രന്ഥകർത്താ: ശ്രീ. പി. കെ. പരമേശ്വരൻനായർ ബി. എ. ശ്രീരാമവിലാസം പ്രസ്സ്, തിരുവനന്തപുരം. 1122

Digitized by Kerala Sahitya Akademi

അദ്ദേഹവുമായി വളരെ അടുത്തു പരിചയിച്ചവരും ആയ അനേകം വ്യക്തികഠം മരിച്ചുപോയി. ജീവിച്ചിരിപ്പുള്ള ചുരുക്കം ചിലരെ നേരിട്ടുകണ്ടു്, അവരിൽനിന്നു കിട്ടാവുന്നിടത്തോളം വിവരങ്ങഠം ശേഖരിച്ച് ഈ ഗ്രന്ഥരചനയ്ക്കു് ഉപയോഗപ്പെടുത്തുന്നതിലും ശ്രീ. പരമേശ്വരൻനായർ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ടു്.

വളരെ സുഖമായി വായിച്ചുപോകത്തക്ക രീതിയിലാണ് ഗ്രന്ഥം എഴുതിയിട്ടുള്ളത്. ശ്രീ. പരമേശ്വരൻനായരുടെ ഭാഷയും ശൈലിയും അദ്ദേഹം ഇതിനുമുമ്പെഴുതിയ സാഹിത്യപഞ്ചാനനൻ എന്ന ഗ്രന്ഥത്തിലേക്കാഠം എത്രയോ നന്നായിട്ടുണ്ടു്. സി. വി. രാമൻപിള്ളയെയും അദ്ദേഹത്തിന്റെ കാലത്തെയും, അന്നു ജീവിച്ചിരുന്ന പ്രമാണികളായ ഒട്ടനേകം വ്യക്തികളെയും, അന്നത്തെ സമുദായാന്തരീക്ഷത്തിൽ പ്രകടമായിക്കണ്ട പ്രശ്നങ്ങളെയുംകുറിച്ചു മറെറങ്ങും കിട്ടാത്ത വളരെയധികം വിവരങ്ങഠം ഈ ഗ്രന്ഥത്തിൽ അടങ്ങിയിരിക്കുന്നു. ചരിത്രമെഴുതുന്നതിൽ നമുക്കുള്ള ഉദാസീനതയാലോചിക്കുമ്പോഠം ഗ്രന്ഥകാരൻ ഈ വഴിക്കു ചെയ്തിട്ടുള്ള സേവനം പ്രത്യേകിച്ചും പ്രശംസാർഹമാണ്. അക്കാലത്തെ ജീവിതാന്തരീക്ഷത്തിന്റെ സ്പന്ദനങ്ങഠം സ്വയം അനുഭവിക്കുന്നതിനും, തന്റെ വായനക്കാരെക്കൊണ്ടു് അനുഭവിപ്പിക്കുന്നതിനും അദ്ദേഹം ആദ്യന്തം ശ്രമിച്ചുകാണുന്നു. സി. വി. യുടെ ബാല്യം, ആദ്യകാല സാഹചര്യങ്ങഠം, വിദ്യാഭ്യാസം എന്നീ വിഷയങ്ങളെക്കുറിച്ച് അർത്ഥവത്തായ പല വസ്തുതകളും ഗ്രന്ഥകാരൻ നല്കിയിട്ടുണ്ടു്. വലിയ ധനസ്ഥിതിയൊന്നുമില്ലാത്ത ഒരു കുടുംബത്തിലെ എട്ടാമത്തെ സന്താനമായി 1033–ാമാണ്ടു ജനിച്ച കഥാപുരുഷനു് ആദ്യം മുതല്ക്കുതന്നെ രാജാ കേശവദാസ് ദിവാൻജിയുടെ ദൗഹിത്രിയുടെ പുത്രനായ കേശവൻതമ്പി എന്ന മാന്യന്റെ പുത്രനിർവ്വിശേഷമായ വാത്സല്യവും സംരക്ഷണവും ലഭിക്കുവാൻ സംഗതിയായി. കേശവൻതമ്പിയാണ് അദ്ദേഹത്തിന് ആധുനികവിദ്യാഭ്യാസം ലഭിക്കുന്നതിനുള്ള സൌകര്യം ഉണ്ടാക്കിക്കൊടുത്തത്. കോളേജിൽ പഠിച്ചുകൊണ്ടിരിക്കുന്ന കാലത്തുതന്നെ സി. വി. ലേഖനമെഴുത്തും സമുദായപ്രവത്തനങ്ങളും ആരംഭിച്ചു. പൊതുക്കാര്യങ്ങഠംക്കുവേണ്ടിയാണ് സി. വി. യുടെ ആയുസ്സിൽ അധികഭാഗവും വിനിയോഗിക്കപ്പെട്ടത്. അദ്ദേഹത്തിന്റെ ഈ വഴിക്കുള്ള സേവനങ്ങളെക്കുറിച്ചു ശ്രീ. പരമേശ്വരൻനായർ അതിദീർഘമായി ഉപന്യസിക്കുന്നുണ്ടു്. ഗ്രന്ഥത്തിലെ പത്തുപന്ത്രണ്ടു് അദ്ധ്യായങ്ങളുടെ

Digitized by Kerala Sahitya Akademi

വിഷയം ഇതുമാത്രമാണ്. സി. കൃഷ്ണപിള്ള, പി. താണുപിള്ള, ശങ്കരൻതമ്പി, കെ. രാമകൃഷ്ണപിള്ള, രാജഗോപാലാചാരി, മന്നത്തു കൃഷ്ണൻനായർ എന്നിങ്ങനെ അന്നു തിരുവിതാംകൂറിലെ സമുദായ മണ്ഡലത്തിൽ പ്രമാണികളായിനിന്ന പലരുടേയും ജീവിതത്തോട് ഇടപിണഞ്ഞതാണ് സി. വി. യുടെ ജീവിതകഥ മുന്നോട്ടു നീങ്ങുന്നത്. ഇതേക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനു ശ്രീ. പരമേശ്വരൻനായർ വളരെ പാടുപെട്ടിട്ടുണ്ടാവണം. അൻപതിൽ പരം വർഷത്തെ നായർസമുദായചരിത്രമാണ് ഈ അധ്യായങ്ങളെന്നു പറയാം. എങ്കിലും വളരെ സങ്കുചിതമായ ഒരർത്ഥത്തിൽ മാത്രമേ ഈ സംഗതികൾക്ക് പൊതുക്കാര്യങ്ങളെന്നു പേർ പറയാൻ സാധിക്കയുള്ളൂ. അവ ഏറിയകൂറും തിരുവിതാംകൂറിലെ (എന്നു കൂടി പറയാനില്ല, തിരുവനന്തപുരത്തെ എന്നു മതി) സർക്കാരുദ്യോഗങ്ങളുടെ കഥയാണ്. ഉദ്യോഗസ്ഥന്മാർക്കും ഉദ്യോഗാർത്ഥികൾക്കും അവ അന്നു സർവ്വപ്രധാനങ്ങളും, ജീവിതത്തിന്റെ ആത്യന്തികലക്ഷ്യങ്ങളും, പ്രപഞ്ചത്തിന്റെ കേന്ദ്രതത്വങ്ങളും മററുമായി തോന്നിയിരിക്കാമെങ്കിലും ഇന്നത്തെ വായനക്കാരന് അതിലെങ്ങും കാര്യമായ താല്പര്യമൊന്നും തോന്നുന്നില്ലെങ്കിൽ അത്ഭുതപ്പെടാനില്ല. തന്റെ 54-ാമത്തെ വയസ്സുവരെ സി. വി. രാമൻപിള്ളയും, തിരുവിതാംകൂറിനെസ്സംബന്ധിച്ചു നോക്കിയാൽപോലും വളരെ ഇടുങ്ങിയതെന്നുതന്നെ പറയേണ്ട ഈ വ്യാപാരമണ്ഡലത്തിൽമാത്രമാണ് ജീവിച്ചത്. മുപ്പതാമത്തെ വയസ്സിനോടടുത്തു മാർത്താണ്ഡവർമ്മ എഴുതിയതു മാത്രമെ ഇത്രയും കാലത്തിനകത്തു വിശേഷവിധിയായ ഒരു സംഭവമായി കാണുന്നുള്ളൂ. ഈ കൃതി സി. വി. തന്റെ 27-ാമത്തെ വയസ്സിൽ എഴുതിത്തീർത്തു എന്നുള്ളതിനു തെളിവുണ്ടെന്നു ശ്രീ. പരമേശ്വരൻനായർ പറയുന്നു. എങ്കിലും 34-ാമത്തെ വയസ്സിലാണ് അതു പ്രസിദ്ധപ്പെടുത്തിയത്. വീണ്ടും ഇരുപതു വർഷക്കാലം അദ്ദേഹം ഉദ്യോഗജീവിതത്തിന്റെ കുന്നാംകുരുക്കുകളിൽ കിടന്നുമറിയുന്നു. 54-ാമത്തെ വയസ്സിൽ പെൻഷനു പ്രാരംഭമായ അവധിയെടുത്തപ്പോൾമുതല്ക്കാണ് അദ്ദേഹം ഒരു യഥാർത്ഥസാഹിത്യകാരനായിത്തീരുന്നത്. അന്ന് അദ്ദേഹം ധർമ്മരാജാ എഴുതി. 58-ാമത്തെ വയസ്സിൽ പ്രേമാമൃതം. 60-ൽ രാമരാജാബഹദൂർ ഒന്നാംഭാഗം. 62-ൽ അതിന്റെ രണ്ടാംഭാഗം. പിന്നെ ശേഷിച്ച രണ്ടുവർഷത്തിനിടയ്ക്ക് അദ്ദേഹം ദിഷ്ടദംഷ്ട്രം എന്ന ഒരാഖ്യായികയും, പ്രേമാരിഷ്ടം എന്ന ആത്മകഥാപരമായ ഗ്രന്ഥവും എഴുതു

Digitized by Kerala Sahitya Akademi

വാൻ തുടങ്ങി. രണ്ടിലും കാര്യമായ പുരോഗതിയുണ്ടാകുന്നതിനു മുമ്പ്, തന്റെ 64–ാമത്തെ വയസ്സിൽ (1097 മീനം), അദ്ദേഹം ചരമഗതിയെ പ്രാപിച്ചു.

കഥാപുരുഷന്റെ വയഃക്രമത്തിലുള്ള ഈ ചരിത്രസംക്ഷേപം ഞാൻ കണക്കുകൂട്ടി കണ്ടുപിടിച്ചതാണ്. ശ്രീ. പരമേശ്വരൻനായർ ആണ്ടുമാസത്തിയതികളെല്ലാം കണിശമായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കഥാനായകന്റെ പ്രായത്തിനു നാം ആഗ്രഹിക്കുന്നത്ര പ്രാധാന്യം കൊടുത്തുകൊണ്ടല്ല ഗ്രന്ഥം എഴുതിയിട്ടുള്ളത്. ഇക്കാരണത്താൽ സി. വി. യുടെ വളർച്ചയെയും മാനസികപരിണാമത്തെയും കുറിച്ചുള്ള ഒരു സമഗ്രചിത്രം ഗ്രഹിക്കുവാൻ വായനക്കാരൻ കുറച്ചു കണക്കുകൂട്ടാതെ നിവൃത്തിയില്ല. വെറും രണ്ടാംക്ലാസ്സിലെ കണക്കേയുള്ളു. എന്നാലും അതിനുവേണ്ടി, അനുഗൃഹീതമായ ഒരു ആത്മാവിന്റെ പ്രപഞ്ചയാത്രയെ പിൻതുടരുവാൻ കൊതിപൂണ്ടു നില്ക്കുന്ന വായനക്കാരന്റെ ശ്രദ്ധയെ പിൻതിരിപ്പിക്കുന്നത് നിർഭാഗ്യകരമാണ്. എനിക്കിതു വലിയൊരു ദുർഘടമായിട്ടാണ് അനുഭവപ്പെട്ടത്. ഈ പ്രയാസം തുടരെ കണ്ടുതുടങ്ങിയപ്പോൾ തീയതി കണ്ട ദിക്കിലെല്ലാം കഥാനായകന്റെ പ്രായംകൂടി കണക്കുകൂട്ടി കുറിച്ചതിനുശേഷമേ ബാക്കിഭാഗങ്ങൾ വായിച്ചുള്ളു. ഗ്രന്ഥകാരൻ തനിക്കുകിട്ടിയ രേഖകളെക്കുറിച്ച് വേണ്ടുവോളം ചിന്തിച്ച് അവയെ രേഖകളും തെളിവുകളുമായി കരുതുന്ന നിലയെ കടന്ന് അനുസ്യൂതമായ ഒരു ജീവിതഗതിയിലെ അനുഭവങ്ങളായി ഇണക്കിച്ചേർക്കാഞ്ഞതിന്റെ ഫലമാണിത്. രേഖകളുടെ കിടപ്പനുസരിച്ച് ഗ്രന്ഥം എഴുതുകയാണ് അദ്ദേഹം യഥാർത്ഥത്തിൽ ചെയ്തിരിക്കുന്നത്. ആളിന്റെ വളർച്ചയെ വെളിപ്പെടുത്തുവാൻ അവശ്യം വേണ്ട രേഖകളെ കൂട്ടിനു വിളിക്കുകയല്ല. ഇക്കാരണത്താൽ കോളേജിൽ ബഹളംകൂട്ടിനടന്ന ഇരുപതാംവയസ്സുകാരനും, 54–ാമത്തെ വയസ്സിൽ ഉദ്യോഗജീവിതം വെറുത്ത് രാജിക്കത്തെഴുതിയ സി. വി. രാമൻപിള്ളയ്ക്കും തമ്മിൽ പറയത്തക്ക വ്യത്യാസമൊന്നും കാണുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ ഇളപ്പത്തിലെ മിടുക്കനായ ഒരു സർക്കാരുദ്യോഗസ്ഥനായും വയസ്സുകാലത്ത് പൊടുന്നനവെ ഭാവനാജീവിതത്തിന്റെ മഹോന്നതശൃംഗങ്ങളിലേക്കുയർന്ന ഒരു സാഹിത്യകാരനായുമാണ് സി. വി. രാമൻപിള്ള ഈ ഗ്രന്ഥത്തിൽ പ്രത്യക്ഷപ്പെടുന്നത്.

തന്റെ ആയുസ്സിൽ എത്രയോ തുച്ഛമായ ഒരംശംമാത്രമേ

Digitized by Kerala Sahitya Akademi

സി. വി. രാമൻപിള്ള സാഹിത്യയത്നങ്ങൾക്കുവേണ്ടി വിനി യോഗിച്ചതായി കാണുന്നുള്ളു. എങ്കിലും കേരളം ഇന്ന് അദ്ദേഹത്തെ അറിയുന്നതും ആദരിക്കുന്നതും ഒരു സാഹിത്യകാരനായിമാത്ര മാണ്. ശ്രീ. പരമേശ്വരൻനായർ ശ്രദ്ധയോടെ നടത്തിയ ഗവേ ഷണങ്ങളുടെ ഫലമായി ഗ്രന്ഥത്തിന്റെ സാഹിത്യേതരഭാഗങ്ങൾ സി. വി. യുടേതെന്നപോലെ അദ്ദേഹത്തിന്റെ സമകാലീനരായ മററു പലരുടേയും ജീവചരിത്രമായിട്ടുണ്ട്. ഇങ്ങനെ ഒരു സാഹിത്യകാരനുമായുണ്ടായ സമ്പക്കംമൂലം അവക്കും പില്ക്കാലത്തെ ജനങ്ങൾ ഓമ്മിക്കാനിടയാവുക എന്ന ഭാഗ്യം ലഭിക്കാതിരിക്കു ന്നില്ല. എങ്കിലും അവരുടെ സതീത്ഥ്യനും സഹപ്രവത്തകനുമായ രാമൻപിള്ളക്കും ധമ്മരാജാ, രാമരാജാബഹദൂർ എന്നീ കാവ്യതല്ലജ ങ്ങളുടെ കത്താവായ സി. വി. ക്കും തമ്മിലുള്ള അന്തരം വളരെ വലുതാണ്. ഇതു രണ്ടും രണ്ടുപേരാണെന്നു പറഞ്ഞിരുന്നെങ്കിൽ കൂടി നാം വിശ്വസിച്ചുപോകും. കഥാപുരുഷന്റെ ജീവിത ത്തിലെ ഈ രണ്ടു ഭാവങ്ങളും പരസ്പരം ഇണങ്ങുന്നില്ല; നമുക്ക് ഒരു പൂണ്ണചിത്രം ലഭിക്കുന്നുമില്ല. രണ്ടു ഭാവങ്ങളെയും ഒരേ ഊഴത്തിൽ കാണുവാനും കാണിക്കുവാനും ശ്രീ. പരമേശ്വരൻ നായർ വളരെയധികം ശ്രമിച്ചിട്ടുണ്ട്. ഓരോ ഘട്ടത്തിലും സി. വി. യുടെ മനസ്സിലുണ്ടായ പ്രത്യാഘാതങ്ങളെ വിമശനബുദ്ധി യോടെ വിശകലനംചെയ്തും, സാഹിത്യയത്നങ്ങളെ പൊതുക്കാര്യ ജീവിതവുമായി ഇടകലത്തി വിവരിച്ചും, ഓരോ ഗ്രന്ഥത്തിന്റെയും നിമ്മാണകാലത്തെ പരിതസ്ഥിതികളെയും പശ്ചാത്തലങ്ങളെയും വണ്ണിച്ചും, കഥാപാത്രങ്ങളിൽ ചിലത് ആരുടെയെല്ലാം മാതൃകയി ലുള്ളവയാണെന്ന് ഊഹിച്ചുനോക്കിയും അദ്ദേഹം ഈ വൈരു ദ്ധ്യത്തെ ഇണക്കിച്ചേക്കുവാൻ അശ്രാന്തയത്നംചെയ്യുന്നു. ഇതൊക്കെ ചെയ്തിട്ടും സി. വി. യുടെ ജീവിതത്തിലെ ഭിന്നഭാവങ്ങൾ ഇണങ്ങു ന്നില്ല. സാഹിത്യകാരനായ സി. വി. രാമൻപിള്ള അദ്ദേഹ ത്തിന്റെ മററു ജീവിതവ്യാപാരങ്ങളിൽനിന്ന് ദൂരതിദൂരം അകന്നു തന്നെ നില്ക്കുന്നു. മാത്താണ്ഡവമ്മ എഴുതിയതൊഴികെയുള്ള അദ്ദേ ഹത്തിന്റെ 54 വഷത്തെ ജീവിതം അതു കഴിഞ്ഞുള്ള പത്തു വഷങ്ങളെ അപേക്ഷിച്ച് താല്ക്കാലികങ്ങളായ താല്പര്യങ്ങളിൽ നഷ്ടശിഷ്ടാന്തം മുഴുകിയും, ഒരു തയാറെടുക്കലിന്റെ ലക്ഷണം പൊലും ആവിഷ്കരിക്കാതെയും, ഭാവനയുടെ ഭയം തോന്നിക്കു മാറുള്ള തീക്ഷ്ണപ്രകാശത്തിന്റെ ഉദയാൽപൂവ്വമായ ഉളലരശ്മിക

Digitized by Kerala Sahitya Akademi

ളെങ്കിലും കലരാത്തതായും കാണപ്പെടുന്നു. ധമ്മരാജാ എഴുതിയപ്പോഠം അദ്ദേഹത്തിന്റെ ഭാവനാസമ്പത്ത് പ്രപഞ്ചവിസ്തൃതിയിൽ മുഴവൻ വിതറിയാലും തീരാത്തതുപോലെ വളന്നിട്ടുള്ളതായിട്ടാണ് നമുക്ക് അനുഭവപ്പെടുന്നത്. വിസ്മയാവഹമായ ഈ വിശ്വവീക്ഷണവും സാഹിത്യവിദ്യയിലെ സവ്യസാചിത്വവും ഒരു പ്രഭാതത്തിൽ പൊട്ടുന്നവ ഉണ്ടായതാണെന്നു വിശ്വസിയ്ക്കാൻ സാധിയ്ക്കുന്നില്ല. ഒരു പുരുഷാന്തരംകൊണ്ടുപോലും നേടുവാനാവാത്ത വൈഭവങ്ങളാണവ. പക്ഷെ അവയുടെ ഉറവിടത്തെയും . ഉരുക്കൂട്ടലിനെയുംകുറിച്ച് ശ്രീ. പരമേശ്വരൻനായക്കു പോലും കാര്യമായൊന്നും കണ്ടുപിടിയ്ക്കാൻ കഴിഞ്ഞിട്ടില്ല.

മാത്താണ്ഡവമ്മ, ധമ്മരാജാ, പ്രേമാമൃതം, രാമരാജാബഹദൂർ എന്നീ കൃതികളെക്കുറിച്ചു ദീഘങ്ങളും സൂക്ഷ്മാംശസ്പശികളുമായ നിരൂപണങ്ങഠം ഈ ഗ്രന്ഥത്തിൽ നൽകിയിട്ടുണ്ട്. കഥാബന്ധത്തെയും കഥാപാത്രങ്ങളെയും പ്രത്യേകം പ്രത്യേകമായെടുത്ത് അവയുടെ മേന്മയും, പോരായ്മയുണ്ടെങ്കിൽ അതും യുക്തിപൂവ്വമായും എന്നാൽ സാഹിത്യകലയുടെ ഉത്തമാദശങ്ങളെ മുൻനിത്തിയും ശ്രീ. പരമേശ്വരൻനായർ ചൂണ്ടിക്കാണിയ്ക്കുന്നു. സാമാന്യവായനക്കാക്കു, വിദ്യാത്ഥികഠംക്കു പ്രത്യേകിച്ചും, സി. വി. കൃതികളെ വേണ്ടവണ്ണം മനസ്സിലാക്കുന്നതിന്ന് ഈ നിരൂപണങ്ങഠം സഹായകമാകുമെന്നുള്ളതു തീച്ചയാണ്. എങ്കിലും ഒരു ജീവചരിത്രഗ്രന്ഥത്തിൽ ഈ ഭാഗങ്ങളെ, വിദ്യാലയോപന്യാസങ്ങളുടെ രീതിയിൽ ഇത്രവളരെ ദീഘിപ്പിയ്ക്കേണ്ടിയിരുന്നുവോ എന്നു സംശയം തോന്നുന്നു. മാത്താണ്ഡവമ്മയൊഴിച്ചു മററു മൂന്ന് ആഖ്യായികകളെക്കുറിച്ചും ആ കൃതികളിൽനിന്നു കിട്ടാവുന്നതിൽ കൂടുതലായ വിവരങ്ങളൊന്നും ശ്രീ. പരമേശ്വരൻനായർ നല്കുന്നില്ല. ഇതു നിരാശാജനകമാണെന്നു പറയാതെ നിവൃത്തിയില്ല. മാത്താണ്ഡവമ്മയുടെ പ്രസിദ്ധീകരണത്തെപ്പററി നല്കിയിട്ടുള്ള വിവരങ്ങഠം വളരെ രസകരങ്ങളായിരിയ്ക്കുന്നു. പ്രസ്തുതകൃതിയ്ക്കു കൈയ്യെഴുത്തുപ്രതിയിൽ മൂന്നദ്ധ്യായങ്ങഠംകൂടി ഉണ്ടായിരുന്നു എന്നും, അച്ചടിക്കൂലി വിചാരിച്ചതിൽ കൂടുതലാകുന്നതു കണ്ടു ഭയപ്പെട്ടാണ് പ്രസിദ്ധപ്പെടുത്തിയപ്പോഠം അതെല്ലാം ഉപേക്ഷിച്ച് ഇന്നു കാണും പോലെ വികലമായ രീതിയിൽ ഗ്രന്ഥം അവസാനിപ്പിച്ചതെന്നും കാണുന്നു. കുഞ്ഞിക്കുട്ടൻതമ്പുരാൻ, കേരളവമ്മ വലിയ കോയിത്തമ്പുരാൻ തുടങ്ങിയ സാഹിത്യമഹാരഥന്മാർ സി. വി. യുടെ ആ

Digitized by Kerala Sahitya Akademi

ദ്യകൃതിയായ ഈ ആഖ്യായികയെപ്പററി പറഞ്ഞ അഭിപ്രായങ്ങൾ ശ്രീ. പരമേശ്വരൻനായർ ഉദ്ധരിച്ചിട്ടുണ്ടു്. ഈ അഭിപ്രായങ്ങൾ ഒന്നൊഴിയാതെ പ്രശംസാമയങ്ങളായിരുന്നു. മദ്രാസിൽ താമസിച്ചു ഗ്രന്ഥം അച്ചടിപ്പിയ്ക്കുന്നതിൻെറ ചുമതല വഹിച്ച ശ്രീ. എൻ. രാമൻപിള്ള എന്ന സി. വി.യുടെ സ്നേഹിതൻമാത്രം പ്രസ്തുതകൃതിയെക്കുറിച്ചു് അതിനിശിതങ്ങളായ ചില അഭിപ്രായങ്ങൾ പറകയുണ്ടായി. ഈ സ്നേഹിതൻ ഒരു സാഹിത്യകാരനല്ല; എങ്കിലും അദ്ദേഹത്തിൻെറ അഭിപ്രായങ്ങൾ ഒരു ക്രാന്തദർശിയുടേതുപോലെ കാര്യഗൗരവം നിറഞ്ഞവയായിരുന്നു. സി. വി.യുടെ ഇതരകൃതികളുമായി താരതമ്യപ്പെടുത്തുമ്പോൾ മാർത്താണ്ഡവർമ്മയ്ക്കു് ഒരു താണ നിലയെ കൊടുക്കാൻ നിവൃത്തിയുള്ളു എന്നു ശ്രീ. പരമേശ്വരൻനായർ സമ്മതിയ്ക്കുന്നുണ്ടു്. ധർമ്മരാജാ, പ്രേമാമൃതം, രാമരാജാബഹദൂർ എന്നീ ആഖ്യായികകളുടെ രചനയെക്കുറിച്ചു മാർത്താണ്ഡവർമ്മയുടെ കാര്യത്തിലെന്നപോലെ ഒരു വിവരവും ശ്രീ. പരമേശ്വരൻനായർ നല്കുന്നില്ല. ഈ കൃതികളിലെ പാത്രസൃഷ്ടിയേയും വർണ്ണനാരീതിയേയുംകുറിച്ചു ശ്രീ. എം. പി. പോൾ പുറപ്പെടുവിച്ച ആക്ഷേപങ്ങളെ അദ്ദേഹം സമർത്ഥമായി ഖണ്ഡിച്ചിട്ടുണ്ടു്. പ്രേമാമൃതത്തെക്കുറിച്ചു ഗ്രന്ഥകാരൻ ചെയ്തിട്ടുള്ള പ്രസ്താവനകളിൽ പലതിനോടും വായനക്കാർ വിയോജിയ്ക്കുമെന്നാണു് എനിയ്ക്കു തോന്നുന്നതു്. ഈ കൃതി, സി. വി.യുടെ ചരിത്രാഖ്യായികകളെപ്പോലെ ആത്മാർത്ഥമായ ഹൃൽപ്രദ്യോതനംമൂലം എഴുതിയതാണോ എന്നുകൂടി സംശയിച്ചുപോകുന്നു. ആരോ പറഞ്ഞിട്ടു് ആർക്കോ വേണ്ടി എഴുതിയതാണെന്നേ അതു വായിച്ചാൽ തോന്നുകയുള്ളു. അതിൽ കാണുന്ന സി. വി.യും ശ്രീ. പരമേശ്വരൻനായരുടെ ഗ്രന്ഥത്തിൻെറ പൂർവ്വഭാഗങ്ങളിൽ പ്രത്യക്ഷപ്പെടുന്ന പൊതുക്കാര്യപ്രവർത്തകനായ കഥാപുരുഷനുംതമ്മിൽ വളരെ പൊരുത്തമുണ്ടു്. ചരിത്രാഖ്യായികകളുടെ കാര്യത്തിൽ ഇതില്ലെന്നു മുകളിൽ പറഞ്ഞുവല്ലോ. കഥാരചനയുടെ വില പ്രാഥമികതത്വങ്ങൾപോലും പ്രേമാമൃതത്തിൽ വിഗണിയ്ക്കപ്പെട്ടിട്ടുണ്ടു്. വിദ്യുജ്ജിഹ്വൻ, മണികണ്ഠർ എന്നിങ്ങിനെ ഇന്നാട്ടിലെങ്ങും ഒരിയ്ക്കലും കേട്ടിട്ടില്ലാത്ത പേരുകളിൽ ഇന്നാട്ടുകാരായ കഥാപാത്രങ്ങളെ സൃഷ്ടിച്ചപ്പോൾ തന്നെ പ്രസ്തുതകൃതിയുടെ അന്തരീക്ഷം അപകടത്തിലായി. ആരെയൊക്കെയോ മനസ്സിൽവെച്ചുകൊണ്ടു് ഏകാഗ്രമായ ശ്രദ്ധയോ, ഭാവനാവിലാസമോ ഇല്ലാതെ എഴുതിയ ഒരു കൃതിയാണു് പ്രേമാ

Digitized by Kerala Sahitya Akademi

മുതം. ധർമ്മരാജാ, രാമരാജാബഹദൂർ എന്നീ കൃതികൾ അതിനെ അപേക്ഷിച്ച് എത്രയോ ഉയർന്നാണ് നില്ക്കുന്നത്. മലയാളഭാഷയും മലയാളികളും ഉള്ള കാലത്തോളം സി. വി. രാമൻപിള്ളയുടെ നാമത്തെ നിലനിർത്തുവാൻകഴിവുള്ള അത്യത്ഭുതകരങ്ങളായ രണ്ടു കലാസൃഷ്ടികളാണവ. ഒരു ചെറിയ രാജ്യത്തിന്റെ ഭാഗധേയങ്ങളുമായി ബന്ധപ്പെട്ട നാലഞ്ചു തലമുറക്കാലത്തെ രാഷ്ട്രീയ ചരിത്രത്തിന്റെ പരിധികൾക്കുള്ളിലാണ് ഈ കഥകൾ വിന്യസിക്കപ്പെട്ടിരിക്കുന്നത്. എങ്കിലും അവയ്ക്കുള്ളിൽനിന്നുകൊണ്ട് അദ്ദേഹം വിശാലത്തോളംതന്നെ വിസ്തൃതമായ ഒരു ഭാവനാലോകം സൃഷ്ടിക്കുന്നു. അതിൽ കാലദേശങ്ങളുടെ സീമാന്തരേഖകൾ നാം കാണുന്നില്ല. ദീർഘമായ ധ്യാനംകൊണ്ടു ചരിത്രത്തിൽ അന്തർല്ലീനമായ ആദ്ധ്യാത്മികശക്തിയെ അദ്ദേഹം പ്രത്യക്ഷമാക്കിയതുപോലെ തോന്നിപ്പോകുന്നു. വീട്, കുടുംബം, കുലം, നാട്, നാട്ടുവാഴി എന്നീ അതിപ്രാചീനങ്ങളായ വ്യവസ്ഥാപനങ്ങളുടെ അടിസ്ഥാനതത്വങ്ങളിലേയ്ക്കാണ്, ഈ കൃതികളിലൂടെ, അദ്ദേഹത്തിന്റെ പ്രതിഭ ചുഴിഞ്ഞിറങ്ങുന്നത്; വ്യക്തിഗതമായ സ്വകാര്യജീവിതത്തിലെ മൂല്യങ്ങളെക്കാൾ പല പടികളായി സംവിധാനം ചെയ്യപ്പെട്ടിരിക്കുന്ന സമഷ്ടിജീവിതത്തിന്റെ ആഭ്യന്തരരഹസ്യങ്ങളും, ചിരന്തനമായ പവിത്രതയും ആവിഷ്കരിക്കുവാനാണ് അദ്ദേഹം ശ്രമിക്കുന്നത്. വ്യക്തിജീവിതത്തിന്റെ വൈഭവങ്ങളെയും വൈകല്യങ്ങളെയും ഉദാഹരിക്കുന്ന നിസ്തുലങ്ങളായ നിരവധി കഥാപാത്രങ്ങളെ അദ്ദേഹം സൃഷ്ടിച്ചിട്ടുണ്ടെന്നുള്ളതു വാസ്തവംതന്നെ. പക്ഷെ അവയിലൂടെ, നന്മ, തിന്മ, ദുഃഖം, ദോഷം, പ്രേമം, ത്യാഗം, മോക്ഷം എന്നിങ്ങനെയുള്ള വ്യക്തിനിഷ്ഠങ്ങളായ പ്രമേയങ്ങളിലേയ്ക്ക് അദ്ദേഹം കടന്നുചെല്ലുന്നില്ല. നേരെമറിച്ച്, കുലീനത, ഘനം, ഗൌരവം, കാര്യസ്ഥത, കുടുംബാഭിമാനം, വംശപൌരുഷം, രാജ്യസ്നേഹം, രാജഭക്തി എന്നീ സമഷ്ടിഭാവങ്ങളുടെ മണ്ഡലത്തിൽ അദ്ദേഹത്തിന്റെ ഭാവന അമേയമായ ആഴത്തിലും ദൂരത്തിലും സഞ്ചരിക്കുന്നു. മേല്പറഞ്ഞ രണ്ട് ആഖ്യായികകളും രാജാ കേശവദാസന്റെ ജീവിതസംക്ഷേപമായി സംവിധാനം ചെയ്യപ്പെട്ടവയാണെന്ന് അദ്ദേഹം പറയുന്നുണ്ടെങ്കിലും പ്രസ്തുത കഥാപുരുഷന്റെ സ്വകാര്യജീവിതത്തെക്കുറിച്ച കാര്യമായ യാതൊന്നും അവയിൽനിന്നു കിട്ടുന്നില്ല. അദ്ദേഹത്തിന്റെ ഭാര്യയാകട്ടെ സന്താനങ്ങളാകട്ടെ കഥാരംഗത്തിൽ പ്രവേശിക്കുന്നില്ല.

Digitized by Kerala Sahitya Akademi

രാജ്യസേവനം, രാജഭക്തി എന്നീ ആദർശധർമ്മങ്ങളുടെ വെളിച്ചത്തിൽ സമുദായോൽക്കർഷം സാധിക്കുന്നതിനുള്ള ഒരുപായമായി തന്നെത്തന്നെ രൂപാന്തരപ്പെടുത്തിയ ഒരു മന്ത്രിസത്തമന്റെ ചിത്രമാണ് സി. വി. വരച്ചുകാണിക്കുന്നത്. ചുരുക്കത്തിൽ രാജാകേശവദാസൻ ഒരു വ്യക്തിയായിട്ടല്ല, ഒരു സ്ഥാപനമായോ പ്രസ്ഥാനമായോ ആണ് ഈ കഥകളിൽ കാണപ്പെടുന്നത്.

കഴക്കൂട്ടത്തു കുടുംബത്തിന്റെ ചിത്രത്തിനു കേശവദാസന്റേതിനേക്കാൾ എത്രയോ കൂടുതൽ മിഴിവും തെളിവുമുണ്ട്. വാടാക്കരൾകൊണ്ട് ആ കുലത്തിന്റെ ചരിത്രമാണ് പ്രസ്തുതകഥകളുടെ പ്രധാനതന്തുവായി തീർന്നിരിക്കുന്നത്. കേശവപിള്ള ദിവാൻജിയുടെ ജീവിതവൃത്താന്തം അതിന്റെ തീക്ഷ്ണപ്രകാശത്തിൽ മങ്ങുകതന്നെ ചെയ്യുന്നു. ഇതു സി. വി. കരുതിക്കൂട്ടി ചെയ്തതോ അല്ലയോ എന്നു ശ്രീ. പരമേശ്വരൻനായർ പറയുന്നില്ല. ലോഗൻ എന്ന പാശ്ചാത്യനിരീക്ഷകന്റെ അഭിപ്രായത്തിൽ കേരളസംസ്ഥാരത്തിന്റെ കേന്ദ്രശക്തിയായും നാട്ടിന്റെ നട്ടെല്ലായും പരിലസിച്ച നായർവംശത്തിന്റെ ആത്മവീര്യത്തിനും ജീവിതബലിഷ്ഠതയ്ക്കും സി. വി. നല്കുന്ന ഒരുപഹാരമാണ് ഈ കുടുംബചരിത്രം. പൌരുഷത്തെ മററന്തിനുംമീതെ വിലമതിച്ച ഈ സമുദായം ചരിത്രാതീതകാലംമുതല്ക്കു കേരളഭൂമിയുടെ യശസ്സിനും ശ്രേയസ്സിനും നിദാനമായി നില്ക്കുന്നു എന്നും ഭാവിയിലും അത് അങ്ങിനെതന്നെ നിന്നുകൂടായ്കയില്ല എന്നും ലോഗൻ എഴുതുകയുണ്ടായി. അദ്ദേഹത്തിന്റെ പ്രശംസാവാചകങ്ങൾ മുഴുവനും ഇവിടെ ഉദ്ധരിക്കേണ്ടതില്ല. കേരളത്തിന്റെ പ്രാചീനചരിത്രത്തിലേക്ക് അനന്യസാധാരണമായ ഒരുൾക്കാഴ്ച ലഭിച്ച ഈ മഹാന്റെ പ്രതീക്ഷയെക്കുറിച്ചുമാത്രമെ ചിന്തിക്കാനുള്ളു. ചരിത്രത്തിന്റെ ദുരൂഹമായ വിഗതിവിവിധതകൾക്കടിപെട്ടു നായർവംശത്തിന്റെ പ്രാഭവപ്രതാപങ്ങൾ അസ്തോന്മുഖമാവുകയാണുണ്ടായത്. സി. വി. രാമൻപിള്ള ഈ ചരിത്രസംഭവങ്ങളെക്കുറിച്ചു മററാരെക്കാളുമധികം ചിന്തിച്ച ഒരു ക്രാന്തദർശിയായിരുന്നു. തന്റെ ഭാവനയിലൂടെ ആ പൂർവ്വകാലത്തേക്കു കടന്ന് അന്നത്തെ ജീവിതത്തിന്റെ സത്തകളെ തന്റെ ആത്മാവിനെക്കൊണ്ട് അനുഭവിച്ചറിയുവാൻ അദ്ദേഹത്തിനു സാധിച്ചു. ആ അനുഭവത്തിന്റെ പ്രതിഫലനങ്ങളാണ് അദ്ദേഹം നിർമ്മിച്ച പുരാവൃത്തങ്ങളിൽ നാം കാണുന്നത്. മേൽപറഞ്ഞ പ്രതിസന്ധിഘട്ടമാണ് ഈ കഥകളുടെ കാലം. മാർത്താ

Digitized by Kerala Sahitya Akademi

ണ്ഡവർമ്മമഹാരാജാവിൻെറ കടുംകൈകളാണ് നായന്മാരുടെ നെട്ടനാറം നിലനിന്ന നിസ്തുലശക്തിയെ നശിപ്പിച്ചതെന്നു കെ. എം. പണിക്കർ "മലബാറും ഡച്ചുകാരും" എന്ന തൻെറ ഗ്രന്ഥത്തിൽ തെളിയിച്ചിട്ടുണ്ട്. മാർത്താണ്ഡവർമ്മയിൽ മങ്കോയിക്കൽ കുറുപ്പ് എന്ന കഥാപാത്രം പറയുമ്പോലെ ആ നാട്ടുവാഴി "മുൻ വഴിവിട്ടു"ചെയ്ത ഈ പ്രവൃത്തികളുടെ ഫലം നേരിട്ടനുഭവിച്ച ഒരു കുടുംബക്കാരാണ് സി. വി.യുടെ ചരിത്രാഖ്യായികകളിലെ കഴക്കൂട്ടത്തുപിള്ളമാർ. "മഹിമപെററ മാറാപ്പേരു കുലത്തിന്നും കൂട്ടത്തിന്നുംചേർത്ത" അവരുടെ അത്ഭുതചരിത്രത്തിൻെറ അവസാനത്തെ അധ്യായമാണ് അദ്ദേഹത്തിൻെറ കഥാവിഷയം. അവരുടെ പൂർവ്വമഹിമകളൊന്നും അദ്ദേഹം വർണ്ണിയ്ക്കുന്നില്ല. എങ്കിലും അവരുടെ പ്രാഭവം എന്നെന്നേയ്ക്കുമായി പൊലിഞ്ഞതിനുശേഷവും അതിൽനിന്നു തെറിച്ച ഒരു തീപ്പൊരികൊണ്ടു് ആ പൌരുഷത്തെ അദ്ദേഹം ഒരിയ്ക്കൽകൂടി ആളിക്കത്തിയ്ക്കുന്നുണ്ട്. അതോടൊപ്പംതന്നെ കാലം മാറിയെന്നുള്ള കാര്യം മനസ്സിലാക്കാതെയും, പണ്ടുള്ളവർ പൌരുഷവും പാരമ്പര്യമഹത്വവുംകൊണ്ടു നേടിയതെല്ലാം അക്രമവും ആഴിമതിയും ചതിയും വഞ്ചനയുംകൊണ്ടു നേടിക്കളയാമെന്നു വ്യാമോഹിച്ചും കാളിഉടയാൻ ചന്ത്രക്കാരൻ ഒരു പുതിയ കുടുംബം സ്ഥാപിച്ചു നായകസ്ഥാനം കരസ്ഥമാക്കുവാൻ ചെയ്യുന്ന യത്നത്തെ അദ്ദേഹം പരാജയത്തിൽ കലാശിപ്പിയ്ക്കുന്നുമുണ്ട്. രാമരാജാബഹദൂറിൻെറ അവസാനഖണ്ഡികയിൽ അദ്ദേഹം പറയുന്നു:—"നിങ്ങളുടെ വമ്പിച്ച കുലം, സമ്പത്തു, പ്രതാപം ഇവയെ ലോകം എന്നും കണക്കാക്കുകയില്ല. വില പൌരുഷം ഒന്നിനാണ്. അതിൻെറ ദൃഢത എന്ത് അമൂല്യസമ്പത്തെന്നോ! ശുദ്ധചര്യ എന്നും മററുമുണ്ടല്ലോ, അതെല്ലാം പൌരുഷബോധത്തെ സ്വയം പിൻതുടരും." ഈ മഹാതത്ത്വത്തിൻെറ ഉദീരണമാണ് സി. വി. രാമൻപിള്ള തൻെറ സാഹിത്യയത്നംകൊണ്ടു സാധിച്ചത്. ചരിത്രത്തിൻെറ ആരംഭംമുതൽ പ്രതാപത്തിൽ പരിലസിച്ചു കീർത്തിനേടിയ ഒരു ജനസമുദായം, നായകത്വം നശിച്ച് ഐശ്വര്യത്തിൻെറ ചരമസന്ധ്യയെ പ്രാപിയ്ക്കുന്ന ഗംഭീരസംഭവത്തെ ആസ്പദമാക്കി പുരാവൃത്തങ്ങൾ നിർമ്മിച്ച അദ്ദേഹം വൃഷ്ണികുലം നശിച്ചതും, രഘുവംശം ക്ഷയിച്ചതും കാവ്യവിഷയമാക്കിയ ഭാരതീയമഹാകവികളുടെ കാലടിപ്പാടുകളെത്തന്നെയാണ് പിൻതുടരുന്നത്. ചരിത്രത്തിൻെറ മൂകഭീകരമായ നീതിപീഠത്തിനു

Digitized by Kerala Sahitya Akademi

മുമ്പിൽ തൻെറ പുരികക്കൊടികളിൽ അർത്ഥഗർഭമായ ഒരു ചോ ദ്യം സ്ഫുരിപ്പിച്ചുകൊണ്ടു, സിംഹതുല്യപ്രഭാവനായി അദ്ദേഹം നി വൎന്നുനില്ക്കുന്നു. ആ കണ്ണുകൾ ജ്വലിക്കുന്നു; അവയിൽ അഭി മാനവും അമൎഷവും ഒരേ സമയത്തു തിളങ്ങുന്നു. വിഷാദമെന്നല്ല, വിനയംപോലും അദ്ദേഹത്തിൻെറ ആത്മാവിൽ അങ്കുരിക്കുന്നില്ല: വൈരാഗ്യവും വെല്ലുവിളിയുംകൊണ്ടു് അതു ജൃംഭിക്കുകയാണു് ചെ യ്യുന്നതു്. ചാമുണ്ഡി ഭരദേവതയും സപ്പ്രരാജവിഗ്രഹം കുലചതാ കയുമായ കഴക്കൂട്ടത്തു കുടുംബത്തിൻെറ ഭാഗ്യവിപൎയ്യയം ദൎശിച്ച— അനുഭവിച്ച—അദ്ദേഹത്തിൻെറ ഭാവന ആ രംഗത്തിൽ വൈദ്യു തപ്രഭ വീശുന്നു. നാം കുട്ടിക്കോന്തിശ്ശനേയും, ത്രിപുരസുന്ദരി ക്കുഞ്ഞമ്മയേയും, ഹരിപഞ്ചാനനയോഗീശ്വരനേയും സ്മരിച്ചുപോ കുന്നു. ഇവരിൽ ഓരോരുത്തരുടേയും ജീവിതം അദ്ദേഹത്തിനു തൻെറ സ്വന്തം ജീവിതത്തേക്കാൾ യഥാൎത്ഥമാണു്. അതോരോ ന്നും അദ്ദേഹം ജീവിച്ചറിഞ്ഞതാണു്. അപ്പോഴത്തെ ആ നില്പി ലും അദ്ദേഹം അവയുടെ സ്പന്ദനങ്ങൾ അനുഭവിക്കുന്നതായി നമുക്കു തോന്നുന്നു. ഹാ! എത്ര ഗംഭീരമായ ഒരു നില്പാണതു്. ധൎമ്മ രാജാ, രാമരാജാബഹദൂർ എന്നീ കൃതികളിൽ നാം കാണുന്ന സി. വി. രാമൻപിള്ള ഇതാകുന്നു. തൻെറ വ്യക്തിത്വം വിസ്മരിച്ചു്, അതിൻെറ സീമകളെ അതിലംഘിച്ചു, താൻ സൃഷ്ടിച്ച കഥാപാ ത്രങ്ങളുടെ ജീവിതം അനുഭവിച്ചറിയുന്ന ഈ അത്ഭുതമനുഷ്യൻ കാ വ്യകലയുടെ കൈലാസശൃംഗത്തിൽ കരുത്തോടെ കയറിച്ചെന്നു ഭുവനബന്ധങ്ങൾ ഭഞ്ജിച്ചെറിഞ്ഞു ശുദ്ധഭാവനയുടെ ജ്യോതിൎഗ്ഗോ ളമായി മാറുന്നതു നമുക്കു കാണുവാൻ സാധിക്കുന്നു.

തൻെറ 54-ാമത്തെ വയസ്സിൽ എത്ര പെട്ടെന്നാണു് സി. വി. രാമൻപിള്ള ഈ നിലയിലേക്കുയരുന്നതു്! ഇതെങ്ങിനെ സാ ധിച്ചു എന്നുള്ളതു് ഈ ജീവചരിത്രത്തിലെ ഒരു തീരാത്ത വിസ്മയ മാകുന്നു. തൻെറ ആദ്യത്തെ വാചകംകൊണ്ടുതന്നെ അദ്ദേഹം കഥയുടെ അന്തരീക്ഷം സൃഷ്ടിക്കുന്നു. ഐതിഹ്യസഹജമെന്നോ ഐതിഹാസികമെന്നോ പറയാവുന്ന ഈ അത്ഭുതലോകത്തിലേക്കു നാം അറിയാതെതന്നെ ആനീതരാകുന്നു. ആ നിമിഷംമുതൽ നാം ആ ആത്മശക്തൻെറ അടിമകളാണു്. ഈ കൺകെട്ടുവിദ്യയുടെ രഹസ്യത്തെക്കുറിച്ചു് ഒരു സൂചനപോലും നൽകുന്നില്ല എന്നതാ ണു് ശ്രീ. പരമേശ്വരൻനായരുടെ, അന്യഥാ അത്യന്തം ആസ്വാ ദ്യകരമായ ഗ്രന്ഥത്തെക്കുറിച്ചു് എനിക്കുള്ള പരാതി. സി. വി.

Digitized by Kerala Sahitya Akademi

രാമൻപിള്ള എന്ന മാന്യവ്യക്തിയുടെ ചരിത്രമെന്ന നിലയിൽ ഈ ഗ്രന്ഥം നിസ്തുലമാണ്. "ഈ ഗ്രന്ഥകാരനും കഥാപുരുഷനുമായി മുഖപരിചയംപോലും ഉണ്ടായിരുന്നെന്നു തോന്നുന്നില്ല. ഗാഢപരിചയത്തിന്റെ കഥ പറയേണ്ടതുമില്ല. എങ്കിലും നിത്യമെന്നപോലെ സി. വി.യുമായി സഹവസിച്ചും പെരുമാറിയും കഴിഞ്ഞിട്ടുള്ളവർക്ക് അറിയാവുന്നതുപോലെയുള്ള സി. വി. രാമൻപിള്ളയുടെ ഒരു ചിത്രം—ആകൃതിയിലും പ്രകൃതിയിലും പെരുമാററത്തിലും സമ്പൂർണ്ണമായ ഒരു ചിത്രം—വായനക്കാരുടെ മനസ്സിൽ ഉറപ്പിക്കാൻ ഗ്രന്ഥകാരനു കഴിഞ്ഞിട്ടുണ്ട്." എന്ന് അവതാരികയിൽ, സി. വി.യുമായി വളരെക്കാലം അടുത്തു പരിചയിച്ച ശ്രീ. കെ. ആർ. കൃഷ്ണപിള്ള അവർകൾ പറയുന്നു. ഇതിലുപരിയായ ഒരു പ്രശംസ ഒരു ജീവചരിത്രകാരനും കിട്ടാനില്ല. തന്റെ അക്ഷീണമായ യത്നംകൊണ്ടു ശ്രീ. പരമേശ്വരൻനായർ ഇതു തികച്ചും അർഹിച്ചതാണ്. എങ്കിലും സി. വി. രാമൻപിള്ള എന്ന വ്യക്തിയുടെ ചരിത്രമല്ലാതെ, ധർമ്മരാജാ, രാമരാജാബഹദൂർ എന്നീ ഗന്ധർവ്വലോകങ്ങൾ നിർമ്മിച്ച ഭാവനയുടെ ചരിത്രം ഈ ഗ്രന്ഥത്തിൽനിന്നു ലഭിക്കുന്നില്ല. അതിന്റെ ഒരു രേഖാചിത്രംപോലും ഈ വാങ്മയത്തിൽനിന്നുയരുന്നില്ല. അതിന്റെ ചരിത്രം അറിയണമെന്നുള്ള ആർത്തിയോടെയാണ് ഞാൻ ഈ ഗ്രന്ഥം താഴത്തുവെയ്ക്കാതെ വായിച്ചുതീർത്തത്. അങ്ങിനെ വായിച്ചുതീർക്കാവുന്ന ഒരു ഗ്രന്ഥമാണിതെന്നു ഞാൻ അറിഞ്ഞുകൊണ്ടുതന്നെയാണ് സൂചിപ്പിക്കുന്നത്. ശ്രീ. പരമേശ്വരൻനായരെ ഞാൻ അതിൽ ഉള്ളഴിഞ്ഞ് അഭിനന്ദിക്കുകയും ചെയ്യുന്നു. എങ്കിലും മേല്പറഞ്ഞ ഒരു കാര്യത്തിൽ എനിക്കുണ്ടായ ഇച്ഛാഭംഗം മറച്ചുവെയ്ക്കുവാൻ സാധ്യമല്ല. താണുപിള്ളയുടെയും കൃഷ്ണപിള്ളയുടെയും കൂട്ടുകാരനായി തിരുവനന്തപുരത്തു ജീവിച്ച രാമൻപിള്ളയുടെ കഥയിൽ എനിക്കു താല്പര്യമൊന്നും തോന്നുന്നില്ല. അത് ഇന്നല്ലെങ്കിൽ നാളെ വിസ്മൃതിയിൽ ലയിക്കുമെന്നുള്ളതു തീർച്ചയാണ്. പക്ഷെ കല്പിതകഥകളെ ഐതിഹ്യങ്ങളായി രൂപാന്തരപ്പെടുത്തുന്ന ഐന്ദ്രജാലികശക്തിയുള്ള ആ അത്ഭുതഭാവന, പരാശക്തിയെപ്പോലും പൌരുഷത്തിന്റെ പര്യായമായി മാററുന്ന പ്രതിഭാപ്രകർഷം, മരണശയ്യയിൽവെച്ചുപോലും തന്റെ കൂടെപ്പിറപ്പായ സഹോദരിയോടൊപ്പം കഥാപാത്രമായ സാവിത്രിയെയും സ്മരിക്കുന്ന അനന്യസാധാരണമായ തന്മയീഭാവം, ഇവയ്ക്കു മരണമില്ല. ഇവയുടെ

Digitized by Kerala Sahitya Akademi

ആസ്പദം എന്താണ്? ചരിത്രം എന്താണ്? സി. വി. രാമൻപിള്ളയെ സാഹിത്യത്തിലെ ഒരത്ഭുതസംഭവമായി കാണുന്നവർക്ക് അറിയേണ്ട കാര്യങ്ങൾ ഇവയാകുന്നു. അദ്ദേഹം സ്ഥലപുരാണങ്ങളും കുടുംബചരിത്രങ്ങളും ശേഖരിക്കുന്നതിൽ എന്തെന്നില്ലാത്ത താല്പര്യം പ്രദർശിപ്പിച്ചിരുന്നതായി കേട്ടിട്ടുണ്ട്. കഴക്കൂട്ടത്തു തറവാടിനെപ്പററി ഇത്തരം അനേകം ഐതിഹ്യങ്ങൾ ഉള്ളതായും അറിയുന്നു. ആ തറവാട്ടു നിന്ന ദിക്കിൽ പഴമക്കാർ പറയാറുള്ള ഈ ഐതിഹ്യങ്ങളിൽ ചിലതിനെപ്പററി ആരോ പ്രസിദ്ധപ്പെടുത്തിയിരുന്ന ഒരു ലേഖനം ഞാൻ കുറെ കൊല്ലങ്ങൾക്കുമുമ്പു വായിച്ചിട്ടുണ്ട്. ഇങ്ങിനെയുള്ള ഐതിഹ്യങ്ങളിലും ദേശചരിത്രങ്ങളിലും മുഴുകി, അവയുടെ ഉപാസകനായി, ഒരു ആയുഷ്കാലം ജീവിച്ചതിൻെറ ഫലമായിട്ടാണ് അദ്ദേഹത്തിൻെറ ആഖ്യായികകൾ രൂപമെടുത്തതെന്ന് എനിക്കു തോന്നുന്നു. നാം രേഖപ്പെടുത്തിയ ചരിത്രമില്ലാത്ത ഒരു ജനതയാണ്. ഐതിഹ്യങ്ങളിലും നാടോടിപ്പാട്ടുകളിലുമാണ് നമ്മുടെ ഭൂതകാലപരമാർത്ഥങ്ങൾ ലയിച്ചുകിടക്കുന്നത്. ഈ വഴിക്കു സി. വി. രാമൻപിള്ള എന്തെല്ലാം പരിശ്രമങ്ങൾ നടത്തിയിട്ടുണ്ടെന്ന് ആരറിഞ്ഞു?

എങ്ങിനെയൊക്കെ അന്വേഷിച്ചാലും പ്രതിഭാശാലികളായ മഹാപുരുഷന്മാരുടെ ജീവിതം ഒരത്ഭുതമായിത്തന്നെ ശേഷിക്കുമെന്നുള്ളതുകൊണ്ട് ശ്രീ. പരമേശ്വരൻനായരുടെ ഗ്രന്ഥത്തിൻെറ ഈ ഒരംശത്തെപ്പററി എനിക്കു തോന്നിയ അഭിപ്രായം കാര്യമായി ഗണിക്കാനില്ല. മററംശങ്ങളിൽ ഈ ജീവചരിത്രം ഒരു വലിയ വിജയമാണെന്നു നിസ്സംശയം പറയാം. പ്രതിപാദ്യത്തിൻെറ പുതുമകൊണ്ടും പ്രതിപാദനത്തിൻെറ പ്രാഗത്ഭ്യംകൊണ്ടും ഇതു നമ്മുടെ സാഹിത്യത്തിലെ ജീവചരിത്രങ്ങളുടെ മുന്നണിയിൽ ശോഭിക്കുമെന്നുള്ളതു തീർച്ചയാണ്. ഗ്രന്ഥകാരൻെറ ഭാഷാരീതി പ്രൌഢവും സുശക്തവും അത്യന്തം സുഖപ്രദവുമായിരിക്കുന്നു. ഗൌരവമേറിയ ഇത്തരം ഗദ്യപ്രബന്ധങ്ങൾ നമ്മുടെ സാഹിത്യത്തിൽ അപൂർവ്വമായേ ഉണ്ടാകാറുള്ളു. ഭാഷാസ്നേഹത്താൽ പ്രചോദിതനായി ശ്രീ. പരമേശ്വരൻനായർ ചെയ്ത അക്ഷീണയത്നംമൂലം സഹൃദയലോകത്തിനു ചിരകാലമായുണ്ടായിരുന്ന ഒരാഗ്രഹം സാധിതമായി എന്ന കൃതാർത്ഥതയാണ് ഈ ഗ്രന്ഥത്തെപ്പററി ആലോചിക്കുമ്പോൾ എനിക്കു തോന്നുന്നത്. ഗ്രന്ഥകാരനോടുള്ള ഈ കടപ്പാടു രേഖപ്പെടുത്തുന്നതോടൊപ്പംതന്നെ അദ്ദേഹത്തിന് ഉത്തരോത്തരമായ വിജയം ആശംസിക്കുവാനും എനിക്കു വളരെ സന്തോഷമുണ്ട്.

Digitized by Kerala Sahitya Akademi

14

# വാസവദത്തയുടെ മോക്ഷപ്രാപ്തി

മഹാകവി കുമാരനാശാൻെറ 'കരുണ'യിലെ ഇതിവൃത്തം ഭുവനഭോഗങ്ങളിൽ നിമഗ്നയായി, പാപകർമ്മങ്ങൾചെയ്ത ജീവിതത്തിലെ തീവ്രവേദനകൾ അനുഭവിക്കുന്ന വാസവദത്തയുടെ നിർവ്വാണപ്രാപ്തിയാണല്ലോ. ഒരു ബുദ്ധഭിക്ഷുമുഖേനയാണ് അവൾക്ക് അവസാനം ആത്മനിർവൃതി ലഭിക്കുന്നത്. ഇതൊരു ബുദ്ധമതകഥയാണ്. ഭിക്ഷുവിനും വാസവദത്തയ്ക്കും തമ്മിലുള്ള ബന്ധം കേവലം ഗുരുശിഷ്യന്മാരുടേതുമാത്രമായിട്ടല്ല കവി വിഭാവനം ചെയ്തിട്ടുള്ളത്. വാസവദത്ത കോമളാകാരനായ ഭിക്ഷുവിൽ അനുരക്തയാണ്. കാവ്യത്തിൽ ആദ്യന്തം അവളുടെ ഈ അനുരക്തഭാവത്തെ ആശാൻ എടുത്തെടുത്തു കാണിക്കുന്നുണ്ട്. ഭിക്ഷുവായ ഉപഗുപ്തൻെറ ദൃഷ്ടിയിൽ വാസവദത്തയ്ക്കു തൻെറനേർക്കുള്ള അനുരാഗത്തിനും, താൻമൂലം അവൾക്കുണ്ടാകുന്ന തൃഷിതസൽഗ്ഗപ്രാപ്തിയ്ക്കും തമ്മിൽ ബന്ധമൊന്നുമില്ല.

> "അറിയുന്നുണ്ടെങ്കിലും ഞാനകൃത്രിമപ്രണയത്തി-
> ന്നുറവൊന്നു നിന്നുൾക്കാമ്പിലൂറിനിന്നതും
> മുറയോർക്കുമ്പോളുരു നിൻമഹിതഗുണമെന്നോർത്തു
> നിറയുന്നുണ്ടെനിക്കുള്ളിൽ നന്ദിതാനമേ."

എന്നുള്ള പ്രസ്താവനകൊണ്ട് അദ്ദേഹം, തന്നെസ്സംബന്ധിച്ചിടത്തോളം, ആ പ്രേമകഥയ്ക്കു പൂർണ്ണവിരാമമിടുന്നു. അവളുടെ ഗുണമഹിമയ്ക്ക് ഒരു തെളിവായിട്ടുമാത്രമേ അദ്ദേഹം അതിനെ ഗണിക്കുന്നുള്ളു. ഈ തെളിവു മററുവിധത്തിൽ കിട്ടിയിരുന്നെങ്കിലും അദ്ദേഹം തൻെറ ധർമ്മം ചെയ്യുമായിരുന്നു എന്നു നമുക്കു വിചാരിക്കാവുന്നതാണ്. അഥവാ, ഒരു തെളിവും കിട്ടിയില്ലെങ്കിലും ഒരു സമസൃഷ്ടത്തിൻെറ ആത്മാവിനെ നേർവഴിക്കു തിരിച്ചുവിടുവാൻ ആ ഭിക്ഷു കൃതപ്രതിജ്ഞനാണ്. അതു നില്ക്കട്ടെ. വാസവദത്തയുടെ കാര്യം നോക്കാം. അവൾക്ക് അവസാനനിമിഷംവരെ ഭിക്ഷുവിനോടുള്ള പ്രണയം തീക്ഷ്ണമായിത്തന്നെ നില്ക്കുന്നുണ്ട്. വാസ്തവത്തിൽ കരുണയിലെ അതിസുന്ദരമായ അവ

Digitized by Kerala Sahitya Akademi

സാനഭാഗം വായിക്കുമ്പോഠം അവാംക്ക പ്രേമസാഫല്യമോ മോക്ഷപ്രാപ്തിയോ ഏതാണ് ലഭിച്ചതെന്നു നാം വിസ്മയിച്ചുപോകും. ആശാൻെറ ഭാവന ഇതു രണ്ടും ഒരുമിച്ചു കൈവരുത്തുവാനാണ് ശ്രമിച്ചുകാണുന്നത്. കഴിഞ്ഞുപോയ കാര്യങ്ങളോത്തു ഖേദിക്കേണ്ടെന്നും, ലോലമായ ക്ഷണത്തിനുള്ളിൽ ആത്മജ്ഞാനോദയവും മോക്ഷപ്രാപ്തിയും കരഗതമാകുമെന്നും, അന്നുവരെ സഹിച്ച പരിവേദനയാൽ അവാം പാപമുക്തയായെന്നും മുക്തിപാത്രമായെന്നും സാന്ത്വനപ്പെടുത്തിയശേഷം ഉപഗുപ്തൻ വാസവദത്തയ്ക്കു തത്ത്വോപദേശം ചെയ്യുവാൻ 'തുടങ്ങുന്നു.' ആ നിമിഷത്തിൽ ക്ഷീണതയാൽ മങ്ങിയ തൻെറ വാർമിഴികഠം വീണ്ടും

"കോണടിയോളവും തുറന്നവഹിതയായപ്പോടു—
മേണനേത്രയാളവനെയൊന്നു നോക്കുന്നു."

വാസവദത്തയുടെ പ്രണയതൃഷ്ണയ്ക്ക് അവസാനമായി കിട്ടുന്ന ഉപശാന്തിയാണിത്. അതോടൊപ്പംതന്നെ അവാം തത്ത്വോപദേശം ശ്രവിച്ചു നിർവ്വാണം പ്രാപിക്കുകയും ചെയ്തതായി വർണ്ണിക്കപ്പെട്ടിരിക്കുന്നു.

ബുദ്ധമതതത്ത്വങ്ങളുടെ ഒരു പാഠപുസ്തകമായി ഗണിക്കാതെ മനുഷ്യൻെറ ശാരീരികവും ആത്മീയവുമായ ഭാവങ്ങളെ കൈകാര്യം ചെയ്യുന്ന ഒരു കാവ്യമായി ഗണിച്ചാൽ 'കരുണ'യിൽ വാസവദത്തയുടെ നിർവ്വാണപ്രാപ്തിയേക്കാഠം ഒരു സഹൃദയന്ന് അനുഭവവേദ്യമായിരിക്കുന്നത് അവാംക്ക സിദ്ധിച്ച പ്രേമസാഫല്യമാണ്. ഉപഗുപ്തൻ അവാംക്ക നല്കുന്നത് ആദ്ധ്യാത്മസാക്ഷാൽക്കാരം സിദ്ധിച്ച ഒരു ഭിക്ഷുവിൻെറ കരുണയാണെങ്കിലും അവളുടെ പ്രേമദാഹത്തെ അതു സംതൃപ്തമാക്കുന്നു. ആശാൻ അത് അത്ഭുതകരമായി വർണ്ണിച്ചു ഫലിപ്പിച്ചിട്ടുമുണ്ട്. ഒരു സാധാരണകാവ്യത്തിൽ നിന്നു നാം ഇതിൽ കൂടുതലൊന്നും പ്രതീക്ഷിക്കാനില്ല. പക്ഷെ കരുണ ഒരു സാധാരണകാവ്യമല്ല. വെറുമൊരു പ്രണയകഥയ്ക്കു സുന്ദരമായ ആഖ്യാനം നല്കുന്നതിന്നുവേണ്ടിയല്ല അത് എഴുതപ്പെട്ടിട്ടുള്ളത്. ബുദ്ധമതതത്ത്വങ്ങളുടെ ഉദീരണമാണ് ആശാൻെറ അതിപ്രധാനമായ ഉദ്ദേശമെന്നു സ്പഷ്ടമാണ്. അവയുടെ സാരസർവ്വസ്വത്തെ കാവ്യകലയുടെ അപ്രമേയവും അത്ഭുതകരവുമായ ശക്തി ഉപയോഗിച്ചു സഹൃദയലോകത്തിന് അനുഭവസിദ്ധമാക്കിക്കൊടുക്കുവാനുള്ള ഒരു ഉദ്യമമാണ് അതിൽ കാണുന്നത്. ഈ

Digitized by Kerala Sahitya Akademi

ഉദ്യമം വിജയപ്രദമായിട്ടില്ല എന്നാണ് എന്റെ എളിയ അഭിപ്രായം. വാസവദത്തയുടെ ശുദ്ധസുന്ദരമായ പ്രണയതൃഷ്ണയെപ്പോലെ ഉപഗുപ്തന്റെ ഉപദേശദാനം നമ്മുടെ ആത്മാവിനെ സ്പർശിക്കുന്നില്ല. അദ്ദേഹത്തിന്റെ നിസ്സാരമായ ശാരീരികസമ്പർക്കങ്ങളിൽനിന്നുപോലും എന്തെന്നില്ലാത്ത ആനന്ദചാരിതാർത്ഥ്യങ്ങളെ അനുഭവിക്കുന്ന അവളുടെ പ്രകടവും പ്രത്യക്ഷവും ആയ പ്രണയത്തിന് അദ്ദേഹത്തിന്റെ ആത്മാവിൽനിന്നു യഥാർഹമായ പ്രതിധ്വനി ലഭിക്കുന്നതായി നമുക്ക് അനുഭവപ്പെടുന്നില്ല. ഇതാലോചിക്കുമ്പോൾ അവൾക്കു കിട്ടുന്നതായി തോന്നുന്ന പ്രണയപരമായ സംതൃപ്തിക്കുകൂടി കുറച്ചൊക്കെ വിലയിടിയുന്നതായി കാണാം. എങ്കിലും ആ അനുഭവം ഒരു പരമാർത്ഥമായിത്തന്നെ ശേഷിക്കുന്നതുകൊണ്ട് ഇതത്ര കാര്യമായി ഗണിക്കാനില്ലെന്നു വിചാരിക്കാവുന്നതാണ്. സ്ത്രീയുടെ തുള്ളിത്തുളുമ്പുന്ന വികാരവിജൃംഭണത്തിനുമുമ്പിൽ പുരുഷനെ നിർവ്വികാരനായി നിർത്തുന്ന പതിവ് ആശാനു നേരത്തേയുള്ളതാണ്. ചാരുഹാസയായ നളിനി ചരമമേഘവൃഷ്ടിപോലെ കണ്ണുനീരൊഴുക്കിയിട്ടും

"ധാരയാലഥ നനഞ്ഞ നെഞ്ചിലും
ധീരധീ പുളകമാർന്നുമില്ലവൻ"

എന്നു ദിവാകരന്റെ സ്ഥിതിയെ അദ്ദേഹം വർണ്ണിച്ചിട്ടുള്ളത് ഓർത്തുനോക്കുക. ഉപഗുപ്തന്റെ പ്രത്യാഘാതം ഇത്രത്തോളം കഠിനമല്ല. അദ്ദേഹത്തിനു തോന്നുന്ന അനുകമ്പയ്ക്ക് അളവില്ല. പക്ഷേ ഈ അനുകമ്പ വാസവദത്തയുടെ പ്രണയത്തിന്റെ തീക്ഷ്ണതയെ വിഗണിച്ചുകൊണ്ടുള്ള ധർമ്മോപദേശത്തിലേക്കാണ് അദ്ദേഹത്തെ നയിക്കുന്നത്. സന്ന്യാസിയും ബുദ്ധമതക്കാരനും ആയതുകൊണ്ട് ഇതല്ലാതെ മറെറാരു പ്രത്യാഘാതവും അദ്ദേഹത്തിൽനിന്നു വരുത്തുവാൻ നിവൃത്തിയില്ലാതായതുപോലെ തോന്നിപ്പോകുന്നു. സ്ത്രീപുരുഷപ്രേമത്തിലൂടെ നീണ്ടുപോകുന്ന ഒരു മുക്തിമാർഗ്ഗമുണ്ട്. അതു പക്ഷേ ബുദ്ധമതം അംഗീകരിച്ചിട്ടുള്ളതായി കേട്ടിട്ടില്ല. ഹിന്ദുമതത്തിലും ക്രിസ്തുമതത്തിലും അതിനു പ്രമുഖമായ സ്ഥാനം നല്കിയിട്ടുണ്ട്. ഈ ദർശനങ്ങളുടെ പശ്ചാത്തലത്തിനെതിരെ സംവിധാനം ചെയ്യപ്പെട്ടിരുന്നെങ്കിൽ ഈ കഥയ്ക്കുതന്നെ ഇതിനെക്കാൾ എത്രയോ തൃപ്തികരമായ പരിണതി വരുത്താമായിരുന്നുവെന്ന് എനിക്കു തോന്നുന്നു. പക്ഷേ കഥാനായകൻ സർവ്വസംഗപരി

Digitized by Kerala Sahitya Akademi

ത്യാഗിയായ സന്യാസിയായാൽ അവിടേയും പ്രയാസമാവും. ഭോഗനിമഗ്നയായ ഒരു സ്ത്രീ പശ്ചാത്താപവും ഇന്ദ്രിയനിഗ്രഹവും മൂലം മുക്തി പ്രാപിയ്ക്കുന്ന കഥയാണ് കരുണയിലുള്ളതെങ്കിൽ ഉങ്ങനെ ഒരു നായകൻ മതിയാകുമായിരുന്നു. പക്ഷെ അതല്ലല്ലോ നാം കാണുന്നത്. ശുദ്ധവും തീക്ഷ്ണവുമായ പ്രേമത്തിലൂടെ മുക്തിയിലെത്തുന്ന ഒരു ആത്മാവിന്റെ കഥയാണത്. ഈ കഥാബീജത്തിനു ബുദ്ധമതത്തിന്റെ പശ്ചാത്തലം പററിയതല്ല. പ്രേമത്തിനോ മതത്തിനോ ഏതെങ്കിലും ഒന്നിനു കോട്ടംവരുത്താതെ കഥ മുഴമിപ്പിയ്ക്കാൻ സാധിയ്ക്കുകയില്ല. കലാകാരനും മനുഷ്യകഥാനുഗായിയുമായ ആശാൻ മതത്തെ വിഗണിച്ചും പ്രേമകഥയെ മുഴമിപ്പിയ്ക്കുവാൻ ശ്രമിയ്ക്കുകയാണ് ഒടുവിൽ ചെയ്തിരിയ്ക്കുന്നത്. നിർവ്വാണപ്രാപ്തിയെക്കുറിച്ചു സാങ്കേതികപദങ്ങൾ ചേർത്തുള്ള ചില പ്രസ്താവനകൾ ചെയ്യുകയല്ലാതെ അനുഭവൈകവേദ്യമായ ഒരു ആദ്ധ്യാത്മികാന്തരീക്ഷം സൃഷ്ടിച്ചു വാസവദത്തയുടെ പ്രേമസാഫല്യം സാക്ഷാൽ മോക്ഷമായിത്തീരുന്ന അത്ഭുതപരിവർത്തനം തന്റെ കവിതയുടെ കനകാക്ഷരങ്ങളിൽ പകർത്തിക്കാണിക്കാൻ അദ്ദേഹത്തിനു സാധിച്ചിട്ടില്ല. അത്യഗാധമായ ആ പ്രണയത്തിന്, അത് ആശിയ്ക്കുകയും അർഹിയ്ക്കുകയും ചെയ്യുന്ന തരത്തിലുള്ള അനുരണനം ഉപഗുപ്തന്റെ ആത്മാവിൽ ഉളവാക്കി, ആ രണ്ട് ആത്മാക്കളുടേയും അഭേദഭാവവും ഐക്യവും വെളിപ്പെടുത്തിയാണ് ഇതു സാധിയ്ക്കേണ്ടത്. വേർപെട്ടവേർപെട്ടു നില്ക്കുന്നതായി തോന്നുന്ന ജീവാത്മാക്കൾക്കു, പ്രപഞ്ചത്തിലെ ദുഃഖത്തിനും ദോഷത്തിനും മൂലകാരണമായ ഈ വ്യതിരേകഭാവം അയഥാർത്ഥമാണെന്നുള്ള അനുഭവം ജനിയ്ക്കുന്നതിനും, അടിസ്ഥാനഭൂതമായ പരമാത്മാവിന്റെ അഖണ്ഡമൂല്യത്തിൽ വിലയം പ്രാപിയ്ക്കുന്നതിനും ഉപകരിയ്ക്കുന്ന ഉൽകൃഷ്ടമായ ഒരു പ്രവണതയാണ് പ്രണയം. പക്ഷേ അതിനു ധ്വനിയെന്നതുപോലെ പ്രതിധ്വനിയും ആവശ്യമാണ്. ഈ പ്രതിധ്വനി ഉപഗുപ്തനിൽനിന്നുളവാകുന്നില്ല. എത്രമേൽ ആത്മാർത്ഥമായാലും, അനിവാര്യമായ, ഒരു അകൽച്ചയെ സൂചിപ്പിയ്ക്കുന്ന അനുകമ്പയും, സാങ്കേതികവും ഔപചാരികവുമായ തത്വോപദേശവുമാണ് അദ്ദേഹത്തിൽനിന്നു വരുന്നത്. വാസവദത്തയ്ക്ക് ഇതു വ്യക്തിപരമായ സംതൃപ്തിയും സമാധാനവും നല്കുന്നുവെന്നുള്ളതു വാസ്തവം തന്നെ. പക്ഷെ ഈ അനുഭവത്തിന്റെ അവിഭാജ്യഘടകമാകേണ്ട

Digitized by Kerala Sahitya Akademi

ഉപഗുപ്തൻ അതിൽ യഥാപ്രേമം പങ്കുകൊള്ളാതെ അകന്നുനില്ക്കുന്നു. ഇക്കാരണത്താലാണ് വാസവദത്തയുടെ പ്രണയകഥയ്ക്കല്ലാതെ അവർ രണ്ടുപേരുടെയും ആത്മാക്കൾ ഒന്നായിത്തീർന്നു വിരചിക്കേണ്ട മുക്തികഥയ്ക്കു സാഫല്യം സിദ്ധിച്ചിട്ടില്ല എന്നുപറയുന്നത്.

ഇത് ആശാന്റെ കാവ്യകലയുടെ കഴിവുകേടാണെന്നു ഞാൻ സൂചിപ്പിക്കുന്നതായി വ്യാഖ്യാനിക്കപ്പെടാതിരിക്കട്ടെ. അദ്ദേഹത്തിനു ബുദ്ധമതത്തിലുണ്ടായ അഭിനിവേശമാണ് ഇതിനിടയാക്കിയത്. അദ്ദേഹത്തിന്റെ പ്രേമഗായകത്വവും ബുദ്ധദർശനങ്ങളും തമ്മിൽ വലിയ ഒരു പൊരുത്തക്കേടുള്ളതുപോലെ തോന്നുന്നു. ഹിന്ദുമതത്തിലും ക്രിസ്തുമതത്തിലും ഉള്ളതുപോലെ പ്രേമമാധുര്യനിഷ്യന്ദികളായ കാവ്യതല്ലജങ്ങൾ ബുദ്ധമതത്തിൽ നാം കാണുന്നില്ല. അതൊരു ശാസ്ത്രീയമതമാണ്. ഹൃദയത്തേക്കാൾ ബുദ്ധിയോടാണ് അതിന്ന് അടുപ്പം. അതിന്റെ പ്രപഞ്ചവീക്ഷണത്തിൽ കാണുന്ന യുക്തിതികവ് ആധുനികശാസ്ത്രജ്ഞന്മാരെപ്പോലും അത്യധികം ആകർഷിച്ചിട്ടുണ്ട്. അവർക്കു ബുദ്ധമതത്തോടു തോന്നിത്തുടങ്ങിയിട്ടുള്ള ബഹുമാനം അഭൂതപൂർവ്വമാണ്. യുക്തി നിറഞ്ഞ ഈ അന്തരീക്ഷം കാവ്യകലയുടെ ആത്യന്തികമായ വികാസത്തിന്ന് അനുകൂലമല്ല. ഇക്കാരണത്താലാണ് വാസവദത്തയുടെ മോക്ഷപ്രാപ്തി കുമാരനാശാന്റെ കവിതയ്ക്കുപോലും ദുഷ്പ്രാപമായിത്തീർന്നത്.

Digitized by Kerala Sahitya Akademi

# അത്ഭുതപുരാണങ്ങൾ

കുറച്ചുനാൾ മുമ്പ് ഒരു സ്നേഹിതന്റെ വീട്ടിൽവെച്ചു കാറു നന്നാക്കുന്ന ജോലികൊണ്ട് ഉപജീവനം കഴിക്കുന്ന ഒരു തമിഴവിദ്വാനെ ഞാൻ കാണുകയുണ്ടായി. അയാൾ വന്ന കാര്യം പറഞ്ഞുതീർന്നപ്പോൾ തമിഴ്ഗ്രന്ഥങ്ങളുടെ പ്രാചീനതയിലേക്കു കടന്നു. രണ്ടായിരത്തിൽപരം വർഷങ്ങൾക്കു മുമ്പെഴുതിയ ഒരു തമിഴ ഗ്രന്ഥം തന്റെ കൈവശമുണ്ടെന്നും അതിലില്ലാത്ത ശാസ്ത്രവും വേദാന്തവും മന്ത്രവാദവും ഒന്നുമില്ലെന്നും, കൌതുകമുണ്ടെങ്കിൽ അതു വായിച്ചു കേൾപ്പിക്കാമെന്നും പറഞ്ഞു. മൂന്നുനാലു തവണ പഴയ പത്രങ്ങളിലും, ഒടുവിൽ ഒരു മുഷിഞ്ഞ തുണിയിലുംപൊതിഞ്ഞ ഒരു പുസ്തകം അയാൾ എന്തെന്നില്ലാത്ത ഭക്തിയോടുകൂടി പുറത്തെടുത്തു. ആ പുസ്തകം അച്ചടിച്ചിട്ട് ഒരു അമ്പതു കൊല്ലമെങ്കിലും ആയിട്ടുണ്ടാവണം. അതു മിക്കവാറും പൊളിഞ്ഞു കഴിഞ്ഞതായിട്ടാണ് കണ്ടത്. എന്റെ സ്നേഹിതൻ ഒരു എഞ്ചിനീയറാണെന്നുള്ളതുകൊണ്ട് അയാൾ ആദ്യം യന്ത്രങ്ങളെക്കുറിച്ചുള്ള വിവരങ്ങളാണ് ഞങ്ങളെ വായിച്ചുകേൾപ്പിച്ചത്. ഒരു ആവിയന്ത്രത്തിന്റെ ദീർഘവർണ്ണന. അതു കേട്ട് എഞ്ചിനീയർക്കുണ്ടായ അത്ഭുതം പറയാനില്ല. ആവിയന്ത്രങ്ങളുടെ ഘടനയെക്കുറിച്ച് ആ പുസ്തകത്തിൽ നൽകിയിരുന്ന വിവരങ്ങൾ അത്രയും ശരിയായിരുന്നു. രണ്ടായിരം വർഷങ്ങൾക്കുമുമ്പ് ഇതെങ്ങിനെ കണ്ടുപിടിച്ചു എന്ന് അദ്ദേഹം അതിശയിച്ചു. ആവിയന്ത്രം ആധുനികശാസ്ത്രത്തിന്റെ വലിയ നേട്ടങ്ങളിലൊന്നാണെന്നു മനസ്സിലാക്കിവെച്ചിരിക്കുന്ന ഞങ്ങൾക്കു ഞങ്ങളെക്കുറിച്ചു വളരെ സഹതാപം തോന്നി. രണ്ടായിരം വർഷങ്ങൾക്കുമുമ്പ് അതേക്കുറിച്ച് ഇത്ര പൂർണ്ണമായ വിവരണം നൽകിയ ആ അത്ഭുതമനുഷ്യൻ ആരായിരുന്നിരിക്കാം? അതിനും എത്രയോ മുമ്പായിരിക്കണം ഈ കണ്ടുപിടുത്തം നടന്നത്! ഇതെല്ലാം ആലോചിച്ചു ഞാനും എന്റെ സ്നേഹിതനും കുറച്ചുനേരം മൂകരായിരുന്നുപോയി.

അടുത്തതായി നൂററിരുപത്തഞ്ചുവയസ്സുവരെ ജീവിച്ചിരിക്കാനുള്ള ഒരു വൈദ്യനിർദ്ദേശമാണ് ഞങ്ങൾ വായിച്ചുകേട്ടത്. അതു

Digitized by Kerala Sahitya Akademi

മുഖ്യമായി കോഴിയിറച്ചികൊണ്ടുള്ള ഒരു പ്രയോഗമാണ്. അതിൽ വിശേഷവിധിയായ മരുന്നുകളൊന്നും പറഞ്ഞിട്ടില്ല. പക്ഷെ പത്ഥ്യമാണ് പരമപ്രധാനമായ സംഗതിയെന്നു ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പ്രയോഗം നിസ്സാരമെന്നു തോന്നുമെങ്കിലും എല്ലാവരും ചെയ്താൽ ഈ വിദ്യ ഫലിയ്ക്കുകയില്ലെന്നും, കൈപ്പുണ്യമുള്ള മഹാവൈദ്യന്മാർക്കുമാത്രമെ അതിനുവേണ്ട പരിചയം കാണുകയുള്ളു എന്നും പുസ്തകത്തിന്റെ ഉടമസ്ഥനായ മോട്ടോർ മെക്കാനിക്ക്, പ്രസ്തുത ഗ്രന്ഥത്തിന്റെ ഭാഷ്യകാരനെന്ന ഭാവത്തിൽ, ഞങ്ങളോടു പറഞ്ഞു. അയാളുടെ പിതാമഹൻ അങ്ങിനെയുള്ള ഒരു മഹാവൈദ്യനായിരുന്നുവത്രെ. ആ പിതാമഹനിൽനിന്ന് അയാൾക്കു കുടുംബപാരമ്പര്യമായി കിട്ടിയതാണ് ആ വിലയേറിയ പുസ്തകം. അതുപയോഗിച്ചു നമ്മുടെ മെക്കാനിക്കും ചില ചില്ലറചികിത്സകളൊക്കെ ചെയ്യാറുണ്ട്. അയാൾ പിന്നെ വായിച്ചതു ബ്രാഹ്മണർ സസ്യഭുക്കുകളാണെന്നുള്ള വിശ്വാസത്തെ ഖണ്ഡിയ്ക്കുന്ന ഒരധ്യായമാണ്. പാലും, നെയ്യും, തൈരും, സസ്യവസ്തുക്കളല്ലെന്നും അവ ഉപയോഗിയ്ക്കുന്ന ആളുകൾ സസ്യഭുക്കുകളാണെന്നു പറയുന്നത് എങ്ങിനെയെന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ലെന്നും, വെണ്ടയ്ക്ക, വഴുതിനിങ്ങ എന്നിവയിലെല്ലാം പുഴുക്കളും കൃമികളും ധാരാളമായി കാണാറുണ്ടെന്നും അവയെയും ബ്രാഹ്മണർ തിന്നാറുണ്ടെന്നുംമററും കുറച്ചൊന്നു കളിയാക്കുന്ന മട്ടിലാണ് ഈ ഭാഗം എഴുതിയിട്ടുള്ളതു്. ഗ്രന്ഥകാരനു ബ്രാഹ്മണരോടു വളരെ വെറുപ്പും വിരോധവുമുണ്ടെന്നു തോന്നി. തമിഴ്നാട്ടിൽ പരക്കെയുള്ള ഒരു മനോഭാവമാണിത്. ഇത് ഇന്നും ഇന്നലെയും ഒന്നും ഉണ്ടായതല്ലെന്നും രണ്ടായിരം വർഷങ്ങൾക്കുമുമ്പുതന്നെ ഇതു പ്രകടമായിരുന്നു എന്നും പ്രസ്തുതഗ്രന്ഥം തെളിയിയ്ക്കുന്നതായി തോന്നി. എന്റെ സ്നേഹിതൻ ബ്രാഹ്മണനാണെന്ന് അറിയാമായിരുന്നതുകൊണ്ടോ എന്തോ മെക്കാനിക്ക് ഈ ഭാഗത്തിനു ഭാഷ്യമൊന്നും നൽകിയില്ല.

ഗ്രന്ഥകർത്താവുചെയ്ത ലോകസഞ്ചാരത്തിന്റെ ദീർഘവിവരണമാണ് പിന്നെ ഞങ്ങൾ കേട്ടതു്. അതൊരു ആകാശയാത്രയായിരുന്നു. ഏതോ ഒരു അത്ഭുതഗുളിക വായിലിട്ടു നാക്കുകൊണ്ടു പൊക്കുകയും താഴ്ത്തുകയും ചെയ്താൽ ശരീരം ആകാശത്തിലേയ്ക്ക് ഇഷ്ടംപോലെ ഉയരുകയും താഴുകയും ചെയ്യുമെന്നും, ഈ ഗുളികയുടെ സഹായത്തോടെയാണ് ഗ്രന്ഥകാരൻ ഭൂലോകം ചുററി സ

Digitized by Kerala Sahitya Akademi

ഞ്ചരിച്ചതെന്നും പറഞ്ഞിട്ടുണ്ട്. ചൈന, യൂറോപ്പ്, ആഫ്രിക്ക, എന്നീ വിദൂരരാജ്യങ്ങളിലെല്ലാം അദ്ദേഹം പോകുകയുണ്ടായി. അവിടെയൊക്കെയുള്ള അത്ഭുതകരങ്ങളായ കാഴ്ചകളേയും പല സ്വഭാവവിശേഷങ്ങളുമുള്ള മനുഷ്യരേയുംപററി വളരെ വിവരങ്ങൾ മെക്കാനിക്ക് ഞങ്ങളെ വായിച്ചുകേൾപ്പിച്ചു. യേശുക്രിസ്തുവിൻെറയും അപ്പോസ്തോലന്മാരുടേയും ശവകുടീരങ്ങളെക്കുറിച്ചുള്ള ദീർഘവർണ്ണനകൾ ഈ പുസ്തകത്തിൽ നൽകിയിട്ടുണ്ട്. പുസ്തകത്തിലെ വിവരണരീതിയിൽ പൊതുവെ ദൃശ്യമായിരുന്ന ആശ്ചര്യപരിവേഷം ഈ ഭാഗങ്ങളിൽ വളരെ കൂടുതലുണ്ടെന്നു ഞങ്ങൾ കണ്ടു. ഗ്രന്ഥം എഴുതിയ അത്ഭുതമനുഷ്യൻ ഒരു ബ്രാഹ്മണാചാര്യൻെറ ശിഷ്യനായിരുന്നെങ്കിലും ക്രിസ്തുമതം സ്വീകരിക്കുകയുണ്ടായി എന്നും, പുസ്തകത്തിലെ പല ഭാഗങ്ങളിലും ക്രിസ്തുമതതത്വങ്ങളുടെ നിസ്തുലമായ പ്രതിപാദനങ്ങൾ ഉണ്ടെന്നും മെക്കാനിക്ക് ഞങ്ങളോടു പറഞ്ഞു. അയാൾ ഒരു ക്രിസ്ത്യാനിയാണെന്ന വസ്തുത ഇവിടെ പ്രസ്താവ്യമാണ്.

മെക്കാനിക്കിനെ യാത്രയാക്കിയശേഷം ഞാനും എൻെറ സ്നേഹിതനുംകൂടി ഈ പുസ്തകത്തെക്കുറിച്ചു കുറച്ചുനേരം സംസാരിച്ചു. ആവിയന്ത്രത്തിൻെറ ആ വിവരണം കേട്ടതുമുതൽ അദ്ദേഹം പുസ്തകത്തിലുള്ളതു മുഴുവൻതന്നെ വിശ്വസിക്കാൻ സന്നദ്ധനായിത്തീർന്നിരുന്നു. എനിക്ക് അത്രക്കു വിശ്വാസം തോന്നിയില്ല. ആയുസ്സുനീട്ടുന്ന വിദ്യയും, ആകാശയാത്രക്കുപയോഗിച്ച അത്ഭുതഗുളികയും ഗ്രന്ഥത്തിൻേറയും ഗ്രന്ഥകാരൻേറയും വിശ്വാസ്യതയെ അപകടത്തിലാക്കുന്നതായി എനിക്കു തോന്നി. ആ പുസ്തകത്തിനു രണ്ടായിരംപോയിട്ട് ഇരുന്നൂറുവർഷംപോലും പഴക്കമില്ലെന്നു ഞാൻ വാദിച്ചു. കാര്യകാരണബന്ധത്തെ ആസ്പദമാക്കി വ്യാഖ്യാനിക്കാൻ കഴിയാത്ത അത്ഭുതങ്ങളിൽ അന്ധമായി വിശ്വസിക്കുകയും ആ വിശ്വാസത്തിലൂടെമാത്രം ഈശ്വരചിന്തക്കു വശംവദരായിത്തീരുകയുംചെയ്യുന്ന സാധുജനങ്ങളെ പാട്ടിലാക്കാൻവേണ്ടി ആധുനികനും സൂത്രശാലിയുമായ ഒരു ക്രിസ്തുമതപ്രചാരകൻ എഴുതി പുരാണത്തിൻെറ പരിവേഷവും പവിത്രതയും നൽകി അച്ചടിച്ചതാണ് ആ പുസ്തകമെന്നു ഞാൻ ഊഹിക്കുന്നു. ഹിന്ദുക്കളെക്കുറിച്ചു പൊതുവേയും ബ്രാഹ്മണരെക്കുറിച്ചു പ്രത്യേകിച്ചും അതിൽ ചേർത്തിരിക്കുന്ന ആക്ഷേപങ്ങൾ ഈ ഊഹത്തെ അത്യധികം ബലപ്പെടുത്തുന്നുണ്ട്. ഒരുപക്ഷെ തമിഴ്പഠിച്ച ഒരു പാശ്ചാത്യമിഷ-

Digitized by Kerala Sahitya Akademi

ററിയായിരിക്കാം അതെഴുതിയതു്. അയാൾ കണ്ടിട്ടുള്ള രാജ്യങ്ങളേയും, അയാൾ ഇവിടെ വന്നകാലത്തു പാശ്ചാത്യരാജ്യങ്ങളിൽ പ്രചാരത്തിൽ വരികയും ഇന്ത്യയിൽ ഇല്ലാതിരിക്കയും ചെയ്ത വസ്തുവിശേഷങ്ങളേയുംകുറിച്ചു് അതിശയോക്തി നിറഞ്ഞ വിവരണങ്ങളാണു് ആ പുസ്തകത്തിൽ ചേത്തിട്ടുള്ളതെന്നു വിചാരിക്കാവുന്നതാണു്. പുരാണപ്രിയന്മാരായ നാട്ടുകാരുടെ ഇടയിൽ മതപ്രചരണം നടത്തുവാൻ അവർ ഇഷ്ടപ്പെടുന്ന രീതിയിലുള്ള ഒരു പുരാണംതന്നെ അയാൾ സൃഷ്ടിച്ചതായിരിക്കണം. ഇന്നാട്ടിൽനിന്നുതന്നെ താൻ കണ്ടെടുത്തതാണു് പ്രസ്തുത ഗ്രന്ഥമെന്നുപറഞ്ഞു, നിരക്ഷരകുക്ഷികളായ “പട്ടിക്കാട്ടാന്മാരെ” പാട്ടിലാക്കുവാൻ അയാൾക്കു വലിയ പ്രയാസമൊന്നും ഉണ്ടായിക്കാണുകയില്ല. മിഷനറിമാർ ഇതും ഇതിലപ്പുറവും ചെയ്യാറുണ്ടെന്നു വിചാരിക്കാൻ ന്യായമുണ്ടു്. വൈദ്യവൃത്തിയിൽ പ്രാവീണ്യംനേടി, ആഫ്രിക്കയിലെ കാട്ടുജാതിക്കാരുടെ ഇടയിൽ മതപ്രചരണത്തിന്നുപോകുന്ന പല പാശ്ചാത്യക്കും പ്രസ്തുത ജനങ്ങളുടെ വിശ്വാസം നേടുന്നതാണു് ഏററവും പ്രയാസമുള്ള കാര്യം. അതിന്നുവേണ്ടി അവരിൽ ചിലർ അന്നാട്ടിലെ “മന്ത്രവൈദ്യ”ന്മാരുടെ അടവുകൾപോലും സ്വീകരിക്കാറുള്ളതായി കാണുന്നു. വിദേശികളുടെ നേക്കു് എപ്പോഴും സംശയാലുക്കളായ നാട്ടുകാരെ ചൊല്പടിയിൽ വരുത്തുന്നതിന്നു് ഇമ്മാതിരി വിദ്യകൾ വളരെ പററിയതാണു്. “ചേരതിന്നുന്ന നാട്ടിൽചെന്നാൽനടുത്തുണ്ടം തിന്നണം”എന്ന ചൊല്ല വളരെ അത്ഥവത്താണു്. ഇന്ത്യയിൽ രാഷ്ട്രീയമായ അധികാരത്തിന്റെ ചുമതല വഹിക്കാൻ വന്ന ഇംഗ്ലീഷുകാക്കു് ഏററവും വലിയ തെററുപററിയതു് ഇക്കാര്യത്തിലാണു്. തങ്ങളുടെ സംസ്കാരം നാട്ടുകാരുടേതിൽനിന്നു തികച്ചും ഭിന്നമാണെന്നു കാണിക്കാനുള്ള ഏററവും ചെറിയ സന്ദഭംപോലും അവർ കൈവിട്ടിട്ടില്ല. നേരെമറിച്ചു ക്ലൈവും, കഴ്സനും, രാമായണവും ഭാരതവും ഉരുവിട്ടു കാഷായവസ്ത്രധാരികളായി ജീവിച്ചു കൌശലത്തിൽ തങ്ങളുടെ അധികാരം ഇവിടെ പ്രയോഗിച്ചിരുന്നെങ്കിൽ ബ്രിട്ടീഷുകാക്കു് ഈ രാജ്യത്തുനിന്നു പോകേണ്ടിവരികയില്ലായിരുന്നു എന്നു് എനിക്കു തോന്നുന്നു. അതു പോകട്ടെ.

മേൽപറഞ്ഞതുപോലെയുള്ള അത്ഭുതഗ്രന്ഥങ്ങളെക്കുറിച്ചു പലപ്പോഴും കേട്ടിട്ടുണ്ടെങ്കിലും അന്നു് ആദ്യമായിട്ടാണു് ഒരെണ്ണം എനിക്കു നേരിട്ടു കാണുവാനിടയായതു്. മുമ്പു കേട്ടിട്ടുള്ളവ ഏ

Digitized by Kerala Sahitya Akademi

റിയക്കുറം അച്ചടിക്കാത്ത താളിയോലഗ്രന്ഥങ്ങളാണ്. അവ ഒന്നൊഴിയാതെ ഹൈന്ദവപുരാണങ്ങളാണെന്നുമാണ് കേട്ടിട്ടുള്ളത്. ഈ അത്ഭുതവിദ്യകൾ ഹിന്ദുക്കളുടെ കുത്തകയല്ലെന്നും ക്രിസ്ത്യാനികൾക്കും വശമുണ്ടെന്നും മെക്കാനിക്കിന്റെ പുരാണം തെളിയിക്കുകയുണ്ടായി. ജോർജ്ജ്‌രാജാവിനേയും (ജരജചക്രവർത്തി) ജർമ്മൻ കൈസറേയുംകുറിച്ചുള്ള നിസ്തർക്കമായ വിവരങ്ങൾ അടങ്ങിയിട്ടുള്ള ഒരു മഹാപുരാണത്തെക്കുറിച്ച് ഒരാൾ എന്നോടൊരിക്കൽ പറഞ്ഞതോർക്കുന്നു. അതിന് അയ്യായിരം വർഷത്തെ പഴക്കമുണ്ടെന്നും പറഞ്ഞു. ഇനിയും അധികം താമസിയാതെ ഹിററ്ലറെയും മുസ്സോളിനിയേയുംകുറിച്ചു പ്രതിപാദിക്കുന്ന പുരാണങ്ങളും ഉണ്ടാകും. അവയുടെ പഴക്കവും ആയിരക്കണക്കിൽതന്നെ ആയിരിക്കുകയും ചെയ്യും. ഇങ്ങിനെ ഇന്നത്തെ ചരിത്രം പറയുന്ന പഴയ പുരാണങ്ങളുമുണ്ടെങ്കിലും അധികമെണ്ണവും മററൊരു ജാതിയിൽ പെട്ടതാണ്. അത്ഭുതവിദ്യകളാണ് അവയുടെ ഉള്ളടക്കം. വൈദ്യം, മന്ത്രം, തന്ത്രം, സാധാരണപദാർത്ഥങ്ങളെ സ്വർണ്ണമാക്കുക എന്നിത്യാദി വിഷയങ്ങളെക്കുറിച്ചാണ് അവ പ്രതിപാദിക്കുന്നത്. ഭയം തോന്നിക്കുമാറുള്ള പ്രയോഗങ്ങൾ ധാരാളമുണ്ട്. മരയോന്ത്, പച്ചിലപ്പാമ്പ്, പരുന്തിൻമുട്ട, പെരുമാളട്ട എന്നിവചേർത്തുള്ള മരുന്നുകളുണ്ട്. കറുത്ത വാവുനാൾ പാതിരായ്ക്കു ശ്മശാനഭൂമിയിൽ മൃതദേഹങ്ങളുടെമേൽ ചെയ്യേണ്ട പ്രയോഗങ്ങളുണ്ട്. മരിച്ചവരെ ജീവിപ്പിക്കാനും, ജീവിച്ചിരിക്കുന്നവരെ കൊല്ലിക്കാനും ഉള്ള ഗൂഢവിദ്യകളുമുണ്ട്. ഇതെല്ലാം അക്ഷരംപ്രതി ശരിയാണെന്നു വിശ്വസിക്കുന്നവരുമുണ്ട്. ഗ്രന്ഥങ്ങൾക്കു സ്വതസ്സിദ്ധമായ പവിത്രതയുണ്ടെന്നും, പഴകുന്തോറും ആ പവിത്രത വർദ്ധിക്കുമെന്നും, എഴുത്തിൽ വീണതെല്ലാം തെളിവുവേണ്ടാത്ത ദിവ്യസത്യങ്ങളാണെന്നും ഭൂരിപക്ഷം മനുഷ്യരും വിശ്വസിച്ചുപോരുന്നു. ഈ വിശ്വാസത്തിന്റെ മുതലെടുക്കുവാൻ പണ്ടുമുതലേ പലരും ശ്രമിച്ചിട്ടുണ്ട്. അച്ചടിയന്ത്രത്തിന്റെ സഹായത്താൽ ഇന്നു ലോകംമുഴുവനും വ്യാപിച്ചിട്ടുള്ള പുത്തൻപരിഷ്ക്കാരം എന്നു പറയുന്ന പുസ്തകപരിഷ്ക്കാരത്തിൽ ഇതിനുള്ള സൌകര്യം എന്തെന്നില്ലാതെ വർദ്ധിച്ചിരിക്കയാണ്. അറിവും ആശയവും ജീവിതത്തിന്റെ 'ആദ്യവസാന'ങ്ങളും, എല്ലാം പുസ്തകത്തിലുണ്ടെന്നും, പുസ്തകത്തിലുള്ളവയാണെന്നും ഉള്ള ധാരണ പരക്കെയുണ്ട്. ജീവിതത്തിന്റെ മൂല്യങ്ങൾ ഇങ്ങിനെ പുസ്തകധർമ്മങ്ങളായി മാറുന്നത് അത്യ

Digitized by Kerala Sahitya Akademi

ന്നം അൎത്ഥവത്തായ ഒരു സംഗതിയാകുന്നു. ഞാൻ ആദ്യം പറഞ്ഞ മോട്ടോർമെക്കാനിക്ക് ഒരു പുസ്തകത്തിൽനിന്നു വായിക്കുന്നതിനുപകരം ആ സംഗതികൾ വെറുതെ പറയുകയാണ് ചെയ്തതെങ്കിൽ ഞാനും എന്റെ സ്നേഹിതനും അഞ്ചുമിനിട്ടുപോലും അയാളെ അവിടെ നിൎത്തുകയില്ലായിരുന്നു. അയാൾക്കു ഭ്രാന്താണെന്നു കൂടി ഞങ്ങൾ പറയുമായിരുന്നു. പക്ഷെ മരമരച്ചുണ്ടാക്കിയ കടലാസ്സിൽ, കരികലക്കി നിൎമ്മിച്ച മഷികൊണ്ടെഴുതിയതു വായിച്ചപ്പോൾ അതു ശ്രദ്ധയോടെ കേൾക്കുവാനും അതിനു വില കല്പിക്കുവാനും ഞങ്ങൾ സന്നദ്ധരായി. അടുത്തുനില്ക്കുന്ന ഒരു മനുഷ്യനു വിലയില്ലെന്നും, ഒരു നിൎജ്ജീവവസ്തുവിനു വളരെ വിലയുണ്ടെന്നും ഉള്ള ഒരു സൂചനയെങ്കിലും ഈ മനോഭാവത്തിന്റെ പിന്നിലില്ലേ? ആ പുസ്തകം (എന്തെങ്കിലുമാകട്ടെ) എഴുതിയ മനുഷ്യൻ ആ മെക്കാനിക്കിനേക്കാൾ ശ്രദ്ധാൎഹനാണെന്നു കരുതുവാൻ യാതൊരു തെളിവും അവിടെക്കണ്ടില്ല. ആ ഗ്രന്ഥകാരനും ഒരു ഭ്രാന്തനായിരുന്നിരിക്കാം. ആരറിഞ്ഞു! ഈ സാധ്യതകളൊക്കെ ഉണ്ടായിരുന്നിട്ടും, കണ്ടിട്ടും കേട്ടിട്ടും ഇല്ലാത്ത ആ അജ്ഞാതന്റെ മഷിയിൽമുഴുകിയ വാക്കുകൾക്കാണ് ഞങ്ങൾ വില കല്പിച്ചത്. ഇതോൎക്കുമ്പോൾ എനിക്കു ലജ്ജതോന്നുന്നുണ്ട്. മററുള്ളവർ പറയുന്നതു ശകലം ഉപ്പുകൂടി ചേൎത്തേ വിഴുങ്ങാവൂ എന്ന് ഇംഗ്ലീഷിൽ ഒരു ചൊല്ലുണ്ട്. പുസ്തകത്തിൽ കാണുന്നതു, ശകലമല്ല, ചാക്കുനിറയെ ഉപ്പുചേൎത്തേ സ്വീകരിക്കാവൂ എന്ന പാഠമാണ് ഇന്നത്തെ ലോകത്തിനു നൽകേണ്ടത്. മററൊന്നിനുമല്ലെങ്കിൽ മനുഷ്യനെ മാനിക്കാനെങ്കിലും അത് ഉപകരിക്കും. മഷിക്കും കടലാസ്സിനും മനുഷ്യനേക്കാൾ മാഹാത്മ്യമില്ല. മററുതരത്തിൽ പറഞ്ഞാൽ, മനുഷ്യന്റെ മാഹാത്മ്യംമാത്രമേ മററു വസ്തുക്കൾക്കു, കുറച്ചെങ്കിലും ലഭിക്കുകയുള്ളു.

Digitized by Kerala Sahitya Akademi

## 16

# ഒരു പുതിയ ജീവചരിത്രം

നമ്മുടെ മാതൃഭാഷ വിശ്വസാഹിത്യത്തിന്റെ വിശാലത കണ്ടു മിഴിച്ചുനില്ക്കുന്ന ഒരു കാലമാണിത്. ആദരിക്കേണ്ട കവികളോ വായിക്കേണ്ട പുസ്തകങ്ങളോ ഈനാട്ടിലെങ്ങും ഉണ്ടായിട്ടില്ലെന്നുള്ള ഒരു മനോഭാവം പരക്കെയുണ്ട്. മന്തർലങ്ങും മയാക്കോവ്സ്കിയും മററുമാണ് ഇന്നു നമ്മുടെ സകലശ്രദ്ധയേയും ആകർഷിക്കുന്നത്. ഈ പരിതസ്ഥിതികളിലാണ് ശ്രീമാൻ പി. കെ. പരമേശ്വരൻനായർ ഒരു കേരളീയസാഹിത്യകാരനെപ്പററിയുള്ള തന്റെ ദീർഘമായ ജീവചരിത്രപഠനം [1] പ്രസിദ്ധപ്പെടുത്തിയിരിക്കുന്നത്. പുസ്തകത്തിന്റെ വലിപ്പവും അതിന്റെ രചനക്കുവേണ്ടി ഗ്രന്ഥകാരൻ ചെയ്തിട്ടുള്ള പ്രയത്നവും ആലോചിക്കുമ്പോഴാം അദ്ദേഹത്തിന്റെ ശുഭാപ്തിവിശ്വാസത്തെക്കുറിച്ച് അത്ഭുതപ്പെടാതെ നിവൃത്തിയില്ല. എങ്കിലും ഇതുതന്നെയാണ് ഈ പുതിയ പ്രസിദ്ധീകരണത്തിന്റെ മേന്മക്കുള്ള പ്രധാന കാരണമെന്ന് എനിക്കു തോന്നുന്നു. ഇന്നു നമുക്കു സ്വന്തദ്ദീക്കിദനാട് ഇത്തരത്തിലുള്ള ചില ആകർഷണങ്ങളാം അത്യാവശ്യമായിരിക്കുന്നു. അന്യരിലും അന്യസാഹിത്യങ്ങളിലുംമാത്രം ശ്രദ്ധിച്ചു നാം അത്രത്തോളം നമ്മെത്തന്നെ മറന്നുകഴിഞ്ഞിട്ടുണ്ട്. ഇതിനുള്ള ആദ്യത്തെ മറുമരുന്നായി ഈ ഗ്രന്ഥത്തെ കരുതാവുന്നതാണ്. അതിന്റെ അന്തിമമായ പ്രയോജനം നമ്മുടെ ആത്മാഭിമാനത്തെ പുനർജ്ജീവിപ്പിക്കുക എന്നതാകുന്നു.

പ്രസ്തുതഗ്രന്ഥം പരേതനായ സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള അവർകളുടെ ഒരു ജീവചരിത്രമാണ്. കഥാപുരുഷൻ ഇന്നു മിക്കവാറും നാമാവശേഷമായിരിക്കുന്ന ഒരു പാരമ്പര്യത്തിന്റെ അവസാനത്തെ പ്രതിനിധിയായിരുന്നു. ജ്ഞാനം ശക്തിയാകുന്നു എന്നാണല്ലോ ഇന്നത്തെ മുദ്രാവാക്യം. ഇങ്ങിനെ അറിവിനെ ഒരു ആയുധമായി കരുതിത്തുടങ്ങിയിട്ട് കാലം അധികമായിട്ടില്ല. ജ്ഞാനം സുഖമാണെന്നുള്ള ഒരു വിശ്വാസം കുറച്ചു

---

1 സാഹിത്യപഞ്ചാനനൻ.......ഗ്രന്ഥകർത്താ: പി. കെ. പരമേശ്വരൻ നായർ, ബി. എ. ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം. 1120.

Digitized by Kerala Sahitya Akademi

കാലംമുമ്പുവരെ നിലനിന്നിരുന്നു. അതൊരു ഉപായമോ ഉപക രണമോ ആകുമെന്നുള്ള വിചാരത്തിലല്ല അന്നുള്ളവർ അറിവു സമ്പാദിച്ചത്. അത് അടുത്തപടിയില്ലാത്ത അന്തിമലക്ഷ്യമായി ത്തന്നെ കരുതപ്പെട്ടുപോന്നു. ഈ പാരമ്പര്യത്തെക്കുറിച്ചാണ് മുകളിൽ പറഞ്ഞത്. ജ്ഞാനത്തിൻെറ ഈ ഉപാസകന്മാരെ പാണ്ഡിത്യഭാണ്ഡം ചുമക്കുന്നവരെന്ന് ആധുനികലോകം പരിഹ സിയ്ക്കാറുണ്ട്. അവക്ക് ആ മനോഭാവം മനസ്സിലാക്കുവാൻ കഴി വില്ല എന്നുമാത്രമേ ഇതിന്നർത്ഥമുള്ളു. ഏതായാലും ഇങ്ങിനെ ഒരു പാരമ്പര്യം നമ്മുടെ നാട്ടിൽ നിലനിന്നുപോന്നു എന്നുള്ളതു നിസ്ത ക്കമാണ്. സംസ്കൃതത്തിലും മലയാളത്തിലും അഗാധമായ പാണ്ഡി ത്യം നേടി, അക്കാര്യം അന്യരെ അറിയിയ്ക്കുവാൻ ആഗ്രഹി യ്ക്കാതെ, ഒരു വിവാഹമംഗളശ്ലോകംപോലും എഴുതുവാൻ ശ്രമി യ്ക്കാതെ, സാഹിത്യത്തിൻെറ ഒഴുക്കിൽനിന്നൊക്കെ അകന്നൊഴിഞ്ഞു കൃഷിയും കുടുംബകാര്യവുംനോക്കി ആയുഷ്കാലം കഴിച്ചുകൂട്ടുന്ന ആളു കഠം നമ്മുടെ നാട്ടുമ്പുറത്ത് അപൂർവ്വമല്ലായിരുന്നു. അവരുടെ അറി വെല്ലാം ഉപയോഗമില്ലാതെ തുരുമ്പിച്ചുപോയെന്നേ നാമിന്നു കരു തുകയുള്ളു. പക്ഷെ ഈ അനുമാനം അബദ്ധമാണ്. അവരുടെ സ മ്പാദ്യത്തിൻെറ പരമമായ പ്രയോജനം അനുഭവിച്ചു എന്നുള്ള ചാരിതാർത്ഥ്യം തീർച്ചയായും അവക്കുണ്ടായിരുന്നു. അത് അവരുടെ മനസ്സിനേയും ആത്മാവിനേയും അന്ത്യകാലംവരെ സുഖിപ്പിച്ചു. ഇതിലുപരിയായ എന്തു പ്രയോജനമാണ് സാഹിത്യത്തിൽനിന്നു ലഭിയ്ക്കാനുള്ളത്? കേരളത്തിന്നു സുപരിചിതമായ ഈ കരുവിൽ പ്രകൃതിയാൽ വാർത്തെടുക്കപ്പെട്ട ഒരു വ്യക്തിയായിരുന്നു പി. കെ. അദ്ദേഹം ഭാഷാപരവും സാഹിത്യപരവുമായ പാണ്ഡിത്യം നേടി യത് ഒരു സാഹിത്യകാരനാകാമെന്നുള്ള മോഹംകൊണ്ടല്ല. മററുള്ളവ രുടെ നിരന്തരമായ പ്രേരണ ഇല്ലായിരുന്നുവെങ്കിൽ അദ്ദേഹം ഒരൊററ ലേഖനംപോലും എഴുതുമായിരുന്നുവോ എന്നു ഞാൻ സംശയി യ്ക്കുന്നു. അദ്ദേഹത്തിൻെറ ജന്മവാസനകഠം ആ വഴിയ്ക്കല്ല പ്രവത്തി ച്ചത്. പ്രകൃത്യാ ആസ്വാദനലോലുപമായ ഒരു ഹൃദയമായിരുന്നു അദ്ദേഹത്തിൻേറത്. എൻെറ ഈ പ്രസ്താവന വിചിത്രമായി തോന്നിയേയ്ക്കാം. ഇന്നു സാഹിത്യവാസന എന്നു പറഞ്ഞാൽ എഴുതുവാനുള്ള കഴിവ് എന്നാണ് നാം അർത്ഥമാക്കുന്നത്. ഇതു പക്ഷെ പത്രങ്ങളും മാസികകളും പെരുകിവന്നതിന്നുശേഷംമാത്രം ഉണ്ടായിട്ടുള്ള അർത്ഥകല്പനയാണ്. അതിന്നുമുമ്പുണ്ടായിരുന്ന പാാ

Digitized by Kerala Sahitya Akademi

ന്മര്യങ്ങളെയും പരിതസ്ഥിതികളെയും ആസ്പദമാക്കിവേണം പി. കെ.യുടെ സാഹിത്യവാസനയെ അളക്കുവാൻ. അവയ്ക്കു കീഴ്പ്പെട്ടു കൊണ്ടാണ് അദ്ദേഹത്തിൻെറ ചിത്തസത്വം വളൎച്ച പ്രാപിച്ചത്. പക്ഷെ പില്ക്കാലത്ത് അതിനു പാടെ ഭിന്നമായ ചുററുപാടുകളെ അഭിമുഖീകരിക്കേണ്ടിവന്നു. പിൻമടങ്ങുവാൻ അദ്ദേഹത്തിനു സമ്മതമായില്ല. ഏതു സന്ദൎഭത്തേയും നേരിടുന്നതിനുള്ള വ്യക്തിപ്രഭാവത്താൽ അദ്ദേഹം അനുഗൃഹീതനായിരുന്നു. എങ്കിലും പഴയ ഒരു കരുവിൽ വാൎത്തെടുത്തുപോയ തൻെറ ചിത്തസത്വത്തെ അഴിച്ചു പണിയുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. ഇത് ആക്ഷേപം കഴിയുന്നതുമല്ല. എങ്കിലും ഈ പുതിയ സംവിധാനത്തിൽപ്പോലും അദ്ദേഹം പ്രാപിച്ച നിലയെ പരിഗണിക്കുമ്പോൾ അത്ഭുതപ്പെടാതെ നിവൃത്തിയില്ല. പാണ്ഡിത്യസമ്പാദനത്തിനും സാഹിത്യാസ്വാദനത്തിനുംവേണ്ടി അത്യധികം സമൎത്ഥമാക്കപ്പെട്ട ഒരു മനസ്സാണ് പിൽക്കാലത്തു നിൎമ്മാണപരമായി ഇത്രവളരെ സാധിച്ചത്. ഈ വസ്തുതയുടെ വെളിച്ചത്തിലൂടെമാത്രമേ പി. കെ. നാരായണപിള്ളയെ മനസ്സിലാക്കുവാൻ സാധിക്കുകയുള്ളു. അദ്ദേഹത്തെ ഒരു പാണ്ഡിത്യപ്രകടനക്കാരനായും പൂൎവ്വസാഹിത്യപക്ഷപാതിയായും കരുതുന്നതിൻെറ രഹസ്യവും ഇതുതന്നെയാകുന്നു. വാസ്തവത്തിൽ തനിക്കുണ്ടായിരുന്ന പാണ്ഡിത്യത്തിൻെറ ഒരംശംപോലും അദ്ദേഹം പ്രകടിപ്പിച്ചിട്ടില്ല. അതു പ്രകടിപ്പിക്കുവാൻവേണ്ടി കരുതിവെച്ചതുമല്ല. പക്ഷെ സാഹിത്യകാരൻ തൻെറ മനസ്സിൻെറ മണിവേദിയിൽനിന്നു പത്രപംക്തികളിലേക്കും പ്രസംഗമണ്ഡപങ്ങളിലേക്കും ഇറങ്ങണമെന്നുവന്നപ്പോൾ അദ്ദേഹത്തിനു താൻ അന്നുവരെ പഠിച്ചതും പരിചയിച്ചതുമെല്ലാം വിസ്മരിക്കുവാൻ കഴിഞ്ഞില്ല. കഥകളിക്കാരൻ കാര്യം പറയുമ്പോഴും കൈക്കുംകലാശവും കാണിച്ചുപോകും. അതൊക്കെ മനപ്പൂൎവ്വമെന്നു പറയാനില്ല.

പരപ്രേരണയാൽമാത്രമാണ് പി. കെ. പുതിയ അടവുകൾക്കു തുനിഞ്ഞതെന്നു പറഞ്ഞുവല്ലോ. ഇതിൻെറ ഫലമായി ഭാഷാസാഹിത്യത്തിനു വിലയേറിയ നേട്ടങ്ങൾ പലതുമുണ്ടായിട്ടുണ്ടെങ്കിലും, ഈ വഴിക്കുണ്ടായ അദ്ദേഹത്തിൻെറ താല്പൎയ്യം ഏറെക്കുറെ ഉപരിപ്ലവമായിരുന്നു എന്നാണ് എനിക്കു തോന്നുന്നത്. ഉൾക്കാമ്പു പഴയ കളരിയിൽത്തന്നെ പെരുമാറി ആരുമറിയാത്ത അതിൻെറ ഏററവും വലിയ ചാരിതാൎത്ഥ്യങ്ങൾ നേടിക്കൊണ്ടിരുന്നു. ശ്രീ

Digitized by Kerala Sahitya Akademi

മാൻ പരമേശ്വരൻനായരുടെ രസകരമായ പുസ്തകം എന്റെ മനസ്സിൽ അവശേഷിപ്പിച്ച ചിത്രം ഒരു നിരൂപകകേസരിയുടേതോ അഭിഭാഷകപ്രമാണിയുടേതോ ഹൈക്കോടതി ജഡ്ജിയുടേതോ അല്ല; പല ജോലികളാൽ പകലെങ്ങും നേരംകിട്ടാതെ പാതിരാത്രിക്കു തനിയേയിരുന്നു പാണിനീയസൂത്രങ്ങൾ ഉരുവിട്ടു സുഖിക്കുന്ന ഒരു പഴയ കേരളീയപണ്ഡിതന്റേതാണ്. അതേ, അതുതന്നെയാണ് പി. കെ. നാരായണപിള്ളയുടെ യഥാർത്ഥമായ രൂപം. ബാക്കിയെല്ലാം ഓരോരോ പ്രേരണകാരണംമൂലം ഉണ്ടായിട്ടുള്ള വെച്ചുകെട്ടുകളാണ്—വേഷങ്ങളാണ്. പക്ഷെ സകലതും അദ്ദേഹം സമർത്ഥമായി ആടുകതന്നെ ചെയ്തു. കഷ്ടപ്പാടിൽനിന്നു രക്ഷ നേടുവാൻ പശ്ചാത്യവിദ്യാഭ്യാസം സമ്പാദിച്ചു; അദ്ധ്യാപകനായി. ഗുണമില്ലെന്നു കണ്ടു രാജിവെച്ചു. വക്കീലായി; പണമുണ്ടാക്കി. സമുദായനന്മയെ ലാക്കാക്കി പൊതുക്കാര്യങ്ങളിൽ പ്രവേശിച്ചു; അവിടെയും ശോഭിച്ചു. സാഹിത്യകൗതുകത്തിന്റെ നൂതനസംവിധാനത്തെ മുൻനിർത്തി എഴുത്തുകാരനായി. അതിലും പേരെടുത്തു. അസാധാരണമായ വ്യക്തിപ്രഭാവത്തെയാണ് ഇതു കാണിക്കുന്നത്. അതിന്റെ തീക്ഷ്ണതയാണ് ഏതു ചുററുപാടിലും അദ്ദേഹത്തെ വിജയശ്രീലാളിതനാക്കിയത്. അമ്പലപ്പുഴെ പുഞ്ചകൃഷിക്കു പോയെങ്കിൽ അവിടെയും അദ്ദേഹത്തിനു തത്തുല്യമായ വിജയം കൈവരുമായിരുന്നു. പക്ഷെ ഈ പരിവർത്തനങ്ങൾക്കെല്ലാം അടിയിലായി, ഇതൊന്നുകൊണ്ടും ഉലയാതെ, 'സൂത്ര'ശാലിയായ ആ പഴയ പണ്ഡിതൻ ജീവിച്ചുപോന്നു. പി. കെ.യുടെ ഏററവും വലുതായ, ഏററവും ആഭ്യന്തരമായ സുഖം അതായിരുന്നു. ഇങ്ങിനെ ഇലയും പൂവും വിട്ടുതിരുതിനോടൊപ്പം കാമ്പും കഴമ്പും പുഷ്ടപ്പെടുത്തി കേരളത്തിലെ മണ്ണിൽ വളന്ന ഒരു ജീവിതത്തിന്റെ പദാനുപദമുള്ള ചിത്രപരമ്പരയാണ് ഈ ഗ്രന്ഥത്തിൽ നാം കാണുന്നത്.

നമ്മുടെ ഇന്നത്തെ തോതുവെച്ചു നോക്കുമ്പോൾ പി. കെ.യുടെ പാണ്ഡിത്യം ഏറെക്കുറെ നിഷ്ഫലമായിരുന്നു എന്നു തോന്നിയേക്കാം. അദ്ദേഹം അതു സ്വന്തം സുഖത്തിനാണ് മുഖ്യമായി ഉപയോഗിച്ചതെന്നു പറഞ്ഞുവല്ലോ. പക്ഷെ ഇതുകൊണ്ട് അതു നിഷ്പ്രയോജനമായിരുന്നു എന്നു പറഞ്ഞുകൂടാ. മനുഷ്യന്റെ ചേതന ഇരുമ്പുകൂട്ടുകളിൽ കുടുങ്ങിക്കിടക്കുന്നതല്ല. അതിന്റെ വൈഭവങ്ങൾ സവ്വതോമുഖമായി പ്രസരിക്കുന്നു. അതിന്ന് ഒരു വഴിക്കു

Digitized by Kerala Sahitya Akademi

കിട്ടുന്ന ചാരിതാർത്ഥ്യങ്ങളും അവിടെത്തന്നെ നിലച്ചുപോകുന്നില്ല. അവ ജീവിതത്തെ ആകമാനം ധന്യമാക്കുന്നു. പല കാര്യങ്ങളിലും കടന്നുപിടിച്ച് ഒന്നും നേരെയാക്കാതെ കുഴയുന്നതിനെക്കാളും, ഏതെങ്കിലും ഒരു കാര്യമെങ്കിലും നല്ലവണ്ണം ചെയ്യണമെന്നു പറയുന്നതിൻെറ രഹസ്യം ഇതാണ്. ആ വഴിക്കുണ്ടാകുന്ന വൈഭവങ്ങളും അതിലൂടെ കൈവരുന്ന ചാരിതാർത്ഥ്യങ്ങളും ജീവിതത്തിൻെറ ഇതര ഭാഗങ്ങളെയും ബാധിക്കാതിരിക്കയില്ല. ഈ വിധത്തിലാണ് പി. കെ.യുടെ പാണ്ഡിത്യംകൊണ്ടുണ്ടായിട്ടുള്ള പ്രയോജനങ്ങളെ നാം നിർണ്ണയിക്കേണ്ടത്. അദ്ദേഹത്തിൻെറ ജീവിതവിജയവും, അദ്ദേഹം മൂലം സമുദായത്തിനും സാഹിത്യത്തിനും ഉണ്ടായിട്ടുള്ള നേട്ടങ്ങളും എല്ലാം അതിൻെറ ഫലങ്ങൾതന്നെയാണ്.

സാഹിത്യവിദ്യയിൽ പ്രാവീണ്യംനേടുവാൻ, കഴിഞ്ഞ തലമുറവരെ ഓരോരുത്തരും സഹിച്ചിട്ടുള്ള ബുദ്ധിമുട്ടുകൾ എത്രയെന്നും ഈ ഗ്രന്ഥം നമുക്കു കാണിച്ചുതരുന്നുണ്ട്. ആധുനികാലത്തു സാഹിത്യം ആക്കും കയറാവുന്ന ഒരു അരങ്ങായിത്തീർന്നിട്ടുണ്ടെന്നു പറയാതെ തരമില്ല. ഇതരകലകളിലെല്ലാം ഒരു പ്രവേശനം കിട്ടുന്നതിനുതന്നെ ദീർഘമായ ശിക്ഷണം ആവശ്യമാണ്. ചായങ്ങളുടെയും, ചിത്രതലങ്ങളുടെയും, വരകളുടെയും രൂപങ്ങളുടെയും സ്വഭാവങ്ങളും ധർമ്മങ്ങളും നിപാതഭാവങ്ങളും പരഭാഗശോഭകളും എല്ലാം മനസ്സിരുത്തി, ബുദ്ധിമുട്ടി പഠിച്ചതിനുശേഷമേ കലാകാരനാവാൻ സാധിക്കയുള്ളു. സാഹിത്യത്തിൽമാത്രം ഇങ്ങിനെയുള്ള പരിശീലനങ്ങളും അഭ്യാസങ്ങളും ആവശ്യമില്ലെന്നാണ് വന്നിരിക്കുന്നത്. ഇതു സാഹിത്യകലയുടെ സ്വാതന്ത്ര്യത്തെയാണ് കാണിക്കുന്നതെന്നു വാദിച്ചേക്കാം. എനിക്ക് അങ്ങിനെയല്ല തോന്നുന്നത്. സാഹിത്യത്തിനു നേരിടാനിടയുള്ള ഏററവും വലിയ ആപത്തിനെയാണ് അതു കാണിക്കുന്നത്. ഈ വീക്ഷണകോടിയിൽനിന്നു നോക്കുമ്പോൾ ശ്രീമാൻ പരമേശ്വരൻനായർ ഗദ്യശൈലിയെപ്പററി വിസ്തരിച്ചെഴുതിയിട്ടുള്ള അദ്ധ്യായങ്ങൾ വിലയേറിയവയാണെന്നു കാണാം. ഞാൻ അദ്ദേഹത്തെ ഹൃദയപൂർവ്വം അനുമോദിച്ചുകൊള്ളുന്നു.

Digitized by Kerala Sahitya Akademi

## 17

# അലിവും കരുണയും

സ്റ്റിഫാൻ സൈ്വഗ് എന്ന ആസ്ത്രിയൻ ഗ്രന്ഥകാരന്റെ "ബിവെയർ ഓഫ് പിററി" എന്ന കൃതി എന്നെ വളരെ ആകർഷിക്കുകയുണ്ടായി. ഈ ഗ്രന്ഥം ഒരു ആഖ്യായികയാണെന്നു പറയപ്പെടുന്നെങ്കിലും അതു വാസ്തവത്തിൽ കരുണ എന്ന വികാരത്തെക്കുറിച്ച് അപഗ്രഥനരൂപേണയുള്ള ദീർഘവും രസകരവുമായ ഒരു ഉപന്യാസമാണെന്നു വിചാരിക്കാവുന്നതാണ്. കരുണ രണ്ടു തരത്തിലുണ്ടെന്നു ഗ്രന്ഥകാരൻ പറയുന്നു. ഒന്നു ക്ഷണികവും ഉപരിപ്ലവവുമാണ്. അതിന്റെ ആഗമനവും അന്തർദ്ധാനവും പെട്ടെന്നു കഴിയും. അന്യന്റെ ദുഃഖം കാണുമ്പോഴുണ്ടാകുന്ന ഒരു അലിവാണത്. ഇങ്ങനെ അനുഭാവരൂപേണ പ്രത്യക്ഷപ്പെടുന്നെങ്കിലും അതു വാസ്തവത്തിൽ പരദുഃഖത്തിൽനിന്നു രക്ഷപ്പെടാനുള്ള ഒരുദ്യമമാകുന്നു. അതിന്റെ ആക്രമണത്തിൽനിന്നു നമ്മുടെ ആത്മാവിനെ രക്ഷിക്കുവാനുള്ള സ്വാർത്ഥമാത്രമായ ഒരു പ്രതിരോധവിദ്യയാണത്. യാചകവർഗ്ഗം നമ്മുടെ ഈ പ്രതികരണത്തെ ആശ്രയിച്ചു മുതലെടുക്കുന്നു. കൺകോണ് നനച്ചു, കഷ്ടം! എന്നു നെടുവീർപ്പിട്ട് ഒരു കാശും കൊടുക്കുന്നതോടെ അത് അപ്രത്യക്ഷമാകുന്നു. ആ ദുഃഖംതന്നെ നമുക്കും ഉണ്ടായേക്കാം എന്നുള്ള ഒരു ഭീതിയിൽനിന്നാണ് അതുദിക്കുന്നത്. അത് ആത്മീയമായ ദൌർബ്ബല്യത്തിന്റെ ലക്ഷണമാണ്. ഇത്തരം കരുണ നിഷ്ഫലവും ആപൽക്കരവുമാകുന്നു. അതു യാതൊന്നും നൽകുന്നില്ല, യാതൊന്നും നേടുന്നില്ല. പക്ഷെ കരുണയ്ക്കു മറെറാരു ഭാവമുണ്ട്. അതു സൃഷ്ടിപരമാണ്. അതിനെമാത്രമേ കാര്യമായി ഗണിക്കേണ്ടതുള്ളു. അതു സ്ഥായിയായി നിൽക്കുന്നതും മനുഷ്യന്റെ മാററുരച്ചുകാണിക്കുന്നതും ആകുന്നു. ഡച്ചുകാരുടെ യുദ്ധതന്ത്രംപോലെ, കണ്ണുനീരിന്റെ അണക്കെട്ടു മുറിച്ചുവിട്ടു ശത്രുവിൽനിന്നു പിൻവലിയുവാനല്ല അതു പ്രേരിപ്പിക്കുന്നത്. അത് ആ ശത്രുവിന്റെനേക്കു—പരദുഃഖത്തിലേക്കു—ധൈര്യത്തോടെ കടന്നുചെല്ലുന്നു. അതിൽ മുഴുകിനിന്നുകൊണ്ട് അതിന് ഉപശാന്തി നൽകുവാൻ ഉദ്യമിക്കുന്നു. പരദുഃഖത്തെ പങ്കിട്ടെടുത്താണ് അതു വിജയിക്കുന്നത്.

Digitized by Kerala Sahitya Akademi

കരുണയുടെ ഈ രണ്ടു ഭാവങ്ങളെയും ഉദാഹരിക്കുന്ന സംഭവങ്ങൾ പ്രസ്തുതഗ്രന്ഥത്തിലുണ്ട്. രോഗംകൊണ്ടു കാലുകൾ സ്തംഭിച്ചുപോയ ഒരു കുബേരകന്യകയിൽ അലിവു തോന്നിയ ഒരു യുവാവ് (ഒരു സൈനികോദ്യോഗസ്ഥൻ) ഈ അലിവിന്റെ ഒഴുക്കിൽ അനായാസേന മുന്നോട്ടുപോകുന്നതും, ഒടുവിൽ അവൾ വെറും അലിവല്ല ആജീവനാന്തമുള്ള അനുരാഗമാണ് ആശിച്ചതെന്നു മനസ്സിലാകുമ്പോൾ മനക്കരുത്തു നശിച്ചു പരക്കംപായുന്നതും യുദ്ധത്തിനുപോയി അത്യുന്നതമായ കീർത്തി നേടുന്നതും, കന്യക മനംവെന്ത് ആത്മഹത്യ ചെയ്യുന്നതുമാണ് ഒരു ഉദാഹരണം. മററത് ഒരു ഡോക്ടരുടെ കഥയാണ്. അയാൾ അന്ധയായ ഒരു സ്ത്രീയെ ചികിത്സിക്കുവാൻ ശ്രമിക്കുന്നു. രോഗം ഭേദമാവുകയില്ലെന്നു കാണുമ്പോൾ അവളെ വിവാഹംചെയ്ത്, അവളുടെ ദുഃഖത്തിൽ പങ്കുകൊണ്ട് ആയുശ്ശേഷം നയിക്കുന്നു. ഈ രണ്ടുദാഹരണങ്ങൾക്കും ഇടയിലൂടെയാണ് കഥയുടെ പോക്ക്. മനുഷ്യജീവിതത്തിന്റെ പരാൽപരമായ ലക്ഷ്യത്തെയും പ്രയോജനത്തേയും സ്പർശിക്കുന്ന പ്രശ്നങ്ങളാണ് ഗ്രന്ഥകാരൻ ഈ ഉദാഹരണങ്ങളിലൂടെ ഉന്നയിക്കുന്നത്.

യുക്തിപരമായി, വ്യക്തികളുടെ ഭൗതികസുഖത്തെ ആസ്പദമാക്കിനോക്കുമ്പോൾ കഥയിലെ ഡോക്ടർ ഒരു മൂഢനാണെന്നു തോന്നിയേക്കാം. അനന്യസുലഭമായ കീർത്തിനേടിയ കഥാനായകന്റെ ജീവിതം വിജയത്തിൽ കലാശിച്ചു എന്നും കരുതപ്പെട്ടേക്കാം. സകലതിനേയും യുക്തിയിലൂടെമാത്രം മനസ്സിലാക്കുവാൻ ശ്രമിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. അതിന്റെ ചട്ടക്കൂട്ടിൽ ഒതുങ്ങുന്ന വസ്തുതകളെമാത്രമേ ഇന്നു നാം വിശ്വസിക്കുന്നുള്ളു. അവ മാത്രമേ നമ്മുടെ അന്വേഷണബുദ്ധിയെ തൃപ്തിപ്പെടുത്തുന്നുള്ളു. ഇതുകൊണ്ടു ലോകത്തിനു വളരെ മേന്മകൾ ഉണ്ടായിട്ടുണ്ടെന്നുള്ളതു വാസ്തവംതന്നെ. എങ്കിലും ഇതു തീരെ ഭാഗികമായ ഒരു പ്രപഞ്ചവീക്ഷണമാണെന്നു പറയാതെ തരമില്ല. മനുഷ്യജീവിതം അനുഭവങ്ങളുടെ ഒരു മഹാവ്യൂഹമാണ്. യുക്തി ഇതിൽ ഒരു പങ്ക്തിമാത്രമെ ആകുന്നുള്ളു. അതിനു വശഗമാകാത്ത യാതൊന്നും ഇല്ലെന്നോ ശരിയല്ലെന്നോ തീർത്തുപറയുന്നത് അബദ്ധമാകുന്നു. പ്രപഞ്ചത്തിന്റെ കേന്ദ്രത്തിലേയ്ക്ക് അയുക്തിക

Digitized by Kerala Sahitya Akademi

മായ അഭിഗമനമാർഗ്ഗങ്ങളും അനേകമുണ്ട്. കാമുകൻെറയും കലാകാരൻെറയും കഥ നോക്കുക. അവരും ഒരു അന്വേഷണതൃഷ്ണയുടെ വാഹനങ്ങളാണ്. പക്ഷെ അവർ യുക്തിയെ ആശ്രയിച്ചല്ല, അതിൻെറ മാർഗ്ഗത്തിലൂടെയല്ല, മുന്നോട്ട് പോകുന്നത്. യുക്തിയിൽനിന്നു ഭിന്നമായ ഈ അഭിഗമനമാർഗ്ഗങ്ങൾ സാധാരണ ജീവിതത്തിൽതന്നെ നമുക്ക് ഏറെക്കുറെ പരിചയമുള്ളവയാണ്. സാധാരണ മനുഷ്യർക്ക് തീരെ അപരിചിതങ്ങളായ മാർഗ്ഗങ്ങളും ഇല്ലാതില്ല. മന്ത്രവും തന്ത്രവും യോഗവിദ്യയും ഇങ്ങനെയുള്ളവയാണെന്ന് എനിക്കു തോന്നുന്നു. അപരിചിതമെന്നുള്ളതുകൊണ്ടുമാത്രം അവയുടെ അസ്തിത്വവും പരമാർത്ഥതയും നിഷേധിക്കാവുന്നതല്ല. കലാകാരൻെറ പ്രവണതയും പ്രയോഗരീതികളും നമുക്കു വല്ലപ്പോഴുമെങ്കിലും അനുഭവവേദ്യമായി തീരാറുണ്ട്. പക്ഷെ ഒരു താന്ത്രികൻെറ അടിസ്ഥാനതത്വമെന്തെന്ന് ഊഹിക്കുവാൻപോലും നമുക്കു കഴിയുന്നില്ല. അയാളുടെ അഭിഗമനമാർഗ്ഗം യുക്തിയുടെ അലാതചക്രത്തിനു വെളിയിലാണ് കിടക്കുന്നത്. സാധാരണ ജീവിതത്തിൽ ഒരു നിഴലുപോലും വീശാത്ത ഏതോ ഉപാധിയാണ് അതിൻെറ അവലംബം. ജറാൾഡ് ഹേർഡ് എന്ന ഗ്രന്ഥകാരൻ പ്രാചീനസംസ്കാരങ്ങളുടെ അവശിഷ്ടങ്ങളുടെ കൂട്ടത്തിൽ യുദ്ധത്തിനുവേണ്ട ആയുധങ്ങളുടെ അഭാവം അർത്ഥവത്താണെന്നു പറയുന്നു. ഇതു യുദ്ധംചെയ്യേണ്ട പരിതസ്ഥിതികൾ അന്നെങ്ങും ഇല്ലാഞ്ഞിട്ടല്ലെന്നും, ഇന്നത്തെ നമുക്ക് ഊഹിക്കുവാൻപോലും കഴിയാത്ത ഏതോ ഗൂഢവിദ്യകൾ അവർക്ക് വശമായിരുന്നതുകൊണ്ടാണെന്നും അദ്ദേഹം അനുമാനിക്കുന്നു. ഇത്തരം നിരവധി സൂചനകൾ ഉണ്ടായിട്ടും ആധുനികമനുഷ്യൻ രാമരാജാബഹദൂറിലെ കൊടന്തയാശാനെപ്പോലെ "പോകൂ ചങ്ങാതി, മന്ത്രംകൊണ്ടുണ്ടോ മാങ്ങാ വീഴാറ്" എന്നമട്ടിൽ യുക്തിയെമാത്രം അന്ധമായി വിശ്വസിക്കുകയാണ് ചെയ്യുന്നത്. അതുപോകട്ടെ.

ഇങ്ങനെ യുക്തിക്ക് അതീതമായി അനേകം വീക്ഷണകോടികളുള്ളതിൽ പ്രത്യേകമൊന്നിനെ ആശ്രയിച്ചുനോക്കിയാൽമാത്രമേ രണ്ടാമതു പറഞ്ഞ, സൃഷ്ടിപരമായ, കരുണയുടെ മേന്മയും മഹത്വവും അനുഭവവേദ്യമാവുകയുള്ളു. സൈഗിൻെറ കഥയിലെ ഡോക്ടറുടെ വിജയത്തിനുള്ള തെളിവ് ഈ വഴിക്കാണ് നാം അ

Digitized by Kerala Sahitya Akademi

ന്വേഷിക്കേണ്ടത്. കീർത്തിമുദ്ര ലഭിച്ച കഥാനായകന്റെ ജീവിതം അധമമായ പരാജയത്തിൽ കലാശിക്കുന്നതും അവിടെയാകുന്നു. യുക്തിയുടെ ദൃഷ്ടിക്ക് അഗോചരമായിക്കിടക്കുന്ന ഈ അത്ഭുതരംഗത്തിലാണ് ഈ ലോകത്തിന്റെ, അലിവുകൊണ്ടു മാററിയാൽ മാറാത്ത, മഹാദുഃഖങ്ങൾക്കുള്ള സിദ്ധൌഷധങ്ങൾ വിളയുന്നത്. ബുദ്ധനും ക്രിസ്തുവും ഗാന്ധിയും ഓഷധീശബിംബങ്ങളായി ഉയർന്നുനിന്ന് അമൃതരശ്മി ചൊരിയുന്നതും അവിടെയാകുന്നു.

Digitized by Kerala Sahitya Akademi

## 18

# സംസ്കാരത്തിന്റെ ഇരുണ്ട വശം

കൊളുംബസ്സിന്റെയും വാസ്കോഡിഗാമയുടെയും സുപ്രസിദ്ധമായ പര്യടനങ്ങൾ യൂറോപ്പിന്റെമാത്രമല്ല അന്യരാജ്യങ്ങളുടെയും ചരിത്രത്തിൽ ഒരു പരിവർത്തനദശയെ കുറിക്കുന്നു. ലോകത്തിന്റെ ഇതരഭാഗങ്ങളോടു യൂറോപ്പിന് അന്നു തുടങ്ങിയ ആ പ്രതിപത്തി വളർന്നു വളർന്നു പത്തൊൻപതാം നൂററാണ്ടിന്റെ ഉത്തരാർദ്ധത്തിൽ അതിന്റെ പരമകാഷ്ഠയെ പ്രാപിച്ചു. പാശ്ചാത്യസംസ്കാരത്തിന്റെ ശുക്രദശയും അതായിരുന്നു. ശോഭനമായ ഈ സംസ്കാരത്തെ ഭൂതലത്തിൽ ആകമാനം പ്രചരിപ്പിക്കേണ്ടതു തങ്ങളുടെ കടമയാണെന്നു യൂറോപ്യൻരാഷ്ട്രങ്ങൾക്കു ബോദ്ധ്യമായി. സയൻസും സാഹിത്യവും മതവും രാഷ്ട്രമീമാംസകളുംകൊണ്ടു ലോകത്തിന്റെ ഇരുളടഞ്ഞ ഭാഗങ്ങളെ പ്രകാശമാനമാക്കുവാൻ ഓരോ രാഷ്ട്രവും അക്ഷമയോടടുക്കുന്ന സന്നദ്ധത കാണിച്ചു. പൊതുവെ നോക്കിയാൽ ഈ ഉദ്യമം ഒരു മഹാവിജയത്തിൽ കലാശിച്ചു എന്നതിൽ തർക്കമില്ല. പരിഷ്കൃതമെന്നു നാമെല്ലാവരും അഭിമാനിക്കുന്ന ആധുനികലോകം അതിന്റെ സന്താനമാകുന്നു. പക്ഷെ ഈ പരിഷ്കാരത്തിന് ഒരു ഇരുണ്ട വശമുണ്ടെന്നും, അതിന്റെ പ്രചാരം അന്യരാജ്യക്കാർക്ക് അമിശ്രമായ ഒരനുഗ്രഹമായിരുന്നില്ലെന്നും ഉള്ള പരമാർത്ഥം വിസ്മരിച്ചുകൂടാ. അവ മിക്കപ്പോഴും നിഷ്ഠുരമായ സാമ്രാജ്യപ്രഭുത്വത്തിന്റെയും നീചനീചമായ സാമ്പത്തികചൂഷണത്തിന്റെയും ഉപായങ്ങളും യവനികകളും ആയിരുന്നു എന്നു പില്ക്കാലത്തു തെളിഞ്ഞിട്ടുണ്ട്. യൂറോപ്പിനുണ്ടായ അഭൂതപൂർവ്വമായ ഐശ്വര്യം അവരുടെ സംസ്കാരത്തിന് ആഭ്യന്തരമായുള്ള ഏതോ വൈശിഷ്ട്യംമൂലം വന്നുകൂടിയതല്ല. അന്യരാജ്യങ്ങളുടെ വിയർപ്പും കണ്ണുനീരും ജീവരക്തവുമാണ് അതിന്റെ ആസ്പദങ്ങൾ. ഒന്നു തഴയ്ക്കുവാൻ മറെറാന്നു ചീയണമെന്ന തത്വം മനുഷ്യരുടെ ഇടയ്ക്കെന്നപോലെ രാഷ്ട്രങ്ങളുടെ ഇടയ്ക്കും പരമാർത്ഥമാകുന്നു. യൂറോപ്യൻസമാധാനത്തെ അപകടപ്പെടുത്തിയതും ഇതല്ലാതെ മറെറാന്നുമല്ല. ഇങ്ങിനെ അനീതിയാലും അത്യാഗ്രഹത്താലും പ്രേരിതമെന്നു നിസ്തർക്കം തെളിഞ്ഞിട്ടുള്ളതും അത്യന്തദാരുണവുമായ ഒരു പരിഷ്കാരണോദ്യമമാണ് ഈ ലേഖനത്തിന്റെ വിഷയം.

Digitized by Kerala Sahitya Akademi

രണ്ടാം ലോകമഹായുദ്ധകാലത്തു ജർമ്മനിയുടെ തടവുകാരനായിരുന്ന ബൽജിയൻരാജാവിന്റെ പിതാമഹൻ കഴിഞ്ഞ നൂററാണ്ടിന്റെ ഒടുവിൽ ദിഗന്തവിശ്രാന്തമായ കീർത്തിയെ ആർജ്ജിച്ച ഒരു മഹാനായിരുന്നു. ഒരു വലിയ മതഭക്തനൊന്നും, പരിഷ്കാരോന്മുഖമായ ഭരണത്തിനും ദീനാനുകമ്പയ്ക്കും മാതൃകയെന്നും സമസ്ത ലോകവും അദ്ദേഹത്തെ വാഴ്ത്തുകയുണ്ടായി. ഇരുണ്ട ഭൂഖണ്ഡമെന്ന് അറിയപ്പെടുന്ന ആഫ്രിക്കയിലാണ് അദ്ദേഹത്തിന്റെ സവിശേഷമായ ശ്രദ്ധ പതിഞ്ഞത്. പരിഷ്കാരത്തിന്റെ കനകകാന്തിയിൽനിന്നു ബഹുദൂരം അകന്ന് അന്ധതാമിസ്രങ്ങളാൽ ആവൃതമായി കിടന്ന അവിടുത്തെ മനുഷ്യരാശിയെ ഉദ്ധരിക്കേണ്ടതു തന്റെ കർത്തവ്യമാണെന്ന് അദ്ദേഹം കരുതി. 1884 മുതൽ 1912 വരെ അനുസ്യൂതമായിനടന്ന രാഷ്ട്രീയകൌടില്യങ്ങളുടെ ഫലമായി വിശാലമായ ഈ ഭൂഖണ്ഡംമുഴുവനും യൂറോപ്യൻശക്തികൾ പങ്കിട്ടെടുത്തു. ഈ രക്ഷാധികാരം അവർ സ്വയം ഏറെറടുത്തു എന്നല്ലാതെ ആ രാജ്യത്തെ അധിവസിച്ചിരുന്ന ജനങ്ങളുടെ അപേക്ഷയോ അനുവാദമോ ആക്കം ആവശ്യമായി തോന്നിയില്ല. പാവങ്ങളുടെ ഉദ്ധാരണത്തിനുള്ള ആഹ്വാനം ഉള്ളിൽനിന്നുതന്നെ ഉണ്ടാകേണ്ടതാണല്ലോ. കോംഗോ എന്ന മഹാനദിയുടെ തീരങ്ങളിലുള്ളതും ഏററവും കിരാതാവസ്ഥയിൽ കിടന്നതുമായ പ്രദേശത്തെയാണ് ബെൽജിയൻരാജാവായ ലിയോപ്പാൾഡ് തന്റെ സംരക്ഷണത്തിലെടുത്തത്. ഘോരകാനനങ്ങളാൽ മൂടപ്പെട്ട ഈ പ്രദേശത്തിനു റഷ്യ ഒഴികെയുള്ള യൂറോപ്പിനോളം വിസ്തീർണ്ണമുണ്ട്. ലോകപ്രസിദ്ധനായ ഡേവിഡ് ലിവിങ്സ്റ്റണും, അദ്ദേഹത്തിന്റെ പിൻഗാമിയും ലിയോപ്പാൾഡിന്റെ ഉദാരസംഭാവനകളാൽ സമ്മാനിതനും ആയ സ്റ്റാൻലിയും ആണ് ഈ രാജ്യത്തെക്കുറിച്ചുള്ള വിവരങ്ങൾ ആദ്യമായി ശേഖരിച്ചത്. നഗ്നരും നരഭുക്കുകളും ആയ നീഗ്രോജാതിക്കാർ നിവസിച്ചിരുന്ന ഈ കാട്ടുപ്രദേശത്തു മലമ്പനി പോലുള്ള ഒരു സാംക്രമികരോഗം നടമാടിയിരുന്നു. ഈ രോഗത്തെക്കുറിച്ചു ഗവേഷണം നടത്തുവാൻ ബൽജിയൻരാജാവു പന്തീരായിരം പവൻ നീക്കിവെച്ചു. തന്റെ ദീനാനുകമ്പയുടെ ഒരു എളിയ ലക്ഷ്യമായും, ഈശ്വരന്റെ നീതിപീഠത്തിനു മുൻപിൽ തനിക്കു ലഭിക്കുന്ന സ്വാഗതം കാരുണ്യപൂർണ്ണമാക്കുന്നതിനുവേണ്ടിയുള്ള സൽക്കർമ്മമായും ആണ് താൻ ഈ സംഭാവനയെപ്പററി വിചാരിക്കുന്നതെന്ന് അദ്ദേഹം അന്നു പ്രസ്താവിക്കയുണ്ടായി. നിർഭാഗ്യരായ നീഗ്രോ

Digitized by Kerala Sahitya Akademi

കളുടെ കദനത്തിൽ ആർദ്രചിത്തനായ ലിയോപ്പോൾഡിനെ ഒരു രണ്ടാം ബുദ്ധദേവനായി ലോകം വാഴ്ത്തി. അദ്ദേഹം അടിമവ്യാപാരികളായ അറബികളെ കോംഗോദേശത്തുനിന്നു ബഹിഷ്കരിച്ചു. അവിടെ വ്യവസ്ഥാപിതവും പരിഷ്കൃതവും ആയ ഭരണം ഏർപ്പെടുത്തി.

ഇതിനുശേഷമുള്ള ചരിത്രം ലോകം അറിയാതിരുന്നെങ്കിൽ തന്റെ കീർത്തിക്കു ഹാനിതട്ടാതെയും, യൂറോപ്പിന്റെ പരിഷ്കരണോദ്യമങ്ങളുടെ ഉദ്ദേശശുദ്ധിയിൽ സംശയം ജനിപ്പിക്കാതെയും ലിയോപ്പോൾഡിനു കാലഗതിപ്രാപിക്കാമായിരുന്നു. പക്ഷേ അദ്ദേഹം വളരെ ശ്രമിച്ചിട്ടും അതു സാധിച്ചില്ല.

കോംഗോരാജ്യത്തെ ആദായം വനവിഭവങ്ങളിൽനിന്നായിരുന്നു. റബ്ബറും ആനക്കൊമ്പുമാണ് ഇവയിൽ പ്രാധാന്യമർഹിച്ചത്. ഇതു മുഴുവൻ ഗവമ്മെണ്ടിന്റെ—അതായതു തന്റെ—വകയാണെന്നു ലിയോപ്പോൾഡ് വിധിച്ചു. നീഗ്രോകൾക്ക് ഇതു ശേഖരിക്കാനല്ലാതെ വില്ക്കുവാൻ അധികാരമില്ലായിരുന്നു. അവരുടെ ജോലി അതു കാട്ടിൽനിന്നു ശേഖരിച്ചു ഗവമ്മെണ്ടിനെ ഏല്പിക്കുക മാത്രമായിരുന്നു. ആകെയുള്ള വിസ്തീർണ്ണത്തിൽ പകുതിയോളം ലിയോപ്പോൾഡിന്റെ സ്വകാര്യസ്വത്തായി വേർതിരിക്കപ്പെട്ടു. ബാക്കിഭാഗത്തെ വിഭവങ്ങൾ കൈകാര്യം ചെയ്തതു ചില ബൽജിയൻ കമ്പനികളാണ്. പക്ഷേ അവയിലെ പ്രധാന ഓഹരിക്കാരൻ ലിയോപ്പോൾഡുതന്നെ ആയിരുന്നു. റബ്ബറും ദന്തവും എത്രയും കൂടുതൽ ശേഖരിക്കണമെന്നും അതിനുവേണ്ടി ഏതുപായവും പ്രയോഗിച്ചുകൊള്ളാമെന്നും, ചിലവു ചുരുങ്ങുംതോറും അവക്കുള്ള പാരിതോഷികം വദ്ധിക്കുമെന്നും തന്റെ ആജ്ഞാകരന്മാക്ക് അദ്ദേഹം രഹസ്യശാസനം അയച്ചു. ഇക്കാരണത്താൽ ബൽജിയൻരാജാവിനും കമ്പനികൾക്കും ലഭിച്ച ആദായം വമ്പിച്ചതായിരുന്നു. യഥാത്ഥവിവരങ്ങൾ ആക്കും ലഭിച്ചിട്ടില്ലെങ്കിലും, വെളിക്കു വന്നിട്ടുള്ള കണക്കുകളിൽനിന്നു ലിയോപ്പോൾഡിനുതന്നെ ആണ്ടൊന്നുക്കു മൂന്നു ലക്ഷത്തിൽപരം പവൻ ലഭിച്ചതായി കാണുന്നു. കമ്പനികളുടെ ഓഹരിവില നൂറും നൂററൻപതും ഇരട്ടി വദ്ധിക്കുയുണ്ടായി. ഈ ആദായങ്ങൾ ലഭിക്കുന്നതിനുവേണ്ടി അനുവത്തിക്കപ്പെട്ട ഉപായങ്ങൾ ലോകചരിത്രത്തിൽ അതിനുമുമ്പോ പിമ്പോ ഉണ്ടായിട്ടില്ലാത്തവിധം ഭയങ്കരങ്ങളാണ്. ഓരോ നീഗ്രോഗ്രാമവും ശേഖരിക്കേണ്ട വനവിഭവം എത്രയെന്നു ക്ലുപ്തപ്പെടുത്തിയിരുന്നു. അവർ ആബാലവൃദ്ധം രാപകലില്ലാതെ അദ്ധ്വാ

Digitized by Kerala Sahitya Akademi

നിച്ചാലും അധികാരികളെ തൃപ്തിപ്പെടുത്താൻ സാദ്ധ്യമല്ലായിരുന്നു. ആഹാരസമ്പാദനം എന്ന ജന്തുവിന്റെ ആദ്യധർമ്മംപോലും അവക്ക് ഉപേക്ഷിക്കേണ്ടിവന്നു. നിർദ്ദിഷ്ടമായ തൂക്കം എത്തിച്ചുകൊടുത്തില്ലെങ്കിൽ സ്ത്രീകളെ ജാമ്യംകൊടുക്കണം. വൃദ്ധകളെ തടവിലും യുവതികളെ ഉദ്യോഗസ്ഥന്മാരുടെ ഉപയോഗത്തിനായും അർപ്പിച്ചുവന്നു. ഈ പ്രായശ്ചിത്തകല്പനയും വിഫലമാകുമ്പോൾ പൈശാചികപ്രകൃതികളായ ഭടജനങ്ങളെ അയച്ചു ഗ്രാമങ്ങളെ ഒന്നോടെ മട്ടിക്കും. ഈ ശിക്ഷാസംഘങ്ങൾ പക്ഷിമൃഗാദികളെ വേട്ടയാടി വെടിയുണ്ടകൾ പാഴാക്കി ഗവർമ്മെണ്ടിന്റെ ചെലവു വർദ്ധിപ്പിക്കരുതെന്നു കരുതി ഉപയോഗിച്ച ഓരോ വെടിയുണ്ടയ്ക്കും അതുമൂലം കൊല്ലപ്പെട്ട മനുഷ്യന്റെ വലത്തുകൈ സാക്ഷ്യം കാണിക്കണമെന്നു നിർബ്ബന്ധിച്ചിരുന്നു. പക്ഷെ അവർ വെടിയുണ്ടകൾ ദുരുപയോഗപ്പെടുത്തുകയും കണ്ണിൽകണ്ട സ്ത്രീപുരുഷന്മാരുടെ കരങ്ങൾ ഛേദിച്ചുകൊണ്ടു പോരുകയും ചെയ്തുവന്നു. ഇങ്ങനെ പരിഷ്കൃതമനുഷ്യന്റെ ദൃഷ്ടികളിൽനിന്നൊക്കെ അകന്നുമാറി ആഫ്രിക്കൻവനങ്ങളുടെ തമോവലയത്തിൽ നടന്ന കട്ടുംകൈകൾക്ക് അതിരില്ല. ലിയോപ്പാൾഡിന്റെ പ്രഖ്യാപിതമായ മഹാമനസ്കതയും ദീനാനുകമ്പയും ഈ നരമേധങ്ങളെ സമർത്ഥമായി മറച്ചു. പക്ഷെ എന്നിട്ടും ചില വസ്തുതകൾ അക്കാലത്തു വെളിയ്ക്കു വരുകയുണ്ടായി. ഹൃദയാലുക്കളായ ചില അമേരിക്കൻ മിഷനറിമാർ ഈ നിണപ്പുഴകളിലേയ്ക്കു ലോകത്തിന്റെ ശ്രദ്ധയെ ആകർഷിക്കുവാൻ ശ്രമിച്ചു. പക്ഷെ അവിടേയും ലിയോപ്പാൾഡിന്റെ കൌശലം പ്രത്യക്ഷമായി. അദ്ദേഹം മാർപാപ്പയുടെ പ്രത്യേകവാത്സല്യത്തിനു പാത്രമായിരുന്നതുകൊണ്ടു പുത്തൻകൂറുകാരായ അമേരിക്കൻ മിഷനറിമാരുടെ പ്രസ്താവങ്ങൾ കത്തോലിക്കാമതത്തോടുള്ള വിദ്വേഷത്തിൽനിന്നു ജനിച്ച വ്യാജങ്ങളാണെന്നു സ്ഥാപിക്കുവാൻ സാധിച്ചു. അങ്ങനെ മിഷനറിമാർതമ്മിൽ വാദപ്രതിവാദമായി. ഇതൊക്കെയായിട്ടും, ഈ കൂട്ടക്കൊലകൾ ദൂരദേശത്തു ജോലിചെയ്തു നിഷ്ഠൂരന്മാരായിത്തീർന്ന ഉദ്യോഗസ്ഥന്മാരുടെ അനീതികളാണെന്നല്ലാതെ അവയ്ക്കു ലിയോപ്പാൾഡിന്റെ അനുവാദവും അംഗീകാരവും പ്രേരണയും ഉണ്ടെന്ന് ആ മിഷനറിമാർപോലും ധരിച്ചില്ല. അവരിൽ പലരും ധർമ്മിഷ്ഠനായ ബെൽജിയൻരാജാവിനെ സമീപിച്ച് ഈ ക്രൂരതകൾക്ക് പരിഹാരം നേടണമെന്നു ലോകത്തോടഭ്യർത്ഥിക്കപോലും ചെയ്തു. ഹൃദയഭേദകങ്ങളായ പല

Digitized by Kerala Sahitya Akademi

രംഗങ്ങൾക്കു ദൃക്സാക്ഷികളാകുവാൻ നിർഭാഗ്യമുണ്ടായ ഈ മിഷനറിമാർ എഴുതിയിട്ടുള്ള വിവരണങ്ങൾ ശിലയെപ്പോലും അലിയിക്കുന്നതാണ്. "ഈ റബ്ബർവ്യാപാരം മനുഷ്യരക്തത്തിൽ നിമഗ്നമാണ്. കാട്ടുജാതിക്കാർ ഒന്നോടെ ഇളകി വെള്ളക്കാരെ മുഴുവൻ സംഹരിച്ചാലും അവരോടു ചെയ്തിട്ടുള്ള കടുംകൈകൾക്കു പ്രതിക്രിയ ആവുകയില്ല" എന്നാണ് ഒരാൾ എഴുതിയിട്ടുള്ളത്. പരമനീചമായ ഈ അധർമ്മങ്ങളാൽ കേവലം പതിനഞ്ചുവർഷംകൊണ്ടു കോംഗോയിലെ ജനസംഖ്യ 200 ലക്ഷത്തിൽനിന്നു 90 ലക്ഷമായി കുറഞ്ഞു. ലിയോപ്പാംഡിന്റെ ദീനദയാലുത്വവും പരിഷ്കാരതല്പരതയും മതഭക്തിയും സാധിച്ചത് ഇതാണ്. പാശ്ചാത്യസംസ്കാരത്തിന്റെ ഇരുണ്ട വശം ഇതാകുന്നു. ഇന്നും കോംഗോയിലെ നീഗ്രോകൾ അവരുടെ പൂർവ്വികന്മാർ നയിച്ച ജീവിതരീതിയിൽതന്നെ കഴിയുന്നു. അവർക്കു സയൻസും സാഹിത്യവും യന്ത്രവിശേഷങ്ങളും മണിമേടകളും ഒന്നുമില്ല. അന്യരാഷ്ട്രങ്ങൾ തങ്ങളുടെ ചൂഷണസമഗ്രതയ്ക്കുപകരം ഇങ്ങനെ ചില വേഷങ്ങളെങ്കിലും ദക്ഷിണവെയ്ക്കാറുണ്ട്. പക്ഷേ ലിയോപ്പാംഡിനു തന്റെ അഴിമതികളെ മറയ്ക്കണമെന്നല്ലാതെ ഇമ്മാതിരി പ്രതിഫലങ്ങളൊന്നും കൊടുക്കണമെന്നു മോഹമില്ലായിരുന്നു. അത് അദ്ദേഹത്തിനു വളരെക്കാലത്തേയ്ക്കു സാധിക്കയും ചെയ്തു. പാശ്ചാത്യരാജ്യങ്ങളിലെല്ലാം അദ്ദേഹത്തിന്റെ ഉദ്ദേശശുദ്ധിയെ സ്ഥാപിക്കാനുള്ള പ്രചാരവേല നടക്കുകയുണ്ടായി. തന്മൂലം ഈ ദാരുണസംഭവങ്ങൾ എന്നെന്നേക്കുമായി മറയ്ക്കപ്പെട്ടുപോകുമായിരുന്നു. പക്ഷേ സാധുവായ, നിർദ്ധനനായ, ഒരൊററ മനുഷ്യന്റെ, ചെങ്കോലും കിരീടവും ധരിയ്ക്കാത്ത ഒരു സാധാരണക്കാരന്റെ, മനസ്സാക്ഷിയും കർമ്മധീരതയും അതിനിടയാക്കിയില്ല.

ഈ മനുഷ്യൻ ഈ. ഡി. മോറൽ എന്ന ഒരിംഗ്ലീഷുകാരനാണ്. ഒരു കപ്പൽകമ്പിനിയിൽ ഗുമസ്ഥനായിരുന്ന ഈ മനുഷ്യൻ പ്രതാപശാലിയും നിഷ്ഠുരനുമായിരുന്ന ലിയോപ്പാംഡിനെ കൊമ്പുകുത്തിച്ച കഥ ചരിത്രത്തിലെ മഹാവിസ്മയങ്ങളിലൊന്നാകുന്നു. കപ്പൽകാര്യത്തിനായി അദ്ദേഹം കൂടക്കൂടെ ബൽജിയത്തിൽ പോകാറുണ്ടായിരുന്നു. അവിടെവെച്ചു മോറലിനു കോംഗോയിൽ നടക്കുന്ന ക്രൂരതകളെക്കുറിച്ചു പല വസ്തുതകളും ഗ്രഹിക്കാനിടയായി. ഇംഗ്ലണ്ടിലെ തന്റെ മേലധികാരികളോട് അദ്ദേഹം ഈ ഘോര രഹസ്യങ്ങൾ പറഞ്ഞപ്പോൾ അവർ അദ്ദേഹത്തെ ജോലിയിൽ

Digitized by Kerala Sahitya Akademi

നിന്നു പിരിച്ചയയ്ക്കുകയാണ് ചെയ്തത്. പക്ഷെ എന്നിട്ടും അദ്ദേത്തിന്റെ ഹൃദയം ഈ ഘോരാപരാധങ്ങളെക്കുറിച്ചു മൌനം ദീക്ഷിയ്ക്കുവാൻ അനുവദിച്ചില്ല. അസന്ദിഗ്ദ്ധങ്ങളായ തെളിവുകളുദ്ധരിച്ചു ഗംഭീരങ്ങളായ ലേഖനങ്ങളെഴുതി അദ്ദേഹം ലോകത്തിന്റെ മനസ്സാക്ഷിയെ തട്ടിയുണർത്തി. അദ്ദേഹത്തിന്റെ നിതാന്തശ്രമംമൂലം ലിയോപ്പാംഡിനെതിരായി യൂറോപ്പിലും അമേരിയ്ക്കയിലും പ്രബലമായ പൊതുജനാഭിപ്രായം ഉളവായി. താൻ നിരപരാധിയെന്നു വരുത്തുവാൻ സകല ഉപായങ്ങളും ബൽജിയൻരാജാവു പ്രയോഗിച്ചു. പക്ഷെ അതൊന്നും ഫലിച്ചില്ല. കോംഗോയിലെ വനതലങ്ങളിൽ വൊന്തുമരിച്ച മൂകലക്ഷങ്ങളുടെ നിണത്തുള്ളികാംക്ക് അദ്ദേഹം ഈ ലോകത്തിൽ ആരോടും ഉത്തരം പറയേണ്ടിവന്നില്ലെങ്കിലും, 1908–ൽ അദ്ദേഹത്തിനു കോംഗോയുടെ മേലുള്ള ഉടമസ്ഥാവകാശം നഷ്ടപ്പെട്ടു. ആ രാജ്യത്തിന് ഇന്നും ബൽജിയത്തിന്റെ മേൽക്കോയ്മയുണ്ട്. പക്ഷെ ഈ നൂററാണ്ടിന്റെ പ്രഭാതവേളയിൽ അവിടെ നടന്ന നരമേധങ്ങാം 1908–ൽ അവസാനിച്ചു. ബൽജിയത്തെക്കാാം ശക്തിയുള്ള രാഷ്ട്രങ്ങാം ഉണ്ടായിരുന്നതുകൊണ്ടാണ് ഇതു സാധിച്ചത്. ഫ്രാൻസിന്റെ അധീനതയിലുള്ള ആഫ്രിയ്ക്കൻകോളനികളെപ്പററിയുണ്ടായ പരാതികാം നിഷ്ഫലമായതേയുള്ളു. സഞ്ചാരികാംക്കുപോലും അവിടെങ്ങും പ്രവേശനമില്ല.

ആദർശപുരുഷനായ മോറലിനെപ്പററി ഒരു വാക്കുകൂടി പറഞ്ഞിട്ട് ഈ ലേഖനം അവസാനിപ്പിയ്ക്കാം. അദ്ദേഹത്തിന്റെ അനന്തരജീവിതവും ഒരു ധീരസമരത്തിനുവേണ്ടിയാണ് വിനിയോഗിയ്ക്കപ്പെട്ടത്. ഒന്നാം ലോകമഹായുദ്ധത്തിന്റെ അപരാധം ജർമ്മനിയുടെ മേൽമാത്രം ആരോപിച്ചതിനേയും വേഴ്സെയിൽസ് ഉടമ്പടിയുടെ അനീതിയേയും കുറിച്ച് അദ്ദേഹം വട്ടരെക്കാലം പോരടിച്ചു. പക്ഷെ നിഷ്പക്ഷവും ശക്തിമത്തും ആയ ഒരു ലോകാഭിപ്രായം അന്നില്ലായിരുന്നതുകൊണ്ടു സത്യത്തേയും നീതിയേയും മാത്രം മുൻനിർത്തി അദ്ദേഹം ചെയ്ത ഈ മഹോദ്യമം പരാജയപ്പെടുകയാണുണ്ടായത്; എന്നുതന്നെയല്ല അത് അദ്ദേഹത്തിന് അനർഹമായ അപകീർത്തിയ്ക്കും കാരാഗൃഹവാസത്തിനും ഒടുവിൽ മരണത്തിനുംകൂടി കാരണമാകുകയും ചെയ്തു. അധർമ്മജടിലമായ ഈ ലോകത്തിൽ ഇങ്ങിനെ വല്ലപ്പോഴുമൊരിയ്ക്കൽ ജനിയ്ക്കുന്ന മഹാത്മാക്കളുടെ കർമ്മമണ്ഡലത്തിൽമാത്രമേ നാശവും കളങ്കവുമില്ലാത്ത സാക്ഷാൽ സംസ്കാരത്തിന്റെ സത്താബീജങ്ങാം കാണ്മാനുള്ളു.

Digitized by Kerala Sahitya Akademi

19

# ചരിത്രത്തിന്റെ നീതിപീഠത്തിനുമുമ്പിൽ *

അങ്ങനെ തിരുവിതാംകൂറിന്റെ പ്രത്യേകമായ അസ്തിത്വവും അവസാനിക്കുകയാണ്. വെറും നീർപ്പോളകൾപോലെ പൊലിഞ്ഞുപോയ എത്രയോ നാട്ടുരാജ്യങ്ങളുടെ കൂട്ടത്തിൽ ഇതും പോകുന്നു എന്നു കരുതി നിർവികാരത്വം നടിക്കുവാൻ എനിക്കു കഴിയുന്നില്ല. മാളിക പണിയിക്കുവാൻവേണ്ടിയാണെങ്കിലും നാം പിറന്നുവളർന്ന തറവാടു പൊളിച്ചുകളയുന്നതു കാണുമ്പോൾ ഏതു കഠിനഹൃദയനും കരഞ്ഞുപോകും. ഈ വേദന വെളിക്കു കാണിക്കുന്നത് ഒരു ദുർബ്ബലതയായി വ്യാഖ്യാനിക്കപ്പെട്ടേക്കാം. എന്നാലും എനിക്കതിൽ ലജ്ജ തോന്നുന്നില്ല. പിറക്കുംതലമുറകളുടെ നാവിൽനിന്ന് ഈ നാടിന്റെ നാമംപോലും മാഞ്ഞുപോയേക്കാം. പക്ഷേ ആ പേരിന്റെ അർത്ഥം ജന്മഭൂമിയെന്നാണെന്നു കുട്ടിക്കാലംമുതൽ മനസ്സിലാക്കിയിട്ടുള്ളവർക്കു വേദനയില്ലാതെ അങ്ങനെ ഒരു കാലത്തെക്കുറിച്ച് ആലോചിക്കുവാൻകൂടി സാധ്യമല്ല. കേരളത്തിന്റെ ഏകീകരണത്തിനും, മലയാളികളുടെ സംസ്കാരത്തിന്റെ പുരോഗതിക്കും, സർവോപരി ഇന്ത്യയുടെ ഭരണപരമായ ഭദ്രതയ്ക്കും സുരക്ഷിതത്വത്തിനും ഈ തറവാടു പൊളിച്ചുകളയേണ്ടത് ആവശ്യമാണെന്നു പറയപ്പെടുന്നു. ഭാവിയുടെ ദൂരതയിലേക്കു നോട്ടമെത്തുന്നവരുടെ ഈ പ്രവചനങ്ങൾ നേരായിത്തീരട്ടെ എന്നു നമുക്കു പ്രാർത്ഥിക്കാം. പക്ഷെ ഈ പ്രസ്താവനയിൽ ഇതൊരു ജീർണ്ണിച്ച വസ്തുവാണെന്നുള്ള സൂചന ഇല്ലാതില്ല. അതാണ് പരമദുസ്സഹമായിരിക്കുന്നത്. സത്യത്തോടു ബഹുമാനവും പിറന്ന മണ്ണിനോടു സ്നേഹവുമുള്ള ഏതൊരു തിരുവിതാംകൂർകാരനും ഇതിൽ പ്രതിഷേധിക്കാതിരിക്കയില്ല. പക്ഷെ സ്വദേശാഭിമാനത്തിന്റെ ഈ ചെറിയ സ്ഫുലിംഗംപോലും ഇവിടുത്തെ അന്തരീക്ഷത്തിൽ ഈ അടുത്ത കാലത്ത് അധികമൊന്നും തിളങ്ങുകയുണ്ടായില്ല. നേരെമറിച്ച് ഈ പരിവർത്തനങ്ങളെല്ലാം തങ്ങൾ നേരത്തെ കണ്ടതാണെന്നും ഇതു തങ്ങൾതന്നെ സാധിച്ച ഒരു

* 1949 ജൂലായ് മാസത്തിൽ നടന്ന തിരുവിതാംകൂർ–കൊച്ചിസംയോജനത്തിന് അടുത്തു മുമ്പെഴുതിയത്.

Digitized by Kerala Sahitya Akademi

മഹാകാര്യമാണെന്നും തങ്ങൾ ഇതിനുവേണ്ടി ജനിച്ചു യാതനയനുഭവിച്ച അവതാരപുരുഷന്മാരാണെന്നും ഉള്ള ഭാവത്തിൽ ദീർഘദീർഘമായ പ്രസ്താവനകളും മുഖപ്രസംഗങ്ങളും എഴുതിയവരുണ്ട്. സ്വയംകൃതമായ ഈ വ്യാമോഹങ്ങളുടെ വ്യാമത്തിൽ സ്ഥിരചിത്തതപോലും നശിച്ചവരെപ്പോലെ നെടുനാളത്തെ ബന്ധവും ഈശ്വരനൊന്നതും മറന്ന് ഈ രാജ്യത്തെ അഭിമാനകരമായ ഇന്നത്തെ നിലയിലെത്തിച്ച മഹാരഥന്മാരെ നിന്ദിക്കുവാനും അവരുടെ പാവനനാമങ്ങളിൽ ചെളിതേയ്ക്കുവാനും ഈ അവസരത്തെ വിനിയോഗിച്ചവരും ഇല്ലാതില്ല. അദ്ധ്യാത്മമൂല്യങ്ങളുടെ വിലോപംമൂലം അലിവും അഭിമാനവും ഒന്നുപോലെ അസ്തമിച്ചു മനസ്സാക്ഷിയുടെ തേജോവധവും സാധിച്ച കശ്മലപ്രകൃതികൾക്കുമാത്രമെ ഈ രീതിയിൽ പെരുമാറുവാൻ സാധിക്കയുള്ളു. ജനനിയേയും ജന്മഭൂമിയേയും സ്വർഗ്ഗത്തെക്കാൾ മഹത്തരമായിക്കരുതിയ ശ്രീശങ്കരന്റെ ചൈതന്യത്തിൽ ഒരു പരമാണുപോലും ഇക്കൂട്ടരെ സ്പർശിച്ചിരിക്കയില്ല. ഇന്നത്തെ ഇന്ത്യാഗവമ്മെണ്ടിന്റെ രാജ്യതന്ത്രത്തിൽ സംശയിക്കാനൊന്നുമില്ലെന്നു സ്പഷ്ടമാണ്. അവരുടെ പ്രവൃത്തിപദ്ധതികളുടെ ഉറവിടങ്ങൾ ഏതെന്നും ലക്ഷ്യം എന്തെന്നും നമുക്കു നിശ്ചയമുണ്ട്. എങ്കിലും ഇതിന്റെയെല്ലാം ഫലമായി തിരുവിതാംകൂറിന്റെ വ്യക്തിത്വം തിരോഹിതമാകുന്നതിൽ ഖേദിക്കാനൊന്നുമില്ലെന്ന് ഇവിടെയുള്ളവർതന്നെ പറയുന്നതിലേ വേദനയുള്ളു. ഇന്നലെവരെ നാം പ്രദർശിപ്പിച്ച കൂറും മമതയും ഭക്തിയും വിശ്വാസവും ആത്മാർത്ഥമായിരുന്നില്ലെന്നുകൂടി ഈ പ്രസ്താവനയിൽനിന്നു ധ്വനിക്കുന്നുണ്ട്. അങ്ങനെയൊരു ആരോപണവും ഭൂഷണമായി കരുതുന്നവരുണ്ടായേക്കാം. പക്ഷെ ഉറയില്ലാത്ത വാളുകൊണ്ടു രാജ്യം വെട്ടിപ്പിടിക്കുകയും, അതുകൊണ്ടുതന്നെ തന്നത്താൻ കഴുത്തറുത്തുവെച്ച് അതിന്റെ അഭിമാനം സംരക്ഷിക്കുകയും, വിലങ്ങു ചുമന്നും വിഷംകുടിച്ചും അതിന്റെ ഐശ്വര്യത്തെ പുലർത്തുകയും ചെയ്തവരുടെ മക്കളുടെ മക്കൾക്ക് ഇതു കേൾക്കുമ്പോൾ ഉള്ളു കത്തുന്നു. പരമാത്മാവിൽ വിലയംപ്രാപിക്കുന്ന ജീവാത്മാവിനുപോലും കുറച്ചൊരു വേദനയുണ്ടാകുമെന്നു പറയപ്പെടുന്നു. എത്ര ഗംഭീരമായ ഒരു സംഭവത്തിനാണ് നാം മൂകമൂകരായി സാക്ഷ്യം വഹിക്കുന്നതെന്ന് ഓരോ തിരുവിതാംകൂറുകാരനും ആലോചിക്കേണ്ടതാണ്.

ജീർണ്ണിച്ചു ജീവനില്ലാതായ ഒരു ഭൂവിഭാഗത്തെയല്ല നാം സ്വ

Digitized by Kerala Sahitya Akademi

തന്ത്രഭാരതത്തിനു കാഴ്ചവെക്കുന്നത്. തീർച്ചയായും അഭിമാനകരമായ ഒരു നിലയാണ് നമുക്കുള്ളത്. ഇതു മനസ്സിലാക്കണമെങ്കിൽ, സൂര്യനസ്തമിക്കാത്ത ഒരു സാമ്രാജ്യത്തിന് ഉടയോരെന്ന് അഭിമാനിച്ചവർ നേരിട്ടു ഭരിച്ച ഭാരതത്തിന്റെ ഇതരഭാഗങ്ങളോട് ഈ രാജ്യത്തെ ഇടതട്ടിച്ചുനോക്കണം. ഇതുപോലെയോ ഇതിലേറെയോ പഴക്കവും, പാരമ്പര്യമഹത്വവുമുള്ള രാജവംശങ്ങൾ ഭരിച്ച നാട്ടുരാജ്യങ്ങളോടും തിരുവിതാംകൂറിനെ താരതമ്യപ്പെടുത്തണം. ഭാരതഖണ്ഡത്തിൽ പൊതുവെ എത്രയോ ശതവർഷങ്ങളായി നിലനിന്നുപോരുന്ന തോതുവെച്ചുനോക്കുമ്പോൾ ഇങ്ങേയററത്തു കിടക്കുന്ന ഈ ചെറിയ രാജ്യം യഥാർത്ഥത്തിൽ ശ്രീവാഴുംകോടുതന്നെയാണെന്ന് ആരും സമ്മതിക്കും. നിഷ്പക്ഷരായ എത്രയോ നിരീക്ഷകന്മാർ ഇതിനു സാക്ഷ്യംവഹിച്ചിട്ടുണ്ട്. ഈ മേന്മയും ഐശ്വര്യവും യാദൃച്ഛികമായി ഒരു ദിവസംകൊണ്ടോ നും ഉണ്ടായതല്ല. തന്റെ പ്രജകളുടെ ക്ഷേമത്തിന് ഈശ്വരനോടു താൻ ചുമതലപ്പെട്ടവനാണെന്നുള്ള ബോധം നിമിഷനേരത്തേക്കുപോലും വിസ്മരിക്കാതെ രാജ്യഭാരം നടത്തിയ നമ്മുടെ മഹാരാജാവും അദ്ദേഹത്തിന്റെ മുൻഗാമികളുമാണ് അതിനു കാരണക്കാർ. അവരുടെ നിഃസ്വാർത്ഥതയും ദീർഘദൃഷ്ടിയും ഭരണസാമർത്ഥ്യവും ആണ് അതിന്റെ നിദാനം. രാജ്യത്തിന്റെ ഉടമസ്ഥാവകാശം തനിക്കാണെന്നുള്ള സങ്കല്പംപോലും തിരുവിതാംകൂർ മഹാരാജാവിനില്ല. മാർത്താണ്ഡവർമ്മയുടെ കാലംമുതൽ ശ്രീപത്മനാഭദാസന്മാരായാണ് അവർ രാജ്യം ഭരിച്ചുവരുന്നത്. തൃപ്പടിദാനം എന്ന ചരിത്രവസ്തുതയെ മുൻനിർത്തിയാണ് മാർത്താണ്ഡവർമ്മയും പിൻഗാമികളും രാജധർമ്മം നിർവ്വഹിച്ചിട്ടുള്ളത്. ഇതൊക്കെ വെറും സങ്കല്പങ്ങളാണെന്നും, അന്തസ്സാരശൂന്യമാണെന്നും, അതിനൊന്നും യാതൊരു പ്രാധാന്യവും കല്പിക്കാനില്ലെന്നും പറയുന്ന കുബുദ്ധികളുണ്ട്. അവരുടെ വാദം ഇമ്മാതിരിയുള്ള ഏതു കർമ്മത്തെയും നിന്ദിക്കുവാൻ പര്യാപ്തമാണ്. ബ്രിട്ടീഷുരാജാവു കിരീടധാരണം ചെയ്യുമ്പോൾ കാൻറർബറിയിലെ ആർച്ച്ബിഷപ്പിന്റെ ആശീർവ്വാദം സ്വീകരിക്കാറുണ്ട്. അമേരിക്കൻ ഐക്യനാടുകളുടെ പ്രസിഡൻറു സത്യപ്രതിജ്ഞ ചെയ്യുമ്പോൾ ബൈബിളിൽ ചുംബിക്കാറുണ്ട്. തൃപ്പടിദാനത്തിൽ ചില കുശലനേത്രങ്ങൾ കാണുന്ന അന്തസ്സാരശൂന്യത ഈ കർമ്മങ്ങളിലും കാണാവുന്നതാണ്. എല്ലാം സങ്കല്പങ്ങളാണ്. മനുഷ്യന്റെ പ്രവൃത്തിയും പെരുമാററ

Digitized by Kerala Sahitya Akademi

വുമാണ് ഈ സങ്കല്പങ്ങളെ യാഥാൎത്ഥ്യങ്ങളാക്കുന്നത്. തന്റെ പ്രജകളും അകമ്പടിക്കാരും ആശ്രിതജനങ്ങളും നോക്കിനില്ക്കെ, ആനയും അമ്പാരിയും ഐശ്വര്യപ്രതാപങ്ങളുടെ അത്ഭുതസന്നാഹങ്ങളും നിറഞ്ഞ അമ്പലമുററത്ത്, കുലദേവതയും രാജ്യത്തിന്റെ ഉടയവനുമായി താൻ സങ്കല്പിച്ചിരിക്കുന്ന ശ്രീപത്മനാഭന്റെ വിഗ്രഹത്തിനുമുമ്പിൽ വെറും നിലത്തു തിരുവിതാംകൂർ മഹാരാജാവു സാഷ്ടാംഗപ്രണാമം ചെയ്യുന്നതു കാണുവാൻ ഭാഗ്യമുണ്ടായിട്ടുള്ളവർ തൃപ്പടിദാനത്തെയും അതിലന്തർഭവിച്ചിട്ടുള്ള ലോഭനീയമായ രാജധൎമ്മത്തെയും ഒരു കാലത്തും മിഥ്യകളായി കരുതുകയില്ല. ദീൎഘകാലം ഈശ്വരനെ മുൻനിൎത്തി, സ്വന്തകാര്യം നടത്തുന്നതുപോലെയുള്ള ശ്രദ്ധാന്തിയോടും ക്ഷേമോൽക്കണ്ഠയോടും സേവനസന്നദ്ധതയോടുംകൂടി ഈ രാജവംശം നടത്തിയ സൽഭരണത്തിന്റെ ഫലങ്ങളാണ് തിരുവിതാംകൂറിലെ ബഹുലക്ഷം ജനങ്ങൾ ഇന്ന് അനുഭവിക്കുന്നത്. ഇത്രയും ചുരുങ്ങിയ ചെലവിൽ സമൎത്ഥമായ ഒരു ഭരണചക്രവും ജനസമുദായത്തിന്റെ ക്ഷേമത്തിനു വേണ്ട സകലവിഭവങ്ങളും പുലൎത്തിയ ഒരു രാജ്യം ഇന്ത്യയിലെന്നല്ല ലോകത്തിലെവിടെയെങ്കിലുമുണ്ടെന്നു തോന്നുന്നില്ല. തിരുവിതാംകൂറിന്റെ ഏതു കോണിലും മൂലയിലും സൎക്കാരിന്റെ സാന്നിദ്ധ്യം ദൃശ്യമാണ്. പള്ളിക്കൂടങ്ങളും പകുതിക്കച്ചേരികളും അഞ്ചലാഫീസും ആശുപത്രിയും പോലീസ്റ്റേഷനുമെല്ലാം ഈ സാന്നിദ്ധ്യത്തെ തെളിയിക്കുന്ന സ്ഥാപനങ്ങളാകുന്നു. നിയമങ്ങളോടും നീതിപീഠങ്ങളോടുമുള്ള ബഹുമാനം ഇന്നാട്ടിൽ സാൎവ്വത്രികമായി കാണാവുന്നതാണ്. ചട്ടവും മുറയും തെററിക്കുന്ന നടപടികൾ അധികാരത്തിന്റെ ദൃഷ്ടികൾക്കു ക്ഷണേന ഗോചരീഭവിക്കുമെന്നും ശിക്ഷാൎഹമാകുമെന്നുമുള്ള ബോധം സകലൎക്കുമുണ്ട്. പൌരജീവിതത്തിന്റെ ഈ പരിതഃസ്ഥിതികളും പാരമ്പര്യങ്ങളും ദീൎഘദൃഷ്ടിയോടുകൂടിച്ചെയ്ത മനഃപൂൎവ്വയത്നത്തിന്റെ ഫലങ്ങളാണെന്നു നേരിനെ നിന്ദിക്കാത്തവർ സമ്മതിക്കാതിരിക്കയില്ല. രാജ്യത്തിന്റെ വരവിൽ 90 ശതമാനവും സ്വന്തം ആവശ്യങ്ങൾക്കുവേണ്ടി തോന്നിയപോലെ ചെലവഴിക്കുന്ന രാജസ്ഥാനങ്ങൾ ഇന്ത്യയിൽ അപൂൎവ്വമല്ല. ഇങ്ങനെയൊരു നില തിരുവിതാംകൂറിൽ ഉണ്ടാകാതിരുന്നതിന് ഇന്നാട്ടിലെ ജനങ്ങൾ വഞ്ചിരാജവംശത്തോടു കടപ്പെട്ടിരിക്കുന്നു. ജനപ്പെരുപ്പംമൂലമുണ്ടാകുന്ന ആഹാരദൌൎലഭ്യത്തെ നേരിടുന്നതിനുവേണ്ടി ഈ രാജ്യത്തു മരച്ചീനിക്കൃഷി

Digitized by Kerala Sahitya Akademi

നടപ്പിലാക്കിയതു് ഒരു മഹാരാജാവാണ്. ആ പുണ്യശ്ലോകൻെറ ദീർഘദൃഷ്ടി ഒന്നുമാത്രമാണ് തിരുവിതാംകൂറിനെ ബങ്കാളും മററും അനുഭവിച്ചതുപോലെയുള്ള അത്യാഹിതങ്ങളിൽനിന്നു രക്ഷിച്ചത്. സ്നേഹാർദ്രചിത്തനായ ആ മഹാരാജാവിൻെറ തിരുനാമം ഇന്നത്തെ രാഷ്ട്രീയയുഗത്തിൽ വിസ്മൃതമായേയ്ക്കാം. പക്ഷെ ദിവസം മൂന്നു നേരവും മരച്ചീനി തിന്നു ജഠരാഗ്നിയെ ശമിപ്പിക്കുന്ന തിരുവിതാംകൂറിലെ ബഹുഭൂരിപക്ഷമായ സാധുജനങ്ങാംക്ക് അതു ഗാന്ധിയുടേയോ മാർക്സിൻെറയോ നാമങ്ങളേക്കാം പ്രിയപ്പെട്ടതാണ്. രാജകുലത്തിൽ പിറന്നു മുടിചൂടിയ ആ മഹാപുരുഷൻെറ ഭൂതദയയ്ക്കും പ്രജാവാത്സല്യത്തിനും പ്രത്യക്ഷലക്ഷ്യമായ ഈ മരച്ചീനികൃഷിയാണ് ആധുനികകാലത്തു നമുക്കു കിട്ടിയിട്ടുള്ളതിൽവെച്ച് ഏററവും വലിയ അനുഗ്രഹമെന്ന് എനിക്കു തോന്നുന്നു. വിശന്നു പൊരിയുന്ന കുഞ്ഞുങ്ങാംക്കു പാലും വെണ്ണയും പ്രോട്ടീനും വൈററമിനും ഒന്നും വേണ്ടാ, കഞ്ഞിവെള്ളംപോലും കൊടുക്കാൻ കഴിയാതെ മരച്ചീനി കൊടുത്തു തൃപ്തിപ്പെടുത്തുന്ന തിരുവിതാംകൂറിലെ എത്രയോ ലക്ഷം അമ്മമാരുടെ അകംനിറഞ്ഞ കൃതജ്ഞതയ്ക്കു വഞ്ചിരാജവംശം പാത്രീഭവിക്കുമെന്നുള്ളതിൽ തക്കമില്ല.

സൽഭരണത്തിലെന്നപോലെ സംസ്കാരപ്രേമത്തിലും സഹിഷ്ണുതയിലും അദ്വിതീയമായ ഒരു സ്ഥാനമാണ് തിരുവിതാംകൂറിനുള്ളത്. ഹിന്ദുമതാനുഷ്ഠാനങ്ങളും ഹൈന്ദവസംസ്കാരവും ഭാരതത്തിൽ പൊതുവെ ക്ഷയിച്ചുകൊണ്ടിരുന്ന അപ്രാചീനകാലത്തു വഞ്ചിരാജ്യം അവയെ സംരക്ഷിച്ചു. പൂർവ്വാചാരപ്രകാരമുള്ള മതകർമ്മങ്ങളും ഭക്തിയുളവാക്കുന്ന ക്ഷേത്രങ്ങളും കാണണമെങ്കിൽ തിരുവിതാംകൂറിൽ പോകണമെന്നു പുറമേയുള്ളവർ സാധാരണയായി പറയാറുണ്ട്. ഹിന്ദുധർമ്മത്തിൽ ഏററവും ശ്രേഷ്ഠമായ പാരമ്പര്യങ്ങളെ സംരക്ഷിച്ചതിനോടൊപ്പം, അതിൽ വന്നുകൂടിയ വൈകല്യങ്ങളെ ദൂരീകരിക്കുന്നതിലും ഈ നാട്ടുരാജ്യം മുൻകൈ എടുത്തു പ്രവർത്തിച്ചു. ശ്രീചിത്തിരതിരുനാം മഹാരാജാവിൻെറ ക്ഷേത്രപ്രവേശനവിളംബരം ഇക്കാര്യത്തിൽ ഭാരതത്തിനു പൊതുവെ മാർഗ്ഗദർശനം നല്കിയ ഒരു മഹാസംഭവമാണ്. ഇങ്ങനെ ഹൈന്ദവാദർശങ്ങളെ പുലർത്തുകയും പുരോഗമിപ്പിക്കുകയും ചെയ്യുന്നതിൽ അദ്വിതീയമായി നിലകൊള്ളുന്ന ഈ രാജ്യം പരമതസഹിഷ്ണുതയ്ക്കും പരമോൽക്കൃഷ്ടമാതൃകയായി ശോഭിക്കുന്നു. ക്രിസ്തുമതത്തിന്

Digitized by Kerala Sahitya Akademi

ഇന്ത്യയിൽ മറെറങ്ങും ലഭിച്ചിട്ടില്ലാത്ത പ്രചാരം ഇവിടെ ഉണ്ടായിട്ടുണ്ട്. ഇസ്ലാമിനും ഇവിടെ ആത്മാൎത്ഥമായ സ്വാഗതം ലഭിക്കുകയുണ്ടായി. സാഹിത്യത്തിനും കലകാക്കും ഈ രാജ്യം നൽകിയ പ്രോത്സാഹനം നമ്മുടെ ചരിത്രത്തിലെ ഏററവും അഭിമാനകരമായ വസ്തുതയാകുന്നു. നമ്മുടെ രാജവംശംതന്നെയാണ് ഈ വിഷയത്തിലും മുൻകൈയെടുത്തു പ്രവൎത്തിച്ചതു്. കൈരളിയുടെയും കഥകളിയുടെയും പരിപോഷണത്തിൽ അതു് അതിപ്രധാനമായ ഒരു പങ്കു വഹിച്ചിട്ടുണ്ട്. സ്വാതിതിരുനാാം മഹാരാജാവു ദക്ഷിണേന്ത്യൻ സംഗീതകലക്കു നൽകിയ സംഭാവനകാം തിരുവിതാംകൂറിന്റെ യശോധനത്തെ പൂൎവ്വാധികം വൎദ്ധിപ്പിച്ചു.

ഇന്ത്യൻനാട്ടുരാജ്യങ്ങാം അഴിമതിയുടെയും അപരിഷ്കൃതിയുടെയും കേളീരംഗങ്ങളായാണ് കരുതപ്പെട്ടുവന്നിട്ടുള്ളത്. പക്ഷെ അവയെ രൂക്ഷരൂക്ഷമായി വിമൎശിച്ചിട്ടുള്ളവർപോലും തങ്ങളുടെ പ്രസ്താവനകാം തിരുവിതാംകൂറിനെ സ്പൎശിക്കുന്നവയല്ലെന്നു വ്യക്തമാക്കിയിട്ടുണ്ട്. സഹ്യപൎവ്വതപംക്തികാക്കും പശ്ചിമസമുദ്രത്തിനും ഇടക്കു ഹിന്ദുധൎമ്മത്തിന്റെയും രാജധൎമ്മത്തിന്റെയും ശ്രീകോവിൽപോലെ പരിലസിച്ച ഈ രാജ്യം ചെറുതായിരിക്കാം. എന്നാലും അതിന്റെ ഇന്നോളമുള്ള ചരിത്രം വെറും ഇരുട്ടല്ലെന്നു നാമെങ്കിലും ഓക്കേണ്ടതാണ്. ഇന്നത്തെ പരിവൎത്തനങ്ങാം എത്രമേൽ അനിവാൎയ്യമാണെങ്കിലും, എത്ര വളരെ കാമ്യമാണെങ്കിലും, അതിൽ വേദനക്കു വേണ്ടുവോളം വകയുണ്ട്. നമുക്കേവക്കും സ്വന്തമായ, ഒരു തറവാടുപോലെ നാമെവരും അടുത്തറിഞ്ഞ—പ്രിയപ്പെട്ടതായിക്കരുതിയ—നമ്മുടെ രാജ്യം അതിന്റെ ചിരാജ്ജിതമായ വ്യക്തിത്വം കൈവെടിയുകയാണ്. അതു ഭാരതഖണ്ഡത്തിന്റെ ഒരു പ്രവിശ്യപോലെ രൂപവൽകൃതമാകുവാൻ പോകുന്നു. കുറേക്കൂടി വ്യാപകവും അകൽച്ചയുള്ളതുമായ ഒരു ഭരണമാണ് നമുക്കു കിട്ടുവാൻപോകുന്നതു്. ഭാവിയെ ഭയമില്ലാതെ അഭിമുഖീകരിക്കുന്നതിനുള്ള ധീരത നമുക്കുണ്ടെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു. എങ്കിലും എന്തൊക്കെയാണ് നാം കൈവെടിയേണ്ടിവന്നിരിക്കുന്നതെന്ന് ആലോചിക്കുവാനുള്ള ഹൃദയാലുത്വം നമുക്കുണ്ടാകേണ്ടതാണ്. കുഗ്രാമങ്ങളിലെ കൊച്ചുപള്ളിക്കൂടങ്ങളിൽനിന്നുപോലും നാം കേട്ടുശീലിച്ച വഞ്ചീശമംഗളം അപ്രസക്തവും അസംഗതവും അനാവശ്യവുമായിത്തീരുന്നു. നമ്മുടെ പതാക അതിന്റെ കേതുവിൽനിന്ന് എത്രയോ നൂററാണ്ടുകാക്കുശേഷം മാററപ്പെട്ട

Digitized by Kerala Sahitya Akademi

നു. അതു് ഇന്നോളം അക്രമത്തിന്റെയോ അധികാരദൃപ്തത്വത്തിന്റെയോ അടയാളമായിട്ടില്ല. പോർക്കളങ്ങളുടേയും നിണപ്പുഴകളുടേയും സ്മരണയല്ല അതു നമ്മുടെ മനസ്സിൽ ഉറപ്പിച്ചിട്ടുള്ളതു്. നമ്മുടെ നെടുനാൾ നിലനിന്ന സ്വാതന്ത്ര്യത്തിന്റെ ചിഹ്നമാണതെന്നുള്ള വസ്തുതപോലും നമ്മുടെ ശ്രദ്ധയിൽ പതിയാറില്ല. അതു് ഇന്നോളം ആരുടേയും പാദരേണുക്കളാൽ പങ്കിലമായിട്ടില്ല. യശസ്സിന്റേയും ശ്രേയസ്സിന്റേയും സനാതനമായ സ്വാതന്ത്ര്യത്തിന്റേയും പ്രതിരൂപമായി, ഇരട്ടയാനയും ഇടംപിരിശംഖും അണിഞ്ഞു, കേരളസംസ്കാരത്തിന്റെ സവിശേഷവർണ്ണങ്ങളായ ചുവപ്പും സ്വർണ്ണവും കലർന്നു, കേരദ്രുമങ്ങളെ കോരിത്തരിപ്പിച്ചു വന്നെത്തിയ കുളിർകാറ്റിൽ ഉയർന്നുപാറിയ ഈ കൊടിക്കൂറ ധർമ്മത്തെ കുലദൈവതമാക്കിയ പരിപാവനമായ പാരമ്പര്യത്തെയാണു് പ്രത്യക്ഷീകരിക്കുന്നതു്. വാളെടുക്കാനും പോരടിക്കാനും സദാ സന്നദ്ധരാണെങ്കിലും നാം അഭിമാനം കൊള്ളുന്നതു പടക്കളത്തിലെ പെരുമകളിലല്ല. കലയും വിദ്യയും സമാധാനജീവിതത്തിന്റെ സമ്പൽപ്രാചുര്യവും സർവ്വോപരി ധർമ്മത്തിനുണ്ടായ സാർവ്വഭൗമത്വവുമാണു് തിരുവിതാംകൂറിന്റെ ഏറ്റവും വലിയ നേട്ടങ്ങൾ. ഇവയാണു് ഭാരതവർഷത്തിൽ പ്രഥമസ്ഥാനത്തിനു നമ്മെ അർഹരാക്കിയതു്. ഈശ്വരന്റെ സന്നിധിയിൽ മാപ്പു ചോദിക്കേണ്ടാത്ത ഈ നേട്ടങ്ങളുടെ മൂർത്തിമദ്ഭാവമായി, നമ്മുടെ സഹസ്രാബ്ദദീർഘമായ സംസ്കാരയത്നത്തിന്റെ പരിപാകഫലമായി വഞ്ചിരാജവംശം പരിലസിക്കുന്നു. സമരകീർത്തിയോ കുബേരത്വമോ കൊണ്ടല്ല ഈ രാജസ്ഥാനം മാനിക്കപ്പെടുന്നതു്. അതിന്റെ മാഹാത്മ്യത്തിൽ ഒരംശം പ്രതിഫലിതരൂപത്തിൽ നമുക്കും ലഭിക്കുന്നുണ്ടു്. എന്തെന്നാൽ നമ്മുടെ മണ്ണിൽ കുരുത്തതും, നാം രൂപപ്പെടുത്തി, നെടുനാൾ നിലനിർത്തിയതുമായ ഒരു പാരമ്പര്യത്തിന്റെ ചിഹ്നമാണതു്. പരാത്പരമായ അദ്ധ്യാത്മലക്ഷ്യത്തിലേക്കുള്ള തീർത്ഥാടനമായി രാജധർമ്മം ആചരിച്ച ഈ പാരമ്പര്യം ഏതു ഭൂവിഭാഗത്തിനു തന്നെ ഭൂഷണമാകയില്ല! ശ്രീപത്മനാഭനു സർവ്വവുമർപ്പിച്ചു, ഒറ്റക്കൽമണ്ഡപത്തിൽ സാഷ്ടാംഗനമസ്കാരം ചെയ്തു് ഈ രാജ്യത്തെ പ്രജാലക്ഷങ്ങൾക്കുവേണ്ടി പ്രതിദിനം പ്രാർത്ഥിച്ച രാജതിലകന്മാരുടെ സുകൃതസഞ്ചയം തിരുവിതാംകൂറിനെ എന്നെന്നും അനുഗമിക്കുന്നതാണു്. എന്തൊക്കെ വന്നാലും നാമും നമ്മുടെ സന്താനപരമ്പരകളും അഭിമാനത്തോടും കൃതജ്ഞതയോടും സർവ്വോപരി

Digitized by Kerala Sahitya Akademi

സ്നേഹത്തോടും സ്മരിക്കേണ്ട ഒരു നാമമുണ്ട്. ശ്രീരാമവർമ്മ കുലശേഖരൻ! മുക്തിയിലേക്കുള്ള മാർഗ്ഗനിർദ്ദേശമായി കൃഷ്ണശില യിൽ പതിഞ്ഞ കാഞ്ചനരേഖപോലെ ഈശ്വരസന്നിധിയിൽ പ്രണമിക്കുന്ന ഇന്നത്തെ പൊന്നുതമ്പുരാൻെറ കോമളരൂപമാണ് പ്രസ്തുതനാമശ്രവണത്തിൽ എൻെറ മനോനേത്രങ്ങൾ കാണുന്നത്. എങ്കിലും അത് ഒരു വ്യക്തിയുടെയല്ല ഒരു വംശാവലിയുടെ പേരാണ്. തിരുവിതാംകൂറിൻെറ ചരിത്രം മുഴുവനും അതിൽ അടങ്ങിയിരിക്കുന്നു. ചരിത്രാതീതകാലംമുതൽ ഈ ഭൂവിഭാഗത്തെ അധിവസിച്ചുവരുന്ന ജനതയുടെ ഏററവും വലിയ നേട്ടങ്ങളുടെ പര്യായമാണത്. ആ നാമത്തിൻെറ മാന്ത്രികശക്തിയിൽ പുലന്ന തിരുവിതാംകൂറിൻെറ വ്യക്തിഗതമായ ചരിത്രം അവസാനിക്കുന്ന തിൽ നാം ഖേദിക്കുന്നതു സ്വാഭാവികമാണ്. ഏതായാലും ശത്രുവോ യുദ്ധമോ നയതന്ത്രകൌടില്യങ്ങളോ ഒന്നുമില്ലാതെയാണ് ഇതു നടക്കുന്നത്. ആ വഴിക്കുപോലും കളങ്കലേശം കലരാതെ, സ്വതന്ത്രഭാരതത്തിൻെറ ആഭിമുഖ്യത്തിൽ, കുറേക്കൂടി വിശാലമായ ഒരു സംവിധാനത്തിൽ, ഒരു പുതിയ രൂപത്തിൽ, കുലശേഖര പ്പെരുമാളുടെ പാരമ്പര്യം നമ്മെ നന്മയിലേക്കും മേന്മയിലേക്കും നയിച്ച് അനുഗ്രഹിക്കുമാറാകട്ടെ!

Digitized by Kerala Sahitya Akademi

കെ. ഭാസ്കരൻനായരുടെ

# മററു ചില കൃതികൾ

---

1 **ആധുനികശാസ്ത്രം**—(1942) മാതൃഭൂമി

2 **പരിണാമം**—(1945) തിരുവിതാംകൂർ

സർവ്വകലാശാലാ പ്രസിദ്ധീകരണവകുപ്പ്.

3 **കലയും കാലവും**—(1946) മാതൃഭൂമി

4 **ശാസ്ത്രത്തിൻെറ ഗതി**—(1946) മാതൃഭൂമി

5 **പ്രകൃതിപാഠങ്ങൾ**—(1950) മാതൃഭൂമി

6 **ശാസ്ത്രദീപിക**—(1951) അലർസ്

പ്രിൻറിങ്ങ്‌വർക്ക്സ്, തിരുവനന്തപുരം.

Digitized by Kerala Sahitya Akademi

# ധന്യവാദം

സത്യം ശിവം സുന്ദരം

കെ. ഭാസ്കരൻനായർ

Digitized by Kerala Sahitya Akademi

കെ. ഭാസ്കരൻനായരുടെ

# മററു ചില കൃതികൾ

---

1 **ആധുനികശാസ്ത്രം**—(1942) മാതൃഭൂമി

2 **പരിണാമം**—(1945) തിരുവിതാംകൂർ സർവ്വകലാശാലാ പ്രസിദ്ധീകരണവകുപ്പ്.

3 **കലയും കാലവും**—(1946) മാതൃഭൂമി

4 **ശാസ്ത്രത്തിൻെറ ഗതി**—(1946) മാതൃഭൂമി

5 **പ്രകൃതിപാഠങ്ങൾ**—(1950) മാതൃഭൂമി

6 **ശാസ്ത്രദീപിക**—(1951) അലർസ് പ്രിൻറിങ്ങ്‌വക്ക്സ്, തിരുവനന്തപുരം.

Digitized by Kerala Sahitya Akademi